

വെച്ചൂർ ഗ്രാമ പഞ്ചായത്ത്






വികസന രേഖ






കേരളം
Kottayam


ERNAKULAM
കോട്ടയം ജില്ല
VAIKOM TALUK
MEENACHIL TALUK
IDUKKI
KOTTAYAM TALUK
ALLEPPEY
KANJIRAPPALLY TALUK
CHANGANACHERRY TALUK
PATHANAMTHITTA

9-ാം പദ്ധതി – ജനകീയ പദ്ധതി



വെച്ചൂർ ഗ്രാമ പഞ്ചായത്ത്
വികസന റിപ്പോർട്ട്
1996

വികസന സെമിനാർ
1997 ജനുവരി
D.V.H.S. വെച്ചൂർ

പത്രാധിപ സമിതി

N. ഗോപാലകൃഷ്ണകൈമൾ
R.ചന്ദ്രശേഖരൻ നായർ
(മുൻ PSC ചെയർമാൻ)
K.V. അനിരുദ്ധൻ
M. രഘു.
V.V. പത്മനാഭൻ
P. രവികുമാർ

കവർ ഡിസൈൻ
വേണു


മാപ്പ് തയ്യാറാക്കിയത്.
P.O. വിനയചന്ദ്രൻ K.C. ജോസ്.

രേഖാചിത്രം തയ്യാറാക്കിയത്.
N.S. പ്രകാശൻ



കേന്ദ്രത്തിലിരിക്കുന്ന പത്തിരുപത് പേർക്ക് യഥാർത്ഥ ജനാധിപത്യം പ്രവർത്തിപ്പിക്കാൻ കഴിയില്ല. അത് ഓരോ ഗ്രാമത്തിലെയും ജനങ്ങൾ അടിതട്ടിൽ നിന്നും മുകളിലേക്ക് പ്രവർത്തിപ്പിക്കേണ്ടതാണ്.

—മഹാത്മാഗാന്ധി —



സൂചകങ്ങൾ

- ✚ ആശുപത്രി.
- ○ ആരോഗ്യകേന്ദ്രങ്ങൾ
- ΔBW - അങ്കൺവാടികൾ
- ΔH - ഡിസ്പെൻസറി, പ്രൈമറി ഹെൽത്ത് സെന്റർ
- ⛪ - ക്രിസ്ത്യൻ ദേവാലയങ്ങൾ
- ⛪ - ക്രിസ്ത്യൻ പള്ളികൾ
- 🕌 - മുസ്ലീം പള്ളി

- ▬▬ പഞ്ചായത്ത് അതിർത്തി
- ═══ തോടുകൾ.
- —·— മറ്റ് അതിരുകൾ
- GP വെച്ചൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്.
- VO വില്ലേജ് ഓഫീസ്
- PO പോസ്റ്റോഫീസ്.
- PHC പ്രൈമറി ഹെൽത്ത് സെന്റർ.
- SC സബ് രജിസ്ട്രാർ സെന്റർ

- LPS - പ്രൈമറി സ്കൂളുകൾ
- HS - ഹൈസ്കൂളുകൾ.
- LR - വായനശാല, ഗ്രന്ഥശാല
- SBT - സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
- SCB - സൗത്ത് ഇന്ത്യൻ ബാങ്ക്
- DCB - ഡിസ്ട്രിക്ട് സഹകരണ ബാങ്ക്
- CB - കേരള ഗ്രാമീൺ ബാങ്ക്.
- □S - കിണർ സ്കൂൾ
- ⊐⊏ - പാലങ്ങൾ
- TE - ടെലിഫോൺ എക്സ്ചേഞ്ച്
- GM - കേന്ദ്ര ഗുണനം (ലളിത കൃഷി)
- M - ഇരുമ്പ് മൈൽക്കുറ്റി.


വെച്ചൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി



എൻ. ഗോപാലകൃഷ്ണ കൈമൾ
(പ്രസിഡൻറ്)



എൽ. കാർത്തികേയൻ
(വൈസ് പ്രസിഡൻറ്)



പി.ഒ. വിനയചന്ദ്രൻ
(വാർഡ് 1)



ബാബു ചൂരക്കാട്ട്
(വാർഡ് 4)




നിതാ ബാബു
(വാർഡ് 5)



പി പ്രഭാകരൻ നായർ
(വാർഡ് 6)



പി. ചന്ദ്രിക
(വാർഡ് 7)



സഞ്ജയൻ
(വാർഡ് 8)




ഭാവന തങ്കപ്പൻ
(വാർഡ് 9)




കെ.സി. ജോസ്
(സെക്രട്ടറി)

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



കൃഷ്ണയ്യർ കൈതാരത്ത്
(വില്ലജ് യൂണിയൻ പ്രസിഡൻറ്)



ശ്രീധരൻ പിള്ള



കെ.ആർ. ശേഖരൻ



ഇ.ഡി. മണി



സി.കെ. സദാനന്ദൻ

ഉള്ളടക്കം

1 പഞ്ചായത്ത് പൊതുവിവരണം

2 ആമുഖം

3 സാമൂഹ്യ സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതിയും വിഭവങ്ങളും

5 വികസനമേഖലകൾ

- 1 കൃഷിയും ജലസേചനവും
- 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
- 3 വിദ്യാഭ്യാസം
- 4 കുടിവെള്ളവും പൊതുജനാരോഗ്യവും
- 5 വ്യവസായം
- 6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- 7 ഭവനിർമ്മാണം, സാമൂഹ്യക്ഷേമം
- 8 സംസ്ക്കാരം
- 9 വനിത
- 10 സഹകരണം
- 11 പട്ടികജാതിപട്ടികവർഗ്ഗം
- 12 വിഭവസമാഹരണം

6 ഉപസംഹാരം

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

N. ഗോപാലകൃഷ്ണ കൈമൾ

L. കാർത്തികേയൻ

R. ചന്ദ്രശേഖരൻ നായർ

P.O. വിനയ ചന്ദ്രൻ

N. സഞ്ജയൻ

P. രവികുമാർ

M. രഘു.

C.D. സനൽ കുമാർ

V.K. വിപിനൻ

N.S. പ്രകാശൻ

A. സതീശൻ

കോയാ യൂസഫ്

G. രാധാകൃഷ്ണൻ

P.K. അംബിക

T.T. വത്സല

ലെജിമോൾ

പ്രേംസൺ

കൺവീനർ — V.V. പത്മനാഭൻ.

വെച്ചൂർ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് – 1996

പഞ്ചായത്തിന്റെ പേര്	വെച്ചൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	വെച്ചൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ :	വൈക്കം.
താലൂക്ക്	വൈക്കം.
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	തലയാഴം
ജില്ലാ പഞ്ചായത്ത്	കോട്ടയം
അസംബ്ലി മണ്ഡലം	വൈക്കം
പാർലമെൻറ് മണ്ഡലം	കോട്ടയം
വിസ്തീർണ്ണം	29.13 ച കി. മീ.
അതിരുകൾ	വടക്ക് തലയാഴം ഗ്രാമപഞ്ചായത്ത്
	കിഴക്ക് കല്ലറ, അയ്മനം
	തെക്ക് ആർപ്പൂക്കര, അയ്മനം
	പടിഞ്ഞാറ് വേമ്പനാട്ട് കായൽ
ജനസംഖ്യ	16013
വാർഡുകൾ	9
ജനസാന്ദ്രത	550
പ്രസിഡൻറ്	N. ഗോപാലകൃഷ്ണ കൈമൾ
വൈസ്. പ്രസിഡൻറ്	L. കാർത്തികേയൻ



ദേശീയ തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയ വെച്ചൂരിന്റെ അഭിമാനം തങ്കമണി പിള്ള
(കുഞ്ഞൻ പണിക്കൻ)

ആമുഖം

ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്ക് ആയതിനുശേഷം ആസൂത്രിത വികസനത്തിലൂടെ സമ്പദ്‌വ്യവസ്ഥയെ സമതുലിതവും സമ്പുഷ്ടവുമാക്കുക എന്ന നയമാണ് സ്വീകരിക്കപ്പെട്ടത്. സോവ്യറ്റ് യൂണിയനിലെ പഞ്ചവത്സരപദ്ധതികളെ മാതൃകയാക്കിക്കൊണ്ട് 1951 മുതൽ ഇന്ത്യയിൽ പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഇപ്പോൾ 8-ാം പദ്ധതി അതിന്റെ അവസാന ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. ഈ പദ്ധതികളുടെ നടത്തിപ്പിന്റെ ഫലമായി രാജ്യത്തിന് മൊത്തത്തിൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കിലും വികസനം സമതുലിതമായിരുന്നില്ല. വികസനത്തിനായി ചെലവഴിക്കുന്ന ഭീമമായ തുകയുടെ പ്രയോജനം മുഴുവനും ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത സ്ഥിതി സംജാതമായി. ഈ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും രാജ്യത്തെമ്പാടും ചർച്ചചെയ്യപ്പെടുകയുണ്ടായി. പരിഹാരങ്ങളായി പൊതുവെ ഉരുത്തിരിഞ്ഞ് വന്ന ആശയം അധികാരവികേന്ദ്രീകരണം എന്നതായിരുന്നു. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങളും അവകാശങ്ങളും നൽകിക്കൊണ്ട് നമ്മുടെ ഭരണഘടന തന്നെ ഭേദഗതി ചെയ്യപ്പെട്ടു. 73ഉം 74ഉം ഭരണഘടനാഭേദഗതി എന്നാണ് അവ അറിയപ്പെടുന്നത്. ഈ ഭേദഗതികളുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിലും ഗണ്യമായ പങ്ക് കൈവന്നിരിക്കുകയാണ്. മുകളിൽനിന്നും താഴോട്ട് എന്ന ക്രമത്തിലുള്ള ആസൂത്രണ പ്രക്രിയ ഈ പശ്ചാത്തലത്തിൽ അനുയോജ്യമായിരിക്കുകയില്ല. താഴെത്തട്ടുകളിൽനിന്നും അഭിപ്രായം രൂപീകരിച്ച് സംസ്ഥാനതലത്തിൽ അതിന്റെ ക്രോഡീകരണം നടത്തുന്നത്. മൂന്ന് സൂചിപ്പിച്ച വൈകല്യങ്ങൾ പരിഹരിക്കുന്നതിന് സഹായകരമായിരിക്കുമെന്ന് കേരള ഗവൺമെന്റ് കണ്ടെത്തി.

പ്രാദേശികാവശ്യങ്ങൾ എന്തെല്ലാമാണെന്ന് തിട്ടപ്പെടുത്തുന്നതിന് അവയെ മുൻഗണനാടിസ്ഥാനത്തിൽ സ്കീമുകളാക്കി മാറ്റുന്നതിനും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികളെയും മറ്റ് ഉയർന്ന പ്രാദേശിക സ്വയംഭരണ സമിതികളെയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേരള പ്ലാനിംഗ് ബോർഡിന്റെ ഉപദേശപ്രകാരം കേരള ഗവൺമെന്റ് ജനകീയാസൂത്രണപ്രസ്ഥാനം ആവിഷ്കരിച്ചിട്ടുള്ളത്. പ്രാദേശിക വികസനാവശ്യങ്ങൾ തിട്ടപ്പെടുത്തുന്നതിന് പുറമെ പദ്ധതിയുടെ നടത്തിപ്പിന്റെ ഘട്ടത്തിലും ജനപങ്കാളിത്തവും ജനശ്രദ്ധയും ഉറപ്പാക്കുക എന്നതും ജനകീയാസൂത്രണസമിതികളുടെ ലക്ഷ്യങ്ങളിൽപെടും. കേരളത്തിന്റെ വികസനരംഗത്ത് അനുഭവപ്പെടുന്ന മുരടിപ്പിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനുള്ള ശ്രമമാണിത്. ജാതി, മത, രാഷ്ട്രീയ വിവേചനമില്ലാതെ വിവിധ ജനവിഭാഗങ്ങളെയാകെ വികസനപ്രക്രിയയിൽ പങ്കാളികളാവാനുള്ള ഈ യജ്ഞം കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് കാണിച്ചുകൊടുക്കുന്ന ഒരു ഉദാത്ത മാതൃകയാണ്.

ജനകീയാസൂത്രണ പ്രവർത്തകർക്കായുള്ള പരിശീലനമായിരുന്നു ഈ പരിപാടിയുടെ ആദ്യ കാംപെയിൻ. സംസ്ഥാന, ജില്ല, പഞ്ചായത്ത് തലത്തിൽ 35,350 പ്രവർത്തകർക്ക് സംസ്ഥാനത്താകെ പരിശീലനം കൊടുക്കുവാൻ തീരുമാനിച്ചു. കോട്ടയം ജില്ലാ പരിശീലനം പാലാ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ 17.9.96, 18.9.96 തീയതികളിൽ നടന്നു. നമ്മുടെ പഞ്ചായത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 5 പ്രവർത്തകർ പങ്കെടുത്തു. നമ്മുടെ പഞ്ചായത്ത് തല പരിശീലനം 28.9.96-ൽ കുടവെച്ചൂർ ദേവിവിലാസം ഹൈസ്കൂളിൽവച്ച് നടക്കുകയും വാർഡുതലത്തിൽനിന്നും തെരഞ്ഞെടുത്ത 165 പ്രവർത്തകർ പങ്കെടുക്കുകയും ചെയ്തു. ജനകീയാസൂത്രണത്തിനുള്ള വിശേഷാൽ ഗ്രാമസഭകൾ 2.10.96 മുതൽ 13.10.96 വരെ നടത്തുവാൻ തീരുമാനിക്കപ്പെടുകയും വിപുലമായ പ്രചാരണ പ്രവർത്തനങ്ങളോടെ ഗ്രാമസഭകൾ വിളിച്ച് ചേർക്കപ്പെടുകയുമുണ്ടായി. വിശേഷാൽ ഗ്രാമസഭയുടെ രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ പങ്കാളിത്ത വിവരം താഴെ പട്ടിക 1-ൽ കൊടുക്കുന്നു.

പട്ടിക 1
വിശേഷാൽ ഗ്രാമസഭ - പങ്കാളിത്തം

വാർഡ് നമ്പർ	വിശേഷാൽ ഗ്രാമസഭചേർന്ന സ്ഥലം	തീയതി	പങ്കാളിത്തം		
			സ്ത്രീ	പുരുഷൻ	ആകെ
1	ഡി.വി.എച്ച്.എസ്. കുടവെച്ചൂർ	12.10.96	153	161	314
2	സെന്റ് ജോർജ്ജ് എൽ.പി.എസ്. അച്ചിനകം	11.10.96	42	135	177
3	സെന്റ് മൈക്കിൾസ് എച്ച്.എസ്., അംബികാ മാർക്കറ്റ്	13.10.96	40	168	208
4	കുട്ടാടൻ പറമ്പ്	09.10.96	35	99	112
5	മാമ്പ്രാ	08.10.96	71	109	180
6	എൻ.എസ്.എസ്. കരയോഗം	04.10.96	36	116	152
7	സെന്റ് മേരീസ് എൽ.പി.എസ്. ഇടയാഴം	06.10.96	148	166	314
8	സെന്റ് മേരീസ് എൽ.പി.എസ്. ഇടയാഴം	02.10.96	40	147	187
9	സെന്റ് മൈക്കിൾസ് എച്ച്.എസ്. അംബികാ മാർക്കറ്റ്	05.10.96	58	136	194

ഗ്രാമസഭകളിലെ പങ്കാളിത്തം തൃപ്തികരമായിരുന്നില്ല എങ്കിലും ഗുണപരമായ മേന്മ എല്ലാ ഗ്രാമസഭകളിലും കാണാവുന്നതാണ്. എല്ലാ ഗ്രാമസഭകളിലും 12 വിഷയഗ്രൂപ്പുകൾക്കും ചർച്ച നടക്കുകയും പഞ്ചായത്ത് വികസന സെമിനാറിലേക്ക് രണ്ട് പ്രതിനിധികളെ വീതം തെരഞ്ഞെടുക്കുകയും ചെയ്തു. സംസ്ഥാനതലത്തിൽ ലക്ഷ്യം ഇട്ടതിലും അധികം പ്രവർത്തകർ പരിശീലകരായി എത്തുകയും ഗ്രാമസഭകളിൽ 30 ലക്ഷം ജനങ്ങൾ പങ്കെടുത്തു എന്നുമാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ പ്രശ്നങ്ങളുടെ വലിയ പട്ടിക തന്നെ ലഭിക്കുകയുണ്ടായി. ഈ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും പദ്ധതികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായ വികസന റിപ്പോർട്ടിന്റെ തയ്യാറാക്കലും മുന്നൊരുക്കങ്ങളുമാണ് രണ്ടാം ഘട്ടത്തിൽ നടന്നത്. രണ്ടാംഘട്ട ജില്ലാതല പരിശീലനം 4.11.96, 5.11.96, 6.11.96 തീയതികളിൽ വൈക്കം ഗൗരിശങ്കർ ഓഡിറ്റോറിയത്തിൽ നടക്കുകയും നമ്മുടെ പഞ്ചായത്തിൽനിന്നും ആദ്യഘട്ടത്തിൽ പങ്കെടുത്തവർ ഉൾപ്പെടെ 18 പ്രവർത്തകർ പങ്കെടുക്കുകയും ചെയ്തു. വികസനരേഖയുടെ തയ്യാറാക്കലിന്റെ മുന്നൊരുക്കങ്ങളായി അഞ്ച് കാര്യങ്ങളാണ് ചെയ്യേണ്ടിവന്നത്. അപ്രകാരമുള്ള പ്രവർത്തനങ്ങളെ താഴെ കാണുന്ന പ്രകാരം ഒരു പട്ടികയായി (പട്ടിക -2) ചേർക്കുന്നു.

പട്ടിക 2

ക്രമ നമ്പർ	മുന്നൊരുക്കങ്ങൾ	പൂർത്തിയാക്കുവാൻ എടുത്ത സമയം	പൂർത്തിയാക്കിയ പ്രവർത്തകർ
1.	ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം	8.11.96 മുതൽ 18.11.96 വരെ	ഡി.ആർ.പി. + പഞ്ചായത്ത് ഭരണസമിതി
2.	നടപ്പുപദ്ധതി അവലോകന റിപ്പോർട്ട്	14.11.96, 20.11.96	വിവിധവകുപ്പുകളിലെ 12 ഉദ്യോഗസ്ഥർ
3.	ദ്വിതീയ സ്ഥിതിവിവര കണക്കുകൾ	27.10.96 മുതൽ 28.11.96 വരെ	തെരഞ്ഞെടുക്കപ്പെട്ട 28 എൽ.ആർ.പി. മാർ
4.	ഭൂപ്രകൃതി പഠനപര്യടനം	26.10.96, 23.12.96	ഭരണസമിതി + ഡി.ആർ.പി.
5.	പ്രാദേശിക ചരിത്രപഠനം	27.11.96	കാരണവർയോഗം വായ്മൊഴി

ഇപ്രകാരം മുന്നൊരുക്കങ്ങൾ പൂർത്തിയാക്കുകയും 30.11.96-ൽ ദേവിവിലാസം ഹൈസ്കൂളിൽ വച്ച് രണ്ടാംഘട്ട എൽ. ആർ.പി. പരിശീലനം റിപ്പോർട്ട് എഴുതുന്നതിലേയ്ക്ക് നടത്തുകയും ചെയ്തു. 12 വിഷയ ഗ്രൂപ്പുകൾക്കും മുന്നിൽ കുറയാത്ത പ്രവർത്തകരെ ചുമതലപ്പെടുത്തുകയും ചെയ്തു.

ജില്ലാതലത്തിൽ 3-ാം ഘട്ടപരിശീലനം 16.12.96, 17.12.96 തീയതികളിൽ വൈക്കം ബ്ലോക്ക് ഓഫീസിൽ നടക്കുകയും 8 ഡി.ആർ.പി.മാർ പങ്കെടുക്കുകയും ചെയ്തു. വിഷയഗ്രൂപ്പുകളുടെ റിപ്പോർട്ട് പൂർത്തിയാക്കുന്നതിൽ പുരോഗതി ഉണ്ടായത് ഈ പരിശീലനത്തിന് ഒപ്പമാണ്. 18.12.96 മുതൽ തുടർച്ചയായി പഞ്ചായത്ത് ഓഫീസിൽ വിവിധ വിഷയ ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ വിലയിരുത്തപ്പെടുകയും പൂർത്തിയാക്കുകയുമാണ് ഉണ്ടായിട്ടുള്ളത്.

വിശേഷാൽ ഗ്രാമസഭകളിൽ എത്തി നിർദ്ദേശങ്ങളും ആവശ്യങ്ങളും നൽകിയ ഗ്രാമസഭാംഗങ്ങളും സ്ഥിതിവിവരക്കണക്കുകളും പഠനങ്ങളും നടത്തി റിപ്പോർട്ടിന്റെ കരട് തയ്യാറാക്കിയ ഡി.ആർ.പി. മാരും എൽ.ആർ.പി. മാരും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ചവരാണ്. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും പഞ്ചായത്ത് ഉദ്യോഗസ്ഥരും പ്രത്യേകിച്ച് സെക്രട്ടറിയും ഈ പ്രവർത്തനത്തിൽ ആദ്യാവസാനം ആത്മാർത്ഥതയോടെ പ്രവർത്തിച്ചവരാണ്. ജനകീയാസൂത്രണത്തിന്റെ സത്ത ഉൾക്കൊണ്ട് ഈ യജ്ഞത്തോട് പൂർണ്ണമായും സഹകരിച്ച നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. ഗോപാലകൃഷ്ണകൈമളിന്റെയും ചരിത്രപശ്ചാത്തലം തയ്യാറാക്കിയതിനും റിപ്പോർട്ടുകൾക്കൊക്കെ നിർദ്ദേശം നൽകുന്നതിനും തയ്യാറായ മുൻ പി.എസ്.സി. ചെയർമാൻ ശ്രീ. ആർ. ചന്ദ്രശേഖരൻ നായരുടെയും പ്രവർത്തനങ്ങൾ നിർലോഭമായിരുന്നു. ആസൂത്രണ പ്രക്രിയയെയാകെ കീഴ്മേൽ മറിച്ച് ഒരു പുത്തൻ വികസന സംസ്കാരം തന്നെ വാർത്തെടുക്കുന്ന ജനകീയാസൂത്രണ പരിപാടിയുടെ സാദ്ധ്യത മുഴുവൻ നമ്മുടെ ഗ്രാമത്തിന് പ്രയോജനപ്പെടുത്തുവാൻ നാം ഒരുമയോടെ ശ്രമിക്കേണ്ടതാണ്. ഈ വികസന റിപ്പോർട്ടിന്റെ സജീവമായ ചർച്ചയിലും തുടർന്നുള്ള മുഴുവൻ പ്രവർത്തനങ്ങളിലും നമുക്ക് തികഞ്ഞ സന്നദ്ധതയോടെ പങ്കാളികളാകാം.

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ചരിത്രപ്രസിദ്ധമായ വൈക്കം പട്ടണത്തിൽ നിന്ന് എട്ടു കിലോമീറ്റർ തെക്കായി വേമ്പനാട്ടു കായലിന്റെ ഓരം പറ്റി കിടക്കുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് വെച്ചൂർ. 21.12.1991 വരെ പെരുന്തുരുത്ത്, ഇടിയാഴം, കുടവെച്ചൂർ എന്നീ കരകൾ ചേർന്ന റവന്യൂ വില്ലേജായിരുന്നു ഇത്. അതിന് ശേഷം ഇടയാഴം, കടവെച്ചൂർ എന്നീ കരകൾ മാത്രമുൾപ്പെട്ട റവന്യൂ വില്ലേജായിത്തീർന്നു. സമുദ്ര നിരപ്പിൽനിന്നുമുള്ള ശരാശരി ഉയരം ഒരുമീറ്ററാണ്. ഭൂവിസ്തൃതിയിൽ കൂടുതലും കായലും പാടശേഖരങ്ങളുമായി പങ്കുവെയ്ക്കുന്നു. അധിവാസയോഗ്യമായ കരഭൂമി താരതമ്യേന കുറവാണ്. ഈ ഗ്രാമം പ്രധാനമായും ഒരു കരിമണൽ പ്രദേശമാണ്. എന്നാൽ പശിമരാശി മണ്ണും (Alluvial Soil) പൂഴിമണ്ണും (Laterite) ചില ഭാഗങ്ങളിൽ കാണപ്പെടുന്നു. പൂഴിമണ്ണ് കാണപ്പെടുന്നത് ഈ ഗ്രാമത്തിലെ ഏക കുന്നായ കൊടുത്തുരുത്തിനെ കേന്ദ്രീകരിച്ചാണ്. ഗ്രാമത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന വിസ്തൃതവും വിശാലവുമായ പുഞ്ചപ്പാടങ്ങളാൽ ചുറ്റുപ്പെട്ടാണ് ഈ കുന്ന് സ്ഥിതിചെയ്യുന്നത്. മേൽപ്പറഞ്ഞ പുഞ്ചപ്പാടങ്ങളുടെ ചില ഭാഗങ്ങൾ പ്രാദേശികമായി വനം എന്നും അറിയപ്പെടുന്നുണ്ട്. ഈ പാടശേഖരങ്ങളിൽ കട്ടകുത്തു നടത്തുമ്പോൾ കരിത്തടി എന്നു വിളിക്കപ്പെടുന്ന വൃക്ഷാവശിഷ്ടങ്ങൾ പലപ്പോഴും കണ്ടെടുത്തിട്ടുണ്ട്. ഈ വസ്തുതകൾ എല്ലാം ചേർത്ത് പരിഗണിക്കുമ്പോൾ ഗ്രാമത്തിന്റെ കിഴക്കുഭാഗം ആദ്യകാലത്ത് നിമ്നോന്നതമായ ഒരു പീഠഭൂമി ആയിരുന്നുവൊ എന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ മിസ്റ്റർ. ഡബ്ലിയൂ. കിംഗ് 1880–81 വർഷങ്ങളിൽ തിരുവിതാംകൂറിൽ ഒരു ഭൂഗർഭ സർവ്വേ നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'കർണ്ണാട്ടിക്ക്' സമതലത്തിന്റെ കീഴറ്റമാണ് കന്യാകുമാരിയെ പ്രദക്ഷിണം വച്ച് വടക്കോട്ട് തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും മലബാറിന്റേയും വിസ്തൃതി കുറഞ്ഞതെങ്കിലും നിമ്നോന്നതങ്ങളായ പ്രദേശങ്ങളിൽ പടർന്നു കയറിയിരിക്കുന്നത്. കേരളത്തിലെ ഇടനാട്ടിൽ അങ്ങിങ്ങായി കാണപ്പെടുന്ന തൊപ്പിക്കുന്നുകളെക്കുറിച്ച് മിസ്റ്റർ കിംഗ് വളരെ വിശദമായി പഠനം നടത്തിയിരുന്നു,. ഇവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിഗമനം ഈ തൊപ്പിക്കുന്നുകൾ ഒരുകാലത്ത് തട്ടുകൾ അഥവാ പീഠഭൂമികളായി ഒറ്റതിരിഞ്ഞു കിടക്കുകയും പിൽക്കാലത്ത് പ്രളയജലം വന്നുമൂടുകയും മലയിടിഞ്ഞ് ഭൂപ്രകൃതി മാറിമറിയുകയും ചെയ്തതിനെ തുടർന്ന് ഒറ്റപ്പെട്ട പോലെ കിടന്നിരുന്നവയാണ്. കൊടുതുരുത്ത് മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു തൊപ്പിക്കുന്നാണ് എന്ന കാര്യത്തിൽ സംശയമില്ല. അങ്ങിനെ കണക്കാക്കുമ്പോൾ ഗ്രാമത്തിന്റെ കിഴക്കുഭാഗം ആദ്യകാലത്ത് ഒരു പീഠഭൂമി ആയിരുന്നു എന്നും ഇതരഭാഗങ്ങൾ പ്രകൃതി പ്രതിഭാസങ്ങൾകൊണ്ട് പിന്നീട് ഉണ്ടായവയാണെന്ന് ഊഹിക്കുന്നതിൽ വലിയ അസാംഗത്യം ഇല്ലെന്ന് കരുതുന്നു.

കുടവെച്ചൂർ (കടൽ വച്ച ഉർ) എന്ന സ്ഥലനാമത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം കടൽ പിൻവാങ്ങി ഉണ്ടായിട്ടുള്ളതാണ് എന്നൊരു അഭ്യൂഹം നാട്ടിൽ പ്രചാരത്തിലുണ്ട്. ഇടയാഴം, തലയാഴം, ഉല്ലല, വൈക്കം, കുടത്തുരുത്തി (കടൽത്തുരുത്ത്) എന്നീ സ്ഥലനാമങ്ങളും കടലിനോട്, അല്ലെങ്കിൽ വലിയ ജലാശയത്തോട് ഉള്ള ബന്ധം പ്രഥമ ദൃഷ്ട്യാ സൂചിപ്പിക്കുന്നുണ്ട്. കുടുത്തുരുത്തി ഒരു തുറമുഖ പട്ടണമായിരുന്നു എന്ന് 'ഉണ്ണിനീലി സന്ദേശം' എന്ന പ്രാചീനകൃതിയിൽ സൂചനയുണ്ട്. വെച്ചൂരിന്റെ ചരിത്ര പശ്ചാത്തലം പരിശോധിക്കുന്ന ശ്രീ. എൻ.കെ. ജോസിന്റെ അഭിപ്രായത്തിൽ ഇത് കടൽ പിൻവാങ്ങിയതോ കായൽ ഉയർന്നു വന്നതോ ആയ ഒരു പ്രദേശമാണെന്നാണ്.

ഗ്രാമത്തിന്റെ കിഴക്കുഭാഗം വിസ്തൃതി കുറഞ്ഞ ഒരു പീഠഭൂമി ആയിരുന്നു എന്നും ഇതരഭാഗങ്ങൾ പിന്നീട്

ഭൂപ്രകൃതി മാറിമറിഞ്ഞ് ഉരുത്തിരിഞ്ഞുവന്ന തീരപ്രദേശമാണെന്നും ഉള്ള താൽക്കാലിക നിഗമനത്തിൽ എത്തുവാൻ മതിയായ. സാഹചര്യത്തെളിവുകൾ ലഭ്യമാണ്. ഇതു സംബന്ധിച്ച് ആധികാരികമായ അഭിപ്രായം രൂപീകരിക്കുന്നതിന് കൊടുതുരുത്ത് കേന്ദ്രമാക്കിക്കൊണ്ട് അതുമായി ബന്ധപ്പെട്ടു കിടക്കുന്ന പാടശേഖരങ്ങളുടെ ഒരു ഭൂഗർഭപഠനം വളരെ സഹായകരമായിരിക്കും..

സസ്യജാലങ്ങളും ജന്തു വർഗ്ഗങ്ങളും

a) സസ്യജാലങ്ങൾ

വെച്ചൂർ പഞ്ചായത്തിന്റെ അതിർത്തിയായി വരുന്ന വേമ്പനാട്ടു കായലിന്റെ കിഴക്കൻ കരകളിൽ, പ്രത്യേകിച്ച് പരിയാരം മുതൽ വടക്കോട്ടു പുത്തൻതോടിന്റെ അതിർത്തിവരെ കാണപ്പെടുന്ന കണ്ടൽക്കാടുകൾ ഈ ഗ്രാമത്തിന്റെ ഒരു പ്രത്യേകതയാണ്. പ്ലാത്തി, ഉപ്പത്ത്, കണ്ടൽ, വേഴാംകോൽ (ഈറ്റ) മുതലായ സസ്യ ജാലങ്ങളും വൃക്ഷങ്ങളും ഈ കണ്ടൽക്കാടുകളിൽ ധാരാളമായി കാണപ്പെടുന്നു. ഈ പ്രദേശമൊരു പക്ഷി സങ്കേതം കൂടിയാണ്. പ്രാദേശികമായി അറിയപ്പെടുന്ന നീലക്കോഴി, കഴുത്തിനു താരതമ്യേന നീളംകൂടിയകൊക്ക്, നീർക്കാക്ക മുതലായ പക്ഷി ജാലങ്ങൾ ഇവിടെ കാണപ്പെടുന്നു. ഒരു പക്ഷി സങ്കേതമായി പ്രഖ്യാപിച്ചിട്ടുള്ള അയൽഗ്രാമമായ കുമരകത്തിന്റെ പറവസമ്പത്തിനേക്കാൾ (Avifona) ഒട്ടും മോശമല്ല നമ്മുടേത്. ഗ്രാമമൊട്ടാകെ വൈവിദ്ധ്യമാർന്ന സസ്യ ജാലങ്ങളും വൃക്ഷങ്ങളും കൊണ്ട് സമൃദ്ധമാണ്.

b) ജന്തുവർഗ്ഗങ്ങൾ

വെച്ചൂർ ഗ്രാമം കേരളത്തിനകത്തും പുറത്തും പ്രധാനമായി അറിയപ്പെടുന്നത് 'വെച്ചൂർ പശു' എന്ന കന്നുകാലി ജനുസിന്റെ പേരിലാണ്. പുരാതന കാലം മുതൽ വെച്ചൂർ പ്രദേശങ്ങളിൽ വളർത്തപ്പെട്ടിരുന്ന ഈ നാടൻ പശുക്കളുടെ കുലം വംശനാശത്തെ നേരിടുകയാണ്. ചുരുക്കം ചില വീടുകളിൽ ഒരു വെച്ചൂർ പശുവിനെ കണ്ടുമുട്ടിയാലായി. ഈ ജനുസ് കണ്ടെത്തി നിലനിർത്താനുള്ള ശ്രമം ഏതാനും വർഷം മുമ്പ് മണ്ണുത്തിയിലെ വെറ്റിനറി കോളേജിൽ ആരംഭിച്ചിരുന്നു. വെച്ചൂർ പദേശത്ത് വ്യാപകമായ തെരച്ചിൽ നടത്തി ഏതാനും വെച്ചൂർ പശുക്കളെ കണ്ടെടുത്തു. ഇവയുടെ സന്തതികൾ ഇപ്പോഴും മണ്ണുത്തിയിലെ വെറ്റിനറി ഫാമിലുണ്ട്. പക്ഷേ ഈ ശ്രമം പ്രസ്തുത കോളേജിലും ചില കിടമത്സരങ്ങൾ മൂലം തടസ്സപ്പെടുന്നുണ്ടെന്നും കേൾക്കുന്നു.

പ്രത്യേകതകൾ

1. തൊണ്ണൂറു സെൻറീമീറ്ററിൽ കവിയാത്തഉയരം
2. ഉരുണ്ട ശരീരപ്രകൃതി.
3. നിലത്തിഴയുന്ന വാൽ.
4. ചെറിയ കൊമ്പുകൾ.

ഇവയാണ് കാഴ്ചയിലെ പ്രത്യേകതകൾ.

രോഗപ്രതിരോധശേഷി കൂടുതൽ, വളരെക്കുറച്ച് ആഹാരം, കൊഴുപ്പേറിയ നല്ല പാൽ, മറ്റു നാടൻ പശുക്കളെ അപേക്ഷിച്ച് പാൽ ഉൽപ്പാദന ശേഷി കൂടുതൽ, പ്രത്യുൽപ്പാദന ക്ഷമത തുടങ്ങിയവ ഈ ജനുസിന്റെ സവിശേഷതയാണ്. ശരാശരി മൂന്നു ലിറ്റർ പാലുമാത്രമേ ഒരു പശുവിൽനിന്നു ലഭിക്കൂ. പക്ഷേ ഏതു സമയത്തും

അല്പം പാല് കറന്നെടുക്കാൻ സാധിക്കും. മറ്റു പശുക്കളുടെ പാലിനെ അപേക്ഷിച്ച് കൂടുതൽ ഔഷധ ഗുണമുള്ളതാണെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. വെച്ചൂർ പശു ഒരുകാലത്ത് ഈ നാടിന്റെ 'കാമധേനു' ആയിരുന്നു എന്ന് നിസ്സംശയം പറയാവുന്നതാണ്.

രാഷ്ട്രീയ ചരിത്രം. (Political History)

മൊത്തത്തിൽ കേരളത്തിന്റെ തന്നെ ആദ്യകാല ചരിത്രം വേണ്ടത്ര രേഖപ്പെടുത്തിയിട്ടില്ലാത്ത സ്ഥിതിക്ക് ഈ ഗ്രാമത്തിന്റെ സുദീർഘവും നിരന്തരവുമായ ചരിത്രം പുനർനിർമ്മിച്ചെടുക്കുക അങ്ങേയറ്റം ദുഷ്ക്കരമാണ്. കേരളത്തിന്റെ ആദിമ ചരിത്രത്തെക്കുറിച്ച് ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ചില സാമാന്യ ധാരണകൾ ഈ ഗ്രാമത്തിന്റെ ചരിത്ര പശ്ചാത്തലവുമായി ബന്ധപ്പെടുത്തി അനുസ്മിരിക്കുന്നത് ഭാവിയിലുണ്ടായേക്കാവുന്ന സൂക്ഷ്മവും ശാസ്ത്രീയവുമായ പഠനങ്ങൾക്ക് സഹായകരമാവും.

അവസാനത്തെ പെരുമാളായിരുന്ന ചേരമാൻ പെരുമാളിന്റെ സ്ഥാനപരിത്യാഗത്തോടുകൂടി അദ്ദേഹത്തിന്റെ ഭരണപരിധിയിൽപ്പെട്ടിരുന്ന കോഴിക്കോടു മുതൽ കൊല്ലം വരെയുള്ള പ്രദേശങ്ങൾ പല നാടുവാഴികൾക്കുമായി വീതിച്ചുകൊടുത്തു. ഈ വീതംവയ്പ്പിൽ സ്വതന്ത്രമായിത്തീർന്ന ഒരു രാജ്യമായിരുന്നു വെൺമലനാട്. കോട്ടയം, ചങ്ങനാശേരി, തൊടുപുഴ, മീനച്ചിൽ, വൈക്കം, മൂവാറ്റുപുഴ, ഏറ്റുമാനൂർ, മുതലായ സ്ഥലങ്ങളിൽ ഉൾപ്പെട്ടതായിരുന്നു വെണ്മലനാട്. ഇതിന്റെ പടിഞ്ഞാറെ അതിർത്തിയിൽ വേമ്പനാട്ടു കായലും കിഴക്കേ അതിർത്തിയിൽ സഹ്യപർവ്വതവുമായിരുന്നു. പോർച്ചുഗീസുകാർ ഈ ഭൂവിഭാഗത്തെ 'കുരുമുളകു വള്ളികളുടെ നാട്' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. വെണ്മലനാട് രാജവംശം കാലക്രമത്തിൽ തെക്കൻകൂർ, വടക്കൻകൂർ എന്നീ രണ്ട് ശാഖകളായി പിരിഞ്ഞു. തെക്കൻകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം വരെ ഒരു സ്വതന്ത്ര രാജ്യമായി തുടർന്നു. വടക്കൻകൂർ ആകട്ടെ കൊച്ചീ രാജാവിന്റെ അധീശത്വം സ്വീകരിച്ചുകൊണ്ട് ഏറ്റുമാനൂർ കേന്ദ്രമാക്കി ഭരണം നടത്തിയിരുന്നു. കൊച്ചീ രാജാവിന്റെ അധീശത്വം അംഗീകരിച്ചിരുന്നു എങ്കിലും വടക്കൻകൂർ രാജാവ് ഒരു സാമന്ത രാജാവായിരുന്നില്ല. ഏറ്റുമാനൂരും, വൈക്കവും വടക്കൻകൂറിന്റെ അധികാര പരിധിയിലായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ വൈക്കം താലൂക്കിന്റെ അധികാര പരിധിയിൽ പല കാലങ്ങളായി മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും വെച്ചൂർ എക്കാലത്തും വൈക്കം താലൂക്കിന്റെ ഒരു അവിഭാജ്യ ഘടകമായിരുന്നു. പഴയ വൈക്കം പട്ടണത്തിന്റെ തെക്കുഭാഗത്തായി കിടക്കുന്ന തോട്ടകം, തലയാഴം, വെച്ചൂർ എന്നീ മൂന്നു പ്രദേശങ്ങളും ഒന്നായി 'വെച്ചൂർ പ്രവർത്തി' എന്നാണ് മുൻകാലത്ത് അറിയപ്പെട്ടിരുന്നത് വടക്കൻകൂർ രാജകുടുംബത്തിന്റെ ഒരു ശാഖ വൈക്കം ക്ഷേത്രത്തിന്റെ ഭരണകാര്യങ്ങളുമായി ബന്ധപ്പെട്ടു വിശാലവെച്ചൂർ (Greater vechoor) ന്റെ അതിർത്തിയിൽ താമസമാക്കിയിരുന്നു. വടക്കൻകൂർ ഭരണകാലത്ത് ഇവർ വെച്ചൂരിന്റെ നാടുവാഴികളായിരുന്നു എന്നനുമാനിക്കാം.

ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകനായ മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ രാജ്യാതിർത്തിയെ ഇടവയിൽനിന്ന് വടക്കോട്ടു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അതിനുവടക്കുള്ള പല രാജ്യങ്ങളും ആക്രമിച്ചു കീഴടക്കി. അദ്ദേഹത്തിന്റെ ആക്രമണത്തെ ചെറുത്തുനിന്ന ചുരുക്കം ചില സ്വതന്ത്രരാജ്യങ്ങളിൽ ഒന്നായിരുന്നു കായംകുളം. രാമയ്യൻ ദളവയുടെയും ക്യാപ്റ്റൻ ഡീലനോയിയുടെയും നേതൃത്വത്തിൽ സുശക്തമായിരുന്ന തിരുവിതാംകൂർ സൈന്യം എ.ഡി. 1942ൽ കായംകുളം രാജാവിന്റെ അതിർത്തിയിൽ പ്രവേശിച്ചു. എങ്കിലും 9 മാസം നീണ്ടു നിന്ന യുദ്ധത്തിനുശേഷമേ തിരുവിതാംകൂർ സൈന്യത്തിന് കായംകുളത്തിനുമേൽ ഭാഗികമായെങ്കിലും വിജയം നേടുവാനായുള്ളൂ. 1942ലെ മാന്നാർ സന്ധിയോടുകൂടി കായംകുളം യുദ്ധത്തിന് തൽക്കാലിക വിരാമമായി. കായംകുളം രാജാവിനെ യുദ്ധത്തിനു സഹായിച്ചു എന്ന കാരണത്താൽ മാർത്താണ്ഡവർമ്മ മഹാരാജാവ് തെക്കൻകൂറിലേക്കും വടക്കൻകൂറിലേക്കും സൈന്യത്തെ അയച്ചു. തിരുവിതാംകൂർ സേനയെ തെക്കൻകൂർ കോട്ടയത്തുവെച്ച് ശക്തിയായ് പ്രതിരോധിച്ചു എങ്കിലും പിടിച്ചു നിൽക്കാനായില്ല. കോട്ടയം കീഴടക്കിയ ശേഷം തിരുവിതാംകൂർ സൈന്യം ഏറ്റുമാനൂരിലേക്കു മാർച്ചുചെയ്തു. തിരുവിതാംകൂർ സൈന്യത്തിനു മുമ്പിൽ പിടിച്ചുനിൽക്കുവാൻ കഴിയില്ല എന്നു മനസ്സിലാക്കിയ വടക്കൻകൂർ രാജാവ് രാജ്യവും അധികാരവും ഉപേക്ഷിച്ച് എ.ഡി. 1742 മെയ് 10ന് പാലായനം ചെയ്തു. അതോടുകൂടി വടക്കൻകൂർ രാജ്യം തിരുവിതാംകൂറിൽ ലയിപ്പിക്കപ്പെട്ടു. അന്നുമുതൽ വെച്ചൂർ തിരുവിതാംകൂറിന്റെ ഭാഗമായി. സ്വാതന്ത്ര്യം പുനസ്ഥാപിക്കുന്നതിനുവേണ്ടി 1752ൽ വടക്കൻകൂർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി ചെറുത്തുനിൽപ്പുകൾ സംഘടിപ്പിക്കപ്പെട്ടു എങ്കിലും ആ ശ്രമങ്ങൾ വിഫലമായി തീരുകയാണുണ്ടായത്.

സാമൂഹ്യചരിത്രം

കേരളത്തിന്റെ ഇതരഭാഗങ്ങളിൽ എന്നപോലെ ഇവിടെയും നൂറ്റാണ്ടുകളോളം നിലനിന്നിരുന്നത് ജാതി ജന്മി നാടുവാഴി വ്യവസ്ഥയായിരുന്നു. വടക്കൻകൂർ തിരുവിതാംകൂറിൽ ലയിച്ചതോടുകൂടി നാടുവാഴിത്വം അവസാനിപ്പിക്കുകയും നാടുവാഴികൾക്ക് അവകാശപ്പെട്ടിരുന്ന സ്വകാര്യേതര ഭൂമികൾ പണ്ടാരവക അഥവാ സർക്കാർ വകയായി തീരുകയും ചെയ്തു. ഇത് കൈവശ കുടിയാന്മാർക്കു തെല്ലൊരു ആശ്വാസമുണ്ടാക്കിയ നടപടിയായിരുന്നു. സ്വകാര്യ ജന്മിത്തം അവസാനിച്ചില്ലെങ്കിലും അവരുടെ കീഴിലുള്ള കുടിയാന്മാർക്കു വേണ്ടിയും ചില ആശ്വാസനടപടികൾ തുരുവിതാംകൂർ ഗവണ്മെൻറു സ്വീകരിച്ചു ഇതൊക്കെയായിട്ടും ഇടത്തരം കർഷകരുടെയും അവർണ്ണ വിഭാഗത്തിൽ പെട്ടിരുന്ന കർഷകത്തൊഴിലാളികളുടെയും ജീവിതം വളരെ ദയനീയമായിരുന്നു. ജാതിസംബന്ധമായ ഉച്ചനീചത്വങ്ങളും ജന്മിഅടിയാൻ വ്യവ്സ്ഥകളിൽ അന്തർഭവിച്ചിരുന്ന ദുരിതങ്ങളും സാരമായ പ്രതിഷേധമോ എതിർപ്പോ കൂടാതെ വിധിയെന്നു കരുതി സഹിക്കുന്ന ഒരു അവസ്ഥയാണ് നമ്മുടെ ഗ്രാമത്തിൽ നൂറ്റാണ്ടുകളോളം നിലനിന്നിരുന്നത്. ഈ സ്ഥിതികളിൽ ചെറിയ മാറ്റം വന്നത് ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം 1920 ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നിലവിൽവന്നതിനു ശേഷമാണ്. ഇന്ത്യയിലെ അധഃസ്ഥിതരും പീഡിതരുമായ ദരിദ്രനാരായണന്മാരുടെ പുരോഗതിക്കും ഐശ്വര്യത്തിനും 'സ്വരാജ്' അത്യാവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ ഈ ആശയം ഇന്ത്യയിലെ ലക്ഷോപലക്ഷം സാധാരണക്കാരിൽ ആശയും ആവേശവും ഉണർത്തി. ഈ നവോത്ഥാനത്തിന്റെ അലയടികൾ വൈക്കത്തുമുണ്ടായി. ഇതിന്റെ മൂർത്തഭാവമായിരുന്നു 1924ലെ വൈക്കം സത്യാഗ്രഹം. സ്വദേശാഭിമാനി ടി.കെ. മാധവനായിരുന്നു ഈ ആശയത്തിന്റെ ഉപജ്ഞാതാവ്. വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുവഴികളിൽ കൂടി അവർണ്ണർക്ക് സഞ്ചരിക്കുന്നതിനുള്ള സ്വതന്ത്ര്യത്തിനു ക്ഷേത്രത്തിൽ പ്രവേശിച്ച് ആരാധന നടത്തുന്നതിനുള്ള അവകാശത്തിനു വേണ്ടിയായിരുന്നു ഈ സത്യാഗ്രഹം സംഘടിപ്പിക്കപ്പെട്ടത്. ഈ സത്യാഗ്രഹം സവർണ്ണരെ പൊതുവേയും വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള ബ്രാഹ്മണ സമൂഹങ്ങളെ പ്രത്യേകിച്ചും രോക്ഷാകുലരാക്കി. എന്നാൽ സമൂഹത്തിൽ കാലോചിതമായ മാറ്റം ആവശ്യമാണെന്ന് കരുതിയിരുന്ന ക്രാന്ത ദർശികളായ ചില സവർണ്ണനേതാക്കളും ഈ സത്യാഗ്രഹത്തിൽ സജീവമായി പങ്കെടുത്തിരുന്നു. ശ്രീ. മന്നത്തു പത്മനാഭൻ ശ്രീ. ടി.കെ മാധവനോടൊപ്പം ചേർന്ന് സത്യാഗ്രഹത്തിനു നേതൃത്വം നൽകുകയുണ്ടായി. സമരം ശക്തവും വ്യാപകവുമായി മാസങ്ങളോളം തുടർന്നെങ്കിലും പൗരോഹിത്യ താൽപ്പര്യത്തിനു വിരുദ്ധമായി എന്തെങ്കിലും ചെയ്യുവാൻ മഹാരാജാവ് വിസമ്മതിക്കുകയാണ് ചെയ്തത്. ഒടുവിൽ ഗാന്ധിജി തന്നെ വൈക്കത്തെത്തി പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കുവാൻ ശ്രമിക്കുകയുണ്ടായി. എങ്കിലും അതുകൊണ്ടും കാര്യമായ ഫലം ഉളവായില്ല. ഒടുവിൽ അദ്ദേഹത്തിന്റെ ഉപദേശം അനുസരിച്ച് സമരം പിൻവലിക്കപ്പെട്ടു. ഈ സത്യാഗ്രഹം ഒരു സാമൂഹ്യ നവോത്ഥാനത്തിനു വഴിതെളിച്ചു. ജാതിപരമായ ഉച്ചനീചത്വങ്ങൾ വിധിയാണെന്ന് വിശ്വസിച്ചു സഹിച്ചു പോന്നിരുന്ന ജനവിഭാഗങ്ങളുടെ അപകർഷതാബോധം നീക്കം ചെയ്യുന്നതിന് ശ്രീ നാരായണ ഗുരു ഈ ഗ്രാമം സന്ദർശിച്ചു ധന്യമാക്കിയിട്ടുണ്ട് എന്ന വസ്തുതയും ഇത്തരുണത്തിൽ സ്മരണീയമാണ്. ഉദ്ദേശ്യലക്ഷ്യങ്ങൾ ഉടനടി നേടിയെടുക്കുവാൻ കഴിഞ്ഞില്ലെങ്കിലും പൗരാവകാശങ്ങൾക്കുവേണ്ടി തിരുവിതാംകൂറിൽ നടന്നിട്ടുള്ളതിൽവെച്ച് ഏറ്റവും സുസംഘടിതമായ ഒരു പ്രക്ഷോഭമായിരുന്നു വൈക്കം സത്യാഗ്രഹം. ഇതിൽനിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ടാണ് 1932 ലെ ഗുരുവായൂർ സത്യാഗ്രഹം സംഘടിക്കപ്പെട്ടത്. വൈക്കം സത്യാഗ്രഹത്തിൽ വെച്ചൂർ സ്വദേശികളായ ആരെങ്കിലും നേതൃത്വത്തിൽ ഉണ്ടായിരുന്നു എന്ന് സ്ഥാപിക്കുവാൻ കഴിയുന്ന തെളിവുകൾ ലഭ്യമല്ലെങ്കിലും സന്നദ്ധഭടന്മാരിൽ ഈ ഗ്രാമത്തിൽ നിന്നുമുള്ള ധാരാളം ആളുകൾ പങ്കെടുത്തിരുന്നു എന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

1936 ലെ ചരിത്രപ്രസിദ്ധമായ ക്ഷേത്ര പ്രവേശന വിളംബരം വൈക്കം സത്യാഗ്രഹത്തിന്റെ സ്വാധീനം വിളിച്ചറിയിക്കുന്ന ഒരു ചരിത്ര സംഭവമാണ്. ഇതോടുകൂടി സവർണ്ണ അവർണ്ണ ഭേദമന്യേ സമസ്ത ഹിന്ദുക്കൾക്കും ക്ഷേത്രത്തിൽ പ്രവേശിച്ച് ആരാധന നടത്തുവാനും കഴിഞ്ഞു. വൈക്കം സത്യാഗ്രഹത്തിനുശേഷം ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം വൈക്കം താലൂക്കിൽ സജീവമായി. 1938ൽ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമാവുകയുണ്ടായി. ഇതേവർഷം തന്നെ സ്റ്റേറ്റ് കോൺഗ്രസിന്റെ ഒരു സമ്മേളനം വെച്ചൂരിൽ നടക്കുകയുണ്ടായി സർവ്വ ശ്രീ എ.കെ പണിക്കർ, കെ. ശ്രീധരൻ പിള്ള, പുലക്കാടൻ മാധവൻ, സി.എസ്സ്.

ഗോപാലപ്പിള്ള, കെ. ഗോവിന്ദൻ നായർ, തുടങ്ങിയവർ ഈ ഗ്രാമത്തിലെ ആദ്യകാല കോൺഗ്രസ് പ്രവർത്തകരായിരുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് വിഭാഗക്കാർ 1934ൽ കേരളാകമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപാന്തരപ്പെടുകയും അതിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ഈ പാർട്ടിയുടെ സ്ഥാപക സെക്രട്ടറി വൈക്കം സ്വദേശിയായ ശ്രീ. പി. കൃഷ്ണപ്പിള്ള ആയിരുന്നു എന്നുള്ളത് പ്രസ്താവ്യമാണ്. ഉത്തരവാദിത്വ ഭരണമെന്ന ആവശ്യം ഈ രണ്ട് സംഘടകളും മുന്നോട്ടു വച്ചിരുന്നു. 1940 കളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഈ ഗ്രാമത്തിൽ സജീവമായി. കർഷകത്തൊഴിലാളികൾ മുതലായ അധഃസ്ഥിത വിഭാഗങ്ങൾക്ക് ജോലിസ്ഥിരതയും ന്യായമായ കൂലിയും നേടിക്കൊടുക്കുന്നതിനുള്ള പ്രക്ഷോഭ സമരങ്ങളോടുകൂടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ ഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചത്. ശ്രീ. എ.കെ. പണിക്കർ, പുലക്കാടൻ മാധവൻ, ചോതുതറ കുമാരൻ, സി.കെ മാധവൻ, ബി. ബാലകൃഷ്ണൻ (ബാലേട്ടൻ) തുടങ്ങിയവരായിരുന്നു ആദ്യകാല മുൻനിര പ്രവർത്തകർ. വിവിധ ജാതി അറകളായി വിഭജിക്കപ്പെട്ട് നിന്നിരുന്ന ഈ ഗ്രാമത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെടുന്ന പൊതു ജനസംരംഭങ്ങൾ സാവകാശമാണെങ്കിലും 1925 മുതൽ ഉരുത്തിരിഞ്ഞു വരുകയുണ്ടായി. 1939 ൽ നിലവിൽ വന്ന വില്ലേജ് യൂണിയൻ ആക്റ്റ് അനുസരിച്ച് വെച്ചൂർ വില്ലേജ് യൂണിയൻ നിലവിൽ വന്നു കൈതാരത്ത് മഠത്തിൽ ശ്രീ. കൃഷ്ണയ്യർ അവർകളായിരുന്നു വില്ലേജ് യൂണിയൻ പ്രസിഡന്റ്. യൂണിയന്റെ അധികാരങ്ങൾ പരിമിതമായിരുന്നു എങ്കിലും ഗ്രാമവാസികളെ ഇന്ന മതക്കാർ ജാതിക്കാർ എന്നു കാണുന്നതിന് പകരം പൊതുവേ ഗ്രാമത്തിലെ പൊതു ജനങ്ങൾ ആയിക്കാണുന്നതിനുള്ള പ്രവണതയ്ക്ക് ഈ സ്ഥാപനവും അതിന്റേതായ പങ്ക് പഹിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1953 ൽ നടന്നു. 1960 ലെ ആക്റ്റ് അനുസരിച്ച് 1963ൽ തെരഞ്ഞെടുപ്പ് നടന്നു. ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ 2ന് നിലവിൽവന്നു. ആദ്യ കാലത്ത് നമ്മുടെ പഞ്ചായത്ത് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുതുടങ്ങിയത് എന്നാൽ സ്വന്തമായി കെട്ടിടം വേണം എന്ന താല്പര്യത്തോടുകൂടി അന്നത്തെ ഭരണ സമിതി ഇടയാഴം 1131—ാം നമ്പർ എൻ.എൻ.എസ്സ്. കരയോഗം വക 10 സെന്റ് സ്ഥലം പഞ്ചായത്തിന് സൗജന്യമായി നൽകുകയും ചെയ്തു. ഈ സ്ഥലത്താണ് ഇപ്പോൾ പഞ്ചായത്ത് കെട്ടിടം സ്ഥിതി ചെയ്യുന്നത്. വിവിധ കാലഘട്ടങ്ങളിലായി പഞ്ചായത്ത് ഭാരവാഹികളായി സേവനം അനുഷ്ഠിച്ചവരുടേയും ഇപ്പോൾ സേവനം അനുഷ്ടിക്കുന്നവരുടേയും ഒരു സംക്ഷിപ്ത വിവരണം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.

വിവിധ ജനവിഭാഗങ്ങൾ

ആദിവാസികൾ ഒഴിച്ച് ഹിന്ദുമതത്തിലെ വിവിധജാതിക്കാർ വെച്ചൂർ പഞ്ചായത്തിൽ നൂറ്റാണ്ടുകളായി താമസിച്ചു വരുന്നു. പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉള്ളാടൻ എണ്ണത്തിൽ കുറവാണ് (7). പട്ടിക ജാതിയിൽപ്പെടുത്തിയിട്ടുള്ള പുലയർ (ചേരമർ) സമുദായം വെച്ചൂരിലെ ഒരു പ്രാചീന വിഭാഗമാണ്. ഈ പഞ്ചായത്തിലെ അതിപ്രാചീന കാർഷിക സമ്പദ് വ്യവസ്ഥ പ്രധാനമായും ഇവരുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. ഇവരെകൂടാതെ പട്ടികജാതിയിൽപ്പെട്ട സാംബവർ, കുറവർ, പുള്ളുവൻ, പരവൻ എന്നിവരും ഈ ഗ്രാമത്തിൽ നൂറ്റാണ്ടുകളായി താമസിച്ചുവരുന്നു. ഈഴവ സമുദായം ഈ ഗ്രാമത്തിലെ പ്രബലമായ ഒരു ജനവിഭാഗമാണ്. ഇതുകൂടാതെ പ്രാചീന കേരളത്തിൽ നാങ്കുവർണ്ണക്കാർ എന്നറിയപ്പെട്ടിരുന്ന 'വിശ്വകർമ്മ' സമുദായത്തിന്റെ അവാന്തര വിഭാഗങ്ങളായ ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കരകൗശല ജോലിക്കാരും ഈ ഗ്രാമത്തിൽ നിവസിച്ചു പോരുന്നു. എന്നാൽ ഇപ്പോൾ മൂശാരി ജാതിയിൽപ്പെട്ടവർ ഈ ഗ്രാമത്തിലില്ല. ഇവിടുത്തെ ഗണ്യമായ മറ്റൊരു ജനവിഭാഗമാണ് ധീവരർ. സവർണ്ണ വിഭാഗത്തിൽപ്പെട്ട നായർ സമുദായം ഈ ഗ്രാമത്തിലെ മറ്റൊരു പ്രബല സമുദായമാണ്. നമ്പൂതിരി, മലയാള ബ്രാഹ്മണർ, തമിഴ്ബ്രാഹ്മണർ, തുളുബ്രാഹ്മണർ, മൂസത്, ഇളയത് എന്നീ ജാതികളും പുരാതന കാലം മുതൽ ഇവിടെ താമസിച്ചുവരുന്നു. ക്രിസ്ത്വബ്ദത്തിന്റെ ആരംഭ ശതകത്തിൽ തന്നെ കേരളത്തിൽ എത്തിച്ചേർന്ന സിറിയൻ ക്രിസ്ത്യാനികളുടെ വിപുലമായൊരു സമൂഹവും ഈ ഗ്രാമത്തിൽ നൂറ്റാണ്ടുകളായി അധിവസിക്കുന്നു. ഇതു കൂടാതെ 'ക്നായി' തൊമ്മന്റെ പിൻതലമുറക്കാർ എന്നവകാശപ്പെടുന്ന ക്നാനായ കാത്തോലിക്കരും ഇവിടെ താമസിക്കുന്നുണ്ട്. സംഖ്യയിൽ പരിമിതമാണെങ്കിലും ഇസ്ലാം മതത്തിൽപ്പെട്ടവരും ഇവിടെ നിവസിച്ചുവരുന്നു. മദ്ധ്യകേരളത്തിൽ സാധാരണയായി കാണപ്പെടുന്ന മിക്കവാറും എല്ലാ ഹിന്ദുജാതികൾക്കും വെച്ചൂരിൽ പ്രാതിനിധ്യമുണ്ട്.

ചരിത്രാരംഭകാലത്ത് വെച്ചൂരിൽ അധിവാസ യോഗ്യമായ ഭൂമി നന്നേകുറവായിരുന്നു. തത്ഫലമാ ജനസംഖ്യയും താരതമ്യേന കുറവായിരുന്നു. പിന്നീട് കടൽ പിൻവാങ്ങിയോ കായലിൽ നിന്ന് ഭൂപ്രദേശങ്ങ ഉയർന്നു വന്നോ അതുമല്ലെങ്കിൽ സമാനമായ മറ്റു പ്രകൃതി പ്രതിഭാസങ്ങൾ കൊണ്ടോ കൂടുതൽ പ്രദേശങ്ങ അധിവാസയോഗ്യമാകുകയോ കൃഷിക്കുപയുക്തമാകുകയോ ചെയ്തിരുന്നു തുടർന്നു രാജ്യത്തിന്റെ പലഭാഗങ്ങളിൽ നിന്ന് പല കുടുംബങ്ങളും ഉപജീവനത്തിനും സുരക്ഷിതത്വത്തിനും വേണ്ടി ഏകദേശം ദ്വീപിന തുല്യമായ ഈ ഗ്രാമത്തിലേക്ക് വിവിധ ഘട്ടങ്ങളിലായി കുടിയേറി പാർത്തിരിക്കാം. ഈ ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, ജാതി വൈവിദ്ധ്യം, തലമുറകളായി പ്രചരിച്ചുവരുന്ന കേട്ടുകേൾവികൾ ഇവ വിമർശന ബുദ്ധ്യാ പരിശോധിക്കുമ്പോൾ ഈ നിഗമനത്തിനാണ് പ്രസക്തി ഉള്ളത് എന്നു തോന്നുന്നു.

ഈ ഗ്രാമത്തിലെ ക്ഷേത്രങ്ങളിൽ ഏറ്റവും പുരാതനമെന്ന് വിശ്വസിക്കപ്പെടുന്ന ഗോവിന്ദപുരം ക്ഷേത്രത്തിന ഏകദേശം 2,000 വിർഷത്തെ പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. കേരളത്തിൽ ഇന്ന് കാണപ്പെടുന്ന ക്ഷേത്രങ്ങളുടെ ശിൽപ മാതൃക എ.ഡി. 10 മുതൽ 12 വരെയുള്ള ശദാബ്ദങ്ങളിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണ്. അതുകൊണ്ട് 1000 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ക്ഷേത്രങ്ങൾ ഇപ്പോൾ കണ്ടെത്തുക പ്രയാസമാണ്. എന്നാൽ 1000 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ക്ഷേത്രങ്ങൾ ഇല്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നത് ശരിയായിരിക്കുകയില്ല ക്ഷേത്രങ്ങളുടെ രൂപമാതൃകയിൽ വ്യത്യാസം ഉണ്ടായിരുന്നിരിക്കാം എന്നതാണ് ഇതേക്കുറിച്ച് ന്യായമായി നടത്താവുന്ന നിഗമനം. അതുകൊണ്ട് ഗോവിന്ദപുരം ക്ഷേത്രത്തിന് 2000 വർഷത്തെ പഴക്കമുണ്ടെന്നുള്ള അവകാശം വാദത്തെ പൂർണ്ണമായി അംഗീകരിക്കുന്നതിനൊ നിരാകരിക്കുന്നതിനൊ കഴിയില്ല. ഈ ക്ഷേത്രം വകയായി രണ്ടായിരപ്പറ നിലവും അനവധി പുരയിടങ്ങളും ഉണ്ടായിരുന്നു. അതിലൊരു പുരയിടത്തിന്റെ പേരുതന്നെ രേവതി പട്ടത്താനം എന്നതാണ് ഇതും ഈ ക്ഷേത്രത്തിന്റെ പുരാതനത്വം തെളിയിക്കുന്ന ഒരു വസ്തുതയാണ്. ഇടയാഴം കരയിൽ മലയാള ബ്രാഹ്മണരുടെ 4 മനകളും (നെടുമ്പറമ്പ്, ഒഴവനാക്കൽ, മനപ്പള്ളി, ഊരുമന) മൂസതിന്റേറയും ഇളയതിന്റേറയും ഓരോ ഇല്ലങ്ങളുമുണ്ടായിരുന്നു. ഇതിൽ മനപ്പള്ളി ഒഴവനാക്കൽ മന മൂസതിന്റെ ഇല്ലം എന്നിവിടങ്ങളിലെ ആൾക്കാർ പല കാലഘട്ടങ്ങളിലായി ഗ്രാമാതിർത്തി വിട്ടുപോയി. മേൽപ്പറഞ്ഞ 4 മനക്കാരും പറവൂർ സ്വദേശികളായിരുന്നു എന്നും പറവൂർ രാജാവുമായുള്ള അഭിപ്രായവ്യത്യാസങ്ങൾകൊണ്ട് ആ രാജ്യം വിട്ട് ഇങ്ങോട്ട് കുടിയേറിയവരാണ് എന്നും പറയപ്പെടുന്നു. ഇടയാഴത്ത് തൃക്കവൈകുണ്ഡപുരം പൂങ്കാവ് എന്നീ ക്ഷേത്രങ്ങൾ ഈ മനക്കാർ സ്ഥാപിച്ചതാണ്. വെച്ചൂരിലെ പല പുരയിടങ്ങളുടേയും നിലങ്ങളുടേയും ജന്മാവകാശം ഇടയാഴം ദേവസ്വത്തിന് ആയിരുന്നു. ഇത്രയും വിപുലമായ ജന്മാവകാശങ്ങൾ ഉള്ള മറ്റു ക്ഷേത്രം നേരത്തെ പറഞ്ഞ ഗോവിന്ദപുരം ക്ഷേത്രം മാത്രമാണ്. നമ്പൂതിരി ബ്രാഹ്മണരുടെ ഈ കുടിയേറ്റം ഏതു കാലഘട്ടത്തിലാണ് ഉണ്ടായതെന്ന് തീർച്ചപ്പെടുത്തുവാൻ ആവശ്യമായ രേഖകൾ കുറെയൊക്കെ ശ്രമിച്ചു എങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഏതായാലും ഇവരുടെ കുടിയേറ്റം നടന്നത് വടക്കൻപറവൂർ തിരുവിതാംകൂറിൽ ലയിക്കുന്നതിന് മുമ്പായിരിക്കണം. ആലങ്ങാട്ടും പറവൂരും തിരുവിതാംകൂറിന്റെ ഭാഗമായത് എ.ഡി. 1761 ൽ ആണ് അപ്പോൾ ഇവരുടെ കുടിയേറ്റം 1761 ന് മുമ്പായിരുന്നിരിക്കണം. എത്രകാലം മുമ്പ് എന്നുള്ളത് മാത്രമാണ് നിർണ്ണയിക്കപ്പെടേണ്ടത്. ഈ കുടുംബങ്ങൾ അവരോടൊപ്പം കൃഷിയാവശ്യങ്ങൾക്കായി ഏതാനും പുലയകുടുംബങ്ങളെക്കൂടി തങ്ങളോടൊപ്പം കൊണ്ടുവന്നിരുന്നതായി പറയപ്പെടുന്നു. പുലയസമുദായത്തിന്റെ ക്ഷേത്രമായ മുച്ചൂർ കാവിലേക്ക് ഇന്നും ഉത്സവസമയത്ത് താലപ്പൊലി ആരംഭിക്കുന്നത്, നെടുംമ്പറമ്പിൽ മനയിൽനിന്നുമാണ്. ഇതുകൂടാതെ വെച്ചൂർ ഗ്രാമത്തിലേക്ക് ഏതാനും കുടുംബങ്ങൾ വിവിധ കാലഘട്ടങ്ങളിലായി കുടിയേറി പാർത്തിട്ടുണ്ട് എന്നും പറയപ്പെടുന്നു. മലബാർ സ്വദേശിയായ ഒരു നമ്പ്യാർക്ക് കൊട്ടാര സേവനത്തിന് പ്രതിഫലമായി നാടുവാഴി വെച്ചൂരിൽ കുറച്ചു സ്ഥലം ദാനം ചെയ്യാമെന്നതിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ മേന്മ നോക്കി തെരഞ്ഞെടുത്ത സ്ഥലത്താണ് നമ്പ്യാർ മഠം സ്ഥാപിക്കപ്പെട്ടത്. ഈ നമ്പ്യാർകുടുംബം ഇവിടെ സ്ഥിരമായി താമസിച്ചിരുന്നുവെങ്കിലും വിശ്രമാവശ്യത്തിന് സ്വന്തമായ ഒരു മാളിക ഇവിടെ പണി കഴിപ്പിച്ചിരുന്നു. അതോടനുബന്ധിച്ചുള്ള മഠമാണ് ഇപ്പോൾ നമ്പ്യാർ മഠം എന്ന ക്ഷേത്രമായി അറിയപ്പെടുന്നത്. ഇതിനോടനുബന്ധിച്ചുള്ള മാളിക ഏകദേശം അമ്പതു അറുപതുവർഷം മുമ്പാണ് നാമാവശേഷമായത്. കുഞ്ഞൻനമ്പ്യാർ അമ്പലപ്പുഴ രാജാവിന്റെ സദസ്സിലേക്ക് പോകുന്നതിനു മുമ്പായി തന്റെ കൃതികൾ അവലോകനം ചെയ്തുകൊണ്ട് ഏതാനും ദിവസം ഈ മാളികയിൽ അതിഥിയായി താമസിച്ചിരുന്നതായി പറയപ്പെടുന്നു. ഈ ഗ്രാമത്തിലെ മറ്റൊരു പുരാതന ക്ഷേത്രമായ ശാസ്തക്കുളം കൊടുങ്ങല്ലൂർ ക്ഷേത്രമായി ബന്ധമുള്ളതാണ്.

അനുബന്ധം — 1

വില്ലേജ് യൂണിയൻ പ്രസിഡൻറ്. കൃഷ്ണയ്യർ, കൈതാരം, 1953 വരെ

ആദ്യ ജനകീയ പ്രസിഡൻറ്.,	കെ. ശ്രീധരൻ പിള്ള
വൈസ്പ്രസിഡൻറ്.,	കെ. ഗോവിന്ദൻ നായർ (വളയപ്പള്ളി വൈദ്യൻ)
	സി.എസ്. ഭാസ്ക്കരൻ
	എ. കെ. പണിക്കർ
	പി.കെ. ഭാസ്ക്കരൻ (ജോലികിട്ടിപോയപ്പോൾ)
	കെ. വേലായുധൻ
	പി.റ്റി. വാവ (രണ്ടു വർഷം) ശേഷം
	കെ.സി. നാരായണൻ (പട്ടികജാതി)
	സ്കറിയ പാറയിൻ
(1963) രണ്ടാമത്തെ പ്രസിഡൻറ്,	കെ. ആർ. ശേഖരൻ
വൈസ് പ്രസിഡൻറ്.,	റ്റി. കെ. പീതാംബരൻ
	എസ്. വേലായുധൻ.
	കെ. ശ്രീധരൻ പിള്ള.
	കെ.ഒ. വർക്കി. (ഭഗവതിയ്ക്കൽ വക്കച്ചൻ)
	ജോബ്, മണവേലിൽ
	എസ്. കെ. തങ്കമണി. (റിസർവേഷൻ)
	സുബ്ബലക്ഷ്മിയമ്മാൾ (നോമിനേറ്റഡ്)
(1979) മൂന്നാമത്തെ പ്രസിഡൻറ്,	ഇ.ഡി. മണി.
വൈസ്പ്രസിഡൻറ്	സി.കെ. സദാനന്ദൻ

(1981) നാലാമത്തെ പ്രസിഡൻറ്.,	സി.കെ.സദാനന്ദൻ
വൈസ് പ്രസിഡൻറ്,	പി.കെ കുമാരൻ
	കനകമ്മ
	കെ.ആർ. ശേഖരൻ
	ആർ. പ്രഭാകരൻ നായർ (അമ്മിണിക്കുട്ടൻ സാർ)
	ജോബ് മണവേലിൽ
	പി.വി. കുഞ്ഞ്. (റിസർവേഷൻ)
(1988) അഞ്ചാമത് പ്രസിഡൻറ്.,	കെ.ആർ. ശേഖരൻ
വൈസ് പ്രസിഡൻറ്,	വി.വി. രാഘവൻ
	എം. എസ്, ഗിരിജ
	കെ.വി. അനിരുദ്ധൻ
	ഇ. ഡി. മണി.
	ചാക്കോ ജെ ഉഴുത്താൽ
	എൽ. ഓമന
	കെ. എൻ. ഭാസ്ക്കരൻ
	പി.കെ സുദശനൻ

കാവുംപള്ളി കൈമൾകുടുംബത്തിലെ കാരണവർ ഏതാനും തലമുറ മുമ്പ് കൊടുങ്ങല്ലൂർ ഭരണികണ്ട് മടങ്ങുമ്പോൾ കുരുതിക്കളത്തിൽ നിന്ന് ഒരു തളിക കൂടെ കൊണ്ടുപോന്നു എന്നും അത് സ്ഥാപിച്ച സ്ഥലത്ത് ദേവീ സാന്നിദ്ധ്യം ഉണ്ടായി എന്നുമാണ് ഐതീഹ്യം. കാവുംപള്ളി കാരണവരെ അനുഗമിച്ചിരുന്ന ഒരു മുസ്ലീം കാരണവരുടെ (പറോഡൻ) സ്മരണക്കായി ഉത്സവക്കാലത്ത് ചില പ്രത്യേക നിവേദ്യങ്ങൾ ഈ ക്ഷേത്രത്തിൽ ഇപ്പോഴും സമർപ്പിക്കപ്പെട്ടു പോരുന്നു, ഇത് ശബരിമലയിലെ വാവരുടെ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്നു. ഭൈരവൻ കാവ്, നീന്തിശേരി, വല്യാറ മുതലായവയും ഈ ഗ്രാമത്തിലെ പുരാതനമായ ക്ഷേത്രങ്ങളാണ്. കന്യാമറിയത്തിന്റെ പേരിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കുടവെച്ചൂർ പള്ളിയാണ് വെച്ചൂരിലെ ഏറ്റവും പഴക്കം ചെന്ന ക്രിസ്ത്യൻ ദേവാലയം. ഈ പള്ളിക്ക് 500 വർഷത്തിലധികം പഴക്കമുണ്ടെന്ന് കരുതുന്നു.

ജീവനോപാധികൾ

ഈ ഗ്രാമത്തിൽ ജനാധിവാസം തുടങ്ങിയ കാലത്തുതന്നെ കൃഷി ആയിരുന്നു ഗ്രാമീണരുടെ മുഖ്യ ജീവനോപാധി. ഇന്നും സ്ഥിതി വ്യത്യസ്തമല്ല. ഇടത്തരം കൃഷിക്കാർ കർഷക തൊഴിലാളികൾ കൈവേലക്കാർ ഇരുമ്പുപണി സ്വർണ്ണപ്പണി കൽപ്പണിക്കാർ തഴപായ് നെയ്ത്തുകാർ കയർ, കൂട്ട, മുറം, എന്നിവ നിർമ്മിക്കുന്നവർ ചെറുകിട കർഷകർ മത്സ്യ ബന്ധനത്തിലും കക്കാശേഖരണത്തിലും ഏർപ്പെട്ടിരിക്കുന്നവർ സർക്കാർ, അർദ്ധസർക്കാർ, ജീവനക്കാർ എന്നിങ്ങനെഈ ഗ്രാമത്തിലെ ജനങ്ങളെ മതേതരമായി (Secular) തരം തിരിക്കാവുന്നതാണ്.

കാർഷിക ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ

ജന്മി കുടിയാൻ ബന്ധങ്ങൾ മലബാറിലെപ്പോലെ തിരുവിതാംകൂറിൽ കർക്കശമല്ലായിരുന്നു എന്ന് ഇതിനകം തന്നെ സൂചിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ചരിത്രപരമായ പശ്ചാത്തലവും വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും വെച്ചൂർ ഗ്രാമത്തിലെ കൃഷിയിടങ്ങളിൽ ഭൂരിപക്ഷത്തിന്റെയും ഉടമസ്ഥാവകാശം സ്വകാര്യ ജന്മികളിലോ ദേവസ്വങ്ങളിലോ നിക്ഷിപ്തമായിരുന്നു. നിലവിലിരുന്ന കാർഷിക ബന്ധങ്ങൾ ഉയർത്തിയിരുന്ന പ്രധാന പ്രശ്നങ്ങൾ കുടികിടപ്പുകാർക്കും കൈവശ കുടിയാന്മാർക്കും അനുഭവപ്പെട്ടിരുന്ന അസ്ഥിരതയും ആസ്വാസ്ഥ്യങ്ങളും കാർഷിക കടങ്ങളുടെ ബാഹുല്യവും ആയിരുന്നു. 1957 ൽ കേരളത്തിലെ ആദ്യത്തെ ഇ. എം. എസ് മന്ത്രിസഭ അധികാരമേറ്റ ഉടൻതന്നെ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇതോടൊപ്പം തന്നെ ഒരു കാർഷിക കടാശ്വാസത്തിനുള്ള നിയമവും പ്രാബല്യത്തിൽ വരുത്തി. തുടർന്ന് സമഗ്രമായ ഒരു കാർഷിക ബന്ധ നിയമം കൊണ്ടു വരുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 1960 ൽ ഇതിന് ചില ഭേദഗതികൾ വരുത്തി. 1963 ൽ ഈ നിയമങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1969 ലെ രണ്ടാമത്തെ ഇ. എം. എസ് മന്ത്രി സഭ ചില ഭേദഗതികളോടെ നിയമം വീണ്ടും പരിഷ്ക്കരിച്ചു. 1969 ലെ നിയമം 1.1.1970 ൽ നിലവിൽ വന്നു. ഭൂപരിധി നിർണ്ണയം, കൈവശ കുടിയാന്മാർക്ക് കൃഷി ഭൂമിയിൽ സ്ഥിരാവകാശം, കുടികിടപ്പുകാർക്ക് ഗ്രാമങ്ങളിൽ 10 സെൻറും നഗരങ്ങഴിൽ 3 സെൻറും ഭൂമിക്കുള്ള അവകാശം മുതലായവയായിരുന്നു ഈ നിയമത്തിലെ കാതലായ വ്യവസ്ഥകൾ. ഈ നിയമം നടപ്പിലാക്കിയത് സി. അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രി സഭയായിരുന്നു. ഈ സമഗ്രമായ ഭൂനിയമം ജന്മിത്തത്തെ അടിസ്ഥാനമാക്കിയുള്ള ഫ്യൂഡൽസമ്പ്രദായത്തിന് കനത്ത പ്രഹരമാണ് ഏൽപ്പിച്ചത്. ഈ നിയമം അനുസരിച്ച് ഈ ഗ്രാമത്തിൽ സ്ഥിരാവകാശം ലഭിച്ച കൈവശ കുടിയാന്മാർ , സ്ഥിരമായ കുടികിടപ്പവകാശം ലഭിച്ചവർ, അപേക്ഷപ്രകാരം മിച്ച ഭൂമി ലഭിച്ചവർ എന്നിവരെ സംബന്ധിക്കുന്ന പട്ടികയായി താഴെ ചേർത്തിരിക്കുന്നു.

ഭൂമി ലഭിച്ചവരുടെ വിവരങ്ങൾ

വകുപ്പ്	കൈവശ ഇനം	എണ്ണം	വിസ്തീർണ്ണം
സെക്. 72	കൈവശ കുടിയാന്മാർ	1700	450.00
സെക്. 80	കുടികിടപ്പുകാർ	1400	120.00
സെക്. 85	മിച്ചഭൂമി അപേക്ഷപ്രകാരം	350	150.00

കുറിപ്പ്

30.6.81 വരെയുള്ള വിവരങ്ങളാണ് ഇതിൽ ചേർത്തിരിക്കുന്നത്. അതിനുശേഷം തീർപ്പു ചെയ്തിട്ടുള്ള ട്രിബ്യൂണൽ കേസുകൾ പ്രകാരം കുടിയാൻ ഇനത്തിൽ (സെക്ഷൻ 72) 3 ശതമാനവും, കുടികിടപ്പു (80 B) ഇനത്തിൽ ഒരു ശതമാനവും മിച്ച ഭൂമി ഇനത്തിൽ അഞ്ചു ശതമാനവും കൂടുതലായി വരുവാൻ സാധ്യതയുണ്ട്.

കർഷകർക്കുള്ള മിനിമം കൂലി വ്യവസ്ഥ 1980 ലെ കർഷക തൊഴിലാളി പെൻഷൻ നിയമം തുടങ്ങിയവയും കാർഷിക ബന്ധങ്ങളെ കൂടുതൽ മനുഷ്യത്വവൽക്കരിച്ചിട്ടുണ്ട്.

കാർഷികോപകരണങ്ങൾ (Agricultural Impliments) നിലം ഉഴുതു മറിക്കുന്നതിന് കലപ്പ ,പാടങ്ങളിലേക്കും വെള്ളം കേറ്റുന്നതിനും ഇറക്കുന്നതിനും ഉള്ള ചക്രങ്ങൾ, വരമ്പു പിടിക്കുന്നതിന് ഉപയോഗിക്കുന്ന കട്ടപ്പാര, കട്ട തല്ലുന്നതിന് ഉപയോഗിക്കുന കട്ടവടി മുതലായ പ്രാചീന കാർഷികോപകരണങ്ങൾ ഇപ്പോൾ പ്രചാരലുബ്ധമായി വരികയാണ്. ഉഴവിന് ഇപ്പോൾ ട്രാക്ടറുകളും ട്രില്ലറുകളുമാണ് വ്യാപകമായി ഉപയോഗിക്കുന്നത്. വെള്ളം വറ്റിക്കുന്നതിന് വിരിപ്പു പാടങ്ങളിൽപ്പോലും ഇപ്പോൾ മോട്ടോർ പമ്പുകളാണ് ഉപയോഗിച്ചുവരുന്നത്. വെള്ളം കയറ്റാൻ അപൂർവ്വമായി ചക്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. കാർഷിക രംഗത്തെ യന്ത്രവൽക്കരണം ആദ്യമായി ആരംഭിച്ചത് പുഞ്ച നിലങ്ങളിലായിരുന്നു. കായൽപ്പരപ്പുപോലെ കിടക്കുന്ന പുഞ്ച നിലങ്ങളിൽ കൃഷിക്കു മുമ്പ് വെള്ളം വറ്റിച്ചെടുക്കുന്നതിന് ഭീമാകാരമായ ചക്രങ്ങളാണ് പണ്ട് ഉപയോഗിച്ചിരുന്നത്. ഒരു വൻ ചക്രം ചവിട്ടുന്നതിന് 6 തൊഴിലാളികൾ രാപ്പകൽ ഊഴംവച്ച് പണിയെടുത്തിരുന്നു. രാത്രി കാലങ്ങളിൽ ഊഴം മാറുന്നതിനുള്ള സമയം നിർണ്ണയിക്കുന്നതിന് ഒരുതരം ജല ഘടികാരമാണ് അവർ ഉപയോഗിച്ചിരുന്നത്. വെള്ളം വറ്റിക്കൽ, പാടങ്ങൾ നിരപ്പാക്കൽ, വിത, മടകെട്ടൽ (Temporary Building) മുതലായവ എല്ലാം അതീവ ശ്രമകരമായ ജോലിയായിരുന്നു അക്കാലത്ത്. പഴയ കൊച്ചി പ്രദേശത്തുള്ള 'ഏനമ്മാക്കൽ' കായലിൽ ഇതുപോലുള്ള കൃഷിപ്പണികൾ കൂട്ടായി നടത്തുന്നത് കണ്ടിട്ട് അതിനെ 'മനുഷ്യാദ്ധ്വാനത്തിന്റെ ഉദാത്തമായ ഉദാഹരണം' എന്നു വില്യം ലോഗൺ തന്റെ പ്രശസ്തമായ കൃതിയിൽ വിശേഷിപ്പിച്ചിരുന്നത് ഇത്തരുണത്തിൽ നമുക്കും അനുസ്മരിക്കാവുന്നതാണ്. ഈ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുവേണ്ടി ഏകദേശം അമ്പതു വർഷങ്ങൾക്കുമുമ്പുതന്നെ പുഞ്ചപ്പാടങ്ങളിൽ മണ്ണെണ്ണയും ക്രൂഡോയിലും ഇന്ധനമായി ഉപയോഗിച്ചിരിക്കുന്ന എൻജിനുകൾ ജല നിർഗ്ഗമനത്തിനായി ഉപയോഗിക്കുവാൻ തുടങ്ങിയിരുന്നു. ഇപ്പോൾ വൈദ്യുതമോട്ടോർ ഉപയോഗിച്ച് പമ്പിങ്ങ് നടത്തിയാണ് പുഞ്ച നിലങ്ങളിൽ ജല നിർഗ്ഗമനം സാദ്ധ്യമാക്കുന്നത്. ഉഴവിന് ട്രില്ലറുകൾ ഉപയോഗിക്കുന്നു. കാറ്റിനെ ആശ്രയിച്ച് കൂട്ടകൾ ഉപയോഗിച്ചും മുറങ്ങൾ ഉപയോഗിച്ച് പാറ്റിയും 'പതിർ' വേർപ്പെടുത്തുന്ന പാരമ്പര്യ രീതിയും യന്ത്രങ്ങൾക്കു വഴിമാറിക്കൊണ്ടിരിക്കുകയാണ്. കാർഷികോപകരണങ്ങളിൽ

അനുക്രമമായി വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കൊപ്പം തന്നെ ശ്രദ്ധേയമാണ് കൃഷി രീതികളിലും വന്നിട്ടുള്ള ചില നൂതന പ്രവണതകൾ. ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ ചില സാങ്കേതിക വശങ്ങൾ സ്വയം മനസ്സിലാക്കി പ്രാവർത്തികമാക്കാൻ ആദ്യഘട്ടത്തിൽത്തന്നെ ഒരുങ്ങിപ്പുറപ്പെട്ട കർഷകജനതയാണ് നമ്മുടേത്. അറുപതുകളുടെ ആരംഭത്തിൽത്തന്നെ പരമ്പരാഗത നെൽവിത്തുകളുടെ സ്ഥാനത്ത് (അതിക്കിരിയാഴി, ചെറുതും വലുതും കുരുവിക്കണ്ണൻ) കൾച്ചർ I-R 8, ജയ, പട്ടാമ്പി ജ്യോതി, ചുവന്ന തൃവേണി തുടങ്ങിയ സങ്കരയിനം നെൽവിത്തുകൾ ഈ ഗ്രാമത്തിൽ പ്രചാരത്തിൽ വന്നു. IR 8 ന് ആയിരുന്നു ആദ്യകാലത്ത് മുൻതൂക്കം പുതിയഇനം നെൽവിത്തുകൾ ഉപയോഗിക്കുവാൻ തുടങ്ങിയതിനോടൊപ്പം തന്നെ രാസവളങ്ങളും ജൈവവളങ്ങളും വ്യാപകമായി ഉപയോഗിക്കുവാൻ കഴിഞ്ഞു. ജൈവവള പ്രയോഗം താരതമ്യേന നിലച്ച മട്ടാണ്.

ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്തേണ്ടത് അവിടുത്തെ ഗ്രാമങ്ങളിൽ ആണെന്നാണ് ഗാന്ധിജി വിശ്വസിച്ചിരുന്നത്. പ്രാചീന ഭാരതത്തിലെ ലക്ഷണയുക്തമായ ഗ്രാമങ്ങളോട് സാദൃശ്യമുള്ളതായിരുന്നു വെച്ചൂർ ഗ്രാമവും ഈ ഗ്രാമത്തിന്റെ പ്രകൃതി ചാരുതയും സാംസ്ക്കാരിക പൈതൃകവും കാവ്യാത്മകമായി ചിത്രീകരിക്കുന്ന ഒരു കവിത 1953 ൽ ഡോ. വേണുഗോപാൽ രചിക്കുകയുണ്ടായി. അദ്ദേഹം ഒരു സുഹൃദ് സദസ്സിൽ വായിച്ചവതരിപ്പിച്ച 'എന്റെ ഗ്രാമം' എന്ന ഈ കവിത പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയില്ല.

'ഒരുവശമഗാധമാം വേമ്പനാടിന്റെ വൻ

തിരകൾ കരയേറിടും തീവ്ര കോലാഹലം

മറുവശമനന്തമാം പുഞ്ചയിൽ ഞാറുനടും

ചെറുമികൾ മുഴക്കുന്ന തെയ്യാതിനാനിനം

മകരവിളക്കൊയ്ത മനോജ്ഞ പാടങ്ങളിൽ

മനമിളകി മേയുന്ന വിഖ്യാത പൈക്കുലം

കുലകളിളകും വിധം കുംഭമാസത്തിലെ

കുളിരിളയ തെന്നലിൽ തേങ്ങുന്ന തങ്ങുകൾ

പകലറുതി തോറുമീ ദേവാലയങ്ങളിൽ

പതിവിനു മുഴങ്ങുന്ന യാമ ശംഖസ്വനം

അമ്പലപ്പുമുഖത്തെമ്പ്രാൻ കൊളുത്തുന്ന

ചെമ്പകപ്പൂങ്കുല പോലെ ദീപാവലി

മതിമതിമനോഹര മാഴ്കി മറയുട്ടയാ

മധുരിമ തുളുമ്പുന്ന മാലിനീ സൈകതം'

സേതുബന്ധനത്തിന് വിധേയനായി കഴിഞ്ഞ വേമ്പനാട്ടുകായൽ പണ്ടേപ്പോലെ കോലാഹലം കാട്ടുന്നില്ലെങ്കിലും ഉള്ളിൽ തട്ടുന്ന ക്ഷോഭം അടക്കിവയ്ക്കാതെ ഇടയ്ക്കിടെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ക്ഷോഭ പ്രകടനം കഴിഞ്ഞാൽ മൂപ്പർ ശാന്തനാകും, പക കുറവാണ്. പക്ഷേ താൻപോരിമ കൂടുതലും. നമ്മുടെ ഗ്രാമത്തിന് ഇന്നും അതിരിട്ടു നിൽക്കുന്ന വേമ്പനാട്ടുകായൽ ഒരു ഗ്രാമീണ കർഷക ഹൃദയത്തെ പ്രതീകവൽക്കരിക്കുകയാണെന്ന് തോന്നിപ്പോകും.

ഭൂപ്രകൃതിയും വിഭവങ്ങളും

വടക്കൻ കുട്ടനാടിന്റെ ഭാഗമായ വെച്ചൂർ ഗ്രാമം പ്രകൃതി രമണീയമായ വേമ്പനാട്ടു കായലിന്റെ ഒരു തീരപ്രദേശമാണ്. കേരളത്തിന്റെ നെല്ലറയായ കുട്ടനാടിന്റെ വടക്കേ അതിർത്തിയിൽ, തണ്ണീർമുക്കം റഗുലേറ്ററിന്റെ വടക്ക് കിഴക്കായി സ്ഥിതിചെയ്യുന്ന ഈ കാർഷിക ഗ്രാമത്തിന്റെ കാലാവസ്ഥയും വിളക്രമവും കുട്ടനാടിന്റേതിന് തുല്യമാണ്. തീരസമതല ഭൂവിഭാഗത്തിൽപെട്ട നമ്മുടെ ഗ്രാമം, താഴ്ന്ന നിരപ്പായ പ്രദേശവും വെള്ളം വറ്റിച്ചുമാത്രം കൃഷി ചെയ്യുവാൻ കഴിയുന്ന വിസ്തൃതവും വിശാലവുമായ കനൽവയലുകളുമാണ് ഉള്ളത്.

പഞ്ചായത്തിന്റെ വടക്കു ഭാഗം തലയാഴം ഗ്രാമപഞ്ചായത്തിനോടും കിഴക്ക് കല്ലറ, അയ്മനം ഗ്രാമപഞ്ചായത്തിനോടും തെക്ക് കൈപ്പുഴയാറിനോടും പടിഞ്ഞാറ് വേമ്പനാട്ടു കായലിനോടും ബന്ധപ്പെട്ടു കിടക്കുന്നു.

കാലാവസ്ഥ

നമ്മുടെ ഗ്രാമത്തിൽ ജൂൺ മുതൽ സെപ്റ്റംബർ മാസം വരെ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളാണ് കാലവർഷം ശക്തം. ഈ സമയങ്ങളിൽ കരിനിലങ്ങളിലും മറ്റ് പാടശേഖരങ്ങളിലും വെള്ളപൊക്കം അനുഭപ്പെടുന്നു കൂടാതെ ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ഡിസംബർ—ജനുവരി മാസങ്ങളിൽ വേനൽക്കാലവും അനുഭവപ്പെടുന്നു. ഈ സമയങ്ങളിൽ ഗ്രാമത്തിലെ കൈതോടുകളും കുളങ്ങളും കിണറുകളും വറ്റുകയും രൂക്ഷമായ ജനക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. വെച്ചൂരിൽ ലഭ്യമായ സാധാരണ താപനില 25 മുതൽ 30 വരെയാണ്. ഈർപ്പം (Humidity) 87% വുമാക്കുന്നു.

പട്ടിക 1

വെച്ചൂരിൽ പെയ്ത മഴയുടെ കണക്ക് 93—96

മില്ലിമീറ്റർ

വർഷം	Jan	Feb	Mar	Apl	May	Jun	July	Aug	Sept	Oct	Nov	Dec
1993	Nil	15.8	7.2.	72.2	312.2	998.2	770.6	157.2	199	5768	188.8	75
1994	21.2	66.2	25.4	176.2	205.4	604.6	554.6	456.2	216.6	421.8	188	33.2
1995	6	Nil	134.4	188.8	525.4	526.8	457.6	578.6	368	213.8	83.6	Nil
1996	8.2	3.4	3.4	94.4	57.8	450	602	282	—	—	—	—

അവലംബം:— കുമരകം റിജിയണൽ റിസേർച്ച് സ്റ്റേറേഷനിൽ രേഖപ്പെടുത്തിയത്.

പട്ടിക — 2

താപനിലയും ആപേക്ഷിക ആർദ്രതയും 93—96

വർഷം	Jan	Feb	Mar	Apl	May	Jun	July	Aug	Sept	Oct	Nov	Dec
1993 കൂടിയത്	32.3	33.5	34.6	34.4	36.8	33.4	29.2	30.8	31.6	31.2	29.8	32.4
കുറഞ്ഞത്	21.1	21.6	24.2	24.8	23.6	24.8	21.8	22.6	21.9	71.9	21.9	21.6
ആപേക്ഷിക സാന്ദ്രത	67%	69%	72	74	96	87	95	96	95	89	79	71
1994 കൂടിയത്	32.9	32.9	33.1	32.9	28.3	33.1	—	31.1	32.1	33	32.7	33.4
കുറഞ്ഞത്	20.8	21.8	22.1	20.7	23.9	18.5	33.4	23.7	24	23	24	21.9
ആർദ്രത	69%	776	72	75	86	79	87	84	82	80	75	75
1995 കൂടിയത്	35.5	34.2	35.1	34.4	31.4	31.1	30.5	30.9	31.2	32.4	32.1	31.1
കുറഞ്ഞത്	22.7	24.1	24.4	25	24.7	26.1	28.6	24.1	23.9	22.1	18.1	10.7
ആർദ്രത	72%	76	79	78	85	79	91	87	84	83	79	77

അവലംബം :— കുമരകം റീജിയണൽ റിസേർച്ച് സ്റ്റേറേഷനിൽ രേഖപ്പെടുത്തിയത്.

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ നാലായി തരംതിരിക്കാവുന്നതാണ്

1. **തീരദേശം**

   കായലിനോട് ചേർന്നു കിടക്കുന്ന പടിഞ്ഞാറൻ പ്രദേശം

2. **സമതലം**

   മധ്യഭാഗത്തായി വിരിപ്പു പാടങ്ങൾ ഉൾക്കൊള്ളുന്ന പുരയിട പ്രദേശം

3. **കരിനിലങ്ങൾ**

   കിഴക്ക് വെള്ളം കയറി കിടക്കുന്ന നെൽവയലുകൾ.

4. **ഉയർന്ന തട്ട്**

   കിഴക്ക് അറ്റത്ത് സ്ഥിതിചെയ്യുന്ന കൊടുതുരുത്ത് കുന്ന്.

പട്ടിക 3

ഭൂപ്രകൃതി	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1 കുറയൽ പുറംപോക്ക്	638	22
2. തീരദേശം	44	1.5
3. സമതലം	792	27
4. കരിനിലങ്ങൾ	1410	48.5
5. ഉയർന്ന തട്ട്	29	1
ആകെ	2913	100

അവലംബം: ദ്വീതിയ വിവരശേഖരണം.

പിറ്റ് മണ്ണിനേറതാണ് മൺതരമെങ്കിലും പഞ്ചായത്തിന്റെ നാല് ഭൂവിഭാഗത്തിലും നേരിയ തോതിലുള്ള വ്യത്യാസങ്ങൾ കാണുവാൻ കഴിയും. തീരദേശത്ത് മണൽ കലർന്ന മണ്ണ്, സമതല പ്രദേശത്ത് മണലും ചെളിയും കലർന്ന മണ്ണും, കരിനിലങ്ങളിൽ ചെളി കലർന്ന മണ്ണും കൊടുതുരുത്തിൽ ചെന്മണ്ണുമാണ്. സമതല പ്രദേശത്താണ് കൂടുതൽ ജനവാസം. ഈ പ്രദേശങ്ങളിലെ വിരിപ്പു നെൽകൃഷി നഷ്ടത്തിലായതിനാൽ തെങ്ങ് കൃഷി വ്യാപകമായിരിക്കുന്നു. കരിനിലങ്ങൾ എന്നറിയപ്പെടുന്ന പുഞ്ചപാടങ്ങളിൽ 1/3 ഭാഗത്തും ദ്രവിച്ച് തീരാത്ത മരങ്ങളുടെ അവശിഷ്ടങ്ങൾ കലർന്ന മണ്ണും കാണുന്നു. ഈ നെൽവയലുകൾക്ക് ചുറ്റും മനുഷ്യനിർമ്മിതമായ ബണ്ട് ഉണ്ട്. ഈ ബണ്ടുകൾ കാലക്രമത്തിൽ വികസിപ്പിക്കുകയും അവ പാർപ്പിട സൗകര്യങ്ങൾക്കും, തെങ്ങ് കൃഷിക്കും ഉപയോഗിയ്ക്കുന്നു. ജൈവാംശം കൂടുതലുള്ളതും അമ്ലതയേറിയതും, ഫലപുഷ്ടി കുറവായതും ആയ ഈ കരിനിലങ്ങളിൽ ഏറിയതോതിൽ നീറ്റുകക്ക ഉപോയഗിക്കേണ്ടി വരുന്നു.

പട്ടിക 4

ഭൂമിയുടെ തരം

ഹെക്ടറിൽ

നിലം		പുരയിടം		പുറംപോക്ക്	ആകെ
പ്ലോട്ടുകൾ	വിസ്തീർണ്ണം	പ്ലോട്ടുകൾ	വിസ്തീർണ്ണം	വിസ്തീർണ്ണം	വിസ്തീർണ്ണം
2330	1720	1962	511	682	2913

അവലംബം : സാമ്പത്തിക സ്ഥിതി വിവര വകുപ്പുരേഖ

ജലപ്രകൃതി

വേമ്പനാട്ടുകായലിനാൽ സമ്പന്നമാണ് നമ്മുടെ ഗ്രാമമെങ്കിലും, നദികൾ ഒന്നും തന്നെ ഈ ഗ്രാമത്തിലൂടെ കടന്നുപോകുന്നില്ല. മൂവാറ്റുപുഴ–മീനച്ചിൽ നദികളുടെ സാമീപ്യവും വലുതും ചെറുതുമായ വളരെയധികം നാട്ടുതോടുകളുമാണ് നമ്മുടെ ജലസ്രോതസ്സ്. കൈപ്പുഴയാർ നമ്മുടെ പഞ്ചായത്തിന്റെ തെക്കേ അതിരായി നിലനില്ക്കുന്നു. ഈ തോടുകൾ എല്ലാം തന്നെ വേമ്പനാട്ടുകായലുമായി ബന്ധപ്പെട്ടു കിടക്കുന്നു. ആകയാൽ കിഴക്കൻ മേഖലയിൽ നിന്നുള്ള മഴവെള്ളം ശക്തമായ വർഷക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപൊക്കം സൃഷ്ടിക്കപ്പെടുന്നു. പുരയിട പ്രദേശത്തെ തോടുകൾ ഈ തോടുകളുമായി നേരിട്ടും അല്ലാതെ ബന്ധപ്പെട്ടു കിടക്കുന്നതിനാൽ വേലിയേറ്റ വേലിയിറക്കം മൂലമുണ്ടാക്കുന്ന ജല വ്യതിയാനങ്ങൾ എല്ലായിടത്തും അനുഭവപ്പെടുന്നു.

പട്ടിക 5

പ്രധാന തോടുകൾ

NO.	പേര്	നീളം
1.	കൈപ്പുഴയാർ	3650
2.	അഞ്ചുമന വിക്രമൻ തോട്	5500
3.	അഞ്ചുമന — മത്തുങ്കൻ തോട്	4750
4.	അഞ്ചുമന — കൊച്ചുതോട്	2550
5.	കൽച്ചിറ — അഞ്ചുമനതോട്	3250
6.	അഞ്ചുമന — പുത്തൻതോട്	3350
7.	കോയിതുരുത്ത് ഞാണുപറമ്പുതോട്	2600
8.	ഈരമ്മതറ — ഞാണുപറമ്പുതോട്	2100
9.	മൂന്നുംവേലി ഞാണുപറമ്പുതോട്	1950
10.	പാലച്ചുവട് മറവം വിലങ്ങച്ചിറതോട് (വൈക്കം–കോട്ടയം)	3150
11.	കന്യാകോൺ കൈപ്പുഴതോട്	2200
12.	കൈപ്പുഴ ഭൈരവൻ കാട്	2300
13.	കൈപ്പുഴ മറവം വിലങ്ങുച്ചിറതോട്	2700

പട്ടിക 6

ചെറുതോടുകൾ

	പേര്	നീളം
1.	ഭൈരവൻകാട്—അഞ്ചുമനതോട്	1000
2.	കല്ലുതോട് കൽച്ചിറത്തോട്	200
3.	ഊരിക്കരിചാൽ	250
4.	കുറിച്ചിക്കരി ഞാണുപറമ്പു	1600
5.	മുരിപ്പത്ത്	200

നമ്മുടെ ഗ്രാമത്തിൽ താമരപ്പള്ളി, വലിയകുളം, ഞാറുകളും എന്നീ മൂന്ന് പൊതു കുളങ്ങളും 65 മറ്റ് കുളങ്ങളുമുണ്ട്. ഇതിൽ ഭൂരിഭാഗവും 5 സെൻറിനും 10 സെൻറിനും ഇടയിൽ വിസ്തീർണ്ണമുള്ള കുളങ്ങളാണ്. ഇവ കാര്യക്ഷമമായി സംരക്ഷിച്ചു നിലനിർത്തി പ്രയോജനപ്പെടുത്തുന്നില്ല.

ഭൂവിനിയോഗം

വടക്കൻ കുട്ടനാടിൻെറ ഭാഗമായ നമ്മുടെ ഗ്രാമത്തിലെ ഭൂവിനിയോഗം നൽകുന്ന ചിത്രം ഭൂമിയുടെ സിംഹഭാഗവും കൃഷിയ്ക്കായി ഉപയോഗിയ്ക്കുന്നുവെന്നതാണ്. ഈ വിസ്തൃതിയിൽ പകുതിയോളം കരിനിലങ്ങൾ ഒന്നും എട്ടും വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. ഇവിടുത്തെ പ്രധാന കൃഷി നെല്ലാണ്. പാർപ്പിടത്തിനും തെങ്ങ് കൃഷിയ്ക്കും വേണ്ടി നിലങ്ങൾ നികത്തുന്ന പ്രവണതമൂലം 4258 ഏക്കറുകളിലായി കൃഷിചെയ്തിരുന്ന നിലങ്ങളുടെ വിസ്തൃതി 3500 ഏക്കറായി ചുരുങ്ങിയിരിക്കുന്നു. പുരയിടങ്ങളിലെ പ്രധാന കൃഷി തെങ്ങാണ്. മറ്റ് കൃഷികൾ വാഴ, മരച്ചീനി, പയർ, പച്ചക്കറി, ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, ചെറുകിഴങ്ങ്, കൊക്കോ, ജാതി, എള്ള്, തീറ്റപുല്ല്, എന്നിവയും നാമമാത്രമായി ഔഷധ സസ്യങ്ങളും പുഷ്പകൃഷിയും മത്സ്യകൃഷിയും ഉൾപ്പെടെ വൈവിധ്യമാർന്ന കാർഷിക വിളകളും ചെയ്തു വരുന്നു.

പട്ടിക 7

ഭൂവിനിയോഗം 94—95		
	ആകെ വിസ്തൃതി 2913 ഹെക്ടർ	ഹെക്ടർ
1.	കെട്ടിടവും പരിസരവും	65
2.	മറ്റ് കാർഷിക ഉപയോഗം	638
3.	കൃഷിയ്ക്ക് ഉപയുക്തമല്ലാത്ത ഭൂമി	1
4.	കുറ്റിക്കാടും മറ്റും	1
5.	മേച്ചിൽ സ്ഥലം	1
6.	കൃഷിയ്ക്കു ഉപയുക്തമായ തരിശ്	5
7.	2 വർഷത്തിന്മേൽ കൃഷിചെയ്യാതെ കിടക്കുന്നവ	121
8.	1 വർഷത്തിന്മേൽ കൃഷിചെയ്യാതെ കിടക്കുന്ന ഭൂമി	81
9.	കൃഷി ചെയ്ത ഭൂമി	2000

അവലംബം : സാമ്പത്തികസ്ഥിതി വിവരകുപ്പു രേഖ

വെച്ചൂർ ഗ്രാമപഞ്ചായത്ത്

പട്ടിക 8

പഠന പര്യടനം

കായൽ / സ്ഥലം	അംബിക മാർക്കറ്റ്	ആര്യ വാടം	കുടവെച്ചൂർ	വന്നയ്ക്കാതടം	ഈടുംപുറം	ദേവസ്വം കൃതി	വലിയപ്പു തുകരി	മറ്റം	കൊടു തുരുത്ത്
ഭൂപ്രകൃതി	തീരദേശം	പാടം	സമതലം	വയൽ	സമതലം	വയൽ	വയൽ	സമതലം	കുന്ന്
മണ്ണ്	മണൽ	മണൽ കലർന്ന ചെളിമണ്ണ്	മണൽ കലർന്ന കരിമണ്ണ്	ചെളിമണ്ണ്	ചെളിമണ്ണ	ചളി കലർന്ന കലർന്ന ചെളിമണ്ണ്	കരിമണ്ണ്	ചെളിമണ്ണ്	ചെമ്മണ്ണ്
സസ്യാശം	തെങ്ങ് മാവ് ഫലവൃഷം	തെങ്ങ് നെല്ല് വാഴ	തെങ്ങ് വാഴ കപ്പ, പച്ചക്കറി	നെല്ല് തെങ്ങ്	തെങ്ങ് വാഴ കപ്പ	നെല്ല് തെങ്ങ്	നെല്ല് തെങ്ങ്	തെങ്ങ് കപ്പ പച്ചക്കറി	തെങ്ങ് ജാതി ഫലവൃക്ഷം
കുടിവെള്ളം	ധാരാളം	മിതം	മിതം	ദർലഭ്യം	ദൗർലഭ്യം	ദൗർലഭ്യം	ദൗർലഭ്യം	ദൗർലഭ്യം	മിതം
പരിമിതി	ഉപ്പുവെള്ളം	വെള്ളക്കെട്ട്	–	വെള്ളക്കെട്ട്				വെള്ളക്കെട്ട്	മണ്ണൊടുപ്പ്

ജൈവവൈവിധ്യം

പ്രകൃതി രമണീയമായ വേമ്പനാട്ടു കായലിനോട് ചേർന്നു കാണുന്ന കണ്ടൽക്കാടുകൾ ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്, വൈവിധ്യമാർന്ന സസ്യജാലങ്ങളും ഇവിടെ കാണപ്പെടുന്നു. വിവിധ ഇനത്തിൽപ്പെട്ട പക്ഷികളും ഈ കാടിന്റെ പ്രത്യേകതയാണ്. നമ്മുടെ ഗ്രാമത്തിന്റെ റോഡുകളുടെ ഇരുവശങ്ങളും വൃക്ഷനിബിഡമായിരുന്നു. മാവ്, പ്ലാവ്, ആഞ്ഞിലി, പുളി, അരണമരം, പുന്ന, കശുമാവ്, പുവരശ് തുടങ്ങിയ വൃക്ഷങ്ങളും കണ്ടുവരുന്നു. തഴുതാമ, അടമ്പ്, കുറുന്തോട്ടി മുതലായ ഔഷധ സസ്യങ്ങളും മുള വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളും കണ്ടുവരുന്നു. തോടുകളാൽ സമ്പന്നമായതിനാൽ ആഫ്രിക്കൻ പായൽ, ആമ്പൽ, കുളവാഴ, കുളപ്പായൽ മുള്ളമ്പായൽ തുടങ്ങിയ ജലസസ്യങ്ങളും കാണുവാൻ കഴിയുന്നു. തഴപ്പായ് രംഗത്ത് തൊഴിൽ പ്രദാനം ചെയ്യുന്ന നമ്മുടെ ഗ്രാമത്തിലെ സസ്യസമ്പത്താണ് കൈയ്ത.

കായൽ നിലങ്ങളിൽ ശ്രദ്ധേയമായ "പുത്തൻ കായൽ" നെൽകൃഷിയിൽ നിന്നും വിമുക്തമായെങ്കിലും വൈവിധ്യമാർന്ന കൃഷിയിടങ്ങളുള്ള പ്രദേശമായി മാറിയിരിയ്ക്കുന്നു. ഉൾനാടൻ മത്സ്യ കൃഷിയ്ക്കുള്ള സാദ്ധ്യതയും പുത്തൻ കായലിൽ നിലനില്ക്കുന്നു. വരാൽ, കല്ലട, കാരി തുടങ്ങിയ തോട്ടു മത്സ്യങ്ങളും ചെമ്മീൻ, കരിമീൻ, കൊഞ്ച്, പള്ളത്തി എന്നീ കായൽ മത്സ്യങ്ങളും ധാരാളമായി കണ്ടുവരുന്നു. വേമ്പനാട്ടുകായലിലെ ഇറച്ചി കക്കയും നമ്മുടെ ഗ്രാമത്തിലെ പ്രത്യേകതയാണ്. കൂടാതെ വെച്ചൂർക്കായലിലുള്ള വെള്ള കക്കയുടെ നിക്ഷേപം തൊഴിൽ സാദ്ധ്യത സൃഷ്ടിക്കപ്പെടുന്നു. ഇവ കാര്യക്ഷമായും ഫലപ്രദമായും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

ഇന്ത്യയിലെ പശുവർഗ്ഗത്തിന്റെതായിട്ടുള്ള മുതൽക്കൂട്ട് 'വെച്ചൂർ പശു' കാലിസമ്പത്തിലെ സവിശേഷതയാർന്ന ഒരു ജനുസാണ്. കാലി വളർത്തലിന്റേയും പ്രശ്നങ്ങളുടേയും ഇന്നത്തെ സാഹചര്യത്തിൽ 'വെച്ചൂർ പശുവിന്റെ' സംരക്ഷണവും പ്രജനനവും പ്രത്യേകം ശ്രദ്ധയാകർഷിക്കേണ്ടതാണ്.

ജനപ്രകൃതി

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം വെച്ചൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 16013 ആണ്. ഇതിൽ പുരുഷന്മാർ 7963 ഉം സ്ത്രീകൾ 8050 ഉം ആണ്. സ്ത്രീ പുരുഷാനുപാതം 1011. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 1645 ആണ്. ഇതിൽ 866 ആൺകുട്ടികളും 779 പെൺകുട്ടികളുമാണ്. പട്ടികജാതി ജനസംഖ്യ 2032 ആണ്. 1077 പുരുഷന്മാരും 1005 സ്ത്രീകളുമാണ്. പട്ടിക വർഗ്ഗത്തിൽപ്പെട്ട മൂന്ന് പുരുഷന്മാരും 4 സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ആകെ വീടുകൾ 3268 ഉം 3271 കുടുംബങ്ങളുമുണ്ട്. ശരാശരി വീടൊന്നിന് 4.9 ആളുകൾ വീതമുണ്ട്. വെച്ചൂരിലെ ജനസാന്ദ്രത 550 ആണ്. നമ്മുടെ സാക്ഷരതാ നിരക്ക് 94% ആണ്. ഇതിൽ പുരുഷന്മാരുടേത് 97 ശതമാനവും സ്ത്രീകളുടേത് 90 ശതമാനവുമാണ്.

പട്ടിക 9

പഞ്ചായത്തിലെ ജനസംഖ്യ 91

ആകെ വീടുകൾ	ആകെ ജനസംഖ്യ	പുരുഷൻ	സ്ത്രീകൾ	ആകെ	6 വയസ്സിന് താഴെപുരു.	സ്ത്രീകൾ	ആകെ	ജനസാന്ദ്രത
3268	16013	7963	8050	15013	866	779	1645	550

അവലംബം: 91 കനേഷുമാരി

പട്ടിക 10

പട്ടികജാതി പട്ടികവർഗ്ഗം ജനസംഖ്യ

സാക്ഷരത സ്ത്രീ പുരു.

വിഭാഗം	ആകെ വീടുകൾ	പുരുഷൻ	സ്ത്രീകൾ	ആകെ	സാക്ഷരത	സ്ത്രീപുരു ആനുപാതം
പട്ടികജാതി	342	1027	1005	2032	83	98%
പട്ടികവർഗ്ഗം	2	3	4	7	81	

അവലംബം : കനേഷുകുമാരി

തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ വെച്ചൂർ ഗ്രാമപഞ്ചായത്ത് അത്രമെച്ചമല്ല. കാരണം വെച്ചൂർ പഞ്ചായത്തിലെ പ്രധാന കാർഷികമേഖലയുമായി ബന്ധപ്പെട്ടതാണ്. കാർഷിക രംഗം ആദായകരമല്ലാത്തതിനാൽ മറ്റ് തൊഴിൽ മേഖലയിലേയ്ക്കുള്ള കടന്ന് കയറ്റം വർദ്ധിച്ചിരിക്കുകയാണ്. തൊഴിൽ ഇല്ലായ്മ നിലനില്ക്കുന്നുവെങ്കിലും മുഴുവൻ ഗ്രാമസഭകളിലും ഉയർന്നു വന്ന പ്രധാന പരാമർശം കാർഷികമേഖലയിൽ കർഷകതൊഴിലാളികളെ കിട്ടുന്നില്ല എന്നതാണ്.

പട്ടിക 11.

തൊഴിൽ പങ്കാളിത്തനിരക്ക്

മുഖ്യതൊഴിൽ			ഭാഗികതൊഴിൽ			ആകെ തൊഴിലുകൾ			തൊഴിൽപങ്കാളിത്തം		
പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
3833	2172	6005	98	211	309	3931	2353	6314	19.37	29.6	39.44

അവലംബം : ദ്വിതീയ വിവരശേഖരണം

അഭ്യസ്ത്രവിദ്യാരുടെ തൊഴിൽ ഇല്ലായ്മ വളരെ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ടിത വിദ്യാഭ്യാസം പ്രചാരത്തിൽ വരുത്തിയാൽ ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കും. തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരും എന്നാൽ തൊഴിൽ ഇല്ലാത്തവരുമായവരുടെ എണ്ണം കൂടുതലാണ് പഞ്ചായത്തിൽ

പട്ടിക 12

തൊഴിലെടുക്കുന്നവരുടെ എണ്ണം (1991)

തൊഴിലുകൾ	പു	സ്ത്രീ	ആകെ
മുഖ്യതൊഴിലുകാർ	3833	2172	6005
കൃഷിക്കാർ	510	40	550
കർഷകതൊഴിലാളികൾ	1626	1606	3232
കാലിവളർത്തൽ,മീൻപിടിത്തം	457	26	483
കുടിൽ വ്യവസായവുമായി			
ബന്ധപ്പെട്ട ഉൽപാദന, സേവന			
അറ്റകുററപണി	41	105	146
കുടിൽ വ്യവസായവുമായി			
ബന്ധപ്പെട്ട ഉൽപാദന, സേവന	176	61	287
കെട്ടിടനിർമ്മാണം	188	26	214
കച്ചവടം	230	7	237
ട്രാൻസ്പോർട്ടിംഗ്, വാർത്താ			
വിനിമയം	116	—	116
മററു സേവനങ്ങൾ	525	260	785

കൃഷിയും ജലസേചനവും

വെച്ചൂരിലെ ഏറ്റവും പ്രധാന കൃഷി നെല്ലാണ്, കാർഷികവൃത്തിയാണ് ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. രണ്ടുതരം നെല്ല് കൃഷിയിടങ്ങളാണ് പണ്ടുമുതലെ ഇവിടെ ഉണ്ടായിരുന്നത്. വിരിപ്പ് നിലങ്ങൾ എന്നറിയപ്പെടുന്ന കരപ്പാടങ്ങളും പുഞ്ചനിലങ്ങൾ എന്നറിയപ്പെടുന്ന കരിപ്പാടങ്ങളും. ഇതിൽ വിസ്തൃതിയിലും ഫലഭൂയിഷ്ഠതയിലും കരിനിലങ്ങൾക്കാണ് പ്രാധാന്യം. മറ്റു കൃഷികൾ തെങ്ങ്, വാഴ, മരച്ചീനി, പയർ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങളായ ചേമ്പ്, ചേന, കാച്ചിൽ, ചെറുകിഴങ്ങ് എന്നിവയും കമുക്, കൊക്കോ, ഗ്രാമ്പൂ, ജാതി, റബർ, തെങ്ങ്, കുറ്റിമുല്ല, അലങ്കാരസസ്യങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയാണ്.

ഭൂവിസ്തൃതിയും വിളക്രമവും 1994-95		
ക്രമ. നമ്പർ	വിളഇനം	വിസ്തൃതി ഹെക്ടറിൽ
1.	നെല്ല് (വിരിപ്പ്, മുണ്ടകൻ)	1761
2.	തെങ്ങ്	1377
3.	മരച്ചീനി	11
4.	കമുക്	23
5.	ഏത്തവാഴ	6
6.	റബർ	7
7.	കശുമാവ്	27
8.	കുരുമുളക്	17

അവലംബം:- സാമ്പത്തിക സ്ഥിതിവിവര വകുപ്പ് രേഖ

നെല്ല്

ആദ്യകാലങ്ങളിൽ നമ്മുടെ ഗ്രാമത്തിൽ ഒറ്റയ്ക്കും കൂട്ടായും പുറംബണ്ടുകൾ നിർമ്മിച്ച് വെള്ളം വറ്റിച്ച് കൃഷി ചെയ്തു പോന്നു. ഭീമാകാരങ്ങളായ 'ചക്രങ്ങൾ', മണ്ണെണ്ണയും ക്രൂഡോയിലും ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകൾ എന്നിവയായിരുന്നു വെള്ളം വറ്റിക്കുന്നതിനു പ്രധാനമായും ഉപയോഗിച്ചിരുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശത്തെ വിസ്തൃതിയിൽ കുറവായ വിരിപ്പ് പാടങ്ങളിൽ കായലിലെ വേലിയേറ്റ വേലിയിറക്കത്തിനനുസരിച്ച് ജലലഭ്യതയുടെ അടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായവും സ്വീകരിച്ചുപോന്നു.

ഇപ്രകാരം മടകെട്ടൽ (താൽകാലിക ബണ്ടുനിർമ്മാണം) ഉഴവ്, വെള്ളം വറ്റിക്കൽ, ഇറക്കൽ, മണ്ണ് നിരപ്പാക്കൽ, വിത മുതലായവയെല്ലാം കൂട്ടായ മാനുഷിക പ്രവർത്തനങ്ങൾ ആവശ്യമായ ജോലികളായിരുന്നു. ആധുനിക കൃഷിരീതി ഉപയോഗിച്ചുകൊണ്ടുള്ള വർദ്ധിച്ച ഉല്പാദനം അന്ന് സാധ്യമായിരുന്നില്ല. എങ്കിലും മണ്ണിനെയും കൃഷിയെയും സ്നേഹിക്കുന്ന കൂട്ടായ്മയിൽ അധിഷ്ഠിതമായ വൈകാരിക ബന്ധം ഗ്രാമത്തിലെ കാർഷികമേഖലയിൽ നിലനിന്നിരുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ് ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളും ജീവിച്ചിരുന്നത്.

മഴയെ ആശ്രയിച്ചാണ് നെല്ല് കൃഷി ചെയ്യുന്നത്. നെൽ പാടങ്ങളെ ബന്ധിപ്പിച്ച്കൊണ്ട് '15' പ്രധാന തോടുകളുണ്ട്. ഇവ വേമ്പനാട്ടു കായലുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പ്രധാന തോടുകൾക്കൊപ്പം '5' ചെറിയ തോടുകളുമുണ്ട്. (വിശദമായ പട്ടിക ഭൂപ്രകൃതി). നെല്ല്കൃഷിക്ക് ആവശ്യമായ ജലസേചനത്തിന് ഈ തോടുകളെയാണ് കർഷകർ ആശ്രയിക്കുന്നത്. ജലസേചനത്തിനും ഗതാഗതത്തിനും ലക്ഷ്യം വച്ചുകൊണ്ട് ഗവൺമെന്റിന്റെയും നാട്ടുകാരുടെയും ശ്രമഫലമായി ഉണ്ടാക്കിയ ഈ തോടുകളുടെ സ്ഥിതി വളരെ പ്രശ്നസങ്കീർണ്ണമാണ്.

ഭൂമി ഭൂരിഭാഗവും ഏതാനും ജന്മിമാരുടെയും പാട്ടക്കുടിയാന്മാരുടെയും കൈവശമായിരുന്നു. ഭൂപരിഷ്ക്കരണ നിയമം നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക സാമൂഹിക പുരോഗതിയിൽ വരുത്തിയ വിപ്ലവകരമായ മാറ്റം നമ്മുടെ കൃഷി മേഖലയിലും പ്രതിഫലിച്ചിരുന്നു. സ്വകാര്യജന്മിമാരിലും പാട്ടക്കുടിയാന്മാരിലും നിക്ഷിപ്തമായിരുന്ന കൃഷിഭൂമിയുടെ ഉടമസ്ഥത ചെറുകിട കർഷകരിലേക്കും കർഷകത്തൊഴിലാളികളിലെയ്ക്കും ലഭ്യമായി. ഭൂഉടമയിൽ വന്ന ജനകീയവത്കരണത്തിനൊപ്പം കാർഷിക വിപ്ലവത്തിന്റെ വിപുലമായ സാധ്യതകൾ നെല്ല് ഉല്പാദനത്തിലും ദൃശ്യമാണ്.

ഗ്രാമത്തിലെ നെൽവയലുകൾ '37' പാടശേഖരങ്ങളിലായി നെല്ലുല്പാദക സമിതിയായി രജിസ്റ്റർ ചെയ്തു കൃഷി ചെയ്തു വരുന്നു. കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സമിതി ഗ്രൂപ്പ് ഫാമിംങ്ങ് സംഘങ്ങളായാണ് അംഗീകരിച്ചിട്ടുള്ളത്. നെല്ലുല്പാദക സമിതിയും അവയുടെ വിശദവിവരങ്ങളും തഴെ പറയുന്നു.

ക്രമ. നമ്പർ	പാടശേഖര നെല്ലുല്പാദക സമിതി	ആകെ വിസ്തീർണ്ണം ഹെക്ടറിൽ	കൃഷിക്കാരുടെ എണ്ണം	ഉല്പാദന ക്ഷമത ശരാശരി
(1)	(2)	(3)	(4)	(5)
1.	പൂവത്തിക്കരി	200	320	2.4 M. T.
2.	വലിയപുതുക്കരി	180	283	2.3 "
3.	ഇട്ട്യേക്കാടൻകരി	132	217	2.3 "
4.	വലിയ വെളിച്ചം	94	199	2.5 "
5.	അയ്യനാടൻ പുത്തൻകരി	93	175	2.6 "
6.	ദേവസ്വംകരി	68	111	2.8 "
7.	കോലം പുറത്തുകരി	66	107	2.5 "
8.	പട്ടടക്കരി	63	60	2.7 "
9.	അരങ്ങത്ത് കരി	46	69	2.7 "
10.	അരിക്പുറം	45	51	2.5 "
11.	കാട്ടുകരി	43	78	2.4 "
12.	പന്നയ്ക്കത്തടം	41	64	2.7 "
13.	മറ്റം വിലങ്ങചിറ	39	55	2.4 "
14.	പേട്ടക്കേരി പൊന്നച്ചംചൽ	52	75	2.5 "
15.	കട്ടമട പണ്ടരപ്പറമ്പ്	28	49	2.6 "
16.	മുന്നൂറ്റംപടവ്	26	49	2.3 "
17.	ഊരിക്കരി	25	47	2.5 "
18.	കട്ടപ്പുറംമുരിയംങ്കരി	23	69	2.5 "
19.	കാട്ടളം കുന്നംങ്കേരി	24	49	2.6 "
20.	അഞ്ചാടി പാറത്താത്തായെ	20	60	2.5 "
21.	പട്ടത്താനംതറവാതിൽ	18	23	2.4 "
22.	പൊന്നംങ്കേരി പോട്ടക്കേരി	16	45	2.5 "
23.	മാനാടങ്കരി	15	47	2.4 "
24.	തേവർക്കരി	13	14	2.5 "
25.	കോയ്ത്തുരുത്ത്	12	23	2.5 "
26.	അറുപത് ആട്ടേത്തെഴെ	12	24	2.3 "
27.	മുതലക്കുഴി	10	12	2.5 "
28.	ഞാറയ്ക്കാത്തടം	9	12	2.4 "
29.	കൊട്ടിയാകരി	9	16	2.4 "
30.	ശ്രീകൃഷ്ണകട്ടക്കുഴി (തരിശ്)	9	16	--
31.	കണ്ണാകരി	7	12	2.5 "
32.	ഇലഞ്ഞിക്കാത്തടം	7	11	2.5 "
33.	പുല്ലുകഴിച്ചാൽ	6	6	2.5 "
34.	വളച്ചക്കരി	6	11	2.5 "
35.	തുരുത്തിപ്പള്ളിത്തടം (തരിശ്)	4	9	--
36.	വലിയതടം	5	6	--
37.	തറമറ്റം	5	6	2.5 "


അവലംബം :- കൃഷിഭവൻ രേഖകൾ - 1996

ഈ പാടശേഖരങ്ങളിൽ '30' എണ്ണത്തിനും K.L.D.C., R. L.E.G.P., Minor Irrigation, P.M.S.P. തുടങ്ങിയ പദ്ധതി പ്രകാരം പുറംബണ്ട് നിർമ്മാണം, പമ്പിംഗ് തറ നിർമ്മാണം, പമ്പിംഗ് മോട്ടറുകൾ സ്ഥാപിക്കുക, വാച്ചാലുകളുടെ നിർമ്മാണം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂട്ടനാടൻ പാടശേഖരങ്ങളിലേക്ക് ആകെയുള്ള ഓരുവെള്ളക്കയറ്റം ഒന്നാകെ തടയുകയും കായലിൽ നിന്നുള്ള വെള്ളത്തെ കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യുക എന്ന ആശയം ഉണ്ടാകുകയും തത്ഫലമായി കൂട്ടനാട് വികസന പരിപാടിയുടെ ഭാഗമായി 1975-ൽ തണ്ണീർമുക്കം ഓരു ജലറഗുലേറ്റർ പൂർത്തിയാക്കുകയും ചെയ്തു. ഓരുജലത്തിന്റെ നിയന്ത്രണവും പശ്ചാത്തല സൗകര്യങ്ങളുടെ മെച്ചപ്പെടലും ഇരുപ്പുകൃഷി നെൽവയലുകളിൽ വ്യാപകമാക്കുവാൻ സഹായികമായി. പാടശേഖരങ്ങളിൽ ഒട്ടാകെ വർഷകൃഷി വർദ്ധിച്ച ഉൽപാദനത്തിലൂടെ ലാഭകേരമായി ചെയ്യുവാനും വേനൽകൃഷി ഏറെ ലാഭകേരമല്ലെങ്കിലും നഷ്ടം കൂടാതെ നടത്തുവാനും സാധിച്ചിരുന്നു.

ഇപ്രകാരം മെച്ചപ്പെട്ട ഉല്പാദനം സാധ്യമായിരുന്നപ്പോൾ പോലും ശാസ്ത്രീയ കൃഷിരീതിയിലൂടെ നേടാൻ കഴിയുമായിരുന്ന പരമാവധി ഉല്പാദനം നമ്മുടെ നെൽവയലുകളിലൂടെ നേടാനായിട്ടില്ല. കൂട്ടനാട് വികസനപരിപാടിയിലൂടെ ഉള്ള വർഷത്തിൽ മൂന്ന് കൃഷിയുടെ യാതൊരു ശ്രമവും പഞ്ചായത്തിൽ നടന്നിട്ടില്ല. ജനാധിപത്യ രീതിയിൽ ഭരണനിയന്ത്രണം നടത്തുന്ന നമ്മുടെ പാടശേഖര സമിതികളും കൃഷി ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഏജൻസികളും നെൽപ്പാടങ്ങളുടെ പശ്ചാത്തലസൗകര്യം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളിൽ ജലസേചനത്തിന്റെ ആവശ്യകതയും ലഭ്യതയും തീർത്തും അവഗണിച്ച പ്രവണതയാണ് കാണാൻ കഴിയുന്നത്.

നമ്മുടെ ഗ്രാമത്തിലെ നെൽകൃഷി ഇന്ന് വളരെ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഇരുപ്പുകൃഷി ചെയ്യുന്നതിന് കഴിയുന്നില്ല. ഒരുപ്പുകൃഷിതന്നെ ലാഭകരമായി നടത്തുന്നതിന് വളരെയേറെ പ്രശ്നങ്ങൾ ഉണ്ട്. നെൽകൃഷിക്ക് പുരുഷതൊഴിലാളിക്ക് 75/- രൂപയും സ്ത്രീ തൊഴിലാളികൾക്ക് 40/- രൂപയും കൂലി ഇന്ന് നിലവിലുണ്ട്. കൃഷി സീസണുകളിൽ കർഷകത്തൊഴിലാളികളെ വേണ്ടത്ര ലഭിക്കാത്ത അവസ്ഥയുമുണ്ട്. രാസവളവും കീടനാശിനിയും കൃഷിയിടങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വെച്ചൂർ പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലുള്ള വളം ഡിപ്പോ ഉൾപ്പടെ 11 വളം കീടനാശിനി വില്പനശാലകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സീസണുകളിൽ തൊഴിലാളികളുടെ ലഭ്യതക്കുറവും രാസവളത്തിന്റെയും കീടനാശിനിയുടെയും വിലവർദ്ധനവും കൃഷി ചെലവുകൾ വർദ്ധിപ്പിച്ചിരിക്കുന്നു. ആദ്യകൃഷിയായ വർഷകൃഷി നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് വെള്ളപ്പൊക്കം മൂലമുള്ള കൃഷിനാശം. മിക്കവാറും എല്ലാ നെൽവയലുകളിലും വർഷകൃഷി ചെയ്യുന്നത് കൊണ്ട് വെള്ളപ്പൊക്കംമൂലമുള്ള മടവീഴ്ചയും കൃഷിനാശവും വ്യാപകമാകുന്നു. മടവീഴ്ച തടയുന്നതിനുവേണ്ടി പാടശേഖരങ്ങൾക്ക് മുടക്കേണ്ടി വരുന്ന ചെലവ് വർദ്ധിച്ചതാകുന്നു. താല്ക്കാലിക നടപടിയിലൂടെ മടവീഴ്ച തടയാൻ കഴിയുന്ന സാഹചര്യത്തിൽ കൃഷിചെലവ് ഗണ്യമായി വർദ്ധിക്കുന്നു. മടവീഴ്ചയെ അതിജീവിക്കുവാൻ കഴിയാത്ത പാടശേഖരങ്ങളുടെ അടുത്ത വിതയുടെ (വേനൽ കൃഷി) താളം തെറ്റുകയും ഫലത്തിൽ രണ്ടു നഷ്ടത്തിൽ കലാശിക്കുകയും ചെയ്യുന്നു. കാലവർഷത്തിൽ എത്തുന്ന അധികജലത്തെ ഒഴുക്കി കളയുന്നതിന് ജലനിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഈ അവസ്ഥയ്ക്കുള്ള പ്രധാന കാരണം.



വില്ലേജ് സെറ്റിൽമെന്റ് രേഖ പ്രകാരം 1995ലെ സ്ഥിതി വിവരക്കണക്ക് അനുസരിച്ച്

താരതമ്യേന ലാഭകരമായ വർഷകൃഷിയെ അപേക്ഷിച്ച് വളരെ ഗുരുതരമായ സ്ഥിതിയാണ് വേനൽ കൃഷി നേരിടുന്നത്. വെച്ചൂരിലെ പാടശേഖരങ്ങളിൽ ഡിസംബർമാസത്തിൽ ഓരുവെള്ളം കയറുവാൻ ആരംഭിക്കുന്നു. തണ്ണീർമുക്കം റെഗുലേറ്ററിന്റെ വടക്ക്ഭാഗത്ത് താല്കാലിക ഓരുമുട്ടുകൾ സ്ഥാപിച്ചാണ് ഓരുവെള്ളത്തിന്റെ ഭീഷണി തടയുന്നത്. (4 ഓരുമുട്ടുകൾ). മുൻകാലങ്ങളിൽ റഗുലേറ്ററിന്റെ തെക്ക്ഭാഗത്ത് അഞ്ച് ഓരുമുട്ടുകൾ നിർമ്മിക്കുകകൂടി ചെയ്തു വന്നിരുന്നു.

തണ്ണീർമുക്കം റെഗുലേറ്റർ അടച്ചിടുന്നത് മൂലം ജലവിതാനത്തിൽ ക്രമാതീതമായ താഴ്ച ഉണ്ടാകുകയും തക്കസമയത്ത് കൃഷിക്ക് ആവശ്യമായി വരുന്ന ശുദ്ധജലലഭ്യത സാധ്യമാകാതെയും വരുന്നു. കുട്ടനാടിന്റെ തെക്കൻ മേഖലയിലെ നെൽകൃഷിയെ അടിസ്ഥാനമാക്കി ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുന്നത് മൂലം ഓരുവെള്ളത്തിന്റെ വ്യാപനം ആദ്യം പൂർത്തിയാകുന്നത് വെച്ചൂർ പാടങ്ങളിലാണ്. ഈ സന്ദർഭത്തിൽ നമ്മുടെ വിളവെടുപ്പ് പൂർത്തിയാക്കുവാൻ സാധിക്കാതെയും വരുന്നു. ഇപ്രകാരമുള്ള ഓരുവെള്ള ഭീക്ഷണിക്കൊപ്പം രാസവളത്തിന്റെയും കീടനാശിനിയുടെയും വർദ്ധിച്ച ഉപയോഗം മൂലമുള്ള കൃഷിചെലവിന്റെ വർദ്ധനവും കൃഷി നടത്തിപ്പിലെ ബുദ്ധിമുട്ടുകളും പരിഗണിക്കുമ്പോൾ വേനൽകൃഷി ഒരു തികഞ്ഞ പരാജയത്തിൽ കലാശിക്കുന്നു. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവുള്ള നമ്മുടെ കാർഷിക മേഖലയിൽ വിളവ് മോശമായ നെൽകൃഷിയുടെ വിളവെടുപ്പിന് തൊഴിലാളികളെ തീർത്തും കിട്ടാതെ വരുന്നു.

താഴ്ന്ന ഉല്പാദനവും ഉയർന്ന കൃഷിചെലവുകളും ഇതിനെക്കാളൊക്കെ ബദ്ധപ്പാട് നിറഞ്ഞ കൃഷിയുടെ നടത്തിപ്പും വേനൽകൃഷി ഉപേക്ഷിക്കുവാൻ കർഷകരെ നിർബന്ധിതരാക്കിയിരിക്കുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കൃഷിഭവൻ വഴി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	നടപ്പാക്കിയ വർഷം	തുക ലക്ഷത്തിൽ
ഗ്രൂപ്പ് ഫാമിങ്ങ്, പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി	1994–95 വരെ	105.00
കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണം.	1994–95 വരെ	7.20
നെൽകൃഷി പ്രൊഡക്ഷൻ ഇൻസെന്റീവ്	1992–93 വരെ വിരിപ്പ് മുണ്ടകൻ	2.50
" "	93–94	4.19
" "	94–95	4.19
നെൽകൃഷിക്കാർക്കായുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസം	1993–94	3.30
ഊർജ്ജിത നെൽകൃഷി വികസന പദ്ധതി	1992–93	0.15
" "	1993–94	1.00
ടി പദ്ധതിയിൽ കുമ്മായ വസ്തു വാങ്ങി ഉപയോഗിക്കുന്നതിന് സഹായം	1992–93	3.47
	ആകെ	131.00

1996 – 97 ൽ 13,60,500/– രൂപയുടെ പദ്ധതികൾ കൃഷിഭവനിലൂടെ അനുവദിച്ചിട്ടുണ്ട്.

അവലംബം:– കൃഷിഭവനിലെ വകുപ്പ് അവലോകന റിപ്പോർട്ട്.

നടപ്പുപദ്ധതികളുടെ പ്രയോജനം തൃപ്തികരമല്ല എന്നാണ് ഗ്രാമസഭകൾ വിലയിരുത്തിയിട്ടുള്ളത്. ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളായ കർഷകർക്ക് അവയുടെ ഫലം കൃത്യമായി ലഭിച്ചിട്ടില്ല. നടപ്പ് പദ്ധതികളുടെ പ്രയോജനം വ്യാപകവും പൂർണ്ണവുമായി നെൽകൃഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിനുള്ള ശ്രമം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഗ്രാമസഭകളിലാകെ ഈ ഗ്രാമത്തിലെ നെൽകൃഷിയുടെ വികസനത്തിനായി നടപ്പിലാക്കേണ്ട പരിപാടികളെക്കുറിച്ച് ഫലപ്രദമായ വളരെയധികം പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയിൽ കൂടുതൽ പഠനവും അടിയന്തിര പ്രവർത്തന നടപടിയും ആവശ്യമുള്ളതായ ഒരു പ്രധാന നിർദ്ദേശം മൂവാറ്റുപുഴയാറ്റിലെ ജലം നമ്മുടെ ഗ്രാമത്തിലെ എണ്ണമറ്റ തോടുകൾക്ക് ലഭ്യമാക്കുക എന്നതാണ്.

തെങ്ങ്

നെല്ല് കഴിഞ്ഞാൽ അടുത്ത വിളവായ തെങ്ങ് ഉദ്ദേശം 1377 ഹെക്ടറിൽ കൃഷി ചെയ്യുന്നു. താമസിക്കുന്ന പുരയിടങ്ങളിലും നെൽപ്പാടങ്ങളുടെ പുറംബണ്ടുകളിലുമാണ് തെങ്ങ് പ്രധാനമായി കൃഷി ചെയ്യുന്നത്. തെങ്ങിൻതോപ്പുകൾ എന്ന നിലയിലുള്ള തെങ്ങിന്റെ കൃഷി തുലോം കുറവാണ്. തേങ്ങയുടെ ഉല്പാദനം തെങ്ങൊന്നിന് ആണ്ടിൽ ശരാശരി മുപ്പത് ആണ്. തെങ്ങുകൃഷി സംബന്ധിച്ച് വാർഡുതിരിച്ചുള്ള വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

നാളികേര വികസനത്തെ ലക്ഷ്യം വച്ചുകൊണ്ട് കേരകർഷകരെയാകെ ഉൾപ്പെടുത്തി ഒരു കേരവികസന സമിതി പ്രവർത്തിക്കുന്നു. സമഗ്ര നാളികേര വികസന പദ്ധതി CEPD രോഗം വന്ന തെങ്ങ് വെട്ടിമാറ്റുന്ന പദ്ധതി തുടങ്ങിയ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പ്രധാനമായും കേരവികസന സമിതിയിൽ അംഗമാകുന്ന കർഷകരെയാണ്.

രോഗം വന്ന മുഴുവൻ തെങ്ങുകളും വെട്ടിമാറ്റുന്നതിനും പകരം തൈ വിതരണം ചെയ്യുന്നതിനും പഞ്ചായത്തിലാകെ സമയബന്ധിതമായി സാധിക്കുകയാണെങ്കിൽ മാത്രമേ ഫലപ്രദമായ മാറ്റം കാണുവാൻ സാധിക്കുകയുള്ളൂ. ജലസേചനത്തിനായി കിണർ നിർമ്മിക്കുക, പമ്പ്സെറ്റുകൾ കൊടുക്കുക, റോക്കർസ്പ്രേയറുകൾ നൽകുക തുടങ്ങിയ പദ്ധതികൾ നടത്തിപ്പിലെ ഓരോ നിബന്ധനകളുടെ പ്രായോഗികത മൂലം പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പാക്കുവാൻ സാധിക്കുന്നില്ല. ഫലപ്രദമായ ജലസേചനം നടപ്പാക്കുകയും തെങ്ങ് രോഗബാധയ്ക്ക് നിവാരണ മാർഗ്ഗങ്ങൾ കൈവരിക്കുവാനും കഴിഞ്ഞാൽ നാളികേരോല്പാദനത്തിലെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിക്കുന്നതാണ്.

പട്ടിക

വാർഡ്	തെങ്ങ് കൃഷി വിസ്തൃതി	തെങ്ങ് കായ്ക്കാത്തത്	തെങ്ങ് കായ്ക്കുന്നത്	ആകെ	രോഗം വന്ന തെങ്ങുകൾ					
					റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റം ബാസ്റ്റ്	മറ്റുള്ളവ	ആകെ
I	40	6500	3500	10,000	3000	4000	250	300	--	7550
II	40	6000	4000	10,000	2500	3500	400	100	--	6500
III	35	4750	4000	8750	3000	4000	350	75	--	7425
IV	40	5500	2500	8000	2500	3500	400	100	--	6500
V	45	9000	2250	11250	4000	4500	400	100	--	9000
VI	40	6000	2000	8000	2000	4000	250	75	--	6325
VII	30	4000	3500	7500	1500	2000	150	50	--	3700
VIII	25	6200	1550	7750	2000	2500	200	50	--	4650
IX	450	10,000	12500	22,500	5000	2000	400	100	--	7500

അവലംബം:- കൃഷിഭവൻ രേഖകൾ

നാളികേരോല്പാദനത്തിന്റെ കുറവിന് ഒരു പ്രധാന കാരണം മുൻകാലങ്ങളിൽ കൃഷി പരിപാലനത്തിന് നൽകിയിരുന്ന പ്രാധാന്യം ഇപ്പോൾ കൃഷിക്കാർ നൽകുന്നില്ല എന്നും കാണാവുന്നതാണ്. തടം എടുക്കൽ, തടം മൂടൽ, പറമ്പ് കിളയ്ക്കൽ, കുമ്മൽ വെയ്ക്കൽ, കുമ്മൽ നിരപ്പാക്കൽ തുടങ്ങിയ പണികളും ഇവയൊപ്പം നടത്തുന്ന വളപ്രയോഗവും വിസ്മൃതിയിലാണ്. എതാണ്ടെല്ലാ പുരയിടങ്ങളിലും വലിപ്പ വ്യത്യാസം അനുസരിച്ച് ഒന്നും അതിലധികവും കുളങ്ങൾ ഉണ്ടാകുകയും അവ കാല കാലങ്ങളിൽ തേകുകയും മാടുവെട്ടുകയും ചെയ്യുന്ന കാർഷിക പരിപാലന പണികളും ഇപ്പോൾ അവഗണിക്കപ്പെട്ടിരിക്കുന്നു. നെല്ല് കഴിഞ്ഞാൽ ഗ്രാമവാസികൾ ആശ്രയിക്കുന്ന അടുത്ത വിളയായ തെങ്ങുകൃഷിയുടെ വികസനം ഇനിയും സാധ്യമാകേണ്ടതാണ്.

മറ്റു കൃഷി

മറ്റു പ്രധാന കൃഷികൾ, വാഴ, മരച്ചീനി, പയർ, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങളിൽപ്പെട്ട ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ് ചെറുകിഴങ്ങ് എന്നിവയും കൊക്കോ, ജാതി, തേക്ക്, റബർ തുടങ്ങിയ നാണ്യവിളകളും, മൾബറി, മാഞ്ചിയം, തീറ്റപ്പുല്ല്, കുറ്റിമുല്ല പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുമാണ്.

തീറ്റപ്പുൽകൃഷിയും, കുറ്റിമുല്ല, അലങ്കാര സസ്യങ്ങളുടെ കൃഷിയും ഏറെ സാധ്യതയുള്ളതാണ്. പഞ്ചായത്തിൽ കുറെയൊക്കെ വ്യാപകമായ കുറ്റിമുല്ല വിപണന സൗകര്യങ്ങളുടെ കാര്യത്തിൽ പ്രതിസന്ധി നേരിടുന്നു എന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നു. കാലിത്തീറ്റയുടെ ലഭ്യതയിൽ ദൗർലഭ്യം നേരിടുന്ന നമ്മുടെ ഗ്രാമത്തിൽ തീറ്റപ്പുൽകൃഷി കൂടുതൽ വ്യാപകമാക്കുവാൻ ശ്രമം നടത്തേണ്ടതാണ്. ഇവിടുത്തെ കാലാവസ്ഥയിൽ ഓർക്കിഡ്, അന്തൂറിയം തുടങ്ങിയവയും ഔഷധഗുണമുള്ള ഞവര, തിപ്പലി എന്നിവയ്ക്കും സാധ്യതയുണ്ട് എന്നു കാണുന്നു.

വീട്ടുവളപ്പിലെ അടുക്കളകൃഷി എന്നതിൽ നിന്നും വ്യത്യസ്തമായി പച്ചക്കറികൃഷിക്ക് പ്രാധാന്യം കാർഷിക മേഖലയിൽ കാണുവാൻ സാധിക്കുന്നില്ല. ഈ അവസ്ഥ മാറി വിപണന സാധ്യതയുടെ കണക്കെടുത്തുകൊണ്ടുള്ള വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. നെല്പാടശേഖരങ്ങളിൽ ഇരുപ്പുകൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. ഒന്നാം കൃഷിതന്നെ വളരെയേറെ പ്രതിബന്ധങ്ങൾ നിറഞ്ഞതാകുന്നു.
2. വേനൽകൃഷി ഓരുവെള്ളം കയറി നശിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നു.
3. മഴയുടെ ലഭ്യത കുറഞ്ഞാൽ കൃഷിക്കു ശുദ്ധജലം ലഭ്യമല്ല.
4. വയലുകളിലെ ജലഗമനാഗമന മാർഗ്ഗമായി ഉപയോഗിക്കുന്ന വലതും ചെറുതുമായ തോടുകൾ ചേറും ചെളിയും അടിഞ്ഞ്, നികന്നു വരുകയും വശങ്ങളിൽ നിന്നും ഒതുക്കി വീതി കുറയുകയും ചെയ്യുന്നു.
5. വേനൽക്കാലങ്ങളിൽ ജലവിതാനം താഴുകയും ഒഴുക്ക് നിൽക്കുകയും ചെയ്യുന്ന സമയങ്ങളിൽ മലിനജലം തന്നെ കൃഷിക്ക് ഉപയോഗിക്കേണ്ടതായും വരുന്നു.
6. രാസവളത്തിന്റെയും കീടനാശിനിയുടെയും അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ് കൃഷി ചെലവ് വർദ്ധിക്കുവാൻ ഇടയാക്കുന്നു.
7. മണ്ണ് പരിശോധന നടത്താതെയും ശാസ്ത്രീയ ഉപദേശത്തിന്റെ അഭാവത്തിലും നടത്തുന്ന രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം കൃഷിചെലവ് ഏറിയതും പൂർണ്ണമായി പ്രയോജനം ഇല്ലാത്തതും ആകുന്നു.
8. കർഷകത്തൊഴിലാളികളെ സീസണുകളിൽ ആവശ്യത്തിനു ലഭിക്കുന്നില്ല. ഇത്മൂലം സമയാസമയത്ത് കൃഷിപ്പണി ചെയ്യിക്കുന്നതിനും – പ്രത്യേകിച്ച് കൊയ്ത്തിനും മെതിക്കും – വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
9. നെല്ലിന്റെ വിപണനത്തിന് സ്വകാര്യവ്യക്തികളെ (ഇടനിലക്കാരെ) ആശ്രയിക്കുന്നത്കൊണ്ട് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നില്ല.
10. കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്നില്ല.
11. കൃഷിഭൂമിയുടെ ഉടമസ്ഥതയിൽ വന്ന വർദ്ധനവ് (തുണ്ട്തുണ്ടായ കൃഷിഭൂമിയുടെ ഉടമസ്ഥത ഏകീകരിച്ച് കൃഷി) നടത്തുന്നതിനു സാധ്യത ഇല്ലാതാക്കുന്നു.

12. നടപ്പു നെല്ല്കൃഷി വികസന പദ്ധതിയായ ഗ്രൂപ്പ്ഫാമിംഗ് പദ്ധതി കാര്യക്ഷമമാക്കുവാൻ കഴിയുന്നില്ല.

13. വിവിധ ഗവൺമെന്റ് ധനസഹായ പദ്ധതിയുടെ പ്രയോജനം യഥാർത്ഥ കൃഷിക്കാർക്ക് പൂർണ്ണമായും ഫലപ്രദമായും ല ഭിക്കുന്നില്ല.

14. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവനിലൂടെ കൃഷിക്കാർക്ക് ലഭിക്കുന്നില്ല.

15. കൃഷിക്കാർക്ക് ശാസ്ത്രീയ ഉപദേശങ്ങൾ നൽകുന്നതിനും സേവനപ്രവർത്തനങ്ങൾ നടത്തുന്നതിനും കൃഷിഭവൻ പ്ര വർത്തനങ്ങൾ ഫലപ്രദമാകുന്നില്ല.

16. നെല്ല് ഉല്പാദനത്തിൽ മുരടിപ്പ് നിലനിൽക്കുന്നത്കൊണ്ട് കർഷകത്തൊഴിലാളികൾക്ക് ഭാഗികമായി പോലും തൊഴിൽ നൽകുവാൻ സാധിക്കാതെ വരുന്നു. ഇതുമൂലം ഗ്രാമത്തിലെ ആകെ തൊഴിലില്ലായ്മ വർദ്ധിച്ചതാകുകയും ചെയ്യുന്നു.

17. സമഗ്ര കുട്ടനാട് വികസന പരിപാടിയുടെ അശാസ്ത്രീയമായ നടപ്പാക്കൽ മൂലം മൂന്ന് കൃഷി ചെയ്യുവാൻ സാധിക്കാതെ ഇരുപ്പുകൃഷി പ്രശ്ന സങ്കീർണ്ണമാക്കി മാറ്റുകയും ചെയ്തിരിക്കുന്നു.

18. കാറ്റുവീഴ്ച, വേരുചീയൽ തുടങ്ങിയ രോഗബാധ മൂലം തെങ്ങ് കൃഷി ഭീക്ഷണിയുടെ നിഴലിലാകുന്നു.

19. രോഗബാധമൂലം നാളികേര ഉല്പാദനം പരമാവധിയാക്കുവാൻ സാധിക്കുന്നില്ല.

20. പുരയിടകൃഷിയായ തെങ്ങിന് ജലസേചനം ലഭ്യമാക്കുവാൻ സാധിക്കാത്തത് നാളികേര വർദ്ധനവ് അസാദ്ധ്യമാക്കുന്നു.

21. നാളികേര വിപണന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ന്യായമായ വില കർഷകന് ലഭിക്കുന്നില്ല.

22. നാളികേരം അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായങ്ങളുടെ അഭാവം കർഷകർക്ക് നാളികേര ത്തിന് ഉയർന്നു വില ലഭിക്കുവാൻ തടസ്സമായി നിൽക്കുന്നു.

23. കേരവികസന സമിതിയുടെ പ്രവർത്തനം വ്യാപകമല്ല.

24. എല്ലാ നാളികേര കർഷകർക്കും കേരവികസന സമിതിയുടെ ധനസഹായം ലഭ്യമാകുന്നില്ല.

25. ഗ്രാമത്തിൽ പച്ചക്കറികൃഷി ഗൗരവമായ കൃഷിയായി വികസിച്ചിട്ടില്ല.

26. വിപണന സാധ്യതയും പ്രാദേശികാവശ്യവും കണക്കിലെടുത്തുകൊണ്ട് മറ്റ് കൃഷിയുടെ വികസനം സാധ്യമായിട്ടില്ല. (ഉ ദാ : കുറ്റിമുല്ല, തീറ്റപ്പുല്ല്, മരച്ചീനി, ഔഷധസസ്യങ്ങൾ, അലങ്കാരസസ്യങ്ങൾ).

നിർദ്ദേശങ്ങൾ

1. നെൽവയലുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന വലുതും ചെറുതുമായ തോടുകളുടെ വശങ്ങൾ ബലപ്പെടുത്തി ആഴവും വീതിയും കൂട്ടി നീരൊഴുക്കു സാധ്യമാക്കുകയും ജലസേചനത്തിനായി ഉപയോഗിക്കുകയും ചെയ്യുക.

2. താല്കാലിക ഓരുമുട്ടുകൾ ഫലപ്രദവും സമയബന്ധിതവുമായി സ്ഥാപിക്കുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടു ത്തുക.

3. രണ്ടാം കൃഷിയുടെ വിളവെടുപ്പു സമയം വരെ റഗുലേറ്ററിന്റെ ഷട്ടറുകൾ ഉയർത്താതിരിക്കുവാൻ സത്വര ശ്രദ്ധ ഉണ്ടാവു ക. റഗുലേറ്ററിന്റെ ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന നമ്മുടെ കൃഷിയിടങ്ങളിലാണ് കുട്ടനാടൻ മേഖലയിൽ ഓരുവെള്ള ത്തിന്റെ വ്യാപനമുണ്ടാവുമ്പോൾ വേഗത്തിൽ ഉപ്പുവെള്ളം കയറുവാൻ സാദ്ധ്യതയുള്ളത്. കുട്ടനാടിനെ മുഴുവൻ അടി സ്ഥാനമാക്കി റഗുലേറ്ററിന്റെ തുറക്കലും അടയ്ക്കലും തീരുമാനിക്കപ്പെടുമ്പോൾ നമ്മുടെ കൃഷിയിടത്തിന്റെ പ്രത്യേകത പരിഗണിക്കപ്പെടണം.

4. കാർഷിക വായ്പ കാലതാമസം കൂടാതെ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുക.

5. രാസവളം, കീടനാശിനി, എന്നിവയുടെ വിലവർദ്ധന തടയുക. ക്രമാതീതമായി ഉണ്ടാകുന്ന വിലവർദ്ധനവിന് സബ്സിഡി അനുവദിക്കുക.

6. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിമേഖലയിലാകെ സമയത്ത് എത്തിക്കുവാൻ കൃഷിഭവനിലൂടെ നടപടി സ്വീകരിക്കുക.

7. അമ്ലസ്വഭാവം കൂടുതലുള്ള നമ്മുടെ നെൽവയലുകളിലെ മണ്ണുപരിശോധനയും അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗ വും നടത്തുക.

8. അതാത് പാടശേഖര സമിതികൾക്ക് സ്പ്രേയറുകൾ, പമ്പുകൾ, എന്നീ മരുന്നുതളിയന്ത്രങ്ങൾ ലഭ്യമാക്കുക.

9. മണ്ണിന്റെ തരത്തിലുള്ള സമാനതയും ജലസേചന സൗകര്യത്തിന്റെ ലഭ്യതയും പരിഗണിച്ച് ഒന്നിലധികം പാടശേഖരങ്ങളിൽ ഒരേസമയം കൃഷിയിറക്കുവാനും കീടനാശിനികൾ ഉപയോഗിക്കാനുള്ള പ്രവർത്തനം കൃഷിഭവന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ആരംഭിക്കുക.

10. ഇങ്ങനെ തരിശിടുന്ന പാടശേഖരത്തിൽ മത്സ്യകൃഷിയുടെ സാദ്ധ്യത പരിഗണിക്കുക.

11. സർവീസ് ബാങ്കിന്റെയും ജനറൽ മാർക്കറ്റിംഗ് സംഘത്തിന്റെയും നേതൃത്വത്തിൽ നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണവും വിപണനവും സാധ്യമാക്കുക. ഇപ്രകാരം കൂടുതൽ വില കർഷകർക്ക് ലഭ്യമാക്കുക.

12. മൂവാറ്റുപുഴയാറിലെയും മീനച്ചിലാറിലെയും ജലം ഈ പഞ്ചായത്തിലൂടെ ലഭ്യമാക്കി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

13. ഇതിലേക്ക് പ്രധാന തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക.

14. സമഗ്ര കുട്ടനാട് വികസനപരിപാടി അടിയന്തിരമായി പൂർത്തിയാക്കുക. അതിലൂടെ വർഷത്തിൽ 3 തവണ കൃഷിചെയ്യുവാൻ നടപടി സ്വീകരിക്കുക.

15. നെൽവയലുകൾ മറ്റ് ആവശ്യങ്ങൾക്ക് നികത്തുന്നത് തടയുവാൻ നടപടി സ്വീകരിക്കുക.

16. തരിശ് പാടങ്ങളിലും സാദ്ധ്യതയുള്ള കരിനിലങ്ങളിലും രണ്ടാം വിളയോ മൂന്നാം വിളയോ ആയി മറ്റുവിളകൾ കൃഷിചെയ്യുക. (നിർദ്ദേശിക്കുന്ന വിളകൾ എള്ള്, ഞവര, പയറ്, മരച്ചീനി)

17. നെൽപാടത്തിൽ ഇടവിട്ട് മത്സ്യകൃഷി ചെയ്യുന്നതിനുള്ള ശ്രമം നടത്തുക.

18. നെല്ലിന്റെ വർദ്ധിച്ച ഉൽപാദനം കണക്കിലെടുത്ത് സംസ്കരണ സംരംഭങ്ങൾ പൊതു, സ്വകാര്യ, സഹകരണ ഉടമസ്ഥതയിൽ ഏതിലെങ്കിലും ആരംഭിക്കുക.

19. രോഗംവന്ന മുഴുവൻ തെങ്ങുകളും വെട്ടിമാറ്റുകയും പകരം തൈ വിതരണം ചെയ്യുകയും ചെയ്യുന്ന പദ്ധതി സമയബന്ധിതമായി നടപ്പാക്കുക.

20. തെങ്ങ് രോഗ നിവാരണ മാർഗ്ഗങ്ങൾ ഉടൻ നടപ്പിലാക്കുക.

21. തെങ്ങുകൾക്ക് മരുന്നുതളിക്കുന്ന പണി പഞ്ചായത്തിലാകെ സമയബന്ധിതമായി നടപ്പിലാക്കുക.

22. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ തെങ്ങിന് വളപ്രയോഗം നടത്തുക.

23. കേര കർഷകർക്ക് ഒറ്റയ്ക്കോ കൂട്ടായോ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക.

24. നാളികേര കൃഷിക്ക് ഒപ്പം ഇടവിളയായോ തട്ടുകൃഷിയായോ ഉള്ള മറ്റുവിളകളുടെ കൃഷി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

25. നാളികേരം അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന എക്സപെല്ലർ യൂണിറ്റ് ആരംഭിക്കുക.

26. കേരോൽപന്നങ്ങൾ അസംസ്കൃതപദാർത്ഥമായി ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

27. തെങ്ങിന്റെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുക.

28. എല്ലാ വീട്ടുവളപ്പിലും അടുക്കള തോട്ടങ്ങൾ വനിതാ വികസന സമിതിയുടെ നേതൃത്വത്തിൽ കൃഷിഭവന്റെ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ആരംഭിച്ച് പച്ചക്കറിയുടെ ഉൽപാദനം വർദ്ധിപ്പിക്കുക.

29. കുറ്റിമുല്ല പോലുള്ള വിപണനസാദ്ധ്യതയുള്ള പുഷ്പകൃഷി വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കുക. കുറ്റിമുല്ലയുടെ വിപണനത്തിന് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുക.

30. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷികോൽസവം നടത്തുകയും വിളമൽസരങ്ങളിലെ കർഷകരെ ആദരിക്കുകയും ചെയ്യുക.

മൃഗസംരക്ഷണം

വെച്ചൂർ ഗ്രാമപഞ്ചായത്ത് നിവാസികൾ പരമ്പരാഗതമായി പശു, കാള, പോത്ത്, എരുമ, ആട്, പൂച്ച, പട്ടി തുടങ്ങിയ വളർത്തു മൃഗങ്ങളേയും കോഴി, താറാവ് തുടങ്ങിയ വളർത്തു പക്ഷികളേയും വളർത്തിയിരുന്നു. മുഖ്യമായും കൃഷിപ്പണികൾക്കും എണ്ണ ഉദ്പാദിപ്പിക്കുന്ന നാടൻ ചക്കുകൾക്കും പ്രവർത്തിയെടുപ്പിക്കുന്നതിന് വേണ്ടിയാണ് കാളകളേയും പോത്തിനേയും വളർത്തിയിരുന്നത്. എന്നാൽ കൃഷി യന്ത്രവൽകൃതമായതോടെ ഇവയുടെ എണണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. എങ്കിലും കൃഷിയിടങ്ങളിൽ ഉഴവ് നടത്തുന്നതിന് ഭാഗികമായി മൃഗങ്ങളെ ഉപയോഗിച്ചുവരുന്നു. വെച്ചൂർ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ ഏകദേശം 2/3 ഭാഗം വയലുകൾ ആയതിനാൽ പുല്ല് വൈക്കോൽ തുടങ്ങിയവയുടെ ലഭ്യത മറ്റുഗ്രാമങ്ങളെ അപേക്ഷിച്ച് കൂടുതലായതിനാൽ പണ്ടു കാലം മുതൽക്കു തന്നെ ഈ പ്രദേശത്ത് കന്നുകാലികളേയും ആടുമാടുകളേയും വളർത്തിയിരുനവ്നത് തികച്ചും സ്വാഭാവികം മാത്രം. ചെറുകിട നാമമാത്ര കർഷകരുടെ വരുമാന മാർഗ്ഗങ്ങളിലൊന്നായിരുന്നു കോഴിവളർത്തലും താറാവ് വളർത്തലും. നിലവിലുള്ളതുപോലെ ശാസ്ത്രീയത ഇക്കാര്യങ്ങളിൽ അവലംബിച്ചിരുന്നില്ല.

വെച്ചൂർ പഞ്ചായത്തിന്റെ ചരിത്രപരമായതും ഭൂമിശാസ്ത്രപരമായതും ആയ ചില പ്രത്യേകതകൾ മൂലവും മറ്റു പ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു സ്ഥിതിചെയ്തിരുന്നതിനാലും ഈ പ്രദേശത്ത് മാത്രമായി വെച്ചൂർ പശു എന്ന പേരിൽ പ്രസിദ്ധമായ ഒരു ജനുസ്സിൽപ്പെട്ട പശുക്കൾ ഈ ഗ്രാമത്തിൽ സുലഭമായിരുന്നു എങ്കിൽ പോലും ഇന്ന് വിദേശ രാഷ്ട്രങ്ങളിൽ പോലും ചർച്ചാവിഷയമായ വെച്ചൂർ പശുവിന്റെ ജനുസ്സിൽപ്പെട്ട ലക്ഷണയുക്തമായ ഒരു പശുപോലും ഈ പ്രദേശത്ത് ഇല്ലാതായിത്തീർന്നിട്ടുണ്ട്. ഒരു കാലത്ത് ബ്രിട്ടനിലെ 'ജേഴ്സി' ഐലൻറിൽ നിന്നും ജഴ്സി ജനുസ്സിൽപ്പെട്ട പശുക്കൾ രൂപപ്പെട്ടതുപോലെ ഈ ഗ്രാമം മറ്റു പ്രദേശങ്ങളിൽനിന്നും ഒറ്റപ്പെട്ട ദ്വീപായി സ്ഥിതിചെയ്തിരുന്നതിനാൽ ഇന്ത്യയിലെ മറ്റു നാടൻ കാലികളിൽ നിന്നും വ്യത്യസ്തമായ ഗുണഗണങ്ങൾ ഉള്ളതും രോഗപ്രതിരോധശേഷിയുള്ളതും ആയ ഈ ജനുസ്സ് രൂപപ്പെട്ടുവെന്ന് അനുമാനിയ്ക്കാം. 1961 ലെ ഇന്ത്യാ ഗവൺമെൻറിന്റെ ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെൻറ് ആക്ട് പ്രകാരം വിദേശയിനം ജനുസ്സുകളുടെ കൃത്രിമബീജസങ്കലനം സാർവ്വത്രികമായി നടപ്പിലാക്കുകയും മൂലം നാടൻ ഇനങ്ങളെ അവഗണിക്കുന്നതിന് ഇടയാക്കി. എന്നാൽ തൃശൂരിലെ വെറ്റിനറികോളേജിലെ ഏകദേശം 95 വെച്ചൂർ പശുക്കളെ ഡോക്ടർ ശോശാമ്മ ഐപ്പിന്റെ നേതൃത്വത്തിൽ പരിരക്ഷിച്ചുവരുന്നു എന്നതിൽ വെച്ചൂർ നിവാസികളുടെ സന്തുഷ്ടി പ്രകടിപ്പിക്കുന്നതോടൊപ്പം ഈ പ്രദേശത്തിന്റെ നൈസർഗ്ഗികമായ കാലാവസ്ഥയ്ക്കും അന്തരീക്ഷത്തിനും പ്രാദേശിക സവിശേഷതകൾക്കും അനുസൃതമായി ഉരുത്തിരിഞ്ഞ ഈ ഇനത്തിൽപ്പെട്ട പശുക്കളുടെ വംശ വർദ്ധനവ് സുസാദ്ധ്യമാക്കുന്നതിനുവേണ്ടി ഒരു പ്രജനന യൂണിറ്റ് വെച്ചൂർ പഞ്ചായത്തിൽ ആരംഭിക്കുന്നതും താല്പര്യമുള്ള കർഷകർക്ക് ഈ ഇനത്തിലെ കിടാരികളെ വളർത്തുന്നതിന് നൽകുന്നതും വളരെ പ്രയോജനപ്രദമായിരിക്കും.

ഇന്ന് പശു, ആട് എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ എങ്കിലും അപൂർവ്വമായി എരുമകളേയും ഉഴവ് മൃഗങ്ങളായി പോത്തിനേയും വളർത്തിവരുന്നു വളർത്തു പക്ഷികളായി കോഴികളേയും താറാവിനേയും പ്രധാനമായി വളർത്തുന്നുണ്ടെങ്കിലും താറാവുകളെ അന്യപ്രദേശങ്ങളിൽ നിന്ന് കൊയ്ത്തു കാലത്തോടനുബന്ധിച്ച് തീറ്റ നൽകുന്നതിനുവേണ്ടി പാട്ടത്തിനെടുത്ത് ഹ്രസ്വകാലയളവിലേയ്ക്ക് കൊണ്ടുവരുന്ന സമ്പ്രദായവും നിലവിലുണ്ട്. അപൂർവ്വം ചില വീടുകളിൽ പന്നി, മുയൽ, കാട, ലൗബേർഡ്സ്, വിവിധയിനം പ്രാവുകൾ, മൈന തുടങ്ങിയവയേയും വളർത്തിവരുന്നു പ്രധാന വളർത്തുമൃഗങ്ങളേയും പക്ഷികളേയും സംബന്ധിച്ച് പട്ടിക താഴെ ചേർക്കുന്നു.

വാർഡ്	കിടാരി	പശു	ആട്	പോത്ത് എരുമ	മുയൽ	കോഴി	ഗിനി	താറാവ്	പന്നി	പട്ടി
1.	134	171	186	—	—	1768	—	153	—	—
2.	43	152	117	—	—	1706	—	124		
3.	138	324	387	—	46	1374	93	130	1	52
4.	48	105	84	—	—	910	—	14		18
5.	32	60	89	1	—	1102	—	94		9
6.	141	134	69	4	—	1971	—	671		8
7.	64	127	86	14	—	2121	—	896		5
8.	59	112	93	5	—	1134	—	34		7
9.	71	97	86	4	—	789	—	21		8

അവലംബം— 1996 ഏപ്രിൽ മാസം നടത്തിയ സെൻസസ്

ക്ഷീരോപാദനവും വിപണനവും ഇന്ന് ഗ്രാമസമ്പദ്ഘടനയിൽ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. തുഛമായ മുതൽമുടക്കും അളവറ്റ കായികാദ്ധ്വാനവും സമന്വയിപ്പിച്ചുകൊണ്ട് തൊഴിൽ മേഖലയിതനതായ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്ന ഒരു ഉപജീവനമാർഗ്ഗമാണ് ക്ഷീരവ്യവസായം. ഇതിലുപരി ദേശീയാരോഗ്യ പരിപാലനത്തിന്റെ മുഖ്യധാരയിൽ ക്ഷീരവ്യവസായം അവഗണിക്കയ്ക്കാനാകാത്ത ഒരു ഘടകമാണെങ്കിലും കലാനുസൃതമായ പുരോഗതിയും ലക്ഷ്യപ്രാപ്തിയും ഇക്കാര്യത്തിൽ നേടുന്നതിന് കഴിഞ്ഞിട്ടില്ല. ഇതിനുകാരണം അശാസ്ത്രീയവും ദീർഘവീക്ഷണമില്ലാത്തതുമായ പദ്ധതികളുടെ നടത്തിപ്പിലും കർഷകർക്ക് ഈ തൊഴിലിനോടുള്ള ആഭിമുഖ്യക്കുറവും ആണ്. സാഹചര്യങ്ങളും ചുറ്റുപാടുകളും പരമ്പരാഗതമായി തുടർന്നു പോരുന്ന കർഷകരുടെ അന്ധവിശ്വാസങ്ങൾകൊണ്ട് പഴമയിൽത്തന്നെ ഉറച്ചു നിൽക്കുവാനുള്ള പ്രവണതയെ വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനതത്വങ്ങളിലുറച്ചുനിന്നുകൊണ്ട് ബോധവൽക്കരണത്തിലൂടെയും സാമ്പത്തിക സഹായങ്ങളിലൂടെയും ശാസ്ത്രീയത പ്രായോഗികമായി നടപ്പിലാക്കുന്നതിലൂടെയും പുതുമയിലേയ്ക്ക് നയിക്കുകവഴി ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് കഴിയും. ഇതിലൂടെ ഗ്രാമസമ്പദ്ഘടനയിലുണ്ടാകുന്ന വ്യതിയാനവും ദേശീയാരോഗ്യപരിപാലനത്തിന്റെ വ്യക്തമായ പുരോഗതിയും ദർശിക്കുന്നതിന് കഴിയും.

നാം ഉദ്പാദിപ്പിക്കുന്ന ഓരോ തുള്ളി പാലും ആരോഗ്യത്തിന്റെ ചെറുകണികയാണ് എന്നു മനസ്സിലാക്കുതോടൊപ്പം പാലുല്പാദനം വർദ്ധിപ്പിക്കുക വഴി ക്ഷീരവികസനരംഗം പുഷ്ടിപ്പെടുത്തുന്നതിനും ഗ്രാമതലത്തിൽ പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക വഴി ഗ്രാമീണരുടെ ആരോഗ്യപരിപാലനം ശക്തമാക്കുന്നതിനും ഗ്രാമ സമ്പദ്ഘടനയിൽ നേട്ടങ്ങളും കൂടുതൽ തൊഴിൽ അവസരങ്ങളും ലഭ്യതയും കൈവരിയ്ക്കാനുതകുന്നതുമാകണം നമ്മുടെ വികസനലക്ഷ്യം

1996ലെ സാമ്പത്തിക സർവ്വേ പ്രകാരം പ്രതിദിനം 3200 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ ഉദ്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. മൂന്ന് ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ പല സ്വകാര്യവ്യക്തികളും പാൽ സംഭരണവും വിതരണവും നടത്തുന്നുണ്ട്. ഇത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവിന്റെ 1/3 ഭാഗം വിപണനം ചെയ്യപ്പെടുന്നുവെന്ന് കണക്കാക്കിയാൽ ആഭ്യന്തര ഉപഭോഗത്തിന് വേണ്ടി നാം ചിലവഴിക്കുന്ന പാലിന്റെ അളവ് 2000 ലിറ്ററാണ്. നമ്മുടെ ജനസംഖ്യയുമായി ഇതു തട്ടിച്ചു നോക്കുമ്പോൾ പ്രതിദിനം ഒരാൾക്ക് ഒരു ഗ്ലാസ് പാൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നാം എത്ര ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നുവെന്ന് കാണാം. ഉദ്പാദിപ്പിക്കപ്പെടുന്ന പാലിന് ന്യായമായ വില ലഭിയ്ക്കാത്തതും കാലിത്തീറ്റയുടെ വില വർദ്ധനയും ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തതയും ശാസ്ത്രീയമായ കാലിവളർത്തലിനേക്കുറിച്ചുള്ള അജ്ഞതയും ഈ മേഖലയിലെ ബോധവൽക്കരണങ്ങളുടെ കുറവും കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു. വെച്ചൂർ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഒരു സബ്ബ് സെന്ററും ഒരു സ്വകാര്യ ഗോസംവർദ്ധന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. കാലികളിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ പരാദരോഗങ്ങളും; അകിട് വീക്കം മുടന്തൻ പനി, കുളമ്പുരോഗം എന്നിവയാണ്.

വയലുകളാൽ സമൃദ്ധവും തോടുകളുടേയും കുളങ്ങളുടേയും ആധിക്യവും എരുമ വളർത്തുന്നതിന് വളരെ അനുയോജ്യമായ പ്രദേശമാണ് നമ്മുടെ പഞ്ചായത്ത് എന്ന് വിളിച്ചറിയിക്കുന്നെങ്കിലും, എരുമ വളർത്തലി ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ എണ്ണം വിരളമാണ്. പരുക്കൻ ആഹാരം പാലാക്കി മാറ്റുന്നതിന് ഏറ്റവും അനുയോജ്യമാ ഒന്നാണ് ഏരുമ വളർത്തൽ. രോഗങ്ങളോട് ചെറുത്തു നിൽക്കുന്നതിനുള്ള കഴിവ് എരുമകൾക്ക് കൂടുതലാണ് എങ്കിലും കുളമ്പ് രോഗമാണ് എരുമകളോട് പ്രിയമേറും അതുകൊണ്ട്തന്നെ പ്രധാനരോഗം കുളമ്പുരോഗമാണ്. പ്രതിരോധ കുത്തിവയ്പിൽ ശ്രദ്ധപതിപ്പിക്കുകയാണെങ്കിൽ വളരെ സാദ്ധ്യത എരുമവളർത്തൽ മേഖലയിലുണ്ട്. ക്ഷീരോല്പാദന രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കുന്നതിന് എരുമ വളർത്തൽ കൊണ്ടുകഴിയും. കാലിവളർത്തലും എരുമവളർത്തലും ജൈവവളലഭ്യതയും ഗോബർഗ്യാസ് പ്ലാൻറുകളുടെ സ്ഥാപനത്തിനും ഒരു മുതൽകൂട്ടാണെന്ന് പ്രത്യേകം പരാമർശിയ്ക്കേണ്ടതില്ല.

വെച്ചൂർ ഗ്രാമപഞ്ചായത്ത് നിവാസികൾ വളരെചുരുക്കമായി മാത്രമേ ഇന്ധനത്തിനായി ഗോബർഗ്യാസ് പ്ലാൻറുകളെ ആശ്രയിക്കുന്നുള്ളൂവെങ്കിലും മിനി ഗോബർ ഗ്യാസ് നിലവിലുള്ള വീടുകൾ 24 എണ്ണമുണ്ട്. കാലിവളർത്തലിന്റെ ഒരു ഉപോൽപ്പന്നമായി ലഭിക്കുന്ന ചാണകത്തിൽനിന്ന് ഇന്ധനത്തിനായുപയുക്തമായ ഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് കഴിയുന്നതോടൊപ്പം പരിസര മലിനീകരണം ഒഴിവാക്കുന്നതിനും കൂടുതൽ ആഗീരണശേഷിയുള്ള ജൈവവള ലഭ്യതയും ഗോബർഗ്യാസ് പ്ലാൻറുകളുടെ സ്ഥാപനം മുഖേന കഴിയും. ഇന്ധനദൗർലഭ്യവും ഊർജ്ജ പ്രതിസന്ധിയും അനുഭവപ്പെടുന്ന ഈ

കാലഘട്ടത്തിൽ ഇവയുടെ സ്ഥാനം ഊർജ്ജ സ്രോതസ് എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു. നാം ഈ മേഖലയിൽ ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ക്ഷീര വികസനരംഗത്ത് ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു മേഖലയാണ് തീറ്റപുൽ കൃഷിയുടെ വികസനം. ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന വൻപയർ, മക്കച്ചോളം തുടങ്ങിയ പുരയിടകൃഷിയും കാലിവളർത്തൽ രംഗത്ത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. നിലവിലുള്ള പദ്ധതിപ്രകാരം 10 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്തുവരുന്നെങ്കിലും കാലി വളർത്തൽ പുഷ്ടിപ്പെടുത്തുന്നതിന് പുരയിടകൃഷിയുടെ ഭാഗമായി തീറ്റപുൽ കൃഷി വ്യാപനം സാദ്ധ്യമാക്കേണ്ടതാണ്. പുരയിടങ്ങളിൽ കൃഷിചെയ്തുവരുന്ന നാണ്യ വിളകളുടെ ഇടവിളയായി, നാണ്യവിളകളുടെ ഉദ്പാദനത്തിന് കോട്ടം സംഭവിയ്ക്കാത്തരീതിയിൽ പുൽകൃഷി വികസനം സാദ്ധ്യമാകുന്നതാണ്. തീറ്റപുൽ കൃഷി നടത്തുന്നതുമുഖേന വേനൽക്കാലത്ത് പുരയിടകൃഷി രംഗത്തുണ്ടാകുന്ന ദൗർലഭ്യവും വരൾച്ചയും ഒരു പിരിധി വരെ തടയുന്നതിനും മഴക്കാലത്ത് അനുഭവപ്പെട്ടു വരുന്ന മണ്ണൊലിപ്പ് ഒരളവു വരെ പരിഹരിക്കുന്നതിനും കഴിയുന്നു. കാലിവളർത്തലിൽ നിന്നു ലഭിക്കുന്ന ജൈവവളം പുൽകൃഷിരംഗത്ത് ഉപയോഗയോഗ്യമാക്കുന്നതിന്നും കഴിയും. പ്രാദേശികമായി ലാഭകരമായി കൃഷിചെയ്യുവാൻ കഴിയുന്നതും അത്യുൽപാദനശേഷിയുള്ളതുമായ പുൽ ഇനങ്ങൾ തിരെഞ്ഞെടുക്കേണ്ടതും ആയ ഈ രംഗത്ത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. പുൽകൃഷിവ്യാപപാരത്തിന് നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല. പിരിമിതമായി മാത്രമേ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നുള്ളൂ. നിലവിലുള്ള പുൽക്കട, പുൽവിത്ത്, വൻപയർ മക്കച്ചോളം എന്നിവയുടെ രാസവള സബ്സിഡിയുടേയും വിതരണം കാര്യക്ഷമമല്ല. ബോധവൽക്കരണവും പ്രോത്സാഹനവും ഈ മേഖലയിൽ അനിവാര്യമാണ്.

പ്ലാവിലയും പച്ചപ്പുല്ലും ധാരാളമായി ലഭിക്കുന്നതിന് സാദ്ധ്യതയുള്ള പ്രദേശമായതിനാൽ ഈ പഞ്ചായത്തിലെ പുരയിടങ്ങളിൽ ആട് വളർത്തൽ അനുയോജ്യമാണ്. പാവപ്പെട്ടവന്റെ പശു എന്നറിയപ്പെടുന്ന ആട് വളർത്തുന്നത് ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാമെന്നതിൽ സംശയമില്ല. മാംസത്തിനു വേണ്ടിയും കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിപണനത്തിനായും പാൽഉല്പാദനത്തിനുവേണ്ടിയും ആട് വളർത്തൽ നടത്താവുന്നതാണ്. യമുനാപ്യാരി, പ്യാരി, സാനൽ മലബാറി ഇനങ്ങളിൽപ്പെട്ട ആട് വളർത്തുന്നത് വളരെ ലാഭകരമാണ്. ഈ രംഗത്ത് ഉദ്പാദനം എത്രതന്നെ കൈവരിച്ചാലും വിപണനം സാദ്ധ്യമാണെന്നത് വളരെ ആകർഷകമാണ്. സൗജന്യനിരക്കിൽ മേൽത്തരം ആട്ടിൻകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതും സാങ്കേതിക പരിശീലനം നൽകുന്നതും ചെറിയ യൂണിറ്റുകളായി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് അനിവാര്യമാണ്. ഈ രംഗത്തുണ്ടാകുന്ന മുന്നേറ്റം വരുമാന വർദ്ധനവിനിടയാക്കും എന്നത് നിസ്തർക്കമാണ്.

പുരയിടങ്ങളെ അടിസ്ഥാനമാക്കി പന്നിവളർത്തൽ നടത്തുന്നതിന് സാദ്ധ്യതയുണ്ടെങ്കിലും പന്നിവളർത്തുന്ന കർഷകർ വളരെ കുറവാണ്. സങ്കരയിനം പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതയില്ലായ്മയും ഹോട്ടലുകൾ, മാർക്കറ്റ്, ഇറച്ചിസംസ്ക്കരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽനിന്ന് അവശിഷ്ടങ്ങൾ ശേഖരിയ്ക്കാനുള്ള ബുദ്ധിമുട്ട് ലഭ്യതക്കുറവ് എന്നീ കാരണങ്ങൾകൊണ്ടാണ് പല കർഷകരും താല്പര്യമുണ്ടെങ്കിൽപോലും ഈ രംഗത്തേയ്ക്ക് കടന്നുവരാത്തത്. മാംസത്തിനുവേണ്ടിയും കുഞ്ഞുങ്ങളെ

ഉത്പാദിപ്പിച്ച് വിപണനം ലക്ഷ്യമാക്കിയും പന്നിവളർത്തൽ കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിപണനം ലക്ഷ്യമാക്കിയും പന്നിവളർത്തൽ നടത്താവുന്നതാണ്. ആരോഗ്യപരിപാലന രംഗത്ത് മാംസ്യത്തിന്റെ കുറവ് പരിഹരിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നതിന് പന്നിവളർത്തൽ ഉപയുക്തമാണ്. പരിസര മലിനീകരണത്തിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടും തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ടും യോർക്ക് ഷെയർ തുടങ്ങിയ സങ്കരയിനം പന്നികളെ വളർത്തുന്നത് വളരെയധികം ലാഭകരമാണ്. താല്പര്യമുള്ള കർഷകർക്ക് പന്നിക്കുഞ്ഞുങ്ങളെ വിതരണം നടത്തിക്കൊണ്ടും, സാങ്കേതിക പരിശീലനം നൽകിയും ഉയർന്ന ഉദ്പാദനം ഉറപ്പുവരുത്തുന്നതിന് കഴിയും.

പുരാതന കാലം മുതൽ മനുഷ്യൻ നായ് വളർത്തിവരുന്നു. വീടുകളുടെ കാവൽക്കാരൻ, മനുഷ്യന്റെ ചങ്ങാതി, വേട്ടയ്ക്കുള്ള സഹായി എന്നിങ്ങനെ പലതും നായയുടെ സേവനങ്ങളെപ്പറ്റി പലയിടങ്ങളിലും പ്രതിപാദിയ്ക്കപ്പെട്ടുകാണുന്നു. ആധുനിക കുറ്റാന്വേഷണ രംഗത്തും മറ്റന്വേഷണ രംഗങ്ങളിലും നായയുടെ സേവനങ്ങൾ വിനിയോഗിക്കപ്പെട്ടുവരുന്നു. നായ്പ്രദർശനമത്സരങ്ങളും പരിശീനലങ്ങളും സംഘടിക്കപ്പെട്ടു വരുന്ന കാലഘട്ടമാണിത്. വെച്ചൂർ പഞ്ചായത്തിലെ പല വീടുകളിലും നായ് വളർത്തുന്ന കർഷകർ ഉണ്ട്. പ്രധാനമായും വീടുകളുടേയും പുരയിടങ്ങളുടേയും സുരക്ഷിതത്വം കാണക്കിലെടുത്താണ് നായ വളർത്തിവരുന്നത്. ഡോബർമാൻ അൾസേഷ്യൻ ഹോറേനിയൻ തുടങ്ങിയ ഇനങ്ങളിപ്പെട്ട നായ്കളും ഉൾപ്പെടുന്നുവെങ്കിലും അധികവും നാടൻ നായകളെ ആണ് ഇവിടെ വളർത്തിവരുന്നത്. നായ വളർത്തുന്നവർ വളർത്തുനായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തേണ്ടതും വളർത്തുന്നതിലേയ്ക്കായി നിയമാനുസൃതമുള്ള ലൈസൻസ് എടുത്തിരിയ്ക്കണ്ടതും മറ്റാർക്കും ഉപദ്രവകരമാകാത്തരീതിയിൽ ചങ്ങലയിലോ കൂടുകളിലോ സൂക്ഷിയ്ക്കേണ്ടതുമാണ്. എന്നാൽ പലരും വളർത്തു പട്ടികൾക്ക് ലൈസൻസ് എടുക്കുകയോ മറ്റു നിബന്ധനകൾ പാലിക്കുകയോ ചെയ്യുന്നില്ല. പേവിഷബാധ സമ്പൂർണ്ണമായി തടയുന്നതിന് അലഞ്ഞു നടക്കുന്നതും പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാത്തതും ആയ എല്ലാ നായകളേയും നശിപ്പിക്കുന്നതിന് വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും പഞ്ചായത്തിൽ നിന്ന് നടപടികൾ കൈക്കൊള്ളേണ്ടതാണ്. നായകളെ നശിപ്പിക്കുന്ന അവസരങ്ങളിൽ ബഹുജന സഹകരണവും ഉണ്ടാകേണ്ടതും ലൈസൻസ് ഇല്ലാത്തതും വാക്സിനേഷൻ എടുക്കാത്തതുമായ നായകളെ നശിപ്പിക്കുന്നതിനായി വിട്ടുകൊടുക്കേണ്ടതുമാണ്. സൗജന്യനിരക്കിൽ പേവിഷബാധയ്ക്കതിരെയുള്ള വാക്സിനേഷൻ വളർത്തുനായ്ക്കൾക്ക് എല്ലാ വർഷവും നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് ശ്രദ്ധ പതിപ്പിയ്ക്കേണ്ടതുമാണ്.

ചെറുകിട നാമമാത്ര കർഷകരും കർഷകതൊഴിലാളികളും പണ്ടു മുതൽക്കു തന്നെ കോഴിവളർത്തലിൽ ഏർപ്പെട്ടു വരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ കോഴിവളർത്തലിൽ ഏർപ്പെട്ടുവരുന്ന കർഷകർ ആരും തന്നെയില്ലായെങ്കിലും അടുക്കള മുറ്റത്തെ കോഴിവളർത്തൽ സമ്പ്രദായത്തിൽ കോഴിവളർത്തുന്നവർ വളരെ യധികമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭിയ്ക്കാത്തതും കോഴിവസന്തയ്ക്കെതിരെ രോഗപ്രതിരോധ കുത്തിവയ്പ്പ് ഫലപ്രദമായി നടപ്പാക്കാത്തതും ഈ രംഗത്ത് കർഷകർ അനുഭവിച്ചു വരുന്ന ബുദ്ധിമുട്ടുകളാണ്. ഈ വർഷവും വസന്തപിടിപ്പെട്ട് അനേകം കോഴികൾ ചത്തുപോകുകയുണ്ടായി. സ്ത്രീകൾക്കും കുട്ടികൾക്കും വരുമാനം വർദ്ധിപ്പിക്കുവാനുതകുന്നതും ഉപതൊഴിലായി സ്വീകരിക്കുന്നതിനും കൊയ്ത്ത് കാലത്തോടനുബന്ധിച്ച് നെല്ല് സംസ്ക്കരണത്തിൽ ലഭിക്കുന്ന ഉപഉൽപ്പന്നങ്ങളും മറ്റും അടുക്കള മുറ്റത്തെ കോഴിവളർത്തലിന്റെ സാദ്ധ്യത വർദ്ധിപ്പിക്കുന്നു. മുട്ടയുൽപാദനം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ലായെങ്കിലും പ്രതിദിനം ഒരാൾക്ക് ഒരു മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിന് നാം വളരെയധികം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. നിലവിലുണ്ടായിരുന്ന ഒരു സ്വകാര്യ ഹാച്ചറിയുടെ പ്രവർത്തനം നിലച്ചുപോയത് അമിത വില കൊടുത്തിട്ടാണെങ്കിൽ പോലും കോഴി,

താറാവ്, കാട കുഞ്ഞുങ്ങളെ സുലഭമായി ലഭിക്കുന്നതിൽ വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരുന്ന കർഷകർ ഉണ്ടായിരുന്നെങ്കിലും നിലവിൽ ആരും ഈ മേഖലയിൽ പ്രവർത്തിക്കുന്നില്ല. കോഴിത്തീറ്റയുടെ വില വർദ്ധനവും ലഭ്യതയില്ലായ്മയും രോഗപ്രതിരോധ മരുന്നുകളുടെ വിലവർദ്ധനവും അഭാവവും കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും വിപണനത്തിനുള്ള സൗകര്യക്കുറവും ഈരംഗത്ത് അനുഭവപ്പെട്ടുവരുന്ന പ്രശ്നങ്ങളാണ്. ഇവ പരിഹൃതമാക്കയാണെങ്കിൽ ഇറച്ചിക്കോഴി വളർത്തലിന് സാദ്ധ്യതയേറും

പാടശേഖരങ്ങളെ ആശ്രയിച്ചും അല്ലാതെയും താറാവ് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ വെച്ചൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തോടുകളും കായലും വയലുകളും വളരെയധികമുള്ള വെച്ചൂർ പഞ്ചായത്ത് പ്രദേശത്ത് താറാവ് കൃഷിയ്ക്കുള്ള സാദ്ധ്യത വളരെയധികമാണ്. സങ്കരയിനം താറാവ് വളർത്തലിൽ നേട്ടങ്ങൾ കൈവരിയ്ക്കാവുന്നതാണ്. മുഖ്യതൊഴിലായും ഉപതൊഴിലായും താറാവ് വളർത്തുന്ന കർഷകരെ ഈരംഗത്ത് പരിഗണിയ്ക്കേണ്ടതാണ്. കുളങ്ങളേയും തോടുകളേയും ആധാരമാക്കി ചെറിയ യൂണിറ്റുകളായി താറാവ് വളർത്തൽ നടത്തുന്നത് ചെറുകിട നാമമാത്ര കർഷകരുടേയും വിശേഷിച്ച് സ്ത്രീകളുടേയും തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉതകും. മുഖ്യതൊഴിലായി താറാവ് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ ഏകോപിപ്പിച്ച് വായ്പാ സൗകര്യങ്ങളും സഹകരണ സംഘരൂപീകരണവും സാദ്ധ്യമാക്കാവുന്നതാണ്.

കാട വളർത്തുന്ന കർഷകർ ഈ പഞ്ചായത്തിൽ ഉണ്ട്. കാട കുഞ്ഞുങ്ങളെ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട് മൂലം പലകർഷകരും ഈരംഗം വിട്ടുപോയിട്ടുണ്ട്. ചുരുങ്ങിയ മുതൽ മുടക്കും കുറഞ്ഞ പരിപാലന ചിലവും കൊണ്ട് ലാഭം ഉണ്ടാക്കുന്നതിന് കഴിയുന്ന ഈ മേഖലയിൽ ഇന്ന് ചുരുക്കം ചിലർ മാത്രമേ ശ്രദ്ധ പതിപ്പിക്കുന്നുള്ളു. ഇറച്ചിയ്ക്കുവേണ്ടിയും മുട്ടയുൽപാദനത്തിനുവേണ്ടിയും കാട വളർത്തിവരുന്നു. ഹൃസ്വകാലം കൊണ്ടുതന്നെ വളർച്ചയെത്തുകയും മുട്ടയുൽപാദനം ആരംഭിക്കുകയും ചെയ്യുന്നതിനാലും ചെറിയ സ്ഥലപരിമിതിയ്ക്കുള്ളിൽ ഒതുക്കി ഉൽപാദനം സുസാദ്ധ്യമാണെന്നതും കാടവളർത്തലിന്റെ സാദ്ധ്യതകളുടെ സവിശേഷതകളാണ്. കാട കുഞ്ഞുങ്ങളും ഉപകരണങ്ങളും വിതരണം ചെയ്യുന്നതും കാടവളർത്തലിൽ ബോധവൽക്കരണം നൽകുകയും ചെയ്യുന്നതും ഉപവരുമാന വർദ്ധനവിന് സഹായകരമാകും

കൗതുകത്തിനായി മുയൽ വളർത്തുന്ന വീടുകൾ ഉണ്ടെങ്കിലും ഇറച്ചിയ്ക്കായി മുയൽ വളർത്തുന്ന കർഷകർ ഇല്ലെന്നുതന്നെ പറയാം. ഇറച്ചിയ്ക്കായി സങ്കരയിനം മുയൽ വളർത്തുന്നത് ആദായകരമാണ്. മുയൽ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതും ലാഭകരമായും ശാസ്ത്രീയമായും മുയൽ വളർത്തുന്നതിന് പരിശീലനം നൽകുന്നതും ഈ രംഗത്തുള്ള സാദ്ധ്യതകൾ കൈവരിക്കുന്നതിന് സഹായകരമാകും

കൗതുകത്തിനായും ചുരുങ്ങിയ തോതിൽ വിപണനത്തിനായും ലൗബേർഡ്സ് തുടങ്ങി മൈന, വിവിധയിനം പക്ഷികളെ വളർത്തുന്നവരും ഈ പഞ്ചായത്തിൽ ഉണ്ട്. വിപണനം ലക്ഷ്യമാക്കി ഇത്തരം പക്ഷികളെ വളർത്തുന്നത് ആകർഷകവും ആദായകരവുമാണ്. താൽപര്യമുള്ള കർഷകർക്ക് ഈ മേഖലയിലും സാദ്ധ്യതകൾ വളരെയുണ്ട്.

പൊതുവെ മൃഗപരിപാലനരംഗം സൃഷ്ടിപ്പെടുത്തുന്നത് ജൈവവള ലഭ്യതയും പുരയിട കൃഷിയുടെ പരിപോഷണത്തിനും ഉതകുമെന്നതും പക്ഷികളുടെ കാഷ്ടം കൂടുതൽ നൈട്രജൻ സംപുഷ്ട ജൈവ വളമാകയാൽ പച്ചക്കറികൃഷിക്ക് കൂടുതൽ ഫലപ്രദമാണെന്നതും എടുത്തു പറയേണ്ട വസ്തുതകളാണ്. ആകയാൽ കൃഷിപരിപാലനംരംഗവും പരസ്പരം പൂരകങ്ങളും സംയോജിപ്പിച്ച് മുന്നോട്ടു പോകേണ്ടതാണ്.

പ്രധാന പ്രശ്നങ്ങൾ

(1) കാലിത്തീറ്റയുടെ വിലവർദ്ധനവും ലഭ്യതകുറവും

(2) കാലിത്തൊഴുത്ത് പണിയുന്നതിനുള്ള കാലിവളർത്തലിനും ഉള്ള സാമ്പത്തിക സഹായം ലഭിയ്ക്കാനുള്ള ബുദ്ധിമുട്ട്

(3) മൃഗാശുപത്രിയുടെ സേവനത്തിലുള്ള അപര്യാപ്തത

(4) സൗജന്യ ഇൻഷ്വറൻസ് സൗകര്യം ലഭിക്കുന്നില്ല.

(5) ക്ഷീര വിപണനത്തിനുള്ള സൗകര്യകുറവ്

(6) ഉത്പാദന ചിലവിന് ആനുപാതികമായി പാൽ വില ലഭിക്കുന്നില്ല.

(7) ബോധവൽക്കരണത്തിലുള്ള കുറവ്

(8) രോഗപ്രതിരോധ കുത്തിവയ്പുകൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല.

(9) പഞ്ചായത്തുതലത്തിൽ പാൽ, മുട്ട എന്നിവയുടെ ഉൽപാദന കുറവ്.

(10) കോഴി, താറാവ്, കാട തുടങ്ങിയവയുടെ നല്ലയിനം കുഞ്ഞുങ്ങളെ ലഭ്യമല്ല.

(11) ആട്, മുയൽ തുടങ്ങിയവയുടെ സങ്കരയിനം കുഞ്ഞുങ്ങളെ ലഭ്യമല്ല.

(12) വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല.

(13) ക്ഷീരവികസനവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ പരിമിതമാണ്.

(14) ഉൽപാദനക്ഷമതയേറിയ കിടാരികളും അവയെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.

(15) തീറ്റപുൽ കൃഷിയുടെ കുറവ്.

സാദ്ധ്യതകൾ

(1) അത്യുൽപാദന ശേഷിയുള്ള സങ്കരയിനം കിടാരകളെ വർഗ്ഗസങ്കരണം മുഖേന ലഭ്യമാക്കുകയും അവയെ വളർത്തുന്നതിന് ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.

(2) സഹകരണ സംഘങ്ങൾ മുഖേന മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ നിർമ്മിക്കുന്നതിന് ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

(3) കുറഞ്ഞ പലിശ നിരക്കിൽ സബ്സിഡിയോടു കൂടിയ വായ്പാസൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.

(4) മൃഗാശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആവശ്യമായ മരുന്ന് ലഭ്യമാക്കുക. അംബികാ മാർക്കറ്റിലും മഞ്ചാടിക്കരയിലും ഓരോസബ്സ് സെന്ററുകൾ സ്ഥാപിക്കുക.

(5) പഞ്ചായത്തിലെ കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുക.

(6) നിലവിലുള്ള ക്ഷീരവികസന സംഘങ്ങൾക്ക് പുറമെ, ആവശ്യമുള്ള മറ്റു വാർഡുകളിൽ ക്ഷീര വികസന സംഘങ്ങൾ രൂപീകരിക്കണം.

(7) താറാവ്, കോഴി, കാട തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിലേയ്ക്കായി ഒരു ഹാച്ചറി സ്ഥാപിക്കുകയോ നല്ലയിനം കുഞ്ഞുങ്ങളെ ലഭ്യമാക്കുകയോ ചെയ്യുക.

(8) മുയൽ, ഇറച്ചികോഴി എന്നിവയെ വളർത്തുന്നതിന് സാങ്കേതികവും സാമ്പത്തികവും ആയ സഹായം നൽക്കുക.

(9) രോഗപ്രതിരോധ കുത്തിവയ്പ്പുകൾ ഫലപ്രദമായി നടത്തുക.

(10) കോഴി, കന്നുകാലി വളർത്തുന്ന കർഷകർക്ക് സാമ്പത്തിക സഹായയും ബോധവൽക്കരണവും നടത്തുക.

(11) സങ്കരയിനം ആട്ടിൽ കുഞ്ഞുങ്ങളെ വിതരണംചെയ്യുകയും ബോധവൽക്കരണവും പ്രോത്സാഹനവും ചെയ്യുക.

(12) ക്ഷീര വികസ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതികൾ പരിമിതയതിനാൽ വിവിധ ധന സഹായ പദ്ധതികളുടെ തുക വർദ്ധിപ്പിക്കുകയും കൂടുതൽ ഗുണ ഭോക്താക്കൾക്ക് പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക

മത്സ്യബന്ധനം



കേരളത്തിന്റെ സമ്പദ്ഘടനയിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് മത്സ്യബന്ധന മേഖല. ഏതാണ്ട് പത്തു ലക്ഷത്തോളം പേരുടെ ഉപജീവന മാർഗ്ഗമാണ് മത്സ്യബന്ധനം. സമുദ്രതീരംകൊണ്ട് സമ്പന്നമായ നമ്മുടെ സംസ്ഥാനത്തിന് മത്സ്യബന്ധന രംഗത്ത് നിർണ്ണായക സ്വാധീനമാണുള്ളത്. 1991 ലെ കണക്കുകൾ അനുസരിച്ച് കേരളത്തിലെ കടൽ മത്സ്യ ഉല്പാദനം 5.65 ലക്ഷം ടൺ ആണ്. സംസ്ഥാന വരുമാനത്തിൽ നിർണ്ണായക പങ്കാണ് മത്സ്യബന്ധന മേഖലയ്ക്കുള്ളത്. സുമുദ്രോല്പന്ന കയറ്റുമതിയിലും ഗണ്യമായ പങ്ക് നമ്മുടെ സംസ്ഥാനത്തിനുണ്ട്.

വെച്ചൂർ പഞ്ചായത്തിന്റെ പടിഞ്ഞാറൻ തീരം 5 കിലോമീറ്റർ നീളം വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ടു സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ തെക്കും കിഴക്കും ഭാഗങ്ങൾ ഏകദേശം 5 കി.മീ. കൈപ്പുഴയാറുമായി ചേർന്നുകിടക്കുന്നു. ഇരുപതിലധികം തോടുകൾ ഈ പുഴയിൽചെന്നു ചേരുന്നുണ്ട്. കൂടാതെ കരിനിലങ്ങളും ഇടത്തോടുകളും കുളങ്ങളും വെച്ചൂർ പഞ്ചായത്തിന്റെ മത്സ്യസങ്കേതങ്ങളാണ്.

നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട മത്സ്യ ഇനങ്ങളാണ്. കരിമീൻ, തീരുത, ചെമ്പല്ലി കട്ല, തെരണ്ടിസ്രാവ്, വാള, വരാൽ, കണമ്പ്, വറ്റ, കുറിച്ചിൽ. പളളത്തി, കാരി, കൂരി, മുഷി, കോല, പൂളാൻ, പുല്ലൻ, നന്തൻ, കയ്പ, തിലോപ്പിയ, ആരാൻ, കുറുവ, പ്രാഞ്ഞിൽ, നങ്ക്, അറഞ്ഞിൽ, പൂമീൻ, വള്ളി പൂമീൻ, കണ്ണി, മനഞ്ഞിൽ, എന്നിവ. കൂടാതെ അനേകതരത്തിലുള്ള ചെറുമീനുകളും ഇവിടെ കണ്ടുവരുന്നു. കൂനച്ചെമ്മീൻ, നാരൻ ചെമ്മീൻ, കാരച്ചെമ്മീൻ, തെളളിച്ചെമ്മീൻ, ചൂടൻ ചെമ്മിൻ, കൊഞ്ച്, എന്നിവയും സുലഭമാണ്. ഞണ്ട്, ആമ, കക്ക, എന്നിവയും കാണപ്പെടുന്നു.

മത്സ്യബന്ധനത്തിനായി ചൂണ്ട, ഒറ്റാൽ, തെറ്റാലി, കൂട്, കൂർ, എന്നിവയും പന്ത്രണ്ടു വടി, ഊന്നിവല, കമ്പവല, ഉടക്കുവല, വട്ടവല, വീശുവല കോരുവല, ഉണ്ടവല എന്നീത്തരങ്ങളിൽപ്പെട്ട വലകളും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, പടല, വല്ലം, വെള്ളവലി, പുല്ലടി തുടങ്ങിയ പരമ്പരാഗത മത്സ്യ ബന്ധനരീതികളും അവലംബിച്ചു പോരുന്നുണ്ട്.

ഈ പ്രദേശത്ത്സ്ഥിതി ചെയ്യുവരുന്ന പലകുളങ്ങളും വെട്ടിശുചിയാക്കുമ്പോൾ കുളകക്കായെന്ന് വിളിയക്കപ്പെടുന്ന ഒരു തരം കക്കലഭിച്ചിരുന്നു സാധാരണ കക്കയേക്കാൾ എട്ട് ഇരട്ടിയോളം വലിപ്പം വരുന്നതും ഇറച്ചി ലഭിച്ചിരുന്നതും ആയ പ്രസ്തുത കക്ക ഇപ്പോൾ ഒരു കുളത്തിൽ നിന്നു പോലും ലഭിക്കുന്നില്ല. ഒരു കാലത്ത്

സുലഭമായിരുന്ന കുളക്കക്ക പൂർണ്ണമായി ഇല്ലാതായിമാറിയതിനുള്ള കരണം അജ്ഞാതമാണ് ഈരംഗത്ത് ഗവേഷണം നടത്തുന്നത് കുളങ്ങളിൽ അവയുടെ ഉൽപാദനം നടത്തുന്നതിന് ഒരു പക്ഷേ സഹായകരമായേക്കും.

മത്സ്യബന്ധനംകൊണ്ടും കക്കാ സംഭരിച്ച് ഇറച്ചിയുല്പാദിപ്പിച്ച് വിപണനം നടത്തുന്നതുകൊണ്ടും അന്യ പ്രദേശങ്ങളിൽനിന്ന് മത്സ്യം വാങ്ങി വിപണനം നടത്തിയും ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾ ധാരാളമുണ്ട്, കടൽ മത്സ്യവും കായൽമത്സ്യവും അന്യപ്രദേശങ്ങളിൽ നിന്ന് വിലയ്ക്കുവാങ്ങി ചന്തകളിലും വീടുകൾ തോറും കൊണ്ടുനടന്നു വില്പന നടത്തുന്ന സ്ത്രീകൾ ധാരാളമുണ്ട്. ഏകദേശം 80 സ്ത്രീകൾ വൈക്കത്തുനിന്നുമാത്രം വില്പനയ്ക്കുവേണ്ടി മത്സ്യം ശേഖരിക്കുന്നതായി കണക്കാക്കപ്പെടുന്നു. മത്സ്യസംഭത്തിന്റെ കുറവും ഇടത്തട്ടുകാരുടെ ചൂക്ഷണവും മത്സ്യ സംഭരണകേന്ദ്രങ്ങൾ സ്വകാര്യ വ്യക്തികൾ തന്നെ നടത്തുന്നതും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘത്തിന്റെ അഭാവവും ഈ മേഖലയിൽ അനുഭവിച്ചുവരുന്ന പ്രശ്നങ്ങളാണ്. പൂർണ്ണവളർച്ചയെത്താത്ത കക്കാവാരുന്നതു, യഥാർത്ഥത്തിൽ കിട്ടാവുന്ന അളവിൽ കക്കായുടേയും കക്കായിറച്ചിയുടേയും ലഭ്യതകുറയുന്നതിന് ഇടയാക്കുന്നതു കൂടാതെ ധാരാളം പാരിതസ്ഥിതിക പ്രശ്നങ്ങൾക്കും വഴിയൊരുക്കന്നുണ്ട്. ഒരു ഫിഷ് ലാൻറിംങ് സെൻറർ ഇല്ലാത്തതും ഐസ് പ്ലാൻറിന്റെ അഭാവവും മത്സ്യം സൂക്ഷിക്കുന്നതിനും കാര്യക്ഷമമായ വിപണനത്തിനും വിഘാതം സൃഷ്ടിക്കുന്നു.

ധാരാളം കുളങ്ങളും തോടുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശം ഉൾനാടൻ മത്സ്യകൃഷിക്ക് വളരെ അനുയോജ്യമാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങൾ പാട്ടത്തിന് കൊടുത്തും സ്വകാര്യവ്യക്തികളുടെ കുളങ്ങളിൽ വളർത്തുന്നതിന് അനുയോജ്യമായ തരം മീൻ കുഞ്ഞങ്ങളെ വിതരണം ചെയ്തും മത്സ്യം വളർത്തുന്നതിൽ ബോധവൽക്കരണം നൽകിയും ഉൾനാടൻ മത്സ്യ കൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

തണ്ണീർമുക്കം ബണ്ടിലെ ഷട്ടറുകൾ താഴ്ത്തുന്നതും വൃശ്ചിക വേലിയേറ്റത്തെ തടയുന്നതും വേമ്പനാട്ടു കായലിലെ മത്സ്യപ്രജനനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇതോടൊപ്പം ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടയാക്കുന്നുണ്ട്. കൃഷിയിറക്കുന്ന സമയം ക്രമീകരിച്ചുകൊണ്ട് ഷട്ടർ താഴ്ത്തിയിടുന്ന കാലയളവ് കുറയ്ക്കാവുന്നതാണ്. കഴിഞ്ഞവർഷം പനങ്ങാട് ഫിഷറീസ്കോളേജിൽ നിന്ന് ആറ്റുകൊഞ്ചിന്റെ കുഞ്ഞുങ്ങളെ വേമ്പനാട്ട് കായലിൽ നിക്ഷേപിച്ചത് പൂർണ്ണമായി വിജയിച്ചില്ലെങ്കിൽപോലും ശ്ലാഘനീയമാണ്. നിക്ഷേപിക്കപ്പെടുന്ന കുഞ്ഞുങ്ങളെ വളർച്ചയെത്തുന്നതിനുമുമ്പ് തന്നെ പിടിയ്ക്കാതിരിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടും ഇതിനാവശ്യമായ ബോധവൽക്കരണം നൽകിക്കൊണ്ടും പദ്ധതി നടപ്പിലാക്കുന്നത് വളരെയധികം പ്രയോജനം ഈ മേഖലയിൽ നൽകുന്നതിന് കളമൊരുക്കും. ആറ്റുകൊഞ്ചിന്റെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുപോലെ ചെമ്മീൻ കുഞ്ഞുങ്ങളേയും മറ്റു ഓരുജല മത്സ്യകുഞ്ഞുങ്ങളേയും നിക്ഷേപിക്കുന്നത് ഈ രംഗത്ത് സാദ്ധ്യതകൾ വളരെയധികം വർദ്ധിപ്പിക്കുന്നതിന് ഉതകും.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായകരമായ പല പദ്ധതികളേക്കുറിച്ചുള്ള അജ്ഞതയും മത്സ്യത്തൊഴിലാളികളുടെ മദ്ധ്യേയുള്ള ഒരു പ്രശ്നമാണ്. ഇതിനാവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കുന്നതിൽ പഞ്ചായത്തു മുൻകൈയെടുക്കണം. ഫിഷറീസ് ഡിപ്പാർട്ടുമെൻറ് മുഖേന നടപ്പിലാക്കി വരുന്ന പല പദ്ധതികളുടേയും പ്രയോജനം ഈ രംഗത്ത് തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. മത്സ്യബന്ധന ഉപകരണങ്ങളായ വളളം വല നൂല് മറ്റു അനുബന്ധ ഉപകരണങ്ങൾ കടലോര മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന അതേ രീതിയിൽ ന്യായമായ വിലയ്ക്ക് ലഭ്യമാകാത്തതും ഈ മേഖലയിൽ നിലവിലനുഭവപ്പെട്ടുവരുന്ന ഒരു പ്രശ്നമാണ്.

ഈ പ്രദേശത്ത് തൊഴിലാളികൾ മത്സ്യബന്ധനത്തിനായി 250 ഓളം ചെറുവള്ളങ്ങൾ ഉപയോഗിച്ചുവരുന്നു. ഓരോ വർഷവും റിപ്പയറിംഗിനായി ധാരാളം ചെലവുകൾ ഉണ്ടാകുന്നതും മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ശേഷിയെ ബാധിക്കുന്നുണ്ട് ഫൈബർ വള്ളങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതു വഴിയായി ഒരളവുവരെ ഇത് പരിഹരിക്കുന്നതിന് ഇടയാക്കും അടിക്കടിയുണ്ടാകുന്ന മത്സ്യ രോഗങ്ങൾ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുന്നു. രോഗനിർണ്ണയം നടത്തുന്നതും പ്രതിവിധികൾ സ്വീകരിക്കുന്നതും ഫലപ്രദമായി നടപ്പിലാക്കാത്തത് ഈ മേഖലയിലെ ഒരു ഭീഷണിയായി തുടരുന്നു. ഉൾനാടൻ തോടുകളിൽ വർഷം തോറും അനുഭവപ്പെട്ടുവരുന്ന ആഴക്കുറവും പാടശേഖരങ്ങളിൽ നിന്ന് തോടുകളിലേയ്ക്ക് ഒഴുക്കിവിടുന്ന രാസവളങ്ങളുടേയും കീടനാശിനികളുടേയും അവശിഷ്ടങ്ങൾ അടങ്ങിയ മലിനജലം ജലമലിനീകരണത്തിനിടയാക്കുന്ന മറ്റുപ്രശ്നങ്ങൾ എന്നിവയെല്ലാം മത്സ്യങ്ങളുടെ പ്രജനനത്തിനും തദ്വാരാ മത്സ്യങ്ങളുടെ വിരളതയ്ക്കും കാരണങ്ങളായിത്തീരുന്നുണ്ട്. ഉൾനാടൻ മത്സ്യങ്ങളായ വരാൽ, കാരി, മുഷി, തുടങ്ങിയ മത്സ്യങ്ങളുട ലഭ്യത വളരെയധികം കുറഞ്ഞുപോയിട്ടുണ്ട്. ഇവയിൽ പലതും അന്യം നിന്നുപോകുമോ എന്നുപോലും സംശയിക്കത്തക്കരീതിയിലാണ് ഈ ലഭ്യത കുറവ് അനുഭവപ്പെട്ടുവരുന്നത്.

ഈ പഞ്ചായത്തിൽ പൊതു മത്സ്യമാർക്കറ്റ് നിലവിലില്ല . അഞ്ച് കേന്ദ്രങ്ങളിലായി മത്സ്യവിപണനം നടന്നുവരുന്നു കൂടാതെ തലചുമടായും റോഡുകളുടെ പാർശ്വങ്ങളിലിരുന്നും മത്സ്യവിപണനം ചെയ്തുവരുന്നുണ്ട്. അന്യപ്രദേശങ്ങളിൽ നിന്ന് ശേഖരിച്ച് സൈക്കിളുകളിലും മറ്റും കൊണ്ടുനടന്ന് വിൽപന നടത്തിവരുന്നുണ്ട്.

ഈ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളി കോളനി നിലവിലില്ല. പഞ്ചായത്തിന്റെ 3, 4, 5, 9 വാർഡുകളിലാണ് മത്സ്യത്തൊഴിലാളികൾ ഭൂരിഭാഗവും താമസിച്ചുവരുന്നത് പൊതുവേ വൈദ്യുതി, കുടിവെള്ളം കക്കൂസ്, മൂതലായ സൗകര്യങ്ങൾ വളരെക്കുറവാണ്. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം അത്ര മെച്ചപ്പെട്ടതല്ല.

തണ്ണീർമുക്കം ബണ്ടിലെ ഷട്ടറുകൾ ഓരു വെള്ളം കയറാതിരിക്കുന്നതിന് അടയ്ക്കുന്നതോടെ ബണ്ടിന് തെക്കുവശത്തു മത്സ്യബന്ധനത്തിന് സാദ്ധ്യത കുറയുന്നതും തെക്കുവശത്തു കക്കായുടെ ഉല്പാദനം നടക്കാതെ വരുന്നു വെന്നതും ഏറെ ശ്രദ്ധേയമാണ്. ഈ അവസ്ഥയിൽ ഈ പ്രദേശത്തുള്ള മത്സ്യബന്ധനത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുവെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

നിലവിൽ കൗതുകത്തിനായി പലരും കാഴ്ച മത്സ്യങ്ങളെ വളർത്തി വരുന്നുണ്ട്. എന്നാൽ വിപണന സൗകര്യം ലക്ഷ്യമാക്കി വളർത്തുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി അവയെ വിപണനം ലക്ഷ്യമാക്കി വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണവും സാങ്കേതിക ഉപകരണങ്ങളും നൽകുന്നത് പ്രയോജനപ്രദമായിരിക്കും.

തണ്ണീർമുക്കം ബണ്ടിനോടനുബന്ധിച്ച് നിലവിലുള്ള അപ്രോച്ച് റോഡിന് പടിഞ്ഞാറുവശത്തായി ലോക്കിനോട് ചേർന്ന് തെക്കുവശത്തായി സ്ഥിതിചെയ്തുവരുന്ന ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു ഫിഷ് ലാൻറിംഗ് സെൻററും മത്സ്യസംഭരണകേന്ദ്രവും മത്സ്യമാർക്കറ്റും സ്ഥാപിക്കുന്നത് വളരെ നന്നായിരിക്കും. റോഡ് സൗകര്യവും കായലിന്റെ സാമീപ്യവും ഒരേപോലെ ലഭ്യമാകുന്നതിനാൽ ഈ സ്ഥലം അനുയോജ്യമാണ്.

പ്രശ്നങ്ങൾ

1. ഫിഷ് ലാൻറിംഗ് സെൻറർ, വളളക്കടവ്, മത്സ്യമാർക്കറ്റ് എന്നിവയില്ല.
2. മത്സ്യബന്ധന ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നില്ല.
3. ഫിഷറീസ് വകുപ്പിൻെറ ധനസഹായങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.
4. മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ ഇല്ല.
5. ഐസ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ് തുടങ്ങിയവ ഇല്ല.
6. മത്സ്യത്തൊഴിലാളി കോളനി നിലവിലില്ല.
7. തണ്ണീർമുക്കം ബണ്ടിലെ ഷട്ടറുകൾ താഴ്ത്തുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.
8. മത്സ്യരോഗം തടയുന്നതിന് ഫലപ്രദമായ നടപടികൾ ഇല്ല.

സാദ്ധ്യതകൾ

1. 9–ാം വാർഡ് കേന്ദ്രീകരിച്ച് ഒരു വളളക്കടവ് സ്ഥാപിക്കുക.
2. മത്സ്യമാർക്കറ്റും, ലാൻറിംഗ് സെൻററും സ്ഥാപിക്കുക
3. കടലോര മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതുപോലെ മത്സ്യബന്ധന ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് വ്യാസ സ്റ്റോറുകൾ സ്ഥാപിക്കുക.
4. ഫിഷറീസ് വകുപ്പ്മുഖേന ലഭിക്കുന്ന ധനസഹായങ്ങൾ ലഭ്യമാക്കുകയും പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക.
5. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യവിപണനത്തിന് വാഹനസൗകര്യം ലഭ്യമാക്കുക.
6. മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം സ്ഥാപിക്കുക.
7. ഐസ്പ്ലാൻറ്, കോൾഡ് സ്റ്റോറേജ് മുതലായവ സ്ഥാപിക്കുക.
8. മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി കോളനി സ്ഥാപിക്കുക.
9. മത്സ്യരോഗം തടയുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊളളുക.
10. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.
11. മത്സ്യത്തൊഴിലാളികൾക്ക് കക്കൂസ്, വൈദ്യുതി, കുടിവെളളം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുക.
12. മത്സ്യം വളർത്തുന്നതിനായി സാങ്കേതിക സാമ്പത്തിക സഹായം നൽകുക.
13. മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയോ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് ഹാച്ചറി സ്ഥാപിക്കുകയോ ചെയ്യുക.
14. കൊഞ്ച്, ചെമ്മീൻ, ഓരുജല മത്സ്യക്കുഞ്ഞുങ്ങൾ എന്നിവ വേമ്പനാട്ടുകായലിൽ നിക്ഷേപിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
15. ആഫ്രിക്കൻ പായൽ മത്സ്യബന്ധനത്തിന് തടസ്സം സൃഷ്ടിക്കുന്നതിനാൽ പായൽ നശീകരണ നടപടികൾ കൈക്കൊളളുക.

വിദ്യാഭ്യാസം

"തേനും വയമ്പും തൊട്ടുകൊടുത്തനാവിൽ നിലത്തെഴുത്ത് ആശാന്റെ മോതിരത്തിൽ നിന്ന് സ്വർണ്ണാക്ഷരം വിരിയുന്നതോടെ 'വിദ്യാരംഭ'ത്തിന് തുടക്കം കുറിക്കുകയാണ്"

അതിപുരാതന കാലം മുതൽ തന്നെ ആശാൻ കളരികളിൽ നിന്ന് അക്ഷരാഭ്യാസം നേടിയിരുന്ന ഗ്രാമീണർ അക്ഷരജ്ഞാനത്തിൽ മുന്നിലാണ്. കളരികളിൽ നിന്ന് അക്ഷരം ഉറപ്പിച്ച് 'വായനപ്പൊഴുതു' നടത്തി പുറത്തുവരുന്നവർക്ക് സ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം പരിമിതമായിരുന്നു. കളരിയ്ക്കൽ സ്കൂൾ ആയിരുന്നു ഇവിടത്തെ ആദ്യ സ്കൂൾ. ഇത് പിന്നീട് പെരുമന സ്കൂൾ എന്നറിയപ്പെടുന്ന ഗവൺമെൻറ എൽ.പി. സ്കൂളായി മാറി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി 10കി.മീ. മുതൽ 15കി.മീ. വരെ കാൽനടയായി പോയി പഠിച്ച ചരിത്രമാണ് ഇവിടുത്തെ പഴമക്കാർക്കുള്ളത്. ഇപ്പോൾ ഈ ഗ്രാമത്തിൽ 3 ഹൈസ്കൂളുകളും 2 എൽ.പി. സ്കൂളും നിലവിലുണ്ട്. പട്ടികജാതിക്കാരായ കുട്ടികളെ ഉദ്ദേശിച്ച് ഒരു വെൽഫെയർ സ്കൂൾ മൂച്ചൂർക്കാവിന് സമീപത്ത് പ്രവർത്തിച്ചിരുന്നു, കൂടാതെ ഒരു ഇൻഡസ്ട്രിയൽ സ്കൂളും ഈ ഗ്രാമത്തിൽ പ്രവൃത്തിച്ചിരുന്നുവെങ്കിലും ഇവ രണ്ടും നിലവിലില്ല. തലയാഴ പഞ്ചായത്തിൽ ഉല്ലലയിലെ വെച്ചൂർ N.S.S. ഹൈസ്കൂൾ നിലവിൽ വന്നതോടെ വിദ്യാഭ്യാസ സൗകര്യം കുറേകൂടി മെച്ചപ്പെട്ടു.

ഈ പഞ്ചായത്തിലെ ഏററവും പ്രധാന നേട്ടം രാഷ്ട്രഭാഷ പ്രചരണത്തിന്റെ ഭാഗമായി ഒരു സൗജന്യ ഹിന്ദി വിദ്യാലയം ഹിന്ദി പ്രേമീമണ്ഡലം എന്ന പേരിൽ പ്രവൃത്തിക്കുന്നുവെന്നതാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്ത് 1941 ൽ ഏകദേശം 12 കുട്ടികളോടെ ആദ്യത്തെ ഹിന്ദി ക്ലാസ്സ് ആരംഭിച്ചു. തുടർന്ന് നെടുംമ്പറമ്പ് ഇല്ലത്ത് ശ്രീ. ഡി. ദാമോദരൻ നമ്പൂതിരി 1947ൽ പ്രബോദ് ഹിന്ദി വിദ്യാലയം ആരംഭിച്ചു. 1966ൽ ഇത് ഹിന്ദി പ്രേമിമത്സലമായി രജിസ്ററർ ചെയ്തു. തുടർന്ന് ഹിന്ദി ലൈബ്രറിയും, ഹിന്ദി ടൈപ്പ് റൈറിംഗും, ഷോർട്ട്ഹാൻറും ആരംഭിച്ചു. നമ്മുടെ താലൂക്കിന്റെ വിവധ ഭാഗങ്ങളിൽ നിന്നും, ചേർത്തല, കുമരകപ്രദേശങ്ങളിൽ നിന്നും നിരവധി വിദ്യാർത്ഥികൾ പഠിക്കുവാൻ എത്തുന്നു.

1965 വർഷത്തിൽ ഹൈസ്കൂളായി ഉയർത്തിയ സെൻറ് മൈക്കിൾ സ്കൂൾ ആണ് ഗ്രാമത്തിൽ ആദ്യത്തേത്. ഗവൺ: ദേവി വിലാസവും പുത്തൻപാലത്തിന് സമീപമുള്ള പെരുമനസ്കൂളും (ഗവൺ: H.S.വെച്ചൂർ) പിന്നീട് ഹൈസ്കൂളുകളായി ഉയർത്തപ്പെട്ടു. ദേവിവിലാസം സ്വകാര്യമേഖലയിലാണ് ആരംഭിച്ചതെങ്കിലും പിന്നീട് ഗവൺമെൻറിന് കൈമാറി.

പട്ടിക. I

നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദവിവരം

സ്കൂളിന്റെ പേര് സ്ഥലം	ഉടമസ്ഥൻ	കുട്ടികളുടെ എണ്ണം			പട്ടികജാതി പട്ടികവർഗ്ഗം			അദ്ധ്യാപകർ	ഏക്കർ
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
ഗവൺ: ദേവിവിലാസം ഹൈസ്കൂൾ	സർക്കാർ	560	467	1027	107	104	211	47	2
സെൻറ്: മൈക്കിൾസ് ഹൈസ്കൂൾ	എയ്ഡഡ്	439	426	865	39	31	70	34	3
ഗവൺ:ഹൈസ്കൂൾ വെച്ചൂർ	**സർക്കാർ**	**469**	**361**	**830**	**59**	**57**	**116**	**38**	**3**
സെൻറ്:ജോർജ് സെൻറ് എൽ.പി.എസ്സ്	എയ്ഡഡ്	108	98	205	5	2	7	6	50
സെൻറ്:മേരീസ് സെൻറ് എൽ.പി.എസ്സ്	എയ്ഡഡ്	145	134	279	40	26	60	8	69

ഈ സ്കൂളിന്റെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇവിടുത്തെ പ്രധാന പ്രശ്നം കുടിവെള്ളത്തിന്റെ അപര്യാപ്തതയാണ്. സ്കൂളിലെ ഭൗതീക സാഹചര്യങ്ങളും കുറവാണ്. ഹൈസ്കൂളുകളിൽ അക്കാഡമിക് സൗകര്യങ്ങൾ ഉണ്ടെങ്കിലും അവ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല. ഗ്രാമത്തിലെ ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. എന്നാൽ സ്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികൾ കുറവാണ്. ഈ പ്രവണത സജീവമായി ചർച്ചചെയ്യപ്പെടേണ്ടതാണ്.

പട്ടിക. 3

സ്കൂളിലെ ആൺപെൺതിരിച്ചുള്ള പട്ടിക

സ്കൂൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
ഗവ: ഹൈസ്കൂൾ വെച്ചൂർ	409	361	830
ഗവ: D.V.H.S. കുടവെച്ചൂർ	560	407	1027
S.M.H.S. കുടവെച്ചൂർ	439	426	865
St. George. L.P.S. അമിതകം	145	134	207
ആകെ	1576	1352	2928

അവലംബം ഒരുക്കിയ വിവരശേഖരണം

മുകളിൽ പട്ടികയിൽ വിവരിച്ചിരിയ്ക്കുന്ന പ്രകാരം സ്കൂൾ വിദ്യാർത്ഥികളിൽ ആൺകുട്ടികൾ 53.83 ശതമാനവും പെൺകുട്ടികൾ 46.17 ശതമാനവുമാകുന്നു.

സ്കൂളുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ നിന്നും ധാരാളം പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ഒരു രാജ്യത്തിന്റെ ഭാവി തലമുറയെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് വിദ്യാലയങ്ങളാണ്. എന്നാൽ വിദ്യാലയങ്ങളിലെ പഠനനിലവാരം വളരെ താഴ്ന്നതാണ്. ലൈബ്രറി സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലും ഉണ്ടെങ്കിലും പരമാവധി പ്രയോജനപ്പെടുന്നില്ല. ഓരോ വർഷവും കുട്ടികൾക്ക് ഒന്നോ രണ്ടോ തവണ പുസ്തകം നൽകുകയും പിന്നീടത് നിർത്തുകയും ചെയ്യുന്നു. ലാബ്രറോട്ടറി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല. സയൻസ് കോർണറുകൾ രൂപീകരിച്ച് പരീക്ഷണങ്ങളിലൂടെയും മറ്റും പഠനം രസകരമാക്കുവാൻ ശ്രമിക്കുന്നില്ല. പാഠ്യേതര വിഷയങ്ങൾ കാര്യക്ഷമമല്ല. സ്കൂളിലെ പ്രാഥമികസൗകര്യങ്ങളും ശുദ്ധജല വിതരണസംവിധാനവും തീരെ അപര്യാപ്തമാണ്. ഗവ: ദേവി വിലാസം, ഗവ:ഹൈസ്കൂൾ വെച്ചൂർ എന്നിവിടങ്ങളിലെ കുട്ടികൾ ഉച്ചഭക്ഷണത്തിന് ശേഷം കൈകഴുകുവാൻ പൊതുതോടുകളെയാണ് ആശ്രയിക്കുന്നത്. ഇത് പലപ്പോഴും അപകടം വിളിച്ചുവരുത്തുന്നു. മൂന്ന് ഹൈസ്കൂളിലെ പ്രധാന പരാധീനത കളി സ്ഥലത്തിന്റെ അപര്യാപ്തതയാണ്. സെൻറ് മൈക്കിൾ ഹൈസ്കൂളിന്റെ ഒരേക്കർ വിസ്തീർണ്ണമുള്ള ഒരു ഗ്രൗണ്ട് ഒഴിച്ചാൽ മറ്റൊരു സ്കൂളിനും കളിസ്ഥലമില്ല എന്നുതന്നെ പറയാം. ഓരോ സ്കൂളിനും ലഭ്യമായ ഗ്രൗണ്ടിന്റെ ലഭ്യത താഴെ കൊടുക്കുന്നു.

അവലംബം: ദ്വിതീയ വിവരശേഖരണം.

സ്കൂളിലെ അക്കാദമിക്ക്, ഭൗതികസാഹചര്യങ്ങൾ

ട്ടിക: 2 ളിന്റെ പേര്	ആകെ ഡിവിഷൻ	ടി.വി,വി.സി.ആർ വി.സി.പി. കമ്പ്യൂട്ടർ	റേഡിയോ	സ്റ്റേഡ് പ്രൊജക്ടർ	സിനിമപ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	സയൻസ് റും	കക്കൂസ്	മൂത്രപ്പുര	പാചകമുറി	കുടിവെള്ളം	വൈദ്യുതി	ഇനി ആവശ്യമുള്ളവ			
													ഡസ്ക്	ബഞ്ച്	മേശ	കസേര
ഹൈസ്കൂൾ വെച്ചൂർ	21	ഇല്ല	ഇല്ല	1	1	1	2	2 ഉപയോഗയോഗ്യം	1	ഇല്ല	കിണർ	കെഎസ്ഇബി	60	50	15	18
ദേവി വിലാസം ഹൈസ്കൂൾ കക്കവെച്ചൂർ	29	ഉണ്ട്	ഇല്ല	1	1 പ്രവർത്തനക്ഷമമല്ല	1	2	2	4	1	കുടിവെള്ള പദ്ധതി	ഉണ്ട്	25	40	10	25
ർ: മൈക്കിൾസ് ഹൈസ്കൂൾ	24	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	2	2	1	ഉണ്ട്	ഉണ്ട്				
ജോർജ് എൽ.പി.സ്കൂൾ കം	6	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	2	ഇല്ല	1	ഉണ്ട്	ഇല്ല				
ജോസിസ് എൽ.പി.സ്കൂൾ ടം	8	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	1	ഉണ്ട്	ഉണ്ട്				

പട്ടിക 4.

സ്കൂളിന്റെ പേര്	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം
ഗവ:ഹൈസ്കൂൾ വെച്ചൂർ	62 സെൻറ്
ഗവ: D.V.H.S. വെച്ചൂർ	40 സെൻറ്
സെൻറ്: മൈക്കിൾസ്	1 ഏക്കർ

അവലംബം:— ദ്വിതീയ വിവരശേഖരണം

വളരെ പിന്നോക്കാവസ്ഥ നിലനിന്നിരുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് പോയ നാളുകളിൽ പ്രാഥമിക വിദ്യാഭ്യാസം പോലും നേടുവാൻ കഴിഞ്ഞിരുന്നില്ല. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും മറ്റ് പിന്നോക്കജന വിഭാഗങ്ങളുമാണ്. ഇത് മുൻകാലങ്ങളിൽ ഭൂരിപക്ഷജനങ്ങളുടെ സ്കൂൾ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചു. കഴിഞ്ഞ ദശാബ്ദത്തിന്റെ അവസാനം നടപ്പിലാക്കിയ 'സമ്പൂർണ്ണ സാക്ഷരത' പരിപാടിയുടെ ഫലമായി ജനങ്ങൾ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കൂടുതൽ മനസ്സിലാക്കി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ മൂലം സ്കൂളുകളിൽ കൊഴിഞ്ഞുപോകൽ വളരെയധികം കുറയുവാൻ ഇടയായി. വിവിധ നിലവാരത്തിലുള്ള ഉയർച്ചയും ഇതിന് സഹായമായിട്ടുണ്ട്.

പട്ടിക 5

1995—96 അദ്ധ്യയന വർഷം കൊഴിഞ്ഞുപോയ കണക്ക്

സ്കൂളിന്റെ പേര്	I	II	III	IV	V	VI	VII	VIII	IX	X	ആകെ
ഗവ: ഹൈസ്കൂൾ വെച്ചൂർ	—	—	—	—	6	2	1	7	3	1	20
ഗവ: D.V.H.S.വെച്ചൂർ	—	6	—	—	—	2	1	3	9	—	21
സെൻറ്: മൈക്കിൾസ് H.S. കുടവെച്ചൂർ	—	—	—	—	—	2	6	10	10	2	30
സെൻറ്: ജോർജ് L.P.S.	—	—	—	—	—	—	—	—	—	—	—
സെൻറ്: മേരീസ് L.P.S.	1	—	—	2	—	—	—	—	—	—	3
									ആകെ		74

അവലംബം: ദ്വിതീയ വിവരശേഖരണം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുകയാണ്. അതിനുള്ള കാരണങ്ങൾ സ്കൂളിലെ പഠന നിലവാരത്തിന്റെ തകർച്ചയും പട്ടണങ്ങളിലെ സ്കൂളിലേയ്ക്കുള്ള മാറ്റവുമാണ്. അതിലുപരി, ഇംഗ്ലീഷ് മീഡിയം സ്കൂളുകളെക്കുറിച്ചുള്ള അമിതാവേശവുമാണ്.

ജനസംഖ്യാ നിരക്കിലുള്ള കുറവും മറെറാരു കാരണമാണ്. കഴിഞ്ഞ വർഷം ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ കലാകായിക മത്സരങ്ങളിൽ വിജയിക്കുവാൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല. സ്പോർട്സ് ഇനങ്ങളിൽ നല്ല രീതിയിൽ പരിശീലനം നൽകുന്നതിന് ഉതകുന്ന യാതൊരു സംവിധാനവും സ്കൂളുകളിൽ ലഭ്യമല്ല. എല്ലാ സ്കൂളിലും ഓരോ വർഷം കഴിയുന്തോറും S.S.L.C പരീക്ഷയിൽ വിജയശതമാനത്തിൽ ഗണ്യമായ പുരോഗതി നേടുവാൻ കഴിയുന്നില്ല.

പട്ടിക 6.

S.S.L.C.വിജയ ശതമാനം.

സ്കൂൾ	91—92	92—93	94—95	95—96	96—97
G.H.S	66%	70%	60%	52%	46%
D.V.H.S	60%	45%	31%	34%	45%
S.M.H.S	78.7%	66%	74%	71%	74%

ഇപ്രകാരം വിജയശതമാനം കുറയുവാനുള്ള പ്രധാന കാരണം താഴ്ന്ന ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുവാൻ കഴിയുന്നില്ല എന്നതാണ്. ദയനീയമായ മറെറാരു അവസ്ഥ കുട്ടികളിൽ അധികം പേർക്കും മലയാള ഭാഷ തെറ്റു കൂടാതെ എഴുതുവാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. ഇതിന് കാതലായ മാറ്റം വന്നേ മതിയാകൂ. താഴ്ന ക്ലാസ്സുകളിൽ അക്ഷരാഭ്യാസത്തിന് പ്രാധാന്യം നല്കി കൊണ്ട് ഓരോ സ്കൂളും തനതായ മാർഗ്ഗങ്ങൾ സ്വീകരിച്ച് പഠന നിലവാരം ഉയർത്തേണ്ടതാണ്. വിദ്യാഭ്യാസ പ്രോൽസാഹനത്തിന് ഈ പഞ്ചായത്തിൽ S.S.L.C പരീക്ഷയിൽ ഏറവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് ക്യാഷ് അവാർഡുകൾ നല്കി വരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർ കൊതവറ St: സേവ്യേഴസ് കോളേജ്, തലയോലപറമ്പ് D.B. കോളേജ്, ചേർത്തല S.N. കോളേജ്, St: മൈക്കിൾസ്, ചേർത്തല N.S.S എന്നീ കോളേജുകളിലാണ് ഭൂരിഭാഗം വിദ്യാർത്ഥികളും പഠിക്കുന്നത്. കൂടാതെ വൈക്കത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ചേർത്തല പോളീടെക്നിക്ക് സ്കൂൾ എന്നിവിടങ്ങളിലും പഠിക്കുന്നു. എന്നാൽ വൈക്കത്തുള്ള പാരലൽ കോളേജുകളാണ് ഭൂരിപക്ഷംകുട്ടികളുടെ ആശ്രയം ഇത് പരിഹരിക്കുന്നതിന് ഒരു ടെക്നിക്കൽ സ്കൂളും V.H.S.C. ഈ പഞ്ചായത്തിലാവശ്യമാണ്

പ്രൈമറി മുതൽ വൈക്കം ചേർത്തല എന്നിവിടങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ, കുട്ടികൾ പോയി പഠിക്കുന്നു. പഞ്ചായത്തിൽ ആകെ 6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഗവൺ: D.V.H.S. ൽ ഒരു പ്രീ പ്രൈമറി സ്കൂളും പ്രവർത്തിയ്ക്കുന്നുണ്ട്. കൂടാതെ 12 അംഗനവാടികളും മൂന്ന് നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. 5 അംഗനവാടികൾക്കാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. ഇവിടെ കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളും മറ് സൗകര്യങ്ങളുമില്ല. 16000 ത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ 12 അംഗനവാടികളാണ് ഉള്ളത്. 1000 പേർക്ക് ഒന്ന് എന്ന കണക്കനുസരിച്ച് 4 എണ്ണം കൂടിവേണം.

അക്ഷരങ്ങളുടെ നാടായ കോട്ടയം ജില്ലയിൽ വേമ്പനാട്ടു കായലിനോടു ചേർന്നുള്ള അതിർത്തി ഗ്രാമമായ വെച്ചൂരിലെ ജനങ്ങളുടെ വായനശീലത്തെ വളർത്തുന്ന രണ്ട് ഗ്രന്ഥശാലകൾ പ്രവൃത്തിയ്ക്കുന്നു. ഇടയാഴത്തെ

മഹത്മാ സ്മാരക ഗ്രന്ഥശാലയാണ് ഏറ്റവും പഴക്കമുള്ള മറ്റൊന്ന് അംബികാ മാർക്കറിലെ പോപ്പ് ജോൺ മെമ്മോറിയൽ ലൈബ്രറിയാണ്. ഈ ഗ്രന്ഥശാലകൾ ഇവിടുത്തെ വിദ്യാഭ്യാസപുരോഗതിക്ക് വളരെ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തിലെ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുടെ പ്രവർത്തനം വിദ്യാർത്ഥികളുടെ കലാകായികശേഷി വർദ്ധിപ്പിക്കുവാൻ സഹായകമായി തീരുന്ന തരത്തിൽ രൂപപ്പെടുത്തേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പകുതിയോളം ഭാഗത്ത് വ്യാപിച്ച് കിടക്കുന്ന ഒന്നും എട്ടും വാർഡുകളിലെ കുട്ടികൾക്ക് 5 കി.മീ. ദൂരം യാത്ര ചെയ്യേണ്ടിവരുന്നു. ടി. വാർഡുകളിൽ ഒരു വിദ്യാലയം പോലുമില്ല.
2. വെച്ചൂർ ഗവൺ: ഹൈസ്കൂളിന് (പെരുമന) സ്വന്തമായി കെട്ടിടമില്ല.
3. St. മൈക്കിൾസ് ഒഴികെയുള്ള മറ്റ് സ്കൂളുകൾക്ക് കളിസ്ഥലമില്ല.
4. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് ആവശ്യമായ മൂത്രപ്പുര, കക്കൂസ് എന്നിവ ഉണ്ടെങ്കിലും ഒന്നും ഉപയോഗപ്രദമല്ല.
5. കുടിവെള്ളം ലഭ്യമല്ല.
6. P.T.A. യുടെ പ്രവർത്തനം കാര്യക്ഷമമല്ല.
7. ആവശ്യത്തിനുള്ള ഫർണിച്ചറുകളില്ല.
8. കാര്യക്ഷമമായ രീതിയിലുള്ള ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളില്ല. നിലവിലുള്ളത് പ്രയോജനപ്പെടുത്തുന്നില്ല.
9. പഠന സഹായിയായ ദൃശ്യ ഉപാധികൾ ഉപയോഗിക്കുന്നില്ല.
10. കലാകായിക പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങളില്ല.
11. V.H.S.C യോ +2 യോ പഞ്ചായത്തിലില്ല.
12. വെച്ചൂർ ഗവൺമെൻറ് ഹൈസ്കൂൾ കോമ്പൗണ്ടിന് മദ്ധ്യഭാഗത്തുള്ള വഴി സ്കൂൾ അച്ചടക്കത്തെ ബാധിക്കുന്നു.
12. നാട്ടുകാരും അർപ്പണമനോഭാവമുള്ളവരുമായ അധ്യാപകരുടെ അഭാവം.
14. പാഠ്യേതര വിഷയങ്ങൾക്ക് പ്രാധാന്യം നല്കുവാൻ ശ്രമിക്കുന്നില്ല.
15. ദേശീയസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്വാന്ത്ര്യസമരസഹന സന്ദേശം അവർക്ക് ബോധ്യപ്പെടുത്തി കൊടുക്കുന്ന രീതിയിൽ ബോധനം നടത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുക
2. സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുക.

3. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

4. കലാകായിക രംഗങ്ങളിൽ കുട്ടികൾക്ക് പരിശീലനം നല്കുകയും അതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

5. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പരിശീലനം നല്കുക.

6. പഞ്ചായത്തുകളിലെ സ്കൂളിലെ പഠനനിലവാരം വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലഉപഭോക്തൃ സമിതി രൂപീകരിക്കുക.

7. ടെക്നിക്കൽ സ്കൂൾ, +2 എന്നിവ ആരംഭിക്കുക.

8. സ്കൂൾ നിരക്ഷരത നിർമാർജനത്തിനായി എൽ.പി, യു.പി. തലങ്ങളിൽ പ്രത്യേകമായി തനതായ സംവിധാനം ഏർപ്പെടുത്തുക.

9. സ്കൂളോടനുബന്ധിച്ച് പ്രീ: പ്രൈമറി സെൻററുകൾ ആരംഭിച്ച് അക്ഷര പഠനത്തിന് പ്രാധാന്യം കൊടുക്കുക.

10. ഉച്ചകഞ്ഞി വിതരണത്തിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക.

11. P.T.A പ്രവർത്തനം കാര്യക്ഷമമാക്കുവാൻ രക്ഷാകർത്താക്കളുടെ പങ്കാളിത്വം വർദ്ധിപ്പിക്കുകയും ചെയ്യുക.

12. ബാല്യത്തിൽ തന്നെ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിന് നിലത്തെഴുത്തു കളരി സമ്പ്രദായം പ്രോൽസാഹിപ്പിക്കുക.

13. സ്കൂൾ കോപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കുക.

14. തുടർ സാക്ഷരത പരിപാടി ആവിഷ്കരിക്കുക.

15. വെച്ചൂർ ഗവൺ: ഹൈസ്കൂളിൻെറ മദ്ധ്യഭാഗത്തുള്ള വഴി സ്കൂളിൻെറ വടക്ക് ഭാഗത്തേയ്ക്കു മാറ്റുക.

16. വെച്ചൂർ ഗവൺമെൻറ് ഹൈസ്കൂളിന് ലഭ്യമായ സ്ഥലം നികർത്തി ഗ്രൗണ്ട് നിർമ്മിക്കുക.

17. പഞ്ചായത്തിലെ സ്കൂളുകളിൽ മാതൃസംഗമം സംഘടിപ്പിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്താനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ രംഗത്ത് സമീപകാലത്ത് പഞ്ചായത്തിൻെറ അഭിമാനമായി മാറിയവർ

കുട്ടികളുടെ പേര്	റാങ്ക് കിട്ടിയ വർഷം	ഏത് വിഷയത്തിൽ	റാങ്ക്
സുജ പ്ലാത്താനത്ത്	1994—95	ബി.എസ്സ്.സി.സുവോളജി	ഒന്നാംറാങ്ക്.
അനീഷ് — അനീഷ്ഭവനം	1994—95	ഇലക്ട്രിക്കൽ—പോളിടെക്നിക്	ഒന്നാംറാങ്ക്
റിനിഫിലിപ്പ്—പള്ളിവാതുക്കൽ	1995—96	ബി.എസ്സ്.സി. ഹോംസയൻസ്	ഒന്നാംറാങ്ക്.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

'ശുദ്ധജലമെന്നാൽ നല്ല ആരോഗ്യം എന്നാണർത്ഥം' എന്നതായിരുന്നു 1955-ലെ ലോകാരോഗ്യദിന സന്ദേശം. 1996-ന്റെ അവസാന നാളുകളിൽപോലും ഈ ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു. വെച്ചൂർ ഗ്രാമപഞ്ചായത്ത് നിവാസികൾ മുൻകാലങ്ങളിൽ കുടിവെള്ളത്തിനായി കിണറുകളേയും കുളങ്ങളേയും ആണ് ആശ്രയിച്ചിരുന്നത്. സർക്കാരിന്റെ വിവിധ പദ്ധതിപ്രകാരം ഈ പഞ്ചായത്ത് പ്രദേശത്ത് 28 കിണറുകൾ കുഴിച്ചിട്ടുള്ളതിൽ 12 കിണറുകളിൽനിന്ന് മാത്രമാണ് ഇന്ന് ശുദ്ധജലം ലഭ്യമാകുന്നത്. 3 പൊതുകുളങ്ങളുണ്ടെങ്കിലും കുടിവെള്ളത്തിനായി ഇവയെ ആശ്രയിക്കുവാൻ പറ്റാത്ത അവസ്ഥയാണ്. ഗ്രാമത്തിന്റെ പടിഞ്ഞാറൻമേഖല കായലോര പ്രദേശവും കിഴക്കൻമേഖല പുഞ്ചപ്പാടങ്ങളും ആയതിനാൽ ഈ പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നത് പ്രായോഗികമല്ല. കായലോരത്ത് ഉപ്പുരസവും പാടശേഖരപ്രദേശത്ത് പുളിരസവും കൂടുതലായി അനുഭവപ്പെടുന്നു. കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ഒന്നാണ് വെച്ചൂർ ഗ്രാമപഞ്ചായത്ത്. ശുദ്ധജല വിതരണ സംവിധാനം ഇന്നും എത്തിച്ചേർന്നിട്ടില്ലാത്ത ഒറ്റപ്പെട്ട പ്രദേശങ്ങൾ ഈ ഗ്രാമത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ട്. വേനൽകാലങ്ങളിൽ വാഹനങ്ങളിലും വള്ളങ്ങളിലും കുടിവെള്ളം വിതരണം നടത്തേണ്ടിവരുന്ന അവസ്ഥയാണ് ഇവിടെ നിലവിലുള്ളത്.

വൈക്കം താലൂക്കിലെ പഞ്ചായത്തുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പിറവം ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ഈ പദ്ധതികൊണ്ട് ഈ പഞ്ചായത്ത് നിവാസികൾക്ക് പ്രയോജനം ലഭിക്കുന്നില്ല. പൈപ്പ് ജലം വന്നതോടെ നിലവിലുണ്ടായിരുന്ന ജലശ്രോതസ്സുകൾ സംരക്ഷിക്കപ്പെടാതെ പോയി. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 1994-ൽ അംബികാമാർക്കറ്റിൽ കുഴൽകിണർ സ്ഥാപിച്ച് അവിടെനിന്നുമുള്ള ജലം പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്തുവരുന്നു.

ഇടയാഴം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 1995-96ൽ 3663 പേർക്ക് ജലജന്യരോഗ ബാധയുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നുതന്നെ ശുദ്ധജല ക്ഷാമത്തിന്റെ തീവ്രത മനസ്സിലാക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. പിറവം ശുദ്ധജല വിതരണ പദ്ധതിയിൽനിന്നുള്ള ജലം ഇവിടെ അൽപം പോലും ലഭിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.
2. എ. അംബികാ മാർക്കറ്റിൽ സ്ഥാപിച്ചിരിക്കുന്ന കുഴൽകിണറിൽനിന്നും ലഭിക്കുന്നത് ഉപ്പുരസം കലർന്ന കഠിന ജലമാണ്. ഈ ജലത്തിൽ ഭക്ഷണം പാചകം ചെയ്യുന്നതുമൂലം അവ മണിക്കൂറുകൾക്കുള്ളിൽ ഭക്ഷ്യയോഗ്യമല്ലാതായി തീരുന്നു.

നിലവിലുള്ള കുടിവെള്ള സംവിധാനങ്ങൾ

പൊതുകിണർ		പൊതുടാങ്ക്		പൊതുടാപ്പ്	
പ്രവർത്തിക്കുന്നവ	പ്രവർത്തനക്ഷമമല്ലാത്തവ	പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തത്	പ്രവർത്തിക്കുന്നവ	പ്രവർത്തിക്കാത്തത്
12	16	1	2	72	

അവലംബം: ബ്ലോക്ക് ഡാറ്റാ ബാങ്ക്

ബി. ഇവിടെ ജലം വേണ്ടവിധത്തിൽ സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

സി. ജല ശുദ്ധീകരണ പ്രക്രിയ ശരിയായ രീതിയിൽ നടത്തുന്നില്ല.

ഡി. എല്ലാ ഭാഗങ്ങളിലും നിലവിലുള്ള പൈപ്പുകളിലൂടെ ഈ ജലം ലഭ്യമാകുന്നില്ല.

ഇ. മുഴുവൻ സമയവും ജലം ലഭ്യമല്ല.

3. മറ്റം, മഞ്ചാടിക്കരി തുടങ്ങി പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലും പൈപ്പ് ജലം ഇനിയും എത്തിയിട്ടില്ല.

4. പൈപ്പ് ജലത്തിന്റെ ആവിർഭാവത്തോടെ നിലവിലുണ്ടായിരുന്ന കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കപ്പെടാതെപോയി.

5. കായലോര പ്രദേശങ്ങളിലെ ഉപ്പുരസവും പാടശേഖരങ്ങളിലെ പുളിരസവും ചെളിമണവും ഈ പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുവാൻ സാദ്ധ്യമല്ലാതാക്കി.

6. പൈപ്പ് ജലത്തിന്റെ ദുർവിനിയോഗം കുടിവെള്ള ക്ഷാമത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.

7. ഗ്രാമത്തിലെ കോളനികളോടനുബന്ധിച്ച് സ്ഥാപിച്ചിരിക്കുന്ന കിണറുകൾ ശരിയായ വിധത്തിൽ സംരക്ഷിക്കപ്പെടാതിരിക്കുന്നതും കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താതിരിക്കുന്നതും മൂലം ഇന്ന് ഉപയോഗപ്രദമല്ല.

8. ജനവാസം കൂടുതലുള്ള പലപ്രദേശങ്ങളിലും ഇന്നും ശുദ്ധജലത്തിനായി ജനങ്ങൾ വളരെദൂരം യാത്രചെയ്യേണ്ടിവരുന്നു.

9. പഞ്ചായത്തിന് തനതായ ഒരു ശുദ്ധജല വിതരണപദ്ധതി നിലവിലില്ല.

10. നിലവിലുള്ള പൈപ്പുകൾ പലസ്ഥലങ്ങളിലും റോഡിനടിയിലാണ് സ്ഥിതി ചെയ്യുന്നത്. വാഹന ഗതാഗതംമൂലം ഈ പൈപ്പുകൾ തകരുവാനുള്ള സാദ്ധ്യത കൂടുതലാണ്.

കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ്	സ്ഥലങ്ങൾ
1	മണലേൽ, മഞ്ചാടിക്കരി, ഈരയിൽ പാലത്തിന് തെക്കുവശം, വലിയ വെളിച്ചം, പ്ളായിഭാഗം, കിഴക്കോട്ട് - ഈട്ടുംപുറം റോഡിന് തെക്ക് മുകളേത്തറ, ദേവിവിലാസം ഹൈസ്കൂളിന് കിഴക്ക് കീളോത്തറ കടവ്, പറയിനിട്ടേൽ, അംഗൻവാടി, വലിയ പുതുക്കരി തെക്കുവശം.
2.	കൈപ്പുഴമുട്ടിന് പടിഞ്ഞാറ് കരിമാലി പ്രദേശം, ആളൂർ പറമ്പിന് പടിഞ്ഞാറ്.
3.	റാണിമുക്ക്, ഉച്ചാനത്തുകോളനി, കളത്തുപറമ്പ് കോളനി, അയ്യനാട്ടുകോളനി, ദൈവപുരയ്ക്കൽ, വെട്ടിക്കാട്ട് റോഡ്, കിടപ്പള്ളി - തീരദേശ റോഡ്, റാണിമുക്ക്-പട്ടത്താനം-അംഗൻവാടി പ്രദേശം.
4.	കാളങ്കേരി പ്രദേശം, കൽപ്പക വടക്ക് വല്യാശ്ശേരി താഴെ, അമ്പാട്ടുപുരയിടം, താഴയ്ക്കാട്ട് പ്രദേശം.
5.	മടത്തിക്കരി ഭാഗം, ചെങ്ങണ്ണേഴത്ത് പടിഞ്ഞാറ് കുന്നത്തിൽ കോളനി.
6.	ബണ്ട് റോഡിന് തെക്ക്, അയ്യനാട് കുന്നക്കാട് വഴി വാഴേശ്ശേരി ഭാഗം ബണ്ട് റോഡ് ജംഗ്ഷന് കിഴക്ക് പുതുപ്പള്ളി ചിറ്റടി ഭാഗം ചക്കാലപ്രദേശം, കൊച്ചുപാലത്തിന് വടക്ക്, സ്റ്റേറ്റ് ബാങ്കിന് പടിഞ്ഞാറ്, കണ്ണമംഗലം പടിഞ്ഞാറ്, പൂങ്കാവ് പടിഞ്ഞാറ്, പുളിന്തറഭാഗം.
7.	കൂട്ടുമ്മേൽ ഭാഗം, രാജീവ് ഗാന്ധി കോളനി, പുല്ലംപ്ലായിൽ ഭാഗം.
8.	മുത്തൂറ്റുംപടവ്, വല്യാറ, എസ്സ്.കെ. തങ്കമണി റോഡ്, കുറ്റിച്ചിറ ഭാഗം, മൂച്ചൂർകാവ്, കൊടുതുരുത്ത് റൂട്ട്
9.	തുണ്ടത്തിച്ചിറ ഭാഗം, തുണ്ടിയിൽ പ്രദേശം, മട്ടിസ്ഥലം, കടമ്മാട്ട് പ്രദേശം, മത്തുങ്കൽ പ്രദേശം

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

പരിഹാരമാർഗ്ഗങ്ങൾ

1. പിറവം പദ്ധതിയിൽ നിന്നുള്ള ജലം പഞ്ചായത്തിൽ എല്ലാ സ്ഥലങ്ങളിലും എല്ലായ്പോഴും ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുക.
2. നിലവിലുള്ള തലയാഴം പമ്പ് ഹൗസിൽനിന്നും വെച്ചൂർ പഞ്ചായത്തിന് മാത്രമായി ഒരു പൈപ്പ് ലൈൻ സ്ഥാപിച്ച് ഈ പഞ്ചായത്തിൽ ജലസംഭരണം നടത്തുകയും അവിടെനിന്നും ഒരു ഓവർ ഹെഡ് ടാങ്കിലേക്ക് ജലം പമ്പ് ചെയ്ത് വിതരണം നടത്തുന്നതിന് സംവിധാനം ഉണ്ടാക്കുക.
3. നിലവിലുള്ള പൈപ്പുകളുടേയും ലൈനുകളുടേയും അറ്റകുറ്റപണികൾ നടത്തുക.
4. ആവശ്യമായ സ്ഥലങ്ങളിലേക്ക് പുതിയതായി പൈപ്പ്ലൈൻ ദീർഘിപ്പിക്കുക.
5. അംബികാ മാർക്കറ്റിൽ ജലശുദ്ധീകരണ സംവിധാനത്തോടുകൂടി ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് ജലവിതരണം ചെയ്യുക.
6. ജലശുദ്ധീകരണ പ്രക്രിയ കാര്യക്ഷമമാക്കുക.
7. കൊടുതുരുത്ത്, കൊച്ചുതാമര പള്ളിക്കുളം, ശാസ്തക്കുളം എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിച്ച് ജലവിതരണം നടത്തുക. ഇതിൽ കുന്നിൻ പ്രദേശമായ കൊടുതുരുത്തിന് മുൻഗണന നൽകേണ്ടതാണ്.
8. നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ ശാസ്ത്രീയമായി സംരക്ഷിക്കുകയും കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുകയും ചെയ്യുക.
9. കോളനികളോടനുബന്ധിച്ച് നിലവിലുള്ള കിണറുകൾ അറ്റകുറ്റപണികൾ നടത്തി ഉപയോഗ യോഗ്യമാക്കുക.
10. കുടിവെള്ളത്തിന്റെ ഉപയോഗത്തിനും ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിലും മറ്റും അടിസ്ഥാനപരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ അയൽകൂട്ടങ്ങളിലൂടെ നടത്തുക.

ആരോഗ്യം

തിരുവിതാംകൂർ രാജകൊട്ടാരത്തിലെ കൊട്ടാരവൈദ്യനായിരുന്ന വൈകുണ്ഠപുരം വാര്യത്തിലെ രാമവാര്യർ ഈ ഗ്രാമനിവാസിയായിരുന്നു. ഇവിടെവച്ച് അഷ്ടാംഗഹൃദയം പഠിപ്പിക്കുകയും ചെയ്തിരുന്നു. ആയുർവ്വേദ ചികിത്സയിൽ പ്രാവീണ്യം നേടിയ വല്ല്യാശ്ശേരിൽ ശ്രീധരപണിക്കർ മുൻപഞ്ചായത്ത് കമ്മറ്റി അംഗം കൂടിയായ വളയപ്പള്ളിൽ കെ. ഗോവിന്ദൻ നായർ, വെള്ളാമച്ചിറ മാധവക്കുറുപ്പ്, തേമ്പള്ളിൽ ടി.ആർ. ഗോവിന്ദൻ, ഹോമിയോ ഡോക്ടറായിരുന്ന ശ്രീ. വേണുഗോപാൽ, വിഷചികിത്സയിൽ പാണ്ഡിത്യം നേടിയ കുട്ടാടം പറമ്പിൽ ഭാസ്കരപണിക്കർ, ബാലചികിത്സകനായിരുന്ന കുന്നയ്ക്കൽ ചാണ്ടി വൈദ്യൻ തുടങ്ങി വിവിധ ചികിത്സാമുറകൾ കൈകാര്യം ചെയ്തിരുന്നവരാണ് മുൻകാലങ്ങളിൽ ഈ ഗ്രാമത്തിലെ ഭിഷഗ്വരൻമാർ.

1939 ഏപ്രിൽ 19ന് വെച്ചൂർ പള്ളിയോടനുബന്ധിച്ച് സ്ഥാപിച്ച സെന്റ് ജോസഫ് ആശുപത്രിയാണ് ഈ ഗ്രാമത്തിലെ ആധുനിക ചികിത്സാ രംഗത്തെ ആദ്യസ്ഥാപനം. വേമ്പനാട്ടു കായലിനോടുചേർന്ന് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. വിസ്തൃതമായ സ്ഥലവും നിരവധി കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഇവിടെയുണ്ട്. ഇപ്പോൾ ഡോക്ടറുടെ സേവനം മാത്രമേ ഇവിടെനിന്നും ലഭ്യമാകുന്നുള്ളൂ. വളരെയേറെ വികസന സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണിത്. കേരളത്തിലെ ആദ്യകാല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൊന്നായ ഇടയാഴം പ്രാഥമികാരോഗ്യ കേന്ദ്രമാണ് ഈ ഗ്രാമത്തിലെ ഏക സർക്കാർ സ്ഥാപനം. 1964-ൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1966-ൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. തേവലയ്ക്കാട്ട് പാർവ്വതിമനയമ്മയുടെ വക സ്ഥലം സംഭാവനയായും ബാക്കി ജനപങ്കാളിത്തത്തോടെയും സമാഹരിച്ച ഒരേക്കർ സ്ഥലവും കെട്ടിടവും ഈ സ്ഥാപനത്തിന് സ്വന്തമായിട്ടുണ്ട്. വൈക്കം ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഈ സ്ഥാപനത്തിന്റെ കീഴിലായിരുന്നു.

3 പഞ്ചായത്തുകളിൽ പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയതോടെ വെച്ചൂർ, തലയാഴം, ടി.വി.പുരം എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഇന്ന് ഈ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നു.

സർക്കാർ മേഖലയിൽ ഹോമിയോ, ആയുർവ്വേദ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ ഗ്രാമത്തിലില്ല. വിവിധ ഭാഗങ്ങളിലായി സ്വകാര്യ ക്ലിനിക്കുകളും ചെറിയ തോതിൽ പ്രവർത്തിക്കുന്ന സ്വകാര്യ അലോപ്പതി ആസ്പത്രികളും നിലവിലുണ്ട്. എന്നാൽ വിദഗ്ദ്ധ ചികിത്സകൾക്കായി കിലോമീറ്ററുകൾ ദൂരെയുള്ള വൈക്കം താലൂക്ക് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, ചേർത്തലയിലെ സ്വകാര്യ ആശുപത്രികൾ എന്നിവയെയാണ് ഈ ഗ്രാമനിവാസികൾക്ക് ആശ്രയിക്കേണ്ടിവരുന്നത്.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

വാർഡ്	സർക്കാർ സ്ഥാപനങ്ങൾ	എണ്ണം	സ്വകാര്യസ്ഥാപനങ്ങൾ	എണ്ണം
1	കുടുംബക്ഷേമ കേന്ദ്രം, ശ്രാമ്പിമറ്റം	1	ആയുർവ്വേദ ക്ലിനിക്	2
2	കുടുംബക്ഷേമ കേന്ദ്രം, അച്ചിനകം	1	അലോപ്പതി ആസ്പത്രി,	2
			ആയുർവേദക്ലിനിക്	1
3	ഇല്ല		ഇല്ല	
4	ഇല്ല		ഹോമിയോ ക്ലിനിക്	2
5	ഇല്ല		ഇല്ല	
6	ഇല്ല		ആയുർവേദ ക്ലിനിക്	1
			ഹോമിയോ ക്ലിനിക്	1
7	പ്രാഥമിക ആരോഗ്യകേന്ദ്രം, ഇടയാഴം	1	ഇല്ല	
8	ഇല്ല		ഇല്ല	
9	ഇല്ല		അലോപ്പതി ആസ്പത്രി	1

ഈ ഗ്രാമത്തിലെ ഏക സർക്കാർ സ്ഥാപനമായ ഇടയാഴം പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ വടക്കെ അറ്റത്താണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ വന്നിട്ട് 32 വർഷമായി എങ്കിലും ഈ സ്ഥാപനം വികസനം മുരടിച്ചു നിൽക്കുന്ന അവസ്ഥയിലാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗ്രാമസഭയിൽ ഉയർന്നുവന്ന പരാതികൾ ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

1. എല്ലാ വിഭാഗത്തിലും ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നു.
2. അവശ്യംവേണ്ട മരുന്നുകൾ പോലും എല്ലായിപ്പോഴും ലഭ്യമാകാറില്ല.
3. രാത്രികാല സേവനങ്ങൾ തീർത്തും അപര്യാപ്തമാണ്.
4. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമല്ല.
5. കയർ വാർഡിലുള്ള കക്കൂസ് വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്.
6. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പണിത് ഉൽഘാടനം കഴിഞ്ഞുകിടക്കുന്ന വാർഡ് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല.
7. സ്ത്രീകളുടേയും കുട്ടികളുടേയും വിഭാഗത്തിലെ വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുക.
8. ക്വാർട്ടേഴ്സുകളിലും സബ് സെന്ററുകളിലും ജീവനക്കാർ താമസിച്ച്, ജോലിചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
9. അടിസ്ഥാന ആരോഗ്യപ്രവർത്തനങ്ങളും ആരോഗ്യ വിദ്യാഭ്യാസവും കാര്യക്ഷമമായി നടപ്പിലാക്കുക.
10. ഈ സ്ഥാപനം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.
11. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുകയും ആസ്പത്രിക്കുള്ളിലും പരിസരത്തും രാത്രികാലങ്ങളിൽ വെളിച്ചം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകളിലെ നടപ്പുപദ്ധതി അവലോകനത്തിൽനിന്നും ലഭിച്ച ഇടയാഴം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പോരായ്മകളും പ്രശ്നങ്ങളും താഴെ പറയുന്നവയാണ്.

1. പഞ്ചായത്ത് അതിർത്തിയിൽ 4 സബ് സെന്ററുകൾ പ്രവർത്തിക്കുന്നതിൽ 3 എണ്ണത്തിന് മാത്രമെ കെട്ടിടങ്ങൾ നിലവിലുള്ളൂ. മറ്റം സബ്സെന്ററിന് വൈദ്യുതി, വാട്ടർ കണക്ഷനുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.
2. അച്ചിനകം സബ്സെന്ററിന്റെ കിണർ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുകയാണ്. പരിസര നിവാസികളും ഈ കിണറിലെ ജലം ഉപയോഗിച്ചിരുന്നതാണ്.
3. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പ്രധാന കെട്ടിടത്തിന്റെയും 6 ക്വാർട്ടേഴ്സുകളുടേയും അറ്റകുറ്റപണികൾ നടത്തുക.
4. പുതുതായി പണികഴിപ്പിച്ച 12 ബെഡുകൾക്കായുള്ള കെട്ടിടത്തിൽ ആവശ്യംവേണ്ട ഫർണീച്ചർ ലഭ്യമാക്കുക.
5. വിവിധ ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതതിന് ആവശ്യമായ വാഹന സൗകര്യം ലഭ്യമാക്കുക.
6. നിലവിലുള്ള ഒഴിവുകൾ നികത്തുകയും ആവശ്യാനുസരണം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുക.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഉദ്യോഗപ്പേര്	അനുവദിച്ച എണ്ണം	നിലവിൽ ഉള്ളത്
സിവിൽ സർജൻ	2	1
അസിസ്റ്റന്റ് സർജൻ	3	2
ഹെൽത്ത് സൂപ്പർവൈസർ	1	-
ലേഡി ഹെൽത്ത് സൂപ്പർവൈസർ	1	1
ഹെൽത്ത് ഇൻസ്പെക്ടർ	2	2
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	2	2
പ്യൂൺ	1	1
ഫാർമസിസ്റ്റ്	1	1
ലാബ് ടെക്നീഷ്യൻ	1	1
സ്റ്റാഫ് നേഴ്സ്	2	2
നേഴ്സിംഗ് അസിസ്റ്റന്റ്	1	1
ഹോസ്പിറ്റൽ അസിസ്റ്റന്റ്	1	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	2	2
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	5	5
ഓഫ്താൽമിക് അസിസ്റ്റന്റ്	1	1
ലെപ്രസി ഇൻസ്പെക്ടർ	1	1
പാർട്ട് ടൈം സ്വീപ്പർ	1	1
ഡ്രൈവർ	1	-
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	13	13
അപ്പർ ഡിവിഷൻ ക്ലർക്ക്	1	-
ലോവർ ഡിവിഷൻ ക്ലർക്ക്	1	1
ആകെ	44	39

വെച്ചൂർ ഗ്രാമ പഞ്ചായത്തു നിവാസികളിൽ ഭൂരിഭാഗവും കാർഷിക മേഖലയെ ആശ്രയിക്കുന്നവരാണ്. സാമ്പത്തികമായി ഉന്നത നിലയിലുള്ളവർ താരതമ്യേന കുറവാണ്. ഇവിടെ ഉണ്ടാവുന്ന പകർച്ച വ്യാധികളുടെ ഒരു ഏകദേശ ചിത്രം ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ലഭിച്ചത് താഴെപ്പറയും പ്രകാരമാണ്. വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ്, ചിക്കൻപോക്സ്, ചെങ്കണ്ണ്, വയറുകടി എന്നീ പകർച്ചവ്യാധികൾ ആണ് കൂടുതലായി കണ്ടുവരുന്നത്. പാമ്പുവിഷബാധയും ഈ ഗ്രാമത്തിലെ ശ്രദ്ധിക്കപ്പെടേണ്ട ആരോഗ്യപ്രശ്നമാണ്. 1996-ൽ കുഷ്ഠരോഗ ബാധിതരായ 6 പേരും തിമിരം ബാധിച്ച 36പേരും ഈ ഗ്രാമത്തിലുള്ളതായി പി.എച്ച്.സി. രേഖകളിൽ കാണുന്നു. ഇതിൽ ജലജന്യരോഗങ്ങളാണ് ഏറ്റവും കൂടുതലായി കാണുന്നതത്. പ്രാഥമിക ആരോഗ്യ കേന്ദ്രതത്തിൽനിന്നും ലഭിച്ച കണക്ക് ചുവടെ ചേർക്കുന്നു.

ജലജന്യ രോഗങ്ങൾ				
വർഷം	ഒ.പി.	ഐ.പി.	ഒ.പി.	ഐ.പി.
1995-96	61533	934	3592	71

കുടിവെള്ളക്ഷാമവും സാനിട്ടറികക്കൂസുകളുടെ അപര്യാപ്തതയും ജലജന്യരോഗങ്ങൾ കൂടുതലായി ഉണ്ടാകുവാൻ ഇടയാക്കുന്നു.

1991-ലെ സെൻസസ് പ്രകാരം ഈ ഗ്രാമത്തിൽ 3271 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 1831 കുടുംബങ്ങൾക്ക് (50.07%) സാനിട്ടറി കക്കൂസ് ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. തോടുകളിലേക്ക് കക്കൂസ് കെട്ടി മലവിസർജ്ജനം നടത്തുന്ന പ്രവണത ഇവിടെ കൂടുതലായി കണ്ടുവരുന്നു. സാനിട്ടറി കക്കൂസുകൾ ഇല്ലാത്തതും തുറസ്സായ സ്ഥലങ്ങളിലുള്ള മലമൂത്ര വിസർജ്ജനവും ഈ ഗ്രാമത്തിന്റെ ആരോഗ്യ പ്രശ്നങ്ങളിൽ മുഖ്യമായ പങ്കുവഹിക്കുന്നു.

സാമ്പത്തിക പരാധീനതയാണ് കക്കൂസ് സ്ഥാപിക്കാതിരിക്കുന്നതിന്റെ പ്രധാന കാരണം. സ്ഥലപരിമിതിയും വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ഇ.എസ്സ്.പി. മാതൃകയിലുള്ള കക്കൂസ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുമാണ് കക്കൂസ് സ്ഥാപിക്കാതിരിക്കുന്നതിലുള്ള കാരണങ്ങൾ.

ടോട്ടൽ സാനിട്ടേഷൻ ഹൗസിംഗ് സർവ്വെ - 1996

വാർഡ്	മൊത്തം സർവ്വെ ചെയ്യപ്പെട്ട കുടുംബങ്ങൾ	സ്വന്തമായി വാസയോഗ്യമായ വീടും സ്ഥലവും ഉള്ളവരും എന്നാൽ സാനിട്ടറി കക്കൂസ് ഇല്ലാത്ത വരുമായ കുടുംബങ്ങൾ			സ്വന്തമായി സ്ഥലമുള്ളവരും എന്നാൽ വാസയോഗ്യമായ വീടൊ സാനിട്ടറി കക്കൂസൊ ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം			പുറമ്പോക്കിൽ താമസിക്കുന്നവർ (സ്ഥലം, വീട്, കക്കൂസ് ഇവയില്ലാത്തവർ)		
		SC/ST	മറ്റുള്ളവർ	ആകെ	SC/ST	മറ്റുള്ളവർ	ആകെ	SC/ST	മറ്റുള്ളവർ	ആകെ
I	231	8	85	93	23	104	127	3	8	11
II	244	8	137	145	8	91	99	-	-	-
III	225	14	140	154	5	45	50	1	20	21
IV	118	6	83	89	7	22	29	-	-	-
V	238	1	166	167	6	58	64	1	6	7
VI	217	5	152	157	8	51	59	-	1	1
VII	193	27	89	116	18	47	65	1	11	12
VIII	229	57	76	133	27	69	96	-	-	-
IX	136	1	87	88	1	47	48	-	-	-
ആകെ	**1831**	**127**	**1015**	**1142**	**103**	**534**	**637**	**6**	**46**	**52**

പരിസര ശുചീകരണത്തിനായി ഈ ഗ്രാമപഞ്ചായത്തിന് പ്രത്യേകം ജീവനക്കാരൊ പദ്ധതികളൊ ഇല്ല. മേൽസൂചിപ്പിച്ചിരിക്കുന്ന സാനിട്ടറി കക്കൂസുകളുടെ അഭാവം തന്നെയാണ് പരിസര മലിനീകരണത്തിലെ പ്രധാന പ്രശ്നം. നിലവിലുള്ളവ തന്നെ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. തോടുകളിൽ നീരൊഴുക്കു കുറയുന്നതുമൂലം മലിനജലം കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. വികസനത്തിന്റെ ഭാഗമായി നിലവിലുള്ള ചെറിയ കൈത്തോടുകൾ, നികത്തി അശാസ്ത്രീയമായ റോഡു നിർമ്മാണവും മലിനജലം കെട്ടിക്കിടക്കുവാൻ ഇടയാക്കുന്നു. ഓരുമുട്ടുകൾ ഇടുന്നതുമൂലവും ജലഗമനാഗമനം കുറയുന്നു. മലിനജലം കെട്ടിക്കിടക്കുന്നതുമൂലം കൊതുകുശല്യം ഈ ഗ്രാമത്തിൽ കൂടിവരുന്നു. കേരളത്തിന് പുറത്തുപോയിട്ടുവരുന്നവർക്കുണ്ടായ മലമ്പനിയുടെ '90 മുതലുള്ള കണക്കുകൾ പരിശോധിച്ചതിൽ വർഷത്തിൽ ശരാശരി 4 പേർക്ക് ഈ പഞ്ചായത്തിൽ മലമ്പനി രോഗബാധയുണ്ടായതായി കാണുന്നു. കൊതുകു പരത്തുന്ന ഈ രോഗം ഇങ്ങനെ വരുകയും കൊതുകു പെരുകുകയും ചെയ്യുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. പേയ്വിഷബാധ ഒന്നും തന്നെ ഇവിടെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല എങ്കിലും അലഞ്ഞുതിരിയുന്ന നായ്ക്കൾ ഒരു ഭീഷണിതന്നെയാണ്. ശരിയായ പരിശോധനകൾ കൂടാതെയുള്ള ഇറച്ചിവെട്ടും മത്സ്യമാംസാദികളുടെ വഴിയോരത്തുള്ള വില്പനയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. കായലോരത്തെ കക്ക തൊഴിലാളികളുടെയിടയിലും പാടശേഖരങ്ങളിൽ പണി എടുക്കുന്ന കർഷകതൊഴിലാളികളുടെ ഇടയിലും എലിപ്പനി ബാധ കണ്ടുവരുന്നു. 1995ൽ ഈ പഞ്ചായത്ത് അതിർത്തിയിൽ 5 പേർക്ക് എലിപ്പനി ബാധിച്ചതായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. കായലോരങ്ങളിൽ ശേഖരിക്കുന്ന ചെറിയ കക്കയിൽ ഇറച്ചിയുടെ അംശം കിടന്ന് ദുർഗന്ധം വമിക്കുന്നു. 1952-ലെ ലോകാരോഗ്യദിന സന്ദേശം "ആരോഗ്യകരമായ പരിസരങ്ങളാണ് ആരോഗ്യമുള്ള മനുഷ്യരെ സൃഷ്ടിക്കുന്നത്" എന്നതായിരുന്നു. ആരോഗ്യ പരിപാലനത്തിൽ പരിസര ശുചീകരണത്തിനുള്ള സ്ഥാനം ഇതിൽനിന്നു തന്നെ വ്യക്തമാകുന്നതാണ്.

ആരോഗ്യരംഗത്തെ പ്രശ്നങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യപ്പെടുമ്പോൾ ഗുണഭോക്താക്കളായ ജനങ്ങളുടെ എണ്ണം കണക്കിലെടുക്കേണ്ടതുണ്ട്.

ജനസംഖ്യയെക്കുറിച്ച് വിശകലനം നടത്തുമ്പോൾ ജനനമരണങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. 1995-96 വർഷത്തിൽ ഈ പഞ്ചായത്ത് അതിർത്തിയിൽ ശിശുമരണവും മാതൃമരണവും ഉണ്ടായിട്ടില്ല എന്നാണ് പി.എച്ച്.സെന്റർ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാവുന്നത്.

1995-96-ലെ ജനന-മരണങ്ങൾ

ജനനം - 95	മരണം - 44

അവലംബം:- 1995-96-ലെ പി.എച്ച്.സി. റിപ്പോർട്ട്

വിസ്തീർണ്ണം ച.കി.മീ	ആകെ വീടുകൾ	ആകെ കുടുംബങ്ങൾ	ആകെ ജനസംഖ്യ	ആൺ	പെൺ	ജനസംഖ്യയിൽ 0-6 വയസ്സു വരെയുള്ളവർ		പട്ടിക ജാതി		പട്ടിക വർഗ്ഗം		സാക്ഷരത	
						ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
29.13	3268	3271	16013	7963	8050	866	779	1027	1005	3	4	6912	6545

അവലംബം:- 1991-ലെ സെൻസസ് റിപ്പോർട്ട്.

ജനന മരണങ്ങളോടൊപ്പം തന്നെ ശ്രദ്ധിക്കേണ്ട മറ്റൊരുവസ്തുത ജനസംഖ്യാ നിയന്ത്രണമാണ്.

ജനസംഖ്യാനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ

ഭാര്യയുടെ വയസ്സ്	ആകെ ദമ്പതികൾ	സ്ഥിരമാർഗ്ഗങ്ങൾ സ്വീകരിച്ചവർ	താല്കാലിക മാർഗ്ഗങ്ങൾ സ്വീകരിച്ചവർ	യാതൊരു മാർഗവും സ്വീകരിക്കാത്തവർ	കുട്ടികളുടെ എണ്ണം	ആകെ ദമ്പതികൾ	സ്ഥിരമാർഗ്ഗങ്ങൾ സ്വീകരിച്ചവർ	താല്കാലിക മാർഗ്ഗങ്ങൾ സ്വീകരിച്ചവർ	യാതൊരു മാർഗവും സ്വീകരിക്കാത്തവർ
15-19	35	-	6	29	0	130	-	-	130
20-24	273	81	110	82	1	480	57	227	196
25-29	659	380	134	145	2	1059	915	99	45
30-34	574	440	76	58	3	453	397	40	16
35-39	545	430	59	66	4	116	96	15	5
40-44	232	202	8	22	5 +	80	68	2	10
ആകെ	**2318**	**1533**	**393**	**402**		**2318**	**1533**	**383**	**402**

അവലംബം:- ഇ.സി. റിപ്പോർട്ട് 1995-96, പി.എച്ച്. സെന്റർ, ഇടയാഴം

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടുമ്പോൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കാണല്ലൊ മുൻഗണന നൽകേണ്ടത്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽനിന്നും നൽകുന്ന പ്രതിരോധ കുത്തിവയ്പുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രതിരോധ കുത്തിവയ്പുകളുടെ പട്ടിക

ബി.സി.ജി.	ട്രിപ്പിൾ			ബൂസ്റ്റർ	പോളിയോ			ബൂസ്റ്റർ	ഡി.റ്റി.		ബൂസ്റ്റർ	റ്റി.റ്റി. ഗർഭിണികൾ		ബൂസ്റ്റർ	മീസിൽസ്
	I	II	III			I	II	III		I	II		I	II	
131	210	194	217	141	210	194	217	141	8	8	112	164	167	66	210

അവലംബം:- 1995-96-ലെ പി.എച്ച്.സി. റിപ്പോർട്ട്

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള സബ് സെന്ററുകളിലെ കുടുംബ ആരോഗ്യ രജിസ്റ്ററിൻ പ്രകാരം ബധിര മൂകർ -1, അന്ധൻ - 1, മൂകർ - 3, ചലന വൈകല്യമുള്ളവർ 3 എന്ന കണക്കിലാണ് വികലാംഗരുടെ വിവരങ്ങൾ ലഭിച്ചിരിക്കുന്നത്.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

1. ഇടയാഴം പ്രാഥമിക ആരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.
2. അടിസ്ഥാന സൗകര്യങ്ങളും സേവനസൗകര്യങ്ങളും വർദ്ധിപ്പിക്കുക.
3. സർക്കാർ മേഖലയിൽ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറി / ആസ്പത്രികൾ സ്ഥാപിക്കുക.
4. ഇടയാഴം പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ഒരു വിഷചികിത്സാ യൂണിറ്റ്.
5. എല്ലാ കുടുംബങ്ങൾക്കും സാനിട്ടറി കക്കൂസ് ലഭ്യമാക്കുക.
6. ശുദ്ധജല വിതരണം കുറ്റമറ്റതാക്കുക.
7. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
8. ഈച്ച, എലി, കൊതുക്, തെരുവുനായ്ക്കൾ ഇവയെ നശിപ്പിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
9. നിലവിലുള്ള 12 അംഗൻവാടികളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
10. നിലവിലുള്ള സബ്സെന്ററുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
11. അടിസ്ഥാന ആരോഗ്യസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ വിവിധ വകുപ്പുകളിലൂടെ ജനതയുടെ സാമ്പത്തിക ഉന്നമനത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുക.
12. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുക.

1978-ൽ അൽമാ-അറ്റയിൽ ചേർന്ന ലോകാരോഗ്യസംഘടനയുടെ സമ്മേളനത്തിൽ "രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം" എന്ന ലക്ഷ്യം അംഗീകരിച്ചു. ഈ ലക്ഷ്യപ്രാപ്തിക്ക് ഇനി കേവലം 4 വർഷം മാത്രം ഉള്ളപ്പോൾ വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യരംഗവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലാ മേഖലകളിലും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ജനകീയ പദ്ധതി ആയ 9-ാം പദ്ധതിയിൽ ഈ ഗ്രാമത്തിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ ആരോഗ്യരംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടാക്കുവാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

വ്യവസായം

വെച്ചൂർ ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. കോട്ടയം ജില്ലയിൽ പിന്നോക്ക പ്രദേശമായ വൈക്കം താലൂക്കിൽപെട്ട നമ്മുടെ ഗ്രാമം വ്യാവസായികമായും ഒരു പിന്നോക്കപ്രദേശമാണ്. സ്വകാര്യമേഖലയിലൊ പൊതുമേഖലയിലൊ വൻ കിടവ്യവസായങ്ങൾ ഒന്നും തന്നെയിവിടെയില്ല. അഭ്യസ്തവിദ്യരും സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവരും ഗ്രാമത്തിലുണ്ടെങ്കിലും ഇവിടെ ലഭ്യമായിട്ടുള്ള കാർഷികവിഭവങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ വ്യാവസായിക ചരിത്രത്തിൽ ഇല്ലായെന്നുതന്നെ പറയാം. കയർ വ്യവസായവും തഴപ്പായ് വ്യവസായവും നാമമാത്രമായ രീതിയിൽ ഇപ്പോഴും നിലനിൽക്കുന്നു. അംബികാമാർക്കറ്റ് കേന്ദ്രമായി പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണസംഘം നമ്പർ 19, ഇടയാഴം കേന്ദ്രമാക്കിയുള്ള തഴപ്പായ് സഹകരണസംഘം കെ.യു.ഐ.എൻ.ഡി. എന്നിവയാണ് കയർ – തഴപ്പായ് എന്നിവയുടെ നിർമ്മാണവിപണനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

കയർ വ്യവസായ സഹകരണസംഘം യന്ത്രവൽക്കൃത സംവിധാനമുപയോഗിച്ച് നൂറുപേർക്ക് നേരിട്ട് തൊഴിൽനൽകുന്ന ഒരു പദ്ധതിക്ക് വിഭാവനം ചെയ്തുകൊണ്ട് വികസനപാതയിലൂടെ വളരെ ആർജ്ജവത്തോടെ മുന്നോട്ടു നീങ്ങുകയാണ്, എന്നാൽ തഴപായ് വ്യവസായ സഹകരണസംഘം ഇന്ന് സജീവമായി പ്രവർത്തിക്കുന്നില്ല. ഗുണഭോക്താക്കളായ സംഘാംഗങ്ങൾക്കിടയിൽ നാളിതുവരെ വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതിനാൽ അതുമായി ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ പ്രസ്തുത സംഘത്തിന് പുതിയ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ഉത്സാഹം കാണിക്കുന്നില്ല എന്നുള്ള വസ്തുത പ്രസ്താവ്യമാണ്. തഴപായ് വ്യവസായ സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് പുതിയ പോംവഴികൾ തേടേണ്ടിയിരിക്കുന്നു.

ചെറുകിട വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 45 വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ 9 വാർഡുകളിലുമായി പ്രവർത്തിച്ചുവരുന്നു. ഇവയിലധികവും നെല്ലുകുത്തു മില്ലുകളും ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകളുമാണ്. എണ്ണയാട്ടു മില്ലുകളുമുണ്ട്. 11 ഫർണിച്ചർ യൂണിറ്റുകളുണ്ട്. എന്നാൽ ഇവയിലധികവും പീഡിത വ്യവസായ യൂണിറ്റുകളാണ്. യൂണിറ്റുകളുടെ ശേഷി (കപ്പാസിറ്റി)ക്കനുസൃതമായ ജോലി ലഭിക്കാതെയും അതിനാൽതന്നെ സാമ്പത്തിക ബാദ്ധ്യതയാൽ ഞെരുങ്ങുന്നതുമായ ഇത്തരം സ്ഥാപനങ്ങളെ ആശ്രയിച്ച് പ്രത്യക്ഷമായും പരോക്ഷമായും നൂറുകണക്കിന് തൊഴിലാളികൾ ജോലിചെയ്തുവരുന്നു. ഇത്തരം സ്ഥാപനങ്ങളെ കുറഞ്ഞപലിശ നിരക്കിൽ പണം വായ്പ നൽകി സംരക്ഷിക്കാനായാൽ തൊഴിലില്ലായ്മയെ ഒരളവുവരെ പരിഹരിക്കാനാകും.

പട്ടിക – 1

ക്രമ നമ്പർ	ചെറുകിട വ്യവസായ യൂണിറ്റുകൾ	തൊഴിലാളികളുടെ എണ്ണം	കൂലിനിരക്ക് രൂപ	സ്ത്രീ	പുരുഷൻ	ലാഭം	യൂണിറ്റുകളുടെ എണ്ണം
1.	നെല്ലുകുത്ത് മില്ലുകൾ	15	50	ഇല്ല	15	ലാഭം	9
2.	ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ	15	50	"	15	"	15
3.	കൊപ്ര ആട്ടുമില്ലുകൾ	3	50	"	3	"	3
4.	ഫർണീച്ചർ യൂണിറ്റുകൾ	18	80	"	18	"	8
5.	സോപ്പ്	5	70	"	5	"	1
6.	പെപ്സി കോള (സോഫ്റ്റ് ഡ്രിങ്ക്)	5	50	2	3	"	1
	ആകെ	61	–	2	59	–	37

അവലംബം:– ദ്വിതീയ വിവരശേഖരണം

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന 45 യൂണിറ്റുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള 37 യൂണിറ്റുകൾ കഴിച്ച് ബാക്കിയുള്ളവ പ്രവർത്തനക്ഷമമല്ലാത്തവയാണ് എന്ന് കാണുന്നു. സാമ്പത്തിക മാന്ദ്യം കൊണ്ടും കടക്കെണിയിൽപ്പെട്ടും ബാക്കിയുള്ളവ അടഞ്ഞുകിടക്കുന്നതായി തന്നെ കണക്കാക്കാം.

വേമ്പനാട്ടുകായലിന്റെ കിഴക്കേഓരം ചേർന്നുകിടക്കുന്ന പഞ്ചായത്തിന്റെ 5ഉം 9ഉം വാർഡുകൾ കായൽ ജലാശയത്താൽ സമ്പന്നമാണ്. വേമ്പനാട്ടുകായലിന്റെ ആഴമേറിയ പ്രദേശത്തുനിന്നും സംഭരിക്കുന്ന വെള്ളക്കക്കയുടെ സംഭരണവും വിപണനവും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന വൈക്കം താലൂക്ക് വൈറ്റ് ലൈം ഷെൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ കെ. 357 എന്ന സ്ഥാപനം അംബികാ മാർക്കറ്റ് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. വേമ്പനാട്ടുകായലിൽനിന്നും സംഭരിക്കുന്ന വെള്ളക്കക്ക നാട്ടകം സിമന്റ്, മലബാർ സിമന്റ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ട്രാവൻകൂർ ടൈറ്റാനിയം തുടങ്ങിയ വൻകിട പൊതുമേഖലാ വ്യവസായ കമ്പനികൾക്ക് നേരിട്ട് സപ്ലൈചെയ്തുവരുന്നു. സെയിൽ ടാക്സ് ഡിപ്പാർട്ട്മെന്റിന് 2 ലക്ഷം രൂപയും കേന്ദ്ര സെയിൽടാക്സ് ഡിപ്പാർട്ട്മെന്റിന് 1 ലക്ഷംരൂപയും നൽകിവരുന്ന ഈ സ്ഥാപനം 3 ലക്ഷംരൂപ ആണ്ടുതോറും സംസ്ഥാന സർക്കാരിന് റോയൽറ്റിയായും നൽകിവരുന്നു. അടുത്തകാലത്തായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം നൽകിക്കൊണ്ടിരിക്കുന്ന റോയൽറ്റിയിൽ പകുതിയെങ്കിലും ഈ പഞ്ചായത്തിന് ലഭിക്കുന്ന വ്യവസ്ഥയുണ്ടായാൽ ശുഷ്കമായ ഖജനാവുമായി കഴിയുന്ന ഈ പഞ്ചായത്തിന്റെ വികസനത്തിന് പ്രസ്തുത തുക ഒരു മുതൽക്കൂട്ടായിരിക്കും.

പഞ്ചായത്തിന്റെ 9-ാം വാർഡിൽതന്നെ പ്രവർത്തിക്കുന്ന മറ്റൊരു കക്ക സഹകരണസംഘമുണ്ട്. വേമ്പനാട്ടുകായലിലെ ജൈവസമ്പത്തായ കറുത്ത കക്ക ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നു. ഇതിലെ ഉൽപന്നമായ കറുത്തകക്കയും മേൽപറഞ്ഞ വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾക്കും തമിഴ്നാട്ടിലെ കാർബൈഡ് ഫാക്ടറിക്കും കയറ്റിയയ്ക്കുന്നു. ഈ രണ്ടു സംഘങ്ങളിലേയും തൊഴിലാളികൾ പ്രകൃതിയോടു മല്ലടിച്ച് ശേഖരിക്കുന്ന കക്കയുടെ യഥാർത്ഥ ഗുണഭോക്താക്കൾ പൊതുമേഖലാ സ്ഥാപനങ്ങളും വൻകിട സ്വകാര്യമേഖലാ സ്ഥാപനങ്ങളുമാണ്. അടിസ്ഥാന ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ഈ പ്രാദേശിക സഹകരണസംഘങ്ങളിലെ തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ്, മരണ ഇൻഷുറൻസ്, ചികിത്സാ പദ്ധതികൾ, ക്ഷേമനിധി എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്.

മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തിന്റെ 9-ഉം 5-ഉം വാർഡുകൾ മത്സ്യബന്ധനവും വിപണനവുമായി വളരെ ബന്ധപ്പെട്ടുകിടക്കുന്നു. ചെമ്മീൻ, കൊഞ്ച് എന്നീ വൈദേശിക പ്രിയം ഏറുന്നതും മുന്തിയ വില നേടിത്തരുന്നതുമായ ഇനങ്ങൾ സംസ്കരിക്കുന്നതിനും മറ്റുള്ള ഇനങ്ങളായ കരിമീൻ, കണമ്പ്, കട്ല, കാളാഞ്ചി എന്നീ മത്സ്യങ്ങളും ചെറിയ ഇനങ്ങളും സംഭരിച്ച് വിപണനം നടത്തുന്നതിന് ഒരു മത്സ്യവ്യവസായ വിപണനകേന്ദ്രം പഞ്ചായത്തിന്റെ നേതൃത്വത്തിലോ മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിലോ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

കാർഷികമേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളോ അനുബന്ധവ്യവസായങ്ങളോ കാര്യമായി ഈ മേഖലയിൽ ഇല്ലെങ്കിലും ചില കുടുംബങ്ങളും ഒറ്റപ്പെട്ട വ്യക്തികളും നെല്ലുപുഴുക്ക് വ്യവസായം നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള 20 യൂണിറ്റുകളെങ്കിലും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ മൂവായിരത്തിന് മുകളിൽ ഏക്കറിൽ നെൽക്കൃഷി ചെയ്യുന്നുണ്ട്. ഈ മേഖലയിൽ കുറഞ്ഞത് 65,000 ടൺ നെല്ലെങ്കിലും പ്രതിവർഷം ഉൽപ്പാദിക്കപ്പെടുന്നുണ്ട്. ഈ നെല്ലിൽ 10 ശതമാനംപോലും പഞ്ചായത്തിനുള്ളിൽ വിവിധ ചെറുകിട കുത്തുകാർ സംസ്കരിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ആയതിനാൽ ഉയർന്നശേഷിയുള്ള മോഡേൺ റൈസ് മിൽ സ്ഥാപിക്കുവാൻ സാദ്ധ്യതയുള്ളതായി കാണുന്നു.

വൈക്കോലിൽനിന്നും പാഴ്മരങ്ങളിൽനിന്നും വിശിഷ്യ ആഫ്രിക്കൻ പായൽ ഉപയോഗിച്ചും ഈ മേഖലയിൽ ഒരു ഹാർഡ്ബോർഡ് ഫാക്ടറിക്ക് സാദ്ധ്യതയും കാണുന്നു. ഇതിൽ മറ്റൊരു അസംസ്കൃതവസ്തു ഉമിയായതിനാൽ മേൽപറഞ്ഞ മോഡേൺ റൈസ്മില്ലിൽനിന്നും ഉമിയുടെ ലഭ്യതയും പാഴായിപോകുന്ന വൈക്കോലിന്റെ ഉപയോഗം പൂരയിടങ്ങളിൽനിന്നുള്ള പാഴ്മര ലഭ്യത എന്നിവയും സുലഭമായതിനാൽ ഇവയെ അടിസ്ഥാനമാക്കിയുള്ള വികസനത്തിനും സാദ്ധ്യതയുണ്ട്. ഇവിടുത്തെ

പ്രാധാന്യമർഹിക്കുന്ന കേരകൃഷിയുടേയും സാദ്ധ്യത പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ രൂപപ്പെടുത്താവുന്നതാണ്.

കാലിത്തീറ്റയുടെ കാര്യത്തിൽ ദൗർലഭ്യം നേരിടുന്ന നമുക്ക് ഇന്ന് ലഭ്യമാകുന്ന കാർഷിക വസ്തുക്കൾ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുവാനുള്ള സാദ്ധ്യതകളും ഉണ്ട്. മരങ്ങളിലും മരവേരുകളിലും കലാരൂപങ്ങൾ കൊത്തിയെടുക്കുവാൻ കഴിവുള്ള ധാരാളം പരമ്പരാഗത തൊഴിലാളികൾ നമുക്കുണ്ട്. അഭ്യസ്തവിദ്യരും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരും ഉൽസുകരുമായ ഒരു യുവനിരതന്നെ നമ്മുടെ ഗ്രാമത്തിലുണ്ട്. ഇപ്രകാരമുള്ളവരുടെ മുഴുവൻ ശേഷിയും പ്രയോജനപ്പെടുത്താവുന്നതാണ്.

ടൂറിസം

അനന്തസാദ്ധ്യതകളുള്ള ടൂറിസം മേഖല വെച്ചൂർ പഞ്ചായത്തിന്റെ വികസനത്തിന് പ്രത്യാശ നൽകുന്നു. പുത്തൻകായൽ ഉൾനാടൻ ജലാശയങ്ങൾ കേരങ്ങളാൽ ചുറ്റപ്പെട്ട നമ്മുടെ മനോഹരമായ നെൽവയലുകൾ എല്ലാംതന്നെ നമുക്ക് പ്രയോജനപ്പെടുത്താവുന്നവയാണ്. ടൂറിസം കേന്ദ്രമായ കുമരകത്തെയും ഏറണാകുളത്തെയും ബന്ധപ്പെടുത്തുന്ന വൈക്കം കുമരകം റോഡിന്റെ പൂർത്തീകരണവും നമ്മുടെ ഗ്രാമത്തിന്റെ ടൂറിസം സാദ്ധ്യതകളുടെ വികസനവും ഈ രംഗത്തെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നവയാണ്. ഗതാഗതത്തിനായിക്കൂടി പ്രയോജനപ്പെടുന്ന തണ്ണീർമുക്കം റഗുലേറ്ററിന് നടുവിലുള്ള ചിറ നികത്തിയാൽ ഒരു പാർക്ക് നിർമ്മിക്കുന്നതിനും സായാഹ്ന സങ്കേതങ്ങളായി വികസിപ്പിക്കാവുന്നതുമാണ്.

പ്രശ്നങ്ങൾ

1. വൻകിട വ്യവസായങ്ങൾ നമ്മുടെ ഗ്രാമത്തിലില്ല.
2. പരമ്പരാഗത വ്യവസായവും ചെറുകിട വ്യവസായവും വികാസം പ്രാപിച്ചിട്ടില്ല.
3. നമ്മുടെ ഗ്രാമത്തിൽ ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയ ചെറുകിട ഗ്രാമീണ വ്യവസായം വികാസം പ്രാപിക്കുന്നില്ല.
4. കയറും തഴപായയുമാണ് ഉപയോഗപ്പെടുത്താൻ കഴിയുന്ന പരമ്പരാഗത വ്യവസായം.
5. നാളികേരം അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന യൂണിറ്റുകൾ ആരംഭിച്ച് അവയുടെ വിപണന സംസ്കരണം പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.
6. നെല്ലിന്റെ സംസ്കരണവും വിപണനവും നമ്മുടെ ഗ്രാമത്തിൽ നടത്തുന്നതിന് സാധിക്കുന്നില്ല.
7. അനുബന്ധ വ്യവസായങ്ങൾക്കുകൂടെ ഉപയോഗിക്കാവുന്ന ആധുനിക നെല്ലുകുത്ത് മില്ലുകൾ ഇവിടെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.
8. ഗ്രാമീണരുടെ പ്രധാന കൂടിൽ വ്യവസായമായ തഴപായയുടെ വിപണനം ഇന്നും സ്വകാര്യ കച്ചവടക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതിനാലും പായ നെയ്യുന്ന തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നില്ല.
9. വിപുലമായ മാർക്കറ്റ് ലക്ഷ്യംവച്ചുകൊണ്ടുള്ള ആധുനികവൽക്കരണം തഴപ്പായ നെയ്ത്തിൽ കൊണ്ടുവരുവാൻ സാധിക്കുന്നില്ല.
10. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ കാര്യക്ഷമമായി നടക്കുന്നില്ല.
11. നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന വെള്ളക്കക്കയുടെ വിനിയോഗം പഞ്ചായത്തിന്റെ സാമ്പത്തികരംഗത്തെ മെച്ചപ്പെടുത്തുന്ന രീതിയിലാകുന്നില്ല.

12. കറുത്തകക്കയുടെ സംസ്കരണ, വിപണന സാദ്ധ്യത പ്രയോജനപ്പെടുത്തുന്നില്ല.
13. വിപണനസാദ്ധ്യതയുള്ള മത്സ്യത്തിന്റെ വളർത്തലും സംസ്കരണവും നടക്കുന്നില്ല.
14. നല്ലയിനം മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നു.
15. സ്വയംതൊഴിൽ സംരംഭകർക്ക് ബാങ്ക് വായ്പ ലഭിക്കുന്നില്ല.
16. ടൂറിസം സാദ്ധ്യതകൾ വിശകലനം ചെയ്യപ്പെടുകയോ വികസിക്കപ്പെടുകയോ ചെയ്തിട്ടില്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ശക്തമാക്കുകയും ലാഭത്തിലാക്കുകയും ചെയ്യുക.
2. തൃപ്തികരമായ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിപുലീകരണ സാദ്ധ്യത കണ്ടെത്തുക.
3. സ്വയംതൊഴിൽ സംരംഭകർക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക.
4. നെല്ലിനേയും തെങ്ങിനേയും അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
5. നെല്ലിന്റെയും നാളികേരത്തിന്റെ ഉപ-ഉൽപന്നങ്ങൾ ഉപയോഗിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
6. നിലവിലുള്ള ഗ്രാമീണ വ്യവസായങ്ങളായ കയർ തഴപായ് എന്നിയുടെ വിപുലീകരണം നിലവിലുള്ള സഹകരണസംഘങ്ങളിലൂടെ നടപ്പിലാക്കുക.
7. ഹാർഡ്ബോർഡ് വ്യവസായ യൂണിറ്റ് ആരംഭിക്കുക.
8. വനിതകൾക്കുള്ള റെഡിമെയ്ഡ് യൂണിറ്റ് ആരംഭിക്കുക.
9. മത്സ്യസംസ്കരണ വിപണന യൂണിറ്റ് ആരംഭിക്കുക.
10. കാലിത്തീറ്റ ഫാക്ടറിക്കുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുക.
11. ടൂറിസം വികസിപ്പിക്കാൻ നടപടി സ്വീകരിക്കുക.
12. വെച്ചൂർ കുമരകം റോഡ് നിർമ്മാണം. പൂർത്തിയാക്കുക.
13. തണ്ണീർമുക്കം ബണ്ടിലെ ചിറനികത്തി പാർക്ക് നിർമ്മിക്കുക.

ഗതാഗതം—ഊർജ്ജം—മാർക്കറ്റ്

ഇച്ഛാശക്തിയുള്ള ഒരു ജനതയാണ് ഏതൊരു നാടിന്റെയും വികസനത്തിന്റെ ആണിക്കല്ല്. ലോകത്ത് എവിടെയെല്ലാം മനുഷ്യൻ ലക്ഷ്യബോധത്തോടെ മുന്നേറിയോ അവിടെയെല്ലാം വമ്പിച്ച പരിവർത്തനം ഉണ്ടായിട്ടുണ്ട്. നാടിന്റെ വികസനങ്ങളിൽ റോഡുകൾക്ക് വളരെയേറെ പങ്ക് ഉണ്ടെന്നുള്ള ഉത്തമബോധ്യത്തോടെ നാടുഭരിച്ചവരായിരുന്നു പൂർവ്വികരായ നാട്ടുരാജാക്കന്മാർ.

വടക്കൻ കുട്ടനാടിന്റെ ഭാഗമായ വെച്ചൂർപഞ്ചായത്ത് 37 പാടശേഖരങ്ങൾ ഉൾപ്പെട്ടതാണ്. ഇവിടെ ഒറ്റപ്പെട്ട തുരുത്തുകളിൽ താമസിക്കുന്ന അനേകം കുടുംബങ്ങൾ നിലവിലുണ്ട്. മുൻകാലങ്ങളിൽ വയലുകളിലെ ചാലുകൾ നീന്തിയാണ് ജനങ്ങൾ കരപ്രദേശത്ത് എത്തിയിരുന്നത്. ഗ്രാമത്തിലെ ഉറങ്ങിക്കിടക്കുന്ന സ്പന്ദനത്തിന്റെ ഉണർത്തുപാട്ടുമായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ഗ്രാമവീഥികളിലൂടെ നീങ്ങുമ്പോൾ ജനതയുടെ ആവേശോജ്ജ്വലമായ പ്രതികരണം നമുക്ക് പ്രചോദനമേകുന്നു.

1953 വെച്ചൂർ പഞ്ചായത്ത് രൂപീകൃതമായപ്പോൾ വൈക്കം വെച്ചൂർ റോഡ് മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. ചരിത്രപ്രസിദ്ധമായ വൈക്കത്തേയ്ക്ക് എത്തിച്ചേരുവാൻ ഏകആശ്രയമായ ഈ റോഡ് ഗ്രാവൽ വിരിച്ചതായിരുന്നു. പഞ്ചായത്തിലെ വന്നുവേലിപാലം വരെയായിരുന്നു ബസ്സ് സർവ്വീസുണ്ടായിരുന്നത്. എസ്. എം. എസ്. എന്ന ബസ്സാണ് ആദ്യമായി റൂട്ടിലോടിയിരുന്നത്. ഈ റോഡിന് ഇരുവശവും തണൽവൃക്ഷങ്ങളും ചുമടുതാങ്ങികളും വഴിയാത്രികർക്ക് അഭയകേന്ദ്രമായിരുന്നു. ഇന്ന് ഈ ദൃശ്യങ്ങൾ ഒരു സങ്കൽപംമാത്രമായി അവശേഷിക്കുന്നു. കാലത്തിന്റെ പരിവർത്തനത്തിൽ വെച്ചൂരിന്റെ റോഡ് ശൃംഖലയുടെ ദൈർഘ്യം വർദ്ധിച്ചിട്ടുണ്ട്. 1956—ൽ വന്നുവേലിപാലം പണിപൂർത്തിയായതോടുകൂടിയാണ് ശാസ്ത്രക്കുളത്തേയ്ക്കും തുടർന്ന് അച്ചിനകം, കൈപ്പുഴമുട്ടിലേയ്ക്കും ബസ്സ് സർവ്വീസ് ആരംഭിച്ചത്. ഇപ്പോൾ പഞ്ചായത്തിന്റെ തെക്കേഅറ്റമായ കൈപ്പുഴമുട്ടുവരെ ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്. ഇത് പഞ്ചായത്ത് നിവാസികൾക്ക് വളരെയേറെ ഉപയോഗപ്രദമാണ്.

കുട്ടനാടൻ പാടശേഖരങ്ങളെ ഓരുവെള്ള ഭീഷണിയിൽനിന്നും രക്ഷിക്കുന്നതിന് 1958—ൽ തുടക്കം കുറിച്ച തണ്ണീർമുക്കം പ്രോജക്ട് ഈ പഞ്ചായത്തിലെ റോഡു ശൃംഖലയുടെ ഒരു നാഴികകല്ലാണ്. ഈ ബണ്ട് വരുന്നതിന് മുമ്പ് വെച്ചൂർ പള്ളിയുടെ സമീപത്തുള്ള മട്ടിസ്ഥലത്തുനിന്നും തണ്ണീർമുക്കത്തേയ്ക്ക് കടത്തുവള്ളങ്ങളായിരുന്നു ഏക ആശ്രയം. മലനാടിനെയും തീരപ്രദേശത്തെയും ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ (തണ്ണീർമുക്കം പ്രോജക്ട് റോഡ്) ഇന്നത്തെ അവസ്ഥ ശോചനീയമാണ്.

വെച്ചൂർ നിവാസികൾക്കും സമീപ പഞ്ചായത്തിലെ ജനതയ്ക്കും എന്നും ആവേശമുണർത്തിയ ജനകീയ മുന്നേറ്റത്തിലൂടെ രൂപം കൊടുത്ത വെച്ചൂർ കല്ലറ റോഡ് മലനാടുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന കണ്ണിയാണ്. തോട്ടാപ്പള്ളി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ആദർശ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബിലെ പ്രവർത്തകരുടെ സമയോചിതമായ ഇടപെടലിലൂടെ ബഹുമാനപ്പെട്ട ഫാദർ തോമസ്സ്വിരുത്തിയുടെ നേതൃത്വത്തിലും മേൽനോട്ടത്തിലുമാണ് ഈ റോഡിന്റെ നിർമ്മാണപ്രവർത്തനം നടന്നത്.

ഈ റോഡ് രൂപപ്പെടുന്നതിനു മുമ്പ് പഞ്ചായത്തിലെ ജനങ്ങൾ കല്ലറ, കടുത്തുരുത്തി, കുറുപ്പന്തറ, അതിരമ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ വാണിജ്യത്തിനും മറ്റ് ആവശ്യങ്ങൾക്കും പോയിരുന്നത് "കമ്പനി വള്ള"ങ്ങളിലായിരുന്നു.

കാർഷികസമ്പത്ത് വ്യവസ്ഥയുള്ള വെച്ചൂരിനെ സംബന്ധിച്ച് വികസനത്തിന് സുപ്രധാനമായി മൂന്നുറോഡുമാർഗ്ഗമാണുള്ളത്. വെച്ചൂർ—വൈക്കം റോഡു ബന്ധിപ്പിക്കുന്ന വെച്ചൂർ—കല്ലറ റോഡും, വെച്ചൂർ—കുമരകം റോഡും മറ്റൊന്ന് തീരദേശജില്ലയെ ബന്ധിപ്പിക്കുന്ന തണ്ണീർമുക്കം—റോഡുമാണ്. ആർപ്പൂക്കര പഞ്ചായത്തിലെ കരിപ്പാടങ്ങളിലും മാന്നാനം മുതലായ പ്രദേശങ്ങളിലും എത്തിച്ചേരുവാൻ വൈക്കം—കുട്ടോമ്പുറം ബോട്ടുസർവ്വീസിനെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ സ്വാമിക്കല്ലിലും പള്ളിക്കലുംലിലും ബോട്ടുജെട്ടികളുണ്ടെങ്കിലും ബോട്ട്സർവ്വീസ് കാര്യക്ഷമമല്ല. പഞ്ചായത്തിലെ ടാർചെയ്ത റോഡുകളുടെ ദൈർഘ്യം 10 കി. മീ. ആണ്. ഇതിൽ വാഹനഗതാഗത യോഗ്യമായ റോഡ് വെറും 9 കി. മീ. ആണ്. പഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യയും തമ്മിൽ താരതമ്യം ചെയ്താൽ റോഡുശൃംഖലയുടെ ദൈർഘ്യത്തിന്റെ അപര്യാപ്തത കൂടുതൽ വെളിവാക്കുന്നു.

പഞ്ചായത്തിൽ ബണ്ടുറോഡും അംബികാമാർക്കറ്റും കേന്ദ്രീകരിച്ച് 15 ഓട്ടോറിക്ഷകൾ റോഡുവക്കിൽ പാർക്കുചെയ്ത് സർവ്വീസ് നടത്തുന്നു. ഇടയാഴം കേന്ദ്രീകരിച്ച് 5 ടെമ്പോകളും സർവ്വീസ് നടത്തുന്നതായി കാണുന്നു. താരതമ്യേന വീതികുറഞ്ഞതും ഗുണനിലവാരതകർച്ചയുള്ളതുമായ ഈ റോഡിലൂടെ വാഹനഗതാഗതത്തിന്റെ തിരക്ക് വളരെ കൂടുതലാണ്. ഇതു സംബന്ധിച്ച് നടന്ന വാഹനസർവ്വേയുടെ കണക്ക് പരിശോധിച്ചാൽ ഇതിന്റെ ചിത്രം കൂടുതൽ വ്യക്തമാകും. വാഹന സർവ്വേറിപ്പോർട്ട് പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക — 1 —

സമയം രാവിലെ മുതൽ

വാഹനങ്ങൾ	6—7	7—8	8—9	9—10	10—11	11—12	12—1	1—2	2—3	3—4	4—5	5—6
സൈക്കിൾ	58	120	190	225	282	210	147	179	135	165	251	237
ടൂ വീലർ	23	25	45	60	57	71	40	48	38	75	60	64
ത്രീ വീലർ	5	11	15	20	25	27	35	14	25	30	18	20
ഫോർവീലർ	8	21	35	37	46	41	42	40	42	60	60	67
ലോറി	21	15	25	23	38	27	22	33	27	21	20	18
ബസ്സ്	15	19	20	22	19	19	14	22	20	19	21	22

ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിൽ ഗതാഗത യോഗ്യമായ ടാർറോഡിൽ വാഹനത്തിന്റെ തിരക്ക് വളരെ കൂടുതലാണ്. റോഡുകളുടെ ഗുണനിലവാരം വളരെ മോശമാണ്. റോഡിന്റെ വീതിക്കുറവ് വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രശ്നമാണ്. റോഡിന്റെ വശങ്ങളിൽ നടപ്പാതയില്ലായ്മയും റോഡിൽ കയറിനില്ക്കുന്ന ടെലിഫോൺ, വൈദ്യുതി പോസ്റ്റുകളും ഇരുവശങ്ങളിലുമുള്ള വന്മ്പു ഉടമകൾ റോഡ് കയ്യേറിയും ഗതാഗതത്തിനു തടസം ഉണ്ടാക്കുന്ന മറ്റ് പോസ്റ്റുകൾ, പെട്ടിക്കടകൾ തുടങ്ങിയവയും ഒഴിവാക്കപ്പെട്ട പ്രശ്നങ്ങളാണ്. വളരെ അത്യാവശ്യമായി നിലവിലുള്ള റോഡിന്റെ വശങ്ങളിൽ ഓടകൾ നിർമ്മിക്കേണ്ടതാണ്. വൈക്കം വെച്ചൂർ റോഡിനു ഒരു സമാന്തര റോഡ് ശൃംഖല അത്യാവശ്യമാണ്. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡിന്റെ പേജ് വിവരം പട്ടിക രണ്ടിൽ കൊടുക്കുന്നു.

പട്ടിക — 2 —

	റോഡിന്റെ പേര്	ഉടമസ്ഥത	ദൂരം കി.മീ.	വീതി മീറ്റർ	ബസ്സ് സർവ്വീസ്
1	കൈപ്പുഴമുട്ട്—പുത്തൻപാലം	p.w.D	6.900	8	ഉണ്ട്
2	അംബികാമാർക്കറ്റ്—ബണ്ട്റോഡ്	ഇറിഗേഷൻ	2.000	10	ഉണ്ട്
3	വെച്ചൂർ ഹരിജൻ കോളനി	.500	6	ഇല്ല	
4	ഹെൽത്ത് സെൻറർ—കൊടുത്തുരുത്ത്	p.w.D	1.400	12	ഇല്ല

മെറ്റൽ റോഡുകൾ

പഞ്ചായത്തിൽ മെറ്റൽ ചെയ്ത റോഡിന്റെ ദൈർഘ്യം വളരെ കുറവാണ്. 750 മീറ്റർ ദൈർഘ്യം മാത്രമാണ് മെറ്റൽചെയ്ത റോഡുള്ളത്. അറ്റകുറ്റപ്പണി നടത്താത്തതിനാൽ റോഡിന്റെ അവസ്ഥ വളരെ മോശമാണ്. കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ റോഡുകളുടെ ദൈർഘ്യം വർദ്ധിപ്പിക്കേണ്ടതാണ്. ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി നടത്തി ടാർചെയ്യേണ്ട റോഡിന്റെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക — 3 —

	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1	6	വേരുവള്ളി—ഈട്ടുംപുറം	1 കി.മീ.	6 മീ.

നിലവിലുള്ള ഗ്രാവൽ റോഡുകൾ

പഞ്ചായത്തിൽ നിലവിലുള്ള ഗ്രാവൽ റോഡുകൾ വളരെ കുറവാണ്. ഉള്ള റോഡിന്റെ ഗുണനിലവാരം വളരെ മോശമാണ്. നാളികേരം, നെല്ല്, കക്കാവ്യവസായം, മത്സ്യബന്ധനം തുടങ്ങിയവ കാര്യക്ഷമമായി നടക്കുന്ന ഈ പഞ്ചായത്തിലെ, ഗ്രാവൽറോഡുകൾ ഗതാഗത യോഗ്യമല്ല. ഗ്രാമസഭയിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിഗണിക്കുമ്പോൾ താഴെപറയുന്ന റോഡുകൾ വളരെ അടിയന്തിരമായി മുൻഗണനാക്രമത്തിൽ മെറ്റൽചെയ്ത് ടാർചെയ്യേണ്ടവയാണ്. പേരുവിവരം പട്ടിക നമ്പർ നാലിൽ കൊടുക്കുന്നു.

പട്ടിക — 4 —

Sl.No.	വാർഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി
1		അംബികാമാർക്കറ്റ്—സ്വാമിക്കൽ—ശാസ്ത്രക്കുളം	2.760	6 മീ.
2		അംബികാമാർക്കറ്റ്—പരിയാരം—വേരുവള്ളി	2.500	8 മീ.
3		മൂന്നംവേലി—കട്ടമട	3.000	8 മീ
4		വല്ല്യാറ—പുന്നപ്പൊഴി	.450	6 മീ.
5		വെച്ചൂർ—മറ്റം വളച്ചകരിപാലംവരെ	.450	6മീ
6		പി. എച്ച്. സി. മുതൽ കൊച്ചുതോടുവരെ	.315	6 മീ.
7		കൊടുതുരുത്ത് — മറ്റം	1.000	6 മീ.
8		ഹരിജൻ കോളനി മുതൽ സെൻറ്മേരീസ് LPS വരെ	1.000	6 മീ

പുതിയ റോഡുകളും നടപ്പാതകളും

ഗ്രാമസഭയിൽ നിന്ന് ഒട്ടനവധി പുതിയ റോഡുകളുടെയും നടപ്പാതകളുടെയും നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ടതാണ്. പ്രസ്തുത റോഡുകളുടെയും നടപ്പാതകളുടേയും പേരുവിവരം വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ പട്ടിക അഞ്ചിൽ ചേർക്കുന്നു.

പട്ടിക 5 **വാർഡ് 1**

ക്രമനമ്പർ	റോഡിന്റെ പേര്
1	വെച്ചൂർ–മറ്റം
2	കൈപ്പുഴമുട്ട്–മഞ്ചാടിക്കരി
3	കാമിചേരി–കീളോതറ ഈരയിൽ
4	കട്ടമട–ഈട്ടുംപുറം കന്ന്യക്കോൺ
5	ഏലൂർമഠം–ഈരയിൽ
6	ഈരയിൽ–വലിയ വെളിച്ചം അക്കാത്ത്–കീളോത്തറ
7	ശാസ്ത്രക്കുളം–മണലേൽ–കാക്കമട
8	കാവുംപള്ളി–പറയനിട്ടയിൽ
9	തുണ്ടംപറമ്പ്–അമ്പലപ്പള്ളി
10	പിഴായി–കൽചിറ
11	മറ്റം–സ്രാമ്പിമറ്റം

വാർഡ് 2

1	പിഴായിൽനിന്ന്–നാട്ടുതോടുവരെ
2	കരുമാലിൽ ലക്ഷംവീട്–പടിഞ്ഞാറെ നാട്ടുതോട്
3	വട്ടപ്പാറയിൽ–നാട്ടുതോട്
4	ശാസ്ത്രകുളം–ഔട്ട്പോസ്റ്റ്
5	ഏലൂർമഠം–നാട്ടുതോട്
6	കൽചിറ–ഭജനമഠം–കായൽതീരം
7	കൈപ്പുഴമുട്ട്–കളരിക്കൽ
8	കൈപ്പുഴയിൽനിന്ന് കിഴക്കോട്ട്
9	നാലുചിറ–നാട്ടുതോട് നടപ്പാത
10	ഔട്ട്പോസ്റ്റ്–പാലത്തിങ്കൽ–കണിയാംതറ

വാർഡ് — 3 —

ക്രമനമ്പർ	റോഡിന്റെ പേര്	നീളം
1	ശാസ്ത്രക്കുളം — സ്വാമിക്കൽറോഡും റാണിമുക്ക് പാലത്തിങ്കൽ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന വട്ടത്തനാനം തറവാതിൽ റോഡ്	1 കി.മീ.
2	അയ്യനാട്ട് കോളനി —കളത്തുപറമ്പ് ഉച്ചാനത്ത് കോളനി റാണിമുക്ക് റോഡ്	1 കി.മീ.
3	വെച്ചൂർ പള്ളിപ്പാലം റാണിമുക്ക് പാലത്തിങ്കൽ റോഡ്	1.5 കി.മീ.
4	റാണിമുക്ക്—പട്ടത്താനം	
5	കണിയാം പടിമുതൽ ഉച്ചാനത്ത് അയ്യനാട്ട് കോളനിറോഡ്	.400 മീ.
6	ഇല്ലത്ത്പാടം—ഐവള്ളി റോഡ്	
7	ദൈവപുരയ്ക്കൽ പോസ്റ്റോഫീസ് — വെട്ടിക്കാട്ട്	663 മീ
8	കടപ്പള്ളി—കടമാട്ടുമഠം റോഡ്	700 മീ.

വാർഡ് 4

ക്രമനമ്പർ	റോഡിന്റെ പേര്	നീളം
1	ബണ്ടുറോഡ് വിക്രമൻതോട്	250 മീ
2	മൂലങ്ങാട്ട് നാട്ടുതോട് റോഡ്	250 മീ
3	പാലയ്ക്കൽ ബണ്ടുറോഡുറോഡ്	
4	മുരുപ്പത്ത്—പാരയിൽ	
5	ഞാറകുളം — ബണ്ടുറോഡ്	
6	കോയിത്തറ—പള്ളിപ്പാലം (വിക്രമൻ തോടിനുവടക്കുവശം)	1.500 മീ
7	ചേരകുളങ്ങര റാണിമുക്ക്	305 മീ
9	കല്പകയുടെ വടക്കോട്ട് പരിയാരം	
10	കാളംങ്കേരി — വെച്ചൂർപഞ്ചായത്ത് ബണ്ടുറോഡ്	

വാർഡ് 5

ക്രമനമ്പർ	റോഡിന്റെ പേര്
1	അംബികാമാർക്കറ്റ്–വേരുവള്ളി
2	വലിയപാലം–കായൽതീരം
3	മട്ടിസ്ഥലം–പഞ്ചായത്ത് കിണർമുതൽ തീരദേശംവരെ
4	പരിയാരം–ചിരട്ടേക്കരി
5	കല്ലുപുരയ്ക്കൽ–പരിയാരം
6	ഞാറകുളം–മാമ്പ്ര
7	ഏലമ്മാക്കൽ–കോണത്തുകാട്
8	ബണ്ടിനുവടക്കോട്ട്–കരിയിൽവരെ
9	മട്ടിസ്ഥലം–വള്ളിപ്പാലം
10	കുന്തത്തിൽ കോളനിയിലേയ്ക്ക്–പൊന്നേലിയിൽ നിന്ന്
11	അഞ്ചുമന പാലത്തിൽനിന്ന് മാമ്പ്രവരെ.

വാർഡ് 6

ക്രമനമ്പർ	റോഡിന്റെപേര്	നീളം
1	ബണ്ടുറോഡ് പുത്തൻപാലം വഞ്ചിറൽസൈഡ്	2 കി.മീ.
2	ജി. എച്ച്. എസ്. പുത്തൻപാലം–കായൽതീരംവരെ	600 മീ.
3	ബണ്ടുറോഡ് തെക്കുവശം–അയ്യനാട്ടുനിന്നും കിഴക്കോട്ട്	1 കി.മീ.
4	ചക്കാലനാട്ടുതോട്	500 മീ.
5	പി. എച്ച്. സി. പടിഞ്ഞാറെ അറ്റം വടക്കോട്ട്	700 മീ.
6	പുതുപ്പള്ളി ചിറ്റൊടി	500 മീ.
7	ചെമ്മരപ്പള്ളി–കൊച്ചുതോട്	600 മീ.
8	അരമുറി–വാഴേശ്ശരി	500 മീ.

9	എസ്. ബി. റ്റി. കൊച്ചുതോട്	600 മീ.
10	മൂലക്കാട് നെല്ലികുന്നത്ത്	300 മീ.
11	കിഴക്കേമുറി—മൂന്നൊടിത്തറ	300 മീ.
12	ആര്യാട്ട്—മിത്രംപള്ളി	400 മീ.
13	പൂങ്കാവ് അമ്പലം കായൽതീരം	600 മീ.
14	ബണ്ടുറോഡ് വടക്കുവശം കിഴക്കോട്ടുള്ള റോഡ്	500 മീ.
15	കൊച്ചുപാലം വടക്കോട്ട് എസ്. ബി. റ്റി. വരെ	400 മീ.
16	അംബേദ്കർ കോളനി തെക്കോട്ട് പാറേത്തറ വരെ	200 മീ.
17	കൃഷിഭവൻ കിഴക്കോട്ടുള്ള റോഡ്	500 മീ.
18	വാരിയത്ത് മങ്ങാട്ട് റോഡ്	600 മീ.
19	പാവുന്ന വടക്കോട്ടുള്ള റോഡ്	250 മീ.
20	ബിജുഭവൺ മുതൽ കിഴക്കോട്ടു പുല്ലംപിലായിൽവരെ	600 മീ.

വാർഡ് 7

ക്രമനമ്പർ	റോഡിന്റെ പേര്
1.	കല്ലിത്തറ—കടമ്പനാട്ട്
2	ഷൺമുഖം റോഡ്
3	മങ്ങാട്—ഈട്ടുംപുറം
4	ചിരട്ടേപ്പറമ്പ്—പുത്തൻതോട്—തോട്ടാപ്പള്ളി
5	നാലാംകുഴി നാട്ടുതോട്
6	രാജീവ്ഗാന്ധി കോളനി—ഷൺമുഖം റോഡ്
7	ചാണമുതൽ ചെയ്യാറ വരെ
8	നീണ്ടുശ്ശേരി എസ്. ബി. റ്റി. റോഡ്
9	ആര്യാട്ട് — നാട്ടുതോട്
10	കൂട്ടുമ്മേൽ റോഡ്

വാർഡ് — 8 —

ക്രമനമ്പർ	റോഡിന്റെ പേര്		
1	വല്ല്യാറ — ഈരാമത്തറ	1 കി.മീ.	3 മീ
2	ഞാണുപ്പുറമ്പ്— കമ്പിയിൽ (എസ്. കെ. റോഡ്)	1 കി.മീ.	4 മീ.
3	ചാണയിൽ—ഈട്ടുംപുറം	1 കി.മി.	6 മീ.
4	മൂന്നംവേലി കട്ടമട റോഡിൽ നിന്നും (ഓകൊച്ചുപാലയ്ക്കത്തറ) കിഴക്കോട്ട് ഞാണുപ്പുറമ്പ് കട്ടമട റോഡിലേയ്ക്ക്		600 മീ
5	ഞാണുപ്പുറമ്പ് — കട്ടമട	1 കി.മീ.	3 മീ.
6	പൊന്നംങ്കേരി ഞാറയ്ക്കത്തടം		
7	ശ്മശാനം റോഡ്		
8	വല്ല്യാറയിൽ നിന്ന് വടക്കോട്ട് നടപ്പാത		
9	തൈത്തറ പള്ളത്തുശ്ശേരി നടപ്പാത		
10	പരുത്തിത്തറ—കലയാറ്റുംതറ—നാലേക്കർ—വെച്ചൂർ കല്ലറ റോഡുവരെ നടപ്പാത		
11	മണവേലിൽ തെക്ക്നിന്നും കിഴക്കോട്ട് നടപ്പാത		
12	പൂത്തംമാക്കിൽ—പുത്തൻതറ—കമ്പിയിൽ റോഡ്	600 മീ.	3മീ
13	ഉഴുത്തേരികിഴക്ക് ശ്രീരാമനിലയം നടപ്പാത		
14	കുറ്റിച്ചിറ—കണ്ണുതറ—കളത്ര—കോലാംപുറത്തുകരി		
15	എസ്. കെ. റോഡ് കെ. പി. എം. എസ്. കോലാംപുറത്തുകരിബണ്ട് നടപ്പാത		
16	ആട്ടേത്തറയിൽ നിന്നും കൊടുതുരുത്ത് മുന്നൂറ്റം പടവ് റോഡിലേയ്ക്ക്		
17	വിളക്കുമരം മറ്റം റോഡ്		
18	മുച്ചൂർക്കാവ് പാലത്തിൽനിന്നും മങ്ങാട്ട് പാലംവരെ നടപ്പാത		

വാർഡ് 9

ക്രമനമ്പർ	റോഡിന്റെ പേര്	
1	പള്ളിപ്പാലം—മട്ടിസ്ഥലം—കരിയിൽ	450 മീ
2	നഗരിന്ന—പുല്ലൂരിക്കൽ കായൽതീരം	150 മീ
3	പട്ടത്താനം—മത്തുങ്കൽ	600 മീ
4	കടമാട്ടുമഠം—മാരാമിറ്റം	150 മീ
5	മത്തുങ്കൽ പാലം മുതൽ മുസ്ലിംപള്ളി റോഡ്	
6	വെള്ളകക്കാസംഘം മുതൽ കായൽതീരം വരെ	450 മീ
7	സ്വാമിക്കൽ ജെട്ടി—മാടക്കാട്ട് ശാസ്താക്ഷേത്രം—മത്തുങ്കൽ	
8	തെക്കേതയ്യിൽ നടപ്പാത	
9	തോട്ടുചിറ നടപ്പാത	

സാധ്യതകൾ

റോഡ് ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. വെച്ചൂർ—വൈക്കംറോഡ്, അംബികാമാർക്കറ്റ് ബണ്ടുറോഡ് എന്നീ റോഡുകളുടെ നടപ്പാതയുടെയും ടാർ ചെയ്ത ഭാഗത്തിന്റെയും വീതി വർദ്ധിപ്പിക്കുക.
2. കയ്യേറ്റം ചെയ്യപ്പെട്ട റോഡ് പുറംമ്പോക്ക് ഒഴിപ്പിക്കുക.
3. റോഡ്സൈഡിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണം ഒഴിവാക്കുക.
4. ടാർചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ടെലഫോൺ, ഇലക്ട്രിക്ക് പോസ്റ്റുകൾ, വെയിറ്റിംഗ് ഷെഡ്ഡുകൾ തുടങ്ങിയവ ഗതാഗതത്തിനു തടസ്സം ഉണ്ടാകാത്ത തരത്തിൽ സ്ഥാപിക്കേണ്ടതാണ്.
5. അനധികൃതമായി റോഡുസൈഡിൽ സ്ഥാപിച്ചിരിക്കുന്ന കച്ചവടസ്ഥാപനങ്ങൾ പരസ്യബോർഡുകൾ എന്നിവ ഒഴിപ്പിക്കുക.
6. കോട്ടയം പട്ടണത്തിലേയ്ക്കും, മെഡിക്കൽ കോളേജ്, യൂണിവേഴ്സിറ്റി എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വെച്ചൂർ കല്ലറ റോഡിന്റെ പണി അടിയന്തിരമായി തീർത്ത് ഗതാഗത—യോഗ്യമാക്കണം.
7. വെച്ചൂർ നിന്നും കോട്ടയം നഗരത്തിലേയ്ക്ക് 25 കി. മീ. ലാഭകരമാകുന്ന വെച്ചൂർ—കുമരകം റോഡിൽ കൈപ്പുഴയാറിനു കുറുകെയുള്ള പാലത്തിന്റെ പണി അടിയന്തിരമായി നടത്തണം.

8 പ്രധാന ബസ്സ്സ്റ്റോപ്പുകളിൽ പഞ്ചായത്തുവക വെയിറ്റിംഗ്ഷെഡ്ഡുകൾ നിർമ്മിക്കുക.

9 വെച്ചൂർ—വൈക്കം റോഡിനു സമാന്തര റോഡു മാർഗ്ഗത്തിന്റെ സാധ്യത—കൂവം, പള്ളിയാടുവഴി വരുന്ന റോഡ് വെച്ചൂർ പഞ്ചായത്തിലെ എസ്. കെ. റോഡുമായി ബന്ധിപ്പിച്ച് പരിഹരിക്കാവുന്നതാണ്. നിലവിലുള്ള റോഡുകൾ ഓടവെട്ടി സംരക്ഷിക്കേണ്ടതാണ്.

10 വെച്ചൂർ, തലയാഴം, റ്റി. വി. പുരം പഞ്ചായത്തുകളുടെ പടിഞ്ഞാറെ തീരദേശം വഴി വൈക്കം വെച്ചൂർ റോഡിനു സമാന്തരമായി റോഡുനിർമ്മിക്കേണ്ടതാണ്.

11 തണ്ണീർമുക്കം ബണ്ടിന്റെ കിഴക്കേമുറ്റത്ത് ലോക്കിനുകിഴക്കുവശമായി കിടക്കുന്ന സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ബസ്സ് സ്റ്റാൻഡ് നിർമ്മിക്കുന്നതും, അപ്രോച്ചിന് ഇരുവശങ്ങളിലായി റോഡുനിർമ്മിക്കുന്നതും പരിഗണിക്കാവുന്നതാണ്.

റോഡ് വ്യാപനം ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

നാടിന്റെ വികസനത്തിന് റോഡ് ശൃംഖല അതിപ്രധാനമാണ്. എന്നിരുന്നാലും റോഡുകളുടെ നിർമ്മാണം അശാസ്ത്രീയമായ രീതിയിൽ നടക്കുന്നതിനാൽ അത് ചില പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മൺറോഡുകളിലായി മാറി ഇടത്തോടുകൾ വർഷകാലത്ത് അധികമുള്ള വെള്ളം താഴ്ന്നപാടശേഖരങ്ങളിലേയ്ക്ക് ഒഴുകിപ്പോകുന്നതിന് സഹായകരമായിരുന്നു. എന്നാൽ പുതിയ റോഡുകളുടെ നിർമ്മാണംമൂലം നീരൊഴുക്ക് തടസ്സപ്പെടുകയും, ജലംകെട്ടിനിന്ന് ജലജന്യരോഗങ്ങൾക്കും, വർഷകാലത്ത് വെള്ളപ്പൊക്കത്തിനും, ജലഗതാഗതത്തിനും തടസ്സമാകുകയും ചെയ്യുന്നു. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

പുത്തൻവികസന സംസ്കാരം

കഴിഞ്ഞ 5 വർഷത്തിൽ റോഡുകൾക്കുവേണ്ടി ചിലവഴിച്ച തുക പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിന്റെ 70ശതമാനം ആണ്. നാടിന്റെ വിഭവങ്ങൾ കാര്യമായി ഈ രംഗത്ത് ഉപയോഗിച്ചിട്ടില്ല. വികസന സംസ്കാരത്തിന്റെ ഭാഗമായി ജനകീയശക്തിയും നമ്മുടെ വിഭവങ്ങളും ഉപയോഗിച്ച് ഈ രംഗത്ത് വൻനേട്ടങ്ങൾ കൊയ്യുവാൻ നമുക്ക് കഴിയും. പ്രത്യേകിച്ച് റോഡുനിർമ്മാണത്തിന്റെ കാര്യത്തിൽ വൻതുക ചിലവഴിക്കപ്പെടുന്ന പഞ്ചായത്ത് എന്ന നിലയിൽ.

ജലഗതാഗതം

പഞ്ചായത്തിന്റെ പടിഞ്ഞാറെ തീരം 5 കിലോമീറ്ററോളം വേമ്പനാട്ടുകായലിന്റെ സാമീപ്യം ഉണ്ട്. ദേശീയ ജലപാത ഈ കായലിലൂടെയാണ് കടന്നുപോകുന്നത്. വൈക്കം കുട്ടോമ്പുറം ബോട്ടുസർവ്വീസ് പഞ്ചായത്തിലെ സ്വാമിക്കല്ല്, പള്ളിക്കല്ല് എന്നീ ജെട്ടികളിൽ അടുക്കാറുണ്ട്. വർഷങ്ങൾക്ക് മുമ്പ് ഗതാഗതയോഗ്യമായ പുഴകളിലൂടെ ഓട്പായ് കെട്ടിയവള്ളങ്ങൾ വാണിജ്യത്തിനും, ചരക്ക് ഗതാഗതത്തിനും, കെട്ടിടനിർമ്മാണസാമഗ്രികൾ കൊണ്ടുപോകുന്നതും പതിവായിരുന്നു. പുഴകൾ ഗതാഗത യോഗ്യമല്ലാതായിതീർന്നതോടുകൂടി ഇവയെല്ലാം ഒരു മരീചികയായി മാറി. പഞ്ചായത്തിന്റെ പടിഞ്ഞാറെ തീരപ്രദേശം ജലഗതാഗതത്തിനും പ്രത്യേകിച്ച് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുന്നതിന് വളരെയേറെ സാധ്യതകളുള്ള പ്രദേശമാണ്.

5	മറ്റം—പുന്നച്ചുവട്
6	മറ്റം—സ്രാമ്പിമറ്റം
7	മണലേൽ
8	ഇട്ട്യേക്കാടൻകരി
9	ശാസ്തകുളം
0	ഈരയിൽ
11	വലിയവെളിച്ചം
12	മാനാടം കരി
13	കീളോത്തറ സ്ലാബ്
14	മുകുളോത്തറ സ്ലാബ്
15	കണ്ടോത്ത് സ്ലാബ്
16	ഈരയിൽ സ്ലാബ്
17	മറ്റം—11 എണ്ണം

വാർഡ് 2

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	നാലുചിറ നടപ്പാതയിൽ—പാലം
2	നാലുചിറ നടപ്പാതയിൽ—സ്ലാബ്
3	കരയിൽഭാഗം 3 സ്ലാബുകൾ
4	ഈരയിൽ വേമ്പനാട്ടുകായലുമായി ബന്ധപ്പെട്ട വഴിയിൽ 3 സ്ലാബ്
5	എലുശ്ശേരിമംഗലം—മത്തുങ്കൽ തോട്ടിൽസ്ലാബ് 2 സ്ലാബ്
6	തുരുത്തേൽ ഭാഗത്ത് 3 സ്ലാബുകൾ
7	കൽചിറഭാഗത്ത് 3 സ്ലാബുകൾ

വാർഡ് 3

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	റാന്നിമുക്ക് — പാലം
2	ദൈവപുരയ്ക്കൽ — പാലം
3	ഹരിജൻ സെറ്റിൽമെൻറ് — 3 സ്ലാബ്
4	പാലത്തിങ്കൽ നിന്ന് തെക്കോട്ട് 3 സ്ലാബ്
5	പള്ളിപ്പാലം റാണിമുക്ക് — 3 സ്ലാബ്

വാർഡ് 4

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	അഞ്ചുമനപാലം
2	മുരിപ്പത്ത് — പാലം
3	തേവലക്കാട്ട് തെക്കുവശം — സ്ലാബ്
4	കണിയാംതറ ഭാഗത്ത് — കലുങ്ക്
5	ഞാറുകുളം ബണ്ടുറോഡ് — കലുങ്ക് 2
6	പാലയ്ക്കൽ ബണ്ടുറോഡ് — 2 കലുങ്ക്
7	കോയിത്തറ — മുരുപ്പത്ത്

വാർഡ് 5

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	മൂലയിൽ കോളനിയിൽ കലുങ്ക്
2	ചിരട്ടേക്കരിയിൽ സ്ലാബ്
3	പഞ്ചായത്ത് കിണറിനു പടിഞ്ഞാറുവശം സ്ലാബ്

പ്രശ്നങ്ങൾ

1 ഭൂവുടമകൾ നിലവിലുള്ള പുഴകളുടെ തീരം കൈയ്യേറി പുഴയുടെ വീതികുറയ്ക്കുന്നു. തന്മൂലം ജലഗതാഗതത്തിനും ജലനിർഗ്ഗമനത്തിനും തടസ്സമാകുന്നു.

2 പുഴകൾ മിക്കതും മണ്ണടിഞ്ഞും എക്കൽഅടിഞ്ഞും ആഴം കുറയുന്നതുകൊണ്ട് ഗതാഗതത്തിനും വർഷകാലത്ത് വെള്ളപ്പൊക്കത്തിനും കാരണമാവുന്നു.

3 പുഴകളിലെ ആഴം അടിയ്ക്കടി കുറയുന്നതിനാൽ ബോട്ടുസർവ്വീസിനെ കാര്യമായി ബാധിക്കുന്നു. വൈക്കം–കുട്ടോമ്പുറം ബോട്ട്സർവ്വീസ് കാര്യക്ഷമമായി നടക്കുന്നില്ല.

4 തണ്ണീർമുക്കം ബണ്ട് അടച്ചാൽ ബണ്ടിനു തെക്കുവശത്തെ പുഴയിലെ ജലനിരപ്പ് താഴുകയും തൽഫലമായി ജലഗതാഗതത്തിനു തടസ്സമാകുകയും ചെയ്യുന്നു. ഇത് കൂടുതൽ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

സാധ്യത

1 നിലവിലുള്ള പുഴകളുടെ ആഴം വർദ്ധിപ്പിച്ച് ഇരുവശവും കല്ല്കെട്ടി സംരക്ഷിക്കുക.

2 വൈക്കം–കുട്ടോമ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുക.

3 നിലവിലുള്ള പുഴകൾ അളന്ന് തിട്ടപ്പെടുത്തുകയും അതിർകല്ലുകൾ സ്ഥാപിക്കുകയും ചെയ്യുക.

പഞ്ചായത്തിലെ പൊതുതോടുകളുടെ പേരുവിവരം പട്ടിക ആറിൽ കൊടുക്കുന്നു.

പട്ടിക 6

ക്രമനമ്പർ	തോടിന്റെ പേര്
1	കൈപ്പുഴയാർ
2	അഞ്ചുമന–വിക്രമൻ തോട്
3	അഞ്ചുമന–മത്തുങ്കൽതോട്
4	അഞ്ചുമന–കൊച്ചുതോട്
5	കൽചിറ–അഞ്ചുമനത്തോട്
6	അഞ്ചുമന–പുത്തൻതോട്
7	കോയിതുരുത്ത്–ഞാണുപ്പറമ്പ് തോട്
8	ഈരാമത്തറ–ഞാണുപ്പറമ്പ് തോട്
9	മൂന്നംവേലിക്കരി–ഞാണുപ്പറമ്പ് തോട്

10	വൈക്കം—കോട്ടയം തോട്
11	കന്യാകോൺ—കൈപ്പുഴത്തോട്
12	കൈപ്പുഴ—ഭൈരവൻകാട്തോട്
13	മഞ്ചാടിക്കരി—മറ്റം വിലങ്ങുചിറത്തോട് (കൈപ്പുഴ—അഞ്ചുമന)
14	ഭൈരവൻ കാട് തോട്—അഞ്ചുമനത്തോട്
15	കല്ലുതോട്—കൽചിറത്തോട്
16	ഊരിക്കരി ചാൽ
17	കുറിച്ചിക്കരി—ഞാണുപ്പറമ്പ് തോട്
18	മുരുപ്പത്ത് തോട്
19	പുത്തൻതോട്—പൂവത്തിക്കരി കോലാംപുറത്തുകരിതോട്
20	കവലയ്ക്കൽ ഞാണുപ്പറമ്പ് (തോട്ടാപ്പള്ളി) തോട്

നിരവധി പാടശേഖരങ്ങളാലും തോടുകളാലും ചുറ്റപ്പെട്ട കാർഷികഗ്രാമമാണ് വെച്ചൂർ. പാടശേഖരങ്ങളിൽ തുരുത്തുകളിലായി താമസിക്കുന്ന ജനങ്ങൾക്ക് സഞ്ചാരയോഗ്യമായ റോഡുകളിലെത്തിച്ചേരാൻ തെങ്ങിൻ തടിപ്പാലങ്ങളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ മറ്റ് ആവശ്യങ്ങൾക്കും കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനും വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നു. വർഷംതോറും തടിപ്പാലങ്ങളുടെ നിർമ്മാണത്തിന് പഞ്ചായത്ത് ഭീമമായ തുക ചിലവഴിക്കപ്പെടുന്നു. ഇതൊരു വിഭവശോഷണം തന്നെയാണ്. സ്ഥായിയായ പാലങ്ങളോ, കോൺക്രീറ്റ് സ്ലാബുകളോ നിർമ്മിച്ചാൽ ഈ വിഭവനഷ്ടം ഒഴിവാക്കാനും, ജനസഞ്ചാരം സുഗമമാക്കാനും കഴിയും. ആയതിനാൽ ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന കോൺക്രീറ്റ് പാലങ്ങളുടെയും സ്ലാബുകളുടെയും നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. വാർഡ് തിരിച്ച് മുൻഗണനാക്രമത്തിൽ പട്ടിക ഏഴിൽ കൊടുത്തിരിക്കുന്നു.

പട്ടിക 7

വാർഡ് 1

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	വളച്ചക്കരി—പാലം
2	മറ്റം—മുന്നൂറ്റം പടവ്
3	ശ്രാമ്പിമറ്റം—കൊടുതുരുത്ത്
4	വലിയപുതുക്കരി—മറ്റം

ഊർജ്ജം

കേരളത്തിന്റെ വികസനഭൂപടത്തിൻ എന്നും ഒരു വെല്ലുവിളിയാണ് ഊർജ്ജപ്രതിസന്ധി. ആധുനിക ശാസ്ത്രസാങ്കേതിക രംഗത്ത് വൻകുതിച്ചുചാട്ടങ്ങൾ ഉണ്ടായിട്ടും വികസനമുരടിപ്പ് അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ഒന്നാണ് വെച്ചൂർ. പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ഊർജ്ജ സ്രോതസ്സായി ഉപയോഗിക്കുന്നത് യഥാക്രമം ജൈവദ്രവ്യങ്ങൾ (വിറക്, തെങ്ങുൽപന്നങ്ങൾ, ചപ്പുചവറുകൾ) മണ്ണെണ്ണ, വൈദ്യുതി എന്നിവയെയാണ്. വീടുകളിൽ പാചകത്തിനു ഏറിയപങ്കും ജൈവദ്രവ്യങ്ങളാണ് ഉപയോഗിക്കുന്നത്.

1950–51 ജി. എം. എഫ്. പദ്ധതി പ്രകാരം കൃഷിചെയ്യുവാൻ കൈപ്പുഴ–വെച്ചൂർ കായലിൽ പമ്പിംഗിന് വൈദ്യുതിലൈൻ സ്ഥാപിച്ച നാളിൽ വെച്ചൂരിന്റെ പടിഞ്ഞാറൻ മേഖലയിലെ ഏതാനും കുടുംബാംഗങ്ങളിൽ ബൾബുകൾ തെളിഞ്ഞതോടുകൂടിയാണ്, ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ, വൈദ്യുതി വെച്ചൂർ പഞ്ചായത്തിൽ എത്തിയത്. 1958–ൽ ഗ്രാമീണ വൈദ്യുതി പദ്ധതി (റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം) നടപ്പിൽവന്നപ്പോൾ വൈദ്യുതീകരണം നടന്ന കേരളത്തിലെ ആദ്യഗ്രാമങ്ങളിലൊന്നാണ് വെച്ചൂർ.

പഞ്ചായത്തിലെ 3657 കുടുംബങ്ങളിൽ വൈദ്യുതി ബോർഡിന്റെ ഔദ്യോഗിക കണക്കുപ്രകാരം 2154 കുടുംബങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വൈദ്യുതി ഉപഭോഗമേഖലകളെ പ്രധാനമായും ഗാർഹികം, കാർഷികം, വ്യവസായം, വ്യാപാരം എന്നിങ്ങനെ തിരിക്കാം. അവയുടെ വിശദവിവരം പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക — 1 —

ക്രമനമ്പർ	ഉപഭോക്താക്കളുടെ വിവരം	എണ്ണം
എ	ഗാർഹികം	2154
ബി	വ്യാപാരം	232
സി	വ്യവസായം	45
ഡി	കാർഷികം	81

പതിറ്റാണ്ടുകൾ പിന്നിട്ടെങ്കിലും പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ 25 എൽ. റ്റി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം നടത്തുന്നു. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലവും അവയുടെ കപ്പാസിറ്റിയും പട്ടിക രണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക — 2 —

ക്രമനമ്പർ	വാർഡ്	ട്രാൻസ്ഫോർമർ സ്ഥാപിച്ചിരിക്കുന്ന സ്ഥലം	ശേഷി കെ. വി.
1	1	അച്ചിനകം	50
2	2	എട്ടൊന്നിൽ	100
3	5	അംബികാമാർക്കറ്റ്	100
4	1	അരുകുപുറം	100
5	8	അയ്യനാടൻ പുത്തൻകരി	63
6	4	ചേരകുളങ്ങര	100
7	1	ഇട്ടിയകാടൻ കരി	100
8	1	കട്ടമട	100
9	8	കാക്കമട	100
10	8	കോലാംപുറത്തു കരി	100
11	1	കൊല്ലേരിത്തറ	100
12	1	മാമ്പറ്റത്തറ	100
13	1	മറ്റംവിളങ്ങുചിറ	100
14	8	മുന്നൂറ്റംപടവ്	100
15	8	ഊരിക്കരി	100
16	8	പൂവത്തിക്കരിനോർത്ത്	63
17	8	പൂവത്തിക്കരി ഈസ്റ്റ്	100
18	8	പൂവത്തിക്കരി സൗത്ത് ഈസ്റ്റ്	63
19	8	പൂവത്തിക്കരി സൗത്ത് വെസ്റ്റ്	63
20	2	ശാസ്ത്രകുളം	100
21	8	തേവർകരി	100
22	7	തോട്ടാപ്പള്ളി	100
23	1	വലിയപുതുക്കരി	63
24	1	വലിയവെളിച്ചം	6
25	1	വെച്ചൂർ	150

വാർഡ് 6

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	ചാണയിൽ – പാലം
2	തേവർകരി – പാലം
3	ചിരട്ടേക്കരി – പാലം
4	വാഴേചേരി – അയ്യനാട്ട് പാലം
5	പൂങ്കാവ്തോട്ടിൽ – പാലം

വാർഡ് 7

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	ചാണയിൽ – സ്ലാബ്
2	നാലാംകുഴി – സ്ലാബ്
3	ആര്യാട്ട് – സ്ലാബ്
4	തേവർപുഴ സ്ലാബ്
5	കല്ലിത്തറ സ്ലാബ്
6	ചിരട്ടേപ്പറമ്പ് സ്ലാബ്
7	കല്ലിത്തറ – 2 സ്ലാബ്

വാർഡ് 8

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	മുന്നൂറ്റംപടവ് നമ്പൂരിമറ്റംപാലം
2	കട്ടമടപ്പാലം
3	കൊടുതുരുത്ത്—കല്ലറ—വെച്ചൂർ റോഡിൽപാലം
4	ഞാണുപ്പറമ്പ് – പാലം
5	മങ്ങാട്ട് – കോയിത്തുരുത്ത് പാലം
6	പോട്ടക്കരിയും – പൊന്നംങ്കേരിയും തമ്മിൽബന്ധിപ്പിക്കാൻ സ്ലാബ്
7	കണ്ണുതറ ഭാഗത്ത് സ്ലാബ്
8	പുത്തൻതറ ഭാഗത്ത് സ്ലാബ്

വാർഡ് 9

ക്രമനമ്പർ	പാലങ്ങളും—സ്ലാബുകളും
1	മത്തുങ്കൽ പാലം
2	പള്ളിയുടെ തെക്കുവശം — കലുങ്ക് പട്ടത്താനം മത്തുങ്കൽ റോഡിൽ കലുങ്ക്
3	മത്തുങ്കൽ ഭാഗത്ത് — 3 സ്ലാബ്
4	തോട്ടച്ചിറഭാഗത്ത് — സ്ലാബ്
5	സ്വാമിക്കൽ — മാടക്കാട് റോഡിൽ സ്ലാബ്
6	മാരാമിറ്റം — സ്ലാബ്
7	മട്ടിസ്ഥലം ഭാഗത്ത് — 3 സ്ലാബ്
8	പണ്ടാരച്ചിറഭാഗത്ത് — 2 സ്ലാബ്

പഞ്ചായത്ത് പരിധിയിൽ മൂന്ന് തടിമില്ല്, 23 റൈസ്മില്ല്, ഒരു തീയെറ്റർ, 5 ഓയിൽമില്ല് ഇവയ്ക്ക് പുറമെ ധാരാളം മോട്ടോർ പമ്പിംഗ്തറകളും ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഒരു ഓവർസിയർ ആഫീസ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കോട്ടയം ജില്ലയിലെ പള്ളം ഡിവിഷൻ, വൈക്കം സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽനിന്നാണ് പഞ്ചായത്ത് ഏരിയായിൽ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്ത് പ്രദേശത്താകെ 2 - 32 കി. മീ. 11 കെ. വി ലൈനുകളും, 46 -196കി. മീ. ^{3}ഫേസ്ലൈനും 96.33കി. മീ. സിങ്കിൾഫേസ് ലൈനുകളും ഉണ്ട്. ആറ് ട്യൂബുകളടക്കം 662 സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിലുണ്ട്. എന്നാൽ വൈദ്യുതി ബോർഡിൽനിന്നും ഫ്യൂസായ ബൾബുകൾ യഥാസമയം മാറ്റിയിടാത്തതിനാലും പഞ്ചായത്ത് നിവാസികൾക്ക് പ്രയോജനപ്രദമല്ല. തെരുവ്വിളക്കിനുവേണ്ടി പ്രതിമാസം 4367 രൂപ പഞ്ചായത്ത് അടയ്ക്കുവാൻ നിർബന്ധിക്കപ്പെടുന്നു.

പഞ്ചായത്തിലെ രണ്ട് പട്ടികജാതി കോളനികളും ആറ് പട്ടികജാതി സങ്കേതങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതീകരിച്ച പട്ടികജാതി കോളനികളുടെ പട്ടിക താഴെകൊടുക്കുന്നു.

പട്ടിക — 3 —

വാർഡ്	കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
1	മുതിരപ്പറമ്പ് ഹരിജൻ കോളനി	26
2	വെച്ചൂർ ഹരിജൻ കോളനി	19
3	ഈട്ടുംപുറം സൗത്ത്	16
4	കുടവെച്ചൂർ	2
5	കട്ടമട	27
6	ഇടയാഴം ഈസ്റ്റ്	21
7	കുന്തത്തിൽ	7
8	വേരുവള്ളിൽ	

അവലംബം കെ. എസ്. ഇ. ബി. രജിസ്ട്രർ

പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത ഭൂരിഭാഗം വീടുകളിലും വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. ക്ഷേത്രങ്ങളിലും മറ്റ് ആരാധനാവശ്യങ്ങൾക്കും വിളക്കെണ്ണ ഉപയോഗിച്ചുള്ള ദീപങ്ങളാണ് തെളിക്കുന്നത്. അനേർട്ടിന്റെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ വ്യാപിപിച്ച് ദക്ഷത കൂടിയ അടുപ്പുകൾ, പ്രഷർകുക്കർ എന്നിവ സൗജന്യനിരക്കിൽ നൽകേണ്ടതാണ്. ഈ പഞ്ചായത്തിലെ 24 കുടുംബങ്ങളിൽ ഗോബർഗ്യാസ് പ്ലാന്റുകളും 216 കുടുംബങ്ങളിൽ ഗ്യാസ്കണക്ഷനും ഉണ്ട്.

പാചകാവശ്യത്തിന് മണ്ണെണ്ണ സ്റ്റൗവും, അറക്കപ്പൊടി, ഉമി മുതലായവ നിറയ്ക്കുന്ന കുറ്റിയടുപ്പുകളും വിറക് എന്നിവ ഉപയോഗിച്ചുവരുന്നു.

പഞ്ചായത്തിലെ 7,8 എന്നീ വാർഡുകളിലെ രണ്ട് വൈദ്യുതി അപകടമരണങ്ങൾക്ക് കാരണം — ബോർഡ് ജീവനക്കാരുടെ അനാസ്ഥയാണ്. ഈ രംഗത്തെ പ്രശ്നങ്ങളെ ജീവനക്കാർ ലാഘവബുദ്ധിയോടെ കാണുന്നതിന്റെ ബലിയാടുകളാകേണ്ടിവന്നവരാണ് ഇവർ. ഊർജ്ജക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി സാമൂഹിക വനവൽക്കരണപരിപാടി പഞ്ചായത്തിൽ വ്യാപിപ്പിക്കാവുന്നതാണ്. ഇതിനായി പുറംമ്പോക്കുകളിലും റോഡുവക്കുകളിലും വീടുകളിലും മരങ്ങൾ നട്ടുവളർത്തുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്.

ഊർജ്ജരംഗം നേരിടുന്ന പ്രശ്നങ്ങൾ ഗ്രാമസഭയിൽ ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

പ്രശ്നങ്ങൾ

1 പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.

2 പഞ്ചായത്തിലെ പത്ത് കോളനികൾ വൈദ്യുതീകരിക്കാനുണ്ട്.

3 പഞ്ചായത്തിലെ റോഡുകളിൽ ഇനിയും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്തിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

4 തെരുവ് വിളക്കുകൾ പലതും കത്തുന്നില്ല.

5 ചെറിയ കാറ്റുവീശിയാൽ വൈദ്യുതി മുടങ്ങുന്നത് സ്ഥിരം സ്വഭാവമാണ്.

6 പ്രേക്ഷണ വിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത്.

7 പ്രേക്ഷണ നഷ്ടം വളരെ കൂടുതലാണ്,

8 സ്ലാബ് സിസ്റ്റ് മൂലം ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ചാർജ്ജ് അടയ്ക്കേണ്ടിവരുന്നു.

9 അനേർട്ടിന്റെ കേന്ദ്രം ഇല്ലാത്തതിനാൽ പാരമ്പര്യ ഊർജ്ജത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയാതെ വരുന്നു.

10 വോൾട്ടേജ് ക്ഷാമം ഒരു പ്രധാനപ്രശ്നമാണ്.

11 നിലവിലുള്ള ത്രീഫേസ് ലൈനുകളുടെ ദൈർഘ്യവും ട്രാൻസ്ഫോർറുകളുടെ ശേഷിയും കുറവായതുമൂലം വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ കഴിയുന്നില്ല.

12 യഥാസമയം ഇലക്ട്രിക് പോസ്റ്റുകളുടെയും ലൈനുകളുടെയും അറ്റകുറ്റപ്പണി നടത്താത്തത് പല അപകടങ്ങൾക്കും കാരണമാകുന്നു.

13 പാടശേഖരങ്ങളിലൂടെ ലൈൻവലിച്ചിരിക്കുന്നതിനാൽ രാത്രികാലങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി വിഛേദം യഥാസമയം പരിഹരിക്കപ്പെടുന്നില്ല.

14 ബോർഡ് ജീവനക്കാരുടെ അനാസ്ഥ, അഴിമതി എന്നിവ നിലവിലുള്ള പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു.

സാധ്യതകൾ

1 പഞ്ചായത്തിൽ സമഗ്രമായ വൈദ്യുതീകരണം നടത്തണം ഇതിനായി ചെങ്ങളത്തുനിന്ന് കുമരകം വഴി സ്ഥാപിച്ചിരിക്കുന്ന ഫീഡർ ലൈൻ വെച്ചൂർ പഞ്ചായത്തിൽ എത്തിയ്ക്കുക.

2 വൈക്കത്തുനിന്നും അഡീഷണൽ ഫീഡർ ലൈൻ വെച്ചൂർ പഞ്ചായത്തിന് അനുവദിക്കുക.

3 പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന വിവിധതലത്തിലുള്ള ജനകീയ കമ്മറ്റിയുടെ നിയന്ത്രണത്തിൽ കാര്യക്ഷമമാക്കി മാറ്റേണ്ടതാണ്.

3 കാർഷിക മേഖലയുടെ പ്രാധാന്യവും ഗുണഭോക്താക്കളുടെബാഹുല്യവും കണക്കിലെടുത്ത് ഒരു സബ്– എൻജിനീയർ ആഫീസ് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കാര്യക്ഷമമാക്കാം.

4 മരച്ചില്ലകളും മറ്റും മുറിക്കുന്നതിന് ബോർഡ് യഥാസമയം നടപടി സ്വീകരിച്ചാൽ അപകടങ്ങൾ ഒഴിവാക്കാം.

5 സ്ലാബ്സിസ്റ്റം ഒഴിവാക്കി സെൽഫ് റീഡിംഗ് സമ്പ്രദായം നടപ്പാക്കണം.

6 അനർട്ടിന്റെ സഹായത്തോടെ ഇൻറഗ്രേറ്റഡ് റൂറൽ എനർജിപ്രോഗ്രാം (ഐ. ആർ. ഇ. പി.) ഓഫീസ് തുറന്ന് പ്രവർത്തനം വ്യാപിപ്പിക്കണം.

7 വോൾട്ടേജ് ക്ഷാമമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

8 ദക്ഷതകൂടിയ അടുപ്പുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക

9 പൊതുജനങ്ങൾക്ക് ദക്ഷതകൂടിയ അടുപ്പുകളെക്കുറിച്ചും ഊർജ്ജലാഭം കിട്ടുന്ന ഗൃഹോപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക.

10 ഗോബർഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണത്തിനാവശ്യമായ വായ്പകളും സബ്സിഡിയും വർദ്ധിപ്പിക്കുക.

11 ഇലക്ട്രോണിക്സ് ചോക്കുകളും കോംപാക്ട് ഫ്ലൂറസൻറ് ലാബുകളും വ്യാപിപ്പിച്ച് ഊർജ്ജം ലാഭിക്കാം.

12 സൗരോർജ്ജ വിളക്കുകളുടെ ഉപയോഗം വ്യാപിപ്പിക്കുക.

13 വിറക്ക്ക്ഷാമം പരിഹരിക്കുന്നതിന് സാമൂഹിക വനവൽക്കരണപരിപാടി ഫലപ്രദമായി നടപ്പാക്കുക.

14 വൈക്കം ഗ്യാസ്ഏജൻസിയുടെ പ്രവർത്തന മേഖലയിലോ ചേർത്തല ഗ്യാസ് ഏജൻസിയുടെ പ്രവർത്തന മേഖലയിലോ ഉൾപ്പെടാത്ത പ്രദേശമാണ് വെച്ചൂർ പഞ്ചായത്ത് ആകയാൽ ഗാർഹിക ആവശ്യത്തിന് ഗ്യാസ് വിതരണം ചെയ്യുന്ന ഒരു ഏജൻസി വെച്ചൂർ കേന്ദ്രമായി അനുവദിക്കണം.

15 കച്ചിപ്പെട്ടികളുടെ ഉപയോഗം വ്യാപകമാക്കുക.

മാർക്കറ്റ്

കർഷകതൊഴിലാളികളും മറ്റ് ഇതര വിഭാഗത്തിൽപെട്ട തൊഴിലാളികളും ഇടകലർന്ന് താമസിക്കുന്ന ഈ പഞ്ചായത്തിന്റെ ജനസാന്ദ്രത 550 ആണ്. പാരമ്പര്യമായി തഴപ്പായ്നെയ്ത്തും വിൽപനയും വളരെനല്ല നിലയിൽ നടക്കുന്നു. പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ഇല്ലാത്തതിനാൽ നാടൻ ഉൽപന്നങ്ങളുടെ വിപണനത്തിനും അതുമൂലം പഞ്ചായത്തിന്റെ വരുമാന സാധ്യതയും കുറയുന്നു. ധാരാളം മത്സ്യസമ്പത്തുള്ള പ്രദേശമാണ് വെച്ചൂർ പഞ്ചായത്തും സമീപപ്രദേശങ്ങളെയും, മത്സ്യതൊഴിലാളികളും മറ്റ് മത്സ്യതൊഴിലാളികളും ഉപജീവനമാർഗ്ഗമായി മത്സ്യബന്ധനം നടത്തുന്നു. ഇവർ മത്സ്യങ്ങൾ പ്രാദേശികമായും മറ്റ് മത്സ്യമാർക്കറ്റുകളിലും വിപണനം നടത്തുന്നു. വേമ്പനാട്ടുകായലിൽ നിന്നു പിടിക്കുന്ന കരിമീൻ ഇവിടെ സുലഭമാണ്. അംബികാമാർക്കറ്റ് കേന്ദ്രമായി രണ്ട് കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നുണ്ട്. കോലോത്തുംകടവ്, അഴീക്കൽ എന്നിവിടങ്ങളിൽ നിന്ന് മത്സ്യം ശേഖരിച്ച് തലച്ചുമടിലും സൈക്കിളിലും വീടുകളിൽ എത്തിക്കുന്നു. വൈകുന്നേരങ്ങളിൽ കവലകളിലും റോഡ്സൈഡിലും മത്സ്യക്കച്ചവടം നല്ല നിലയിൽ നടന്നുവരുന്നു.

പഞ്ചായത്തിൽ അംബികാമാർക്കറ്റ് കേന്ദ്രീകരിച്ച് ഒരു സ്വകാര്യമാർക്കറ്റ് മാത്രമാണുള്ളത്. 1965—ൽഫാദർ ജോസഫ് പഞ്ഞിക്കാരനാണ് ഈ സ്വകാര്യമാർക്കറ്റിന്റെ പ്രവർത്തനത്തിന് തുടക്കംകുറിച്ചത്. ഈ സ്വകാര്യമാർക്കറ്റിന്റെ നടത്തിപ്പിൽ നിന്നും പഞ്ചായത്തിന് 503 രൂപ വരുമാനം ലഭിക്കുന്നു. നാളികേരം, കയർ, തഴപ്പായ്, കുത്തരി, വാഴക്കുല, മത്സ്യം, മുട്ട എന്നിവ ധാരാളമായി ലഭിക്കുന്ന പ്രദേശമാണ് വെച്ചൂർ പഞ്ചായത്ത്.

പുരാതനമായ കുടവെച്ചൂർ പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ച് ലക്ഷക്കണക്കിനുരൂപയുടെ വിപണനം വർഷംതോറും നടക്കുന്നു. വിദൂരങ്ങളിൽ നിന്നും അനവധിയാളുകൾ കച്ചവടത്തിനായും, സാധനങ്ങൾ വാങ്ങുന്നതിനുമായും ഇവിടെ എത്തിച്ചേരുന്നു. ഉണക്കമത്സ്യം, കുടംപുളി, പ്ലാസ്റ്റിക്പടുതകൾ, ഉണക്കപ്പായ, തഴപ്പായ്, മെത്തപ്പായ്, കുട്ട, മുറം, ചിരവ, ഇരുമ്പ് സാമഗ്രികൾ ഫർണിച്ചറുകൾ എന്നിവ വൻതോതിൽ ഇവിടെ വിപണനം നടക്കുന്നു. ഈ പെരുന്നാൾ കച്ചവടം ഒഴികെ പഞ്ചായത്തിൽ ഒരു ഉത്സവകച്ചവടം വേറെയില്ല.

നമ്മുടെ പൊതുവായ വിശേഷദിവസങ്ങളിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ രണ്ടര കിലോമീറ്റർ വടക്ക് ഉല്ലല മാർക്കറ്റിൽ പോയാണ് സാധനങ്ങൾ വാങ്ങിക്കുന്നത്. സാധാരണക്കാരായ സ്ത്രീകൾ അവർ നെയ്യുന്ന തഴപ്പായ വിൽക്കുന്നതിന് വേണ്ടി വളരെദൂരം നടന്ന് ഉല്ലല മാർക്കറ്റിനെ ആശ്രയിക്കുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മത്സ്യമാംസാദികൾ ഉപയോഗിക്കുന്നു. ഇവിടെ മൂന്ന് അംഗീകൃത മാംസക്കച്ചവടകേന്ദ്രങ്ങളുണ്ടെങ്കിലും അനധികൃതമായി മാംസം വിൽക്കുന്ന കേന്ദ്രങ്ങൾ ധാരാളമുണ്ട്. വേമ്പനാട്ടുകായലിൽ നിന്നും ശേഖരിക്കുന്ന കറുത്തകക്കയിൽ നിന്നും കക്കായിറച്ചി ധാരാളമായി ലഭിക്കുന്നു.

ചേർത്തല മാർക്കറ്റിലും ആഴ്ചയിൽ രണ്ടുദിവസം നടക്കുന്ന തലയോലപ്പറമ്പ് ചന്തയിൽ നിന്നും പഞ്ചായത്തിലെ ചെറുകിട കച്ചവടക്കാർ സാധനങ്ങൾ കൊണ്ടുവന്നു വിപണനം നടത്തുന്നു. പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 237 കച്ചവടസ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവിടെയുള്ള ജനങ്ങൾ

കെട്ടിടനിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്നതിന് അന്യസ്ഥലങ്ങളെയാണ് ആശ്രയിക്കുന്നത്. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിപണനത്തിന് വൻസാധ്യതകളുണ്ട് ഈ പഞ്ചായത്തിൽ. ഇതെല്ലാം പരിഗണിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റിന് വിപുലമായ സാധ്യതയുണ്ടെന്ന് ഗ്രാമസഭ റിപ്പോർട്ട് സാധൂകരിക്കുന്നു.

പ്രശ്നങ്ങൾ

1 പൊതുമാർക്കറ്റ് ഇല്ലാത്തതുകൊണ്ട് നാടൻ ഉൽപന്നങ്ങളുടെ വിപണനത്തിന് ദൂരെ സ്ഥലങ്ങളിൽ പോകേണ്ടിവരുന്നു.

2 വിദൂരമാർക്കറ്റുകളിൽ വിപണനം നടക്കുന്നതിനാൽ പഞ്ചായത്തിന്റെ വരുമാന സാധ്യത കുറയുന്നു.

3 കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിന് മാർക്കറ്റിംഗ് സൊസൈറ്റി ഫലപ്രദമായി പ്രവർത്തിക്കാത്തതുകൊണ്ട് യഥാർത്ഥവില ലഭിക്കുന്നില്ല.

4 അനധികൃതമായ ഇറച്ചിക്കച്ചവടം ഉള്ളതുകൊണ്ട് ഗുണനിലവാരം കുറഞ്ഞ മാംസ ഉപഭോക്താക്കൾ വാങ്ങേണ്ടിവരുന്നു. തന്മൂലം ജനങ്ങളുടെ ആരോഗ്യത്തിനും, അവശിഷ്ടങ്ങൾ വേണ്ടവിധം മറവ് ചെയ്യാത്തതുകൊണ്ട് പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

5 വഴിയോര മത്സ്യക്കച്ചവടം വ്യാപകമാകുവാൻ കാരണം ഒരു പൊതുമാർക്കറ്റിന്റെ അഭാവമാണ്.

6 തഴപ്പായ വിപണനത്തിന് പൊതുമാർക്കറ്റ് ഇല്ലാത്തതുകൊണ്ട് ജനങ്ങൾ ഉല്ലല മാർക്കറ്റിനെ ആശ്രയിക്കുന്നു.

7 പഞ്ചായത്തിന് പൊതുമാർക്കറ്റും ഷോപ്പിംഗ് കോപ്ലക്സും ഇല്ലാത്തത് പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗത്തിനും, നാടൻഉൽപന്നത്തിന്റെ വിപണനത്തിനും തടസ്സമാകുന്നു.

സാധ്യതകൾ

1 പൊതുവായി ഷോപ്പിംഗ് കോപ്ലക്സും അതിനോടനുബന്ധിച്ച് ഒരു പൊതുമാർക്കറ്റും സ്ഥാപിക്കാവുന്നതാണ്. ഇതിൽനിന്നും പഞ്ചായത്തിന് അധികവരുമാനം ഉണ്ടാകും മാത്രമല്ല കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

2 ഗുണനിലവാരമുള്ള മത്സ്യമാംസാദി വിപണനകേന്ദ്രം പൊതുമാർക്കറ്റിനോട് ചേർന്ന് നടത്താവുന്നതാണ്.

3 പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അന്തിചന്തകൾ നടത്തുവാനുള്ള സാധ്യത ഉണ്ട്.

4 പഞ്ചായത്തിലെ പൊതുകേന്ദ്രത്തിൽ ആഴ്ചചന്തകൾ നടത്തുവാൻ സാധ്യത കാണുന്നു.

5 മാർക്കറ്റിനോടനുബന്ധിച്ച് ലഭിക്കുന്ന ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കുവാൻ കഴിയും.

6 പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തനം കാര്യക്ഷമമാക്കി ഉൽപന്നങ്ങളുടെ വിപണനസാധ്യത വർദ്ധിപ്പിക്കുവാൻ കഴിയും.

പാർപ്പിടവും, സാമൂഹ്യക്ഷേമവും

വെച്ചൂർ പഞ്ചായത്തിൽ പൊതുവെ ഉയർന്ന നിലവാരം പുലർത്തുന്ന പാർപ്പിട സൗകര്യം അല്ല നിലവിൽ ഉള്ളത്. 80% ലധികം ആളുകളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിൽ ഇടത്തരം വീടുകളാണ് കൂടുതൽ. പഞ്ചായത്തിലാകെ 56% കുടുംബങ്ങൾ സ്വന്തമായി വീടുണ്ടാക്കാൻ കഴിയാത്തവരാണെന്ന് കണക്കാക്കിയിരിക്കുന്നു.

പഞ്ചായത്തിലെ വാർഡുതിരിച്ചുള്ള വീടുകളുടെ വിവരം പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

പട്ടിക 1.

വാർഡ്	ആകെ വീടുകൾ	ഓല	ഓട്	കോൺക്രീറ്റ്	കറന്റ് ഉള്ളത്	കിണർ ഉള്ളത്	സ്ഥലമുള്ളവർ		സ്ഥലമില്ലാത്തവർ		ആകെ.
							SC/ST	മറ്റുള്ളവർ	SC/ST	മറ്റുള്ളവർ	
1	486	125	300	51	182	59	23	104	3	8	132
2	474	99	317	58	101	16	8	91	—	—	99
3	410	44	319	47	182	153	5	45	1	20	71
4	288	33	193	62	195	147	7	22	—	—	29
5	332	52	240	40	166	53	6	58	1	6	71
6	566	48	480	38	284	211	8	51	—	1	60
7	375	217	291	57	180	101	18	47	1	11	77
8	381	127	230	24	169	32	27	69	—	—	96
9	345	90	229	26	128	44	1	47	—	—	48
ആകെ	3657	645	2599	403	1587	816	103	534	6	46	689

ഭവന നിർമ്മാണരംഗത്ത് പഞ്ചായത്തിന് ആശ്രയിക്കാവുന്നത് പാലായിലുള്ള ഹൗസിംഗ് ബോർഡിന്റെ റീജിയണൽ ഓഫീസും വൈക്കത്തുള്ള സെൻട്രൽ ഹൗസിംഗ് സൊസൈറ്റിയുമാണ്. എന്നാൽ വായ്പ അനുവദിക്കുന്നതിലെ നടപടിക്രമങ്ങളുടെ സങ്കീർണ്ണത, അമിതമായ പലിശ, യഥാസമയം വായ്പലഭിക്കായ്ക എന്നീ കാരണങ്ങളാൽ ഈ സ്ഥാപനങ്ങളിലെ വായ്പകൾ ഉപയോഗപ്പെടുത്തുന്ന ഗ്രാമീണർ കുറവാണ്.

പഞ്ചായത്തിൽ ആകെ 14 കോളനികൾ ഉണ്ട്. കോളനികളിലെ വീടുകളുടെ സ്ഥിതി പൊതുവെ മോശമാണ്. മിക്കവയും ചുമരും, മേൽക്കൂരയും ഇടിഞ്ഞ് വാസയോഗ്യമല്ലാതായി കൊണ്ടിരിക്കുന്നു. കോളനികളിലെ എല്ലാ വീടുകളിലും കക്കൂസുകൾ ഇല്ലാത്തത് വലിയ പരിസ്ഥിതി പ്രശ്നംഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തിൽ പുതിയ കോളനികൾക്ക് അനുയോജ്യമായ 4 സ്ഥലങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

1. ശാസ്താകുളം ക്ഷേത്രത്തിനടുത്ത് നെൽമേലിപുരിയിടം
2. അച്ചിനകം കളത്തിപറമ്പ് പുരയിടം
3. പറയിനട്ടിയിൽ പുരയിടം
4. നെടിയാമ്പത്ത് പുരയിടം

പട്ടിക : 2

വാർഡ്	കോളനിയുടെ പേർ	SC/St കുടുംബങ്ങൾ	ആകെ കുടുംബങ്ങൾ	ഭൗതികാവസ്ഥ
2.	കരുമാലിൽ ലക്ഷം വീട് കോളനി	2	14	ഭൗതികാവസ്ഥ
	ഉച്ചാനത്ത് കോളനി	12	17	മിക്കവീടുകൾക്കും കക്കൂസ് ഇല്ല
3.	കടപ്പള്ളി ലക്ഷം വീട് : കോളനി		3	
	അയ്യാനാട്ട് കോളനി		30	
	കളത്തുപറമ്പ് കോളനി		16	വളരെ മോശം
5.	കുന്നത്തിൽ കോളനി	10	24	കോളനിയിലേക്ക് വഴിയില്ല മിക്കവീടുകൾക്കും കക്കൂസില്ല. സ്ട്രീറ്റ് ലൈറ്റില്ല.
	മാണിപറമ്പ് ലക്ഷം വീട് കോളനി		10	9. വീടുകൾക്ക് കക്കൂസില്ല. 7 വീടുകൾക്ക് കറണ്ടില്ല. ഓലമേഞ്ഞവീട് 1.
6.	ഡോ. അംബേദ്കർ ജന്മശതാബ്ദി സ്മാരക കോളനി		27	താമസയോഗ്യമായ വീടില്ലാത്തവരുണ്ട്, എല്ലാവീടുകൾക്കും കക്കൂസ് ഇല്ല.
7.	വെച്ചൂർ ഹരിജൻ കോളനി	35	35	ഭൂരിഭാഗം വീടുകൾക്കും നല്ല കക്കൂസുകൾ ഇല്ല.
	ചിരട്ടേപറമ്പ് കോളനി	17	39	കോളനിയിലേക്ക് വഴിയില്ല, മിക്കവീടുകളിലും കക്കൂസില്ല.
	രാജീവ് ഗാന്ധി മെമ്മോറിയൽ കോളനി	12	23	മിക്കവീടുകളിലും കക്കൂസ് ഇല്ല.
9.	തെക്കെതയ്യിൽ ലക്ഷം വീട് കോളനി	7		മുഴുവൻ വീടുകളും ജീർണ്ണാവസ്ഥയിൽ ആണ്.

കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ചാൽ കൂടുതലും ആധുനിക രീതിയിലുള്ളവയാണെന്ന് കാണാം. പ്രത്യേകിച്ചും സമ്പന്നർക്കിടയിൽ കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള ഭ്രമം ഏറിവരുന്നതായി കാണുന്നു. ഈ പ്രവണത ഇടത്തട്ടുകാരിലേക്കും വ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ പുരാതനമായ വാസ്തുശില്പ പാരമ്പര്യം വിളിച്ചോതുന്ന ധാരാളം പഴയകെട്ടിടങ്ങൾ പൊളിച്ച് കോൺക്രീറ്റ് കെട്ടിടങ്ങൾ ആക്കി. സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിക്കുന്ന തരത്തിലുള്ള പെലവുകുറഞ്ഞ വീടുകൾക്ക് പഞ്ചായത്തിൽ പ്രചാരം കുറവാണ്. ഇതിനുള്ള ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം കാര്യമായി ഇവിടെ നടക്കുന്നില്ല.

കഴിഞ്ഞ ഒരു ദശകത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മതിൽ ഭ്രമം അനിയന്ത്രിതമായ വിധത്തിൽ വർദ്ധിച്ചു വരുന്നതായി കാണാം ജൈവവേലികളുടെ പ്രാധാന്യത്തെ കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണ രംഗത്ത് പഞ്ചായത്തിലെ ധാരാളം തൊഴിലാളികളുടെ കൂലിനിരക്കുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

വിവിധ തട്ടുകളിലുള്ള നിർമ്മാണതൊഴിലാളികളുടെ കൂലി നിരക്കുകൾ പട്ടിക 3. ൽ

പട്ടിക 3

	1985		1990		1996	
	M	F	M	F	M	F
കൽപ്പണി	50	—	75	—	125	—
മരപ്പണി	50	—	70	—	100	—
വാർക്കൽ	75	—	100	—	150	—
മൈക്കാട്	30	20	50	30	80	80

പ്രശ്നങ്ങൾ

1. ഹൗസിംഗ് ബോർഡിന്റേയും, സെൻട്രൽ ഹൗസിംഗ് സൊസൈറ്റിയുടേയും വായ്പകൾ ലഭിക്കുന്നതിനുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങളും ഉയർന്ന പലിശ നിരക്കുമാണ് ഹൗസിംഗ് വായ്പകൾ പ്രയോജനപ്പെടുത്തുന്നതിലുള്ള പ്രധാന പ്രശ്നം
2. കൈവശാവകാശ രേഖകൾ ഇല്ലാത്ത കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്.

3. നിലവിലുള്ള കോളനികളിൽ താമസക്കാരെത്താതെ ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകളുണ്ട്.

4. നിലവിലുള്ള കോളനികളിൽ വാസയോഗ്യമായ വീടുകൾ വെയ്ക്കാത്ത പ്ലോട്ടുകൾ ഉണ്ട്.

5. കോളനികളിലെ ശോചനീയമായ ഭൗതികാവസ്ഥ

6. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ അഭാവം.

സാധ്യതകൾ

1. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ശാഖ ബ്ലോക്കു പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുകയും, നിർമ്മാണ തൊഴിലാളികൾക്ക് സാങ്കേതിക പരിശീലനം നൽകുകയും ചെയ്യുക.

2. ഭവന നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനായി സംവിധാനം ഉണ്ടാക്കുക.

3. JRY മുതലായ പദ്ധതികൾ ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായത്തിന്റെ തോത് സാമൂഹ്യപിന്നോക്കാവസ്ഥയുടേയും, പ്ലോട്ടുകളുടെ പൊതുസ്ഥിതിയുടേയും അടിസ്ഥാനത്തിൽ വർദ്ധിപിച്ച് തരുക.

4. ഹൗസിംഗ് ബോർഡിന്റെ ഒരു ഓഫീസ് വൈക്കത്ത് ആരംഭിക്കുക.

5. വിവിധ കോളനികളിലെ വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് കോളനിതലത്തിൽ ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കുക.

6. നിലവിലുള്ള കോളനികളിൽ നാളിതുവരെ താമസക്കാരെത്താതെ ഒഴിഞ്ഞുകിടക്കുന്ന പ്ലോട്ടകുൾ ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യുക.

7. പ്രകൃതിക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്കുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ റവന്യൂവകുപ്പ് ഇപ്പോൾ നൽകിവരുന്ന മുഴുവൻ തുകയും (15000/—) ഗ്രാൻറായി അനുവദിക്കുക.

8. പട്ടയമില്ലാത്തവർക്ക് പട്ടയം നൽകുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

സാമൂഹ്യക്ഷേമം

സംഘടിത– അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനുള്ള ഒട്ടനവധി ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ പ്രധാനമായും കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ പൂർണ്ണമായി വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി–തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതികളുമാണ് ഉള്ളത്.

ഇതിനുപുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും വനിതകളുടെ ഉന്നമനത്തിനുമായി വനിതാവികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ക്ഷേമപദ്ധതികളിൽ കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ മുഖേനയുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയാണ് പഞ്ചായത്തിൽ പ്രധാനമായും ലഭിക്കുന്നത്.

നാമമാത്രമായ മറ്റു പദ്ധതികളും പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. കൂടാതെ നിലവിലുള്ള പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതികമായ സങ്കീർണ്ണതകൾ, ആവശ്യത്തിനും സമയത്തിനും കിട്ടാൻ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതിയും അനാസ്ഥയും എന്നിവ എടുത്തുപറയേണ്ടത് തന്നെയാണ്. തൊഴിലാളി–തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷോമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷകതൊഴിലാളികൾ, കെട്ടിടനിർമ്മാണതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കള്ളുചെത്തുതൊഴിലാളികൾ, മരം വെട്ടുതൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, തഴപ്പായ് നെയ്ത്തുതൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടില്ല. പട്ടിക ജാതിവികസനകോർപ്പറേഷൻ ഓഫീസ് കോട്ടയത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അതു വഴിയുള്ള ആനുകൂല്യം വിരലിൽ എണ്ണാവുന്നവർക്ക് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആനുകൂല്യം ലഭിക്കുന്നതിന് വളരെ പ്രയാസം അനുഭവിക്കുന്നുണ്ട്.

വനിതാവികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവന്തപുരത്ത് ആയതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിയില്ല എന്നുള്ളതാണ് യഥാർത്ഥ്യം.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിന് കീഴിലുള്ള ഇടയാഴം, കുടവെച്ചൂർ എന്നീ രണ്ട് വില്ലേജ് സർക്കിളുകൾ വഴിയാണ്.

ഈ രണ്ട് വില്ലേജ് സർക്കിളുകൾ വഴി പഞ്ചായത്തിന് ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദവിവരങ്ങൾ പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

വർഷം	എണ്ണം	Sc/St	വനിതകൾ	സബ്സിഡി (ലക്ഷം)	വായ്പ	ഒരുകുടുംബത്തിന്റെ വിഹിതം
1992—93	42	22	20	0.94	1.52	5,857
1993—94	50	48	18	1.95	2.26	7,517
1994—95	36	23	26	1.46	3.92	14,944
1995—96	43	15	17	1.97	7.32	21,604

D.W.C.R.A സഹായലഭൃത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. പഞ്ചായത്തിൽ ഈ പദ്ധതിയിൻ കീഴിൽ രണ്ട് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു 5—ാം വാർഡിൽ കയർ ഉൽപ്പാദന യൂണിറ്റും, 6—ാം വാർഡിലെ കറി പൗഡർ യൂണിറ്റും. ഇതിൽ 5—ാം വാർഡിലെ കയർ ഉൽപ്പാദനയൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി അംഗങ്ങളുടെ കൂട്ടായ്മയിലും യൂണിറ്റിന്റെയാകെ അഭിവൃദ്ധിയും ലക്ഷ്യം വച്ചുകൊണ്ട് ഇനിയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏകയൂണിറ്റായ ഇതിന്റെ പ്രവർത്തനം പഞ്ചായത്തിന് മാതൃകയാകേണ്ടതാണ്. 6—ാംവാർഡിലെ കറി പൗഡർ യൂണിറ്റിന് അടിസ്ഥാന സൗകര്യം ആയ

വൈദ്യുതി ഇതുവരെ ലഭ്യമായിട്ടില്ല. K.S.E.B യുടെ സാങ്കേതികനൂലാമാലകളിൽ കുടുങ്ങിക്കിടക്കുന്ന ഈ പ്രശ്നത്തിൽ പഞ്ചായത്തിന്റെ ശ്രദ്ധ സത്വരമായി പതിയേണ്ടതാണ്.

ട്രൈസം

18—35 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. തൊഴിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

വർഷം	പരിശീലനം ലഭിച്ചവരുടെ എണ്ണം			സ്ത്രീകൾ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ
	SC/ST	Other's	Total			
92—93	7	5	12	8	1	11
93—94	4	2	6	4		6
94—95	3	2	5	2		4
95—96	2	2	4	3		4

(അവലംബം വൈക്കം ബ്ലോക്ക് ഡാറ്റാ ബാങ്ക്)

കണക്കുകൾ പരിശോധിക്കുമ്പോൾ ഈ പദ്ധതി വഴി പരിശീലനം ലഭിച്ചവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലെന്ന് കാണാം. ഇത് ഈ പദ്ധതിയുടെ ഒരു പോരായ്മയാണ്. ഇതുപോലെതന്നെ വളരെ ചുരുക്കം ചിലർക്ക് മാത്രമേ ഈ പദ്ധതിയിലൂടെ പരിശീലനം നേടാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പൻഡ് തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്ന് ഉണ്ട്. ഇത് പരിഹരിക്കാനും ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാനും യുവജന സംഘടനകൾക്ക് ധാരാളം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. കഴിഞ്ഞ 6 വർഷമായി 37 പേർക്ക് മാത്രമേ ഈ പദ്ധതിയിൻ കീഴിൽ പരിശീലനം നേടാൻ സാധിച്ചിട്ടുള്ളൂ എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ് പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 6 ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഒരു പ്രധാന പോരായ്മ ഈ മേഖലയിലെ തൊഴിലാളികൾ പദ്ധതിയെക്കുറിച്ച് വേണ്ട വിധത്തിൽ ബോധവാന്മാരല്ല എന്നുള്ളതാണ്.

CRSP കക്കൂസുകൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. 93–95 കാലയളവിൽ 34 കക്കൂസുകൾ ഈ പദ്ധതിയിൻ കീഴിൽ നിർമ്മിച്ചിട്ടുണ്ട്. ഓരോ വർഷത്തിലുമായി ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളൂ. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂവകുപ്പ് വഴി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായവും മറ്റുമാണ് നൽകിക്കൊണ്ടിരുന്നത്. ഈ ക്ഷേമപദ്ധതിയെ വിലയിരുത്തുമ്പോൾ അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് ഈ പദ്ധതിയിലൂടെ നൽകുന്ന തുക കൃത്യമായി കിട്ടുന്നില്ല എന്നുള്ളതും വലിയ ഒരു പ്രശ്നമാണ്. പെൻഷൻ ആനുകൂല്യത്തിനായി അപേക്ഷിച്ചിട്ട് ലഭിക്കാതെ വർഷങ്ങളായി കാത്തിരിക്കുന്ന അശരണർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിയ്ക്കുകയില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ ഇപ്പോൾ 90 പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് കിട്ടുവാൻ ബുദ്ധിമുട്ടാണ്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകണം.

കർഷകത്തൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും വേണം.

തൊഴിലില്ലായ്മ വേതനം

ഗ്രാമത്തിൽ തൊഴിലില്ലായ്മ വേതനം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് വൈക്കം ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയാണ്. ഒരാൾക്ക് 70 രൂപാ വെച്ചാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. ഇത് 100 രൂപയെങ്കിലും ആയി വർദ്ധിപ്പിക്കേണ്ടതാണ്. അതുപോലെതന്നെ തൊഴിലില്ലായ്മ വേതനം എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യണം. തൊഴിലില്ലായ്മ വേതന വിതരണം ഗ്രാമപഞ്ചായത്തുവഴിയാക്കിയാൽ ഇപ്പോൾ ഉള്ള പല വൈഷമ്യങ്ങളും ഒഴിവാക്കാം.

വിവിധ പെൻഷനുകൾ / തൊഴിലില്ലായ്മ വേതനം എന്നിവയെക്കുറിച്ചുള്ള വിവരം താഴെ പട്ടികയിൽ.

വർഷം	വിധവ	വികലാംഗ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ	അവശ കർഷക തൊഴിലാളി പെൻഷൻ	അവശകായിക താരങ്ങൾ	കർഷക തൊഴിലാളി	കാൻസർരോഗി	ക്ഷയ രോഗി	കുഷ്ഠ രോഗി	തൊഴിലില്ലായ്മ വേതനം
91—92	67	27	14	5	—	—	2	—	—	328
92—93	71	38	14	5	—	1	1	—	—	425
93—94	76	42	14	5	—	2	3	—	—	425
94—95	78	51	14	5	—	1	6	—	—	425
95—96	83	58	15	5	—	2	1	—	—	425
96—97	90	63	15	5	—	1	1	—	490	425

അംഗൻവാടികൾ

പഞ്ചായത്തിൽ 9 വാർഡുകളിലായി— 12 അംഗൻവാടികൾ പ്രവർത്തിക്കുന്നു . 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നാണ്. I.C.D.S ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ 1334 പേർക്ക് 1 എന്ന തോതിലാണ്. നിലവിലുള്ള അംഗൻവാടികളുടെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും, രക്ഷിതാക്കളിലും അസന്തുഷ്ടിയും സൃഷ്ടിക്കുന്നു. അംഗൻവാടികളുടെ പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റ പണി നടത്താത്തതും, കളിപാട്ടങ്ങൾ ഇല്ലാത്തതും ആവശ്യത്തിന് കുടിവെള്ള മില്ലാത്തതും പ്രധാന പോരായ്കളാണ്. ഭാവിതലമുറയെ വാർത്തെടുക്കുന്ന അംഗൻവാടിയിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽ വൈകിട്ട് 3 1/2 വരെ ജോലി ചെയ്യുന്ന ഇവർക്ക്

ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള ജോലികളും ചെയ്യേണ്ടതായി വരുന്നു. പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

വാർഡു തിരിച്ചുള്ള അംഗൻവാടികളുടെ വിവരം പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6

വാർഡ്	അംഗൻവാടി നമ്പർ	കുടിവെള്ളം ഉള്ളത്	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കക്കൂസ് ഉള്ളത്	കക്കൂസ് ഇല്ലാത്തത്
1	73							
2	75							
	76							
3.	77							
	104							
4.	78							
5.	79							
6.	80							
	81							
7.	82							
8.	83							
9.	74							

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് എത്രയും പെട്ടെന്ന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക
2. അംഗൻവാടികളിൽ കിണർ അല്ലെങ്കിൽ പൈപ്പ് സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുക
3. കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിന് അംഗൻവാടികളിലൂടെ നൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.
4. അംഗനവാടി സെൻററുകളിൽ മെഡിസിൻ കിറ്റ് നൽകുക
5. ഉച്ചഭക്ഷണത്തിനുള്ള അരിയും പയറും നേരിട്ട് സെൻററുകളിൽ എത്തിക്കുക.

6. എല്ലാ സെൻററുകളിലും അനർട്ട് അടുപ്പുകൾ സ്ഥാപിക്കുക.

7. കുട്ടികൾക്ക്സൗജന്യമായി യൂണിഫോറം വിതരണം ചെയ്യുക

8. മലിനവസ്തുക്കളും പാഴ്വസ്തുക്കളും നീക്കം ചെയ്യുവാൻ സംവിധാനം ഉണ്ടാക്കുക.

ക്ഷേമനിധികളെ സംബന്ധിച്ച്

കയർതൊഴിലാളി, കർഷകത്തൊഴിലാളി, കെട്ടിടനിർമ്മാണത്തൊഴിലാളി, മരംവെട്ട് തൊഴിലാളി, ചുമട്ടുതൊഴിലാളി, മരം കയററത്തൊഴിലാളി എന്നിങ്ങനെ വിവിധതൊഴിൽ മേഖലകളിലായി ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ട്. ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്ത ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ട്. മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങൾ ആക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കണം.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 8 റേഷൻ കടകളിലായി 3628 കാർഡുകൾ ഉണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റേറാർ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത് ഉൽസവകാലങ്ങളിൽ സഹകരണബാങ്കിൻെറ ചന്തകൾ നിയന്ത്രിത വിലക്ക് സാധനങ്ങൾ വിതരണം ചെയ്യാറുണ്ട്. നിലവിലുള്ള റേഷൻ കടകളുടെ പ്രവർത്തനത്തിൽ ധാരാളം അപാകതകൾ ഉണ്ട്. നിത്യോപയോഗസാധനങ്ങൾ വിലകുറച്ച് നൽകുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ സ്ഥാപനങ്ങളിലൂടെ നൽകുന്നത് അരിയും മണ്ണെണ്ണയും പഞ്ചസാരയും മാത്രമാണ് അപൂർവ്വമായി ഗോതമ്പും, മൈദയും ആവശ്യക്കാരായ ഉപഭോ ാക്കൾക്ക് യഥാസമയം വിതരണം ചെയ്യുന്നില്ല. എന്നുള്ള പരാതിയും ഉണ്ട്. ഈ സ്ഥിതി മാറി എല്ലാ നിത്യോപയോഗ സാധനങ്ങളും റേഷൻ കടകളിലൂടെ സ്ഥിരമായി വിതരണം ചെയ്യണം.

പ്രശ്നങ്ങൾ

1. വിവിധ സാമൂഹ്യക്ഷേമത്തെക്കുറിച്ച് ഉപഭോക്താക്കൾക്കുള്ള അജ്ഞത.

2. DWCRA യൂണിറ്റുകൾ തുടങ്ങാൻ ആളെ കിട്ടുന്നില്ല.

3. അർഹരായ എല്ലാ പേർക്കും പെൻഷൻ ലഭിക്കുന്നില്ല.

4. യഥാസമയം പെൻഷൻ വിതരണം ചെയ്യാറില്ല.

സാധ്യതകൾ

1. സന്നദ്ധ സംഘങ്ങളുടെ സഹായത്തോടെ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുക.

2. ട്രൈസം പദ്ധതിയിലൂടെ പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക.

3. DWCRA പോലെ നിരീക്ഷിക്കുന്നതിനും ആവശ്യമെന്ന് കണ്ടാൽ ശിക്ഷണ നടപടികൾ (ശാസന, ലൈസൻസ് റദ്ദാക്കൽ) സ്വീകരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് ലഭിക്കണം.

സംസ്ക്കാരം

ഭാഷ,സാമൂഹിക ആചാരങ്ങൾ, വിശ്വാസപ്രമാണങ്ങൾ കലാബോധം മുതലായ സാമൂഹ്യ വ്യാപാരങ്ങൾ സ്ഥലകാലങ്ങളുമായി ബന്ധപ്പെട്ട മനുഷ്യ മനസ്സിനുളവാകുന്ന വളർച്ചയെയും വികാസത്തെയും സംസ്ക്കാരം എന്ന് വിശേഷിപ്പിക്കാം. നിലവിലുള്ള ഉൽപാദനരീതികളും ബന്ധങ്ങളും മറ്റ് സാമൂഹ്യഘടകങ്ങളും പ്രാദേശിക സംസ്ക്കാരങ്ങളെ വിപുലമായി സ്വാധീനിക്കുന്നു. മേൽപ്പറഞ്ഞ ഘടകങ്ങളിൽ ഭാഷ ഏറ്റവും പ്രാഥമികവും, പ്രധാനവും ആയതുകൊണ്ട് മലയാളിക്ക് അവരുടേതായ ഒരു സംസ്ക്കാരിക തനിമയുണ്ട്. ഈ മലയാളിത്തനിമയുടെ പരിശ്ചേദമാണ് ഈ ഗ്രാമത്തിന്റെയും സംസ്ക്കാരം. നൂറ്റാണ്ടുകളോളം നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതി അന്തർധാനം ചെയ്തതോടുകൂടി അതിന്റെ സാമ്പത്തീകവും സാമൂഹികവുമായ തിന്മകൾ ഇപ്പോൾ ഈ ഗ്രാമത്തിൽ അനുഭവപ്പെടുന്നില്ല. എന്നാൽ അനുകമ്പ, ആപത്ഘട്ടങ്ങളിൽ ഉരുത്തിരിയുന്ന കൂട്ടായ്മ മുതലായ ഫ്യൂഡലിസത്തിന്റെ ചില നന്മകൾ ഈ ഗ്രാമത്തിലെ കർഷക ജന സാമാന്യത്തിൽ ഇപ്പോഴും നില നിന്നുവരുന്നു. കർഷക സഹജമായ ഭൂമിയോടുള്ള അദമ്യമായ താൽപര്യം മൽസരബുദ്ധി താൻപൊരിമ മുതലായ ചില വാസനകൾ കാരണം പൊതുസംരംഭങ്ങളോട് ഒരുതരം വിമുഖതയും ഇവിടത്തെ ജനങ്ങളുടെ ഒരു പ്രത്യേകതയായി വിമർശനബുദ്ധ്യാ എടുത്ത് പറയേണ്ടതാണ്.

മദ്ധ്യകേരളത്തിൽ പലയിടങ്ങളിലായി കാണപ്പെടുന്ന വിവിധ ഹിന്ദു ജാതികൾക്ക് ഈ ഗ്രാമത്തിൽ പ്രാതിനിധ്യം ഉണ്ട് എന്നത് എടുത്ത് പറയേണ്ട സവിശേഷതയാണ്. ജാതി ബാഹുല്യം പോലെതന്നെ സവിശേഷതയാണ് ക്ഷേത്ര ബാഹുല്യം. ഗോവിന്ദപുരം, ഇടയാഴത്തുക്ക, പൂങ്കാവ്, വൈകുണ്ഠപുരം, മുച്ചൂർക്കാവ്, ശാസ്ത്രക്കുളം, അച്ചിനകം, ശരവണഭവ ക്ഷേത്രം, മാമ്പ്രസുബ്രഹ്മണ്യസ്വാമിക്ഷേത്രം, ശ്രീകൺഠേശ്വര ക്ഷേത്രം ഇവയാണ് ഈ ഗ്രാമത്തിലെ പ്രധാന ക്ഷേത്രങ്ങൾ. 1993–ൽ നിർമ്മിച്ച ശ്രീകൺഠേശ്വര ക്ഷേത്രമാണ് ഇവയിൽ ഏറ്റവും പുതിയത്. പന്നയ്ക്കാത്തടം പാടശേഖരത്തിൽ സ്ഥിതിചെയ്യുന്ന ഭൈരവൻ കാട് ഈ നാട്ടിലെ പുരാതനമായ ആരാധനാസ്ഥലമാണ്. സ്ഥലവാസികളായ കർഷകത്തൊഴിലാളികളാണ് ഈ സ്ഥലം സംരക്ഷിച്ചു പോരുന്നത്. പുരാതനകാലത്ത് ക്ഷേത്രങ്ങൾ സംസ്ക്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നു. ക്ഷേത്രോത്സവങ്ങൾ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളെ ആകർഷിക്കുന്നതിനും കലാകാരൻമാർക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും അവസരം നൽകുന്നു. പൂങ്കാവ് ക്ഷേത്രത്തിലെ കുംഭ ഭരണി ഉത്സവത്തോടനുബന്ധിച്ച് നിർമ്മിക്കുന്ന ഒൻപത് നിലകളുള്ള തേർ, മാറ്റുകുത്തി വാഴക്കുലകൾകൊണ്ട് അലങ്കരിച്ച് സജ്ജമാക്കുന്നത് ഒരു മനോഹരമായ വാതിൽപ്പുറ കാഴ്ചയാണ്. വെച്ചൂരിന്റെ സാംസ്ക്കാരിക പൈതൃകത്തോട് ബന്ധപ്പെടുത്തി നമുക്ക് ചൂണ്ടിക്കാണിക്കാവുന്ന ഒന്നാണ് ശാസ്ത്രക്കുളം ക്ഷേത്രത്തിലെ മീനഭരണി മഹോത്സവം. ഈ ഉത്സവത്തിന്റെ നടത്തിപ്പിൽ വിവിധ ജനവിഭാഗങ്ങൾ സഹകരിച്ച് പോരുന്നുണ്ട് എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. പണ്ട് മീനഭരണിയോട് അനുബന്ധിച്ച് പടയണി നടത്തിയിരുന്നതായും പറയപ്പെടുന്നു. ഗ്രാമത്തിലെ ക്ഷേത്രങ്ങളും ഉത്സവങ്ങളും താഴെപ്പട്ടികയിൽ കൊടുക്കുന്നു.

	ക്ഷേത്രങ്ങൾ	ഉത്സവം
1.	ഗോവിന്ദപുരം ക്ഷേത്രം	മകരം—രോഹിണി—
2.	ശ്രീകൺഠേശ്വരം ക്ഷേത്രം	കുംഭം—ശിവരാത്രി—
3.	മാമ്പ സുബ്രഹ്മണ്യക്ഷേത്രം	കുഭം—പൂയം—
4.	മുച്ചൂർക്കാവ് ദേവി ക്ഷേത്രം	കുംഭം—മകയിരം—
5.	പൂങ്കാവ് ദേവി ക്ഷേത്രം	കുംഭം—ഭരണി—
6.	ശാസ്തൃക്കുളം ദേവി ക്ഷേത്രം	മീനം—ഭരണി—

കുടവെച്ചൂർ പള്ളിയിൽ വർഷംതോറും സെപ്റ്റംബർ 8—ന് നടത്തുന്ന വെച്ചൂർമുത്തിയുടെ പെരുനാൾ തദ്ദേശീയരുടെ മാത്രമല്ല വിദൂരസ്ഥങ്ങളായ ഗ്രാമങ്ങളിലെ ജനങ്ങളെ വരെ ആകർഷിച്ചുവരുന്നു. ഇടയാഴം പള്ളിയിലെ പെരുന്നാൾ മെയ് ഒന്നിനാണ് ആഘോഷിക്കുന്നത്.

സ്വാതന്ത്യസമരത്തിൽ നിന്നും ആവേശം ഉൾക്കൊണ്ട നമ്മുടെ ഗ്രാമത്തിൽ സൗജന്യമായി ഹിന്ദിപ്രചാരണം ആരംഭിച്ച നെടുംമ്പറമ്പ് ഇല്ലത്തെ ശ്രീ. ഡി. ദാമോദരൻ നമ്പൂതിരി അവർകൾ കൃതഹസ്തനായ ഒരു ഛായാചിത്രകാരൻകൂടിയാണ്. ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന "ഹിന്ദി പ്രേമി മണ്ഡലം" എന്നു പേരായ ഹിന്ദി വിദ്യാലയത്തിന്റെ സ്ഥാപകനും അദ്ദേഹം തന്നെ. ക്ഷേത്രകലകളിൽ മുൻപന്തിയിൽ നിൽക്കുന്ന ഓട്ടൻതുള്ളൽ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. വെച്ചൂർ തങ്കമണിപിള്ള അവർകൾ ഈ വർഷത്തെ കേന്ദ്രസംഗീതനാടക അക്കാഡമിയുടെ അവാർഡിന് അർഹനാകുകയും രാഷ്ട്രപതിയിൽനിന്നും ബഹുമതി പത്രം ഏറ്റുവാങ്ങുകയും ചെയ്തു. ഇത് നമ്മുടെ നാടിന് എന്നും അഭിമാനിക്കത്തക്ക സംഭവമാണ്. പരേതനായ ശ്രീ. വെച്ചൂർ ഹരിഹര സുബ്രഹ്മണ്യഅയ്യർ നിരന്തരസാധനകൊണ്ട് കർണ്ണാടകസംഗീത രംഗത്ത് ലബ്ദപ്രതിഷ്ഠനായി തീർന്ന ഒരു മഹത് വ്യക്തിയാണ്. അദ്ദേഹം തിരുവനന്തപുരത്തുള്ള സ്വാതിതിരുനാൾ മ്യൂസിക് അക്കാഡമിയുടെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിരുന്നു. പരേതനായ ആശാരിപറമ്പിൽ ഗോപിപണിക്കർ ദാരുശില്പങ്ങൾ നിർമ്മിക്കുന്നതിൽ മികവ് നേടിയ ഒരു ശില്പിയായിരുന്നു. കേരളത്തിന്റെ തനത് കലാരൂപമായ കഥകളിയുമായി വെച്ചൂരിന് ആത്മബന്ധം തന്നെയുണ്ട്. പുത്തൻവേലിൽ പരമുപിള്ള ആദ്യകാല കഥകളി സംഗീതജ്ഞനായിരുന്നു. വെച്ചൂർ രാമൻപിള്ള എന്ന പേരിൽ അറിയപ്പെട്ടിരുന്ന കഥകളി നടൻ വിശാലവെച്ചൂർ പ്രദേശത്ത് നിന്നുള്ള വ്യക്തിയായിരുന്നു. പ്രസിദ്ധ കഥകളി പാട്ടുകാരായ പിണക്കേഴത്തു കൃഷ്ണൻനായർ, പുരുഷോത്തമൻനായർ എന്നിവർ വൈക്കം സഹോദരന്മാർ എന്ന പേരിൽ പ്രസിദ്ധരായിത്തീർന്ന കഥകളി പാട്ടുകാരാണ്. സോപാന സംഗീതം, പഞ്ചവാദ്യം, തായമ്പക മുതലായ ക്ഷേത്രകലകളിൽ പ്രസിദ്ധനായ ശ്രീ. ചൂളയിൽ രാഘവക്കുറുപ്പ് ഈ അനുഷ്ടാനകലകൾ വൈക്കം ക്ഷേത്രകലാപീഠത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

പ്രചാരലുബ്ധങ്ങളായി വരുന്ന അനുഷ്ടാന കലാരൂപങ്ങളായ പുള്ളുവൻപാട്ടും, കളമെഴുത്തും പരേതനായ ശ്രീ. വാസു (AIR ഫെയിം) വിന്റെ കുടുംബത്തിലൂടെ നിലനിന്നുവരുന്നു. നമ്മുടെ ഗ്രാമത്തിലെ ഒരു പ്രാചീനകലയായ ഉടുക്കുകൊട്ടിപ്പാട്ടിൽ പാരുവള്ളിൽതറയിൽ പരേതനായ ശ്രീ. കുട്ടപ്പൻ അവർകൾ അസൂയാവഹമായ പ്രാവീണ്യം നേടിയ വ്യക്തിയാകുന്നു. ഈ രംഗത്ത് ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ പ്രമുഖർ 7—ാം വാർഡിലെ ശ്രീ. ചിന്നപ്പൻ ആശാനും 8—ാം വാർഡിലെ പോട്ടക്കേരിൽ ശ്രീ. കുട്ടപ്പനും വല്യാറത്തറ ശ്രീ. കുട്ടപ്പൻ എന്നിവരുമാണ്.

പരിചമുട്ടുകളി, ചവിട്ടുകളി, വേലൻപ്രവൃത്തി എന്നീ കലാവിദ്യകളിൽ നൈപുണ്യമുള്ള കലാകാരന്മാർ ഈ ഗ്രാമത്തിൽ ഇന്നുമുണ്ട്. ചെണ്ടമേളത്തിൽ പ്രാവീണ്യം നേടിയവർ അനവധിയാണ്.

നമ്മുടെ ഗ്രാമത്തിൽ നിന്നും സാഹിത്യരംഗത്ത് ലബ്ധപ്രതിഷ്ഠരായി തീർന്നവരിൽ പ്രഥമഗണനീയൻ പരേതനായ വേണുഗോപാൽ പുത്തൻപുരയിലാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതമായ കൃതികൾ 'വേണുനാദം,' 'വയലിലെ കുയിൽ,' 'രാഗാഞ്ജലി,' 'വേലക്കാരി,' എന്നിവയാണ്. ഇതിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത് 'വയലിലെ കുയിൽ' എന്ന ഖണ്ഡകാവ്യമാണ്. അദ്ദേഹത്തിന്റെ പ്രഥമ കൃതിയായ വേണുനാദം ശ്രീ. കൈനിക്കര കുമാരപിള്ള പ്രൗഢമായ അവതാരികയോടുകൂടി കൊല്ലവർഷം 1110–ൽ തോന്നയ്ക്കലുള്ള ശാരദാ ബുക്ക് ഡിപ്പോ പ്രസിദ്ധീകരിച്ചു. ചരിത്രകാരനായ ദളിത്ബന്ധു ശ്രീ. എൻ. കെ. ജോസ് ഈ ഗ്രാമവാസിയാണ്. അദ്ദേഹം ചരിത്രസംഭവങ്ങളെ അടിസ്ഥാനമാക്കി നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യാഭിരുചിയുള്ളവരും ഈ രംഗത്ത് ആദ്യകാൽവയ്പ് നടത്തിയവരുമായ അനവധി യുവാക്കൾ ഈ ഗ്രാമത്തിലുണ്ട് എന്ന് അഭിമാനപൂർവ്വം ഞങ്ങൾ രേഖപ്പെടുത്തുന്നു.

വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള നാടൻപാട്ടുകൾ അവിടങ്ങളിലെ സാംസ്ക്കാരിക പൈതൃകങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. മുച്ചൂർക്കാവിലെ ഉത്സവത്തോടനുബന്ധിച്ച് മുടിയാട്ടം എന്ന അനുഷ്ഠാനത്തോടനുബന്ധിച്ച് പാടുന്ന പാട്ടുകളും ഇവിടത്തെ പുഞ്ചവയലുകളിൽ പണ്ട് പാടികേട്ടിരുന്ന തെയ്യാതിനം പാട്ടുകളും നമ്മുടെ വെച്ചൂർ ഗ്രാമത്തിന്റെ തനതായ നാടൻ പാട്ടുകളാണ്. ഇവ സമാഹരിച്ചെടുത്താൽ നമ്മുടെ തനതായ സാംസ്ക്കാരിക പൈതൃകത്തിന്റെ അറിയപ്പെടാത്ത പല വശങ്ങളെക്കുറിച്ചും വിലപ്പെട്ട അറിവ് നേടാൻ സഹായിക്കും.

സാമൂഹ്യ ഉദ്ഗ്രഥനത്തിന് ഈ ഗ്രാമത്തിലെ വിവിധ കലാസാംസ്ക്കാരിക സംഘടനകൾ ഗണ്യമായ സംഭാവനയാണ് നൽകികൊണ്ടിരിക്കുന്നത്. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ ക്ലബുകളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. ബോയ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, മറ്റം.
2. സഹോദർ ഹഷ്മി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുടവെച്ചൂർ.
3. സലൂട്ട് ആർട്ട്സ് & സ്പോർട്ടസ് ക്ലബ്.
4. സുരഭ ആർട്ട് & സ്പോർട്ട് ക്ലബ്.
5. കൈരളി ആർട്ട്സ് & സ്പോർട്ടസ് ക്ലബ്.
6. സൃഷ്ടി ക്ലബ് ഫോർ സോഷ്യൽ വെൽഫെയർ.
7. ഷൈൻ സ്റ്റാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്.
8. ദൃശ്യവേദി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്.
9. സർഗ്ഗമിത്ര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഇടയാഴം.
10. ക്ലിൻറ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, വെച്ചൂർ.
11. ഐശ്വര്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഇടയാഴം.

12. സംസ്ക്കാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഇടയാഴം.
13. പൈനിയാർ യൂത്ത് ക്ലബ്, കൊടുതുരുത്ത്.
14. ആദർശ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഇടയാഴം.
15. ഡോ: അംബേദ്ക്കർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഇടയാഴം.
16. സ്പിരറ്റഡ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, അംബികാമാർക്കറ്റ്
17. ഈഗിൾസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, അംബികാമനക്ക്.
18. ആസാദ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്.
19. ദിവ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്.
20. പാക്റ്റസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്.

ഇവിടുത്തെ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ തലയെടുപ്പുള്ള ഒരു സ്ഥാപനമാണ് മഹാത്മാ സ്മാരക ഗ്രന്ഥശാല. 1947 ഒക്ടോബർ മാസത്തിലെ വിദ്യാരംഭദിനത്തിലാണ് ഈ ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചത്. ഇടയാഴത്ത് പ്രവർത്തിച്ചിരുന്ന ഗവൺമെൻറ് സ്ക്കൂളിൻെറ വകയായിരുന്നു ഈ ലൈബ്രറി. സ്ക്കൂളിൽനിന്നും വേർപ്പെട്ടശേഷം സി.എസ് 1935–ൻെറ കെട്ടിടത്തിലാണ് ഈ ലൈബ്രറി പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനത്തിൻെറ ആദ്യ പ്രസിഡണ്ട് അയ്യനാട്ട് സി.പി. ഗോപാലപിള്ളയും സെക്രട്ടറി ഞാനൂർ പത്മനാഭപിള്ളയുമായിരുന്നു. ആരംഭകാലം മുതൽ ഈ ഗ്രാമത്തിലെ നിർധനരായ ധാരാളം വിദ്യാർത്ഥികൾ വിദ്യാഭ്യാസ ആവശ്യത്തിനായി ഈ ലൈബ്രറിയെ ആശ്രയിച്ചിട്ടുണ്ട്. 1996 ജൂലൈയിൽ പുനരുദ്ധാരണപ്രവർത്തനത്തിൻെറ ഭാഗമായി '2200' പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുകയും 238 അംഗങ്ങളെ പുതിയതായി ചേർക്കുകയും ചെയ്തു. 1973–മുതൽ അംബികാമാർക്കറ്റിൽ പ്രവർത്തിച്ചുവരുന്ന പോപ്പ് ജോൺ മെമ്മോറിയൽ ലൈബ്രറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ഈ ലൈബ്രറിയുടെ ആദ്യ പ്രസിഡണ്ട് ശ്രീ. ഡി. ചാണ്ടി പുലിപ്രക്കവും സെക്രട്ടറി പി.വി. തോമസ്സ് പാരയിലും ആയിരുന്നു. ഈ ലൈബ്രറിയിൽ ടി.വി, റേഡിയോ തുടങ്ങിയ ദൃശ്യശ്രാവ്യമാധ്യമങ്ങളുമുണ്ട്.

പേര്	സ്ഥാപിത വർഷം	ആകെ അംഗങ്ങൾ	വനിതകൾ	ആകെ പുസ്തകങ്ങൾ	പത്രങ്ങൾ	ആനുകാലികം	ഒരു ദിവസത്തെ ശരാശരി വായനക്കാർ
മഹാത്മാ സ്മാരകഗ്രന്ഥശാല	1947	238	27	6780	3	8	50
പോപ്പ് ജോൺ മെമ്മോറിയൽ പബ്ലിക്ക് ലൈബ്രറി	1973	525	50	5873	5	10	30

മാതൃഭൂമി, മനോരമ, കേരളകൗമുദി, ദേശാഭിമാനി, മംഗളം, ദീപിക, ഇന്ത്യൻ എക്സ്പ്രസ്സ് എന്നീ ദിനപത്രങ്ങളും, മാതൃഭൂമി, കലാകൗമുദി, വനിത, ഗൃഹലക്ഷ്മി, കർഷകശ്രീ, കർഷകൻ, മനോരമ വാരിക, മംഗളം, കേരളശബ്ദം, ഇന്ത്യാടുഡെ, ദി വീക്ക് എന്നീ ആനുകാലികങ്ങളും ഇവിടെ സാമാന്യം നല്ല പ്രചാരമുണ്ട്. പൊതുവേ മനുഷ്യന്റെ ദുർബലവികാരങ്ങളെ സ്പർശിക്കുന്ന വിഭവങ്ങൾ പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളോടാണ് ആളുകൾക്ക് കൂടുതൽ ആഭിമുഖ്യം. ഗ്രാമത്തിൽ 725 വീടുകളുണ്ട് എന്ന് കണക്കുകൾ കാണിക്കുന്നു. ഇത് മൊത്തം വീടുകളുടെ 19% വരും. പഞ്ചായത്ത് അതിർത്തിയിൽ ഒരു കേബിൾ ടി.വി നെറ്റ് വർക്ക് പ്രവർത്തിക്കുന്നു. പൊതുവേ ടി.വി.യ്ക്ക് ഗണ്യമായ സ്വാധീനമുണ്ട്. ഇത് കുട്ടികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. എന്ന് രക്ഷിതാക്കൾ പരാതി പറയുന്നുണ്ട്.

ഈ ഗ്രാമത്തെ ഉയർന്ന സാംസ്ക്കാരിക നിലവാരത്തിലേയ്ക്ക് നയിക്കേണ്ട ഭാവി തലമുറക്കാരാണ് ഇന്നത്തെ വിദ്യാർത്ഥികൾ. അവർക്ക് ആ കടമ നിർവ്വഹിക്കണമെങ്കിൽ ആ ബോധത്തിലേയ്ക്ക് അവരെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം ഉണ്ടാകണം. വെച്ചൂർ പഞ്ചായത്തിൽ മൂന്ന് ഹൈസ്ക്കൂളുകളാണ് ഉള്ളത്. ഈ മൂന്ന് സ്ക്കൂളുകളിലും ലൈബ്രറിയുടെ കാര്യമായ പ്രവർത്തനമില്ല. ഈ സ്ക്കൂളുകളിൽ ലൈബ്രറിയുടെ ആവശ്യത്തിനായി പുസ്തകങ്ങളുണ്ടെങ്കിലും അവ വിതരണം ചെയ്യുന്നില്ല. വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിന് സ്ക്കൂൾ തലത്തിലുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ഹൈസ്ക്കൂളിൽ സെൻറ് മൈക്കിൾസിന് മാത്രമാണ് സ്വന്തമായ കളിസ്ഥലമുള്ളത്. D.V.H.S –ൽ കളിസ്ഥലം ഇല്ലെന്ന് തന്നെ പറയാം. വെച്ചൂർ Govt. HS. ന് സ്ഥലം ഉണ്ടെങ്കിലും അത് കളികൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമല്ല. കേരളോത്സവത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ സ്പോർട്ട്സ് മൽസരങ്ങൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ ആർട്ട്സ് & സ്പോർട്ടസ് ക്ലബുകൾ വാർഷികത്തോട് അനുബന്ധിച്ച് കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്.

പ്രശ്നങ്ങൾ

1. **മഹാത്മാ സ്മാരകഗ്രന്ഥശാലയ്ക്ക് സ്ഥലവും കെട്ടിടവുമില്ല.**
2. **1993 ന് ശേഷം ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിച്ചിട്ടില്ല.**
3. **പുസ്തകങ്ങളുടെ അമിതമായ വിലവർദ്ധനമൂലം വേണ്ടത്ര പുസ്തകങ്ങൾ സംഭരിക്കുവാൻ ഗ്രന്ഥശാലകൾക്ക് കഴിയുന്നില്ല.**
4. **ഇലക്ട്രോണിക് മാധ്യമങ്ങളുടെ വിവേകപൂർവ്വമല്ലാത്ത ഉപയോഗം വിദ്യാർത്ഥികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.**
5. (a) **പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൊതുകളിസ്ഥലം സ്ഥാപിക്കാൻ സ്ഥലമെടുത്തിട്ടുണ്ടെങ്കിലും ഇത് ഇനിയും ഉപയോഗയോഗ്യമായിട്ടില്ല.**

   (b) **D.V.H.S., Govt.H.S എന്നീ സ്ക്കൂളുകളിൽ കളിസ്ഥലമില്ല.**
6. **അഭിരുചിയുള്ളവർക്ക് കളികളിലും കായികവിനോദങ്ങളിലും പരിശീലനം നൽകുന്നതിനാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിലില്ല.**
7. **മുടിയാട്ടുപാട്ട്, കോൽകളിപ്പാട്ട്, ഉടുക്കുപാട്ട് എന്നിവ ഹൃദിസ്ഥമാക്കിയിട്ടുള്ളവരുടെ എണ്ണം കുറഞ്ഞുവരികയാണ്.**

സാധ്യതകൾ

1. കാര്യമായ ഗ്രന്ഥശാലാ പ്രവർത്തനം ഒന്നുംതന്നെയില്ലാത്ത അച്ചിനകം ഭാഗത്ത് ഒരു പുതിയ ഗ്രന്ഥശാല സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇവിടെ ഒരു പഞ്ചായത്ത് ലൈബ്രറി സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും.
2. ഗ്രന്ഥശാലകൾക്കും നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ലബുകൾക്കും പഞ്ചായത്തിൽ നിന്നും ധനസഹായം നൽകുക.
3. പഞ്ചായത്ത് സ്റ്റേറെഡിയത്തിന്റെ പണി ഉടനടി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക.
4. പ്രചാരലുബ്ദമായി വരുന്ന നാടൻപാട്ടുകൾ സമാഹരിച്ച് C.D കളിലാക്കി സൂക്ഷിക്കുക.
5. പഞ്ചായത്തിന്റെ വകയായി ഒരു സാംസ്ക്കാരിക നിലയം പണികഴിപ്പിക്കുക.
6. വിവിധ നാടൻ കലയിൽ പ്രാവീണ്യം നേടിയിട്ടുള്ളവരും വാർദ്ധക്യമോ അനാരോഗ്യമോ മൂലം ആ രംഗത്ത് പ്രവർത്തിക്കുവാൻ കഴിയാതെ വന്നിട്ടുള്ളവരെ കണ്ടെത്തുകയും ആശ്വാസ നടപടി സ്വീകരിക്കുകയും ചെയ്ക.
7. ഗ്രന്ഥശാലകൾക്കും ഗ്രാമീണ ക്ലബുകൾക്കും പഞ്ചായത്ത് തലത്തിൽ ഒരു ഉപദേശകസമിതി രൂപീകരിക്കുക.
8. ഗ്രാമോത്സവം പോലുള്ളവയുടെ സംഘാടനത്തിലും നടത്തിപ്പിലും ക്ലബുകളുടേയും ഗ്രന്ഥശാലകളുടേയും പഞ്ചായത്തുതല ഉപദേശകസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ തങ്ങളുടെ സാമൂഹിക പശ്ചാത്തലത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടിട്ടില്ല. പഴയകാലത്ത് സാമൂഹ്യ പ്രവർത്തന മേഖലകളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. സ്ത്രീകൾ സമൂഹത്തിന്റെ എല്ലാ മേഖലകളിലും അവഗണയും അടിച്ചമർത്തലും അനുഭവിച്ചു കൊണ്ടിരുന്നു. പഴയ കാല സമൂഹം സ്ത്രീക്ക് സ്വാതന്ത്ര്യമായ സ്ഥാനം നൽകിയിരുന്നില്ല. പുരുഷന്റെ ആശ്രിതയോ അടിമയോ ആയി അവൾ കഴിഞ്ഞുകൊള്ളണം അതായിരുന്നു അന്നത്തെ സാമൂഹ്യനീതി. സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നവൾ തന്നെല്ല എന്ന ശാസനങ്ങളിലൂടെ ജീവിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നും അവളെ മാറ്റി നിർത്തിയിരുന്നു. സമൂഹത്തിന്റെ ഇപ്രകാരമുള്ള വിലക്കുകളും അടിച്ചമർത്തലും ഉണ്ടായിരുന്നത്കൊണ്ട് സ്ത്രീ വിദ്യാഭ്യാസവും വളരെ തുച്ഛമായിരുന്നു.

നമ്മുടെ ഗ്രാമത്തിലും ആദ്യകാലങ്ങളിൽ സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് നിഷേധിച്ചിരുന്നു. ആദ്യകാലത്ത് എഴുതുവാനും വായിക്കുവാനുമുള്ള അറിവ് ലഭിച്ചിരുന്നത് കുടിപ്പള്ളി കൂടങ്ങളിലൂടെയായിരുന്നു. എന്നാൽ ഇവിടെയും സവർണ്ണ ജാതിയിൽ പെട്ടവർക്ക് മാത്രമേ പ്രവേശനം ലഭിച്ചിരുന്നുള്ളൂ. ഇപ്രകാരമുള്ള വിമോചനം കൂടെയാകുമ്പോൾ ബഹുഭൂരിപക്ഷം വനിതകൾക്കും വിദ്യാഭ്യാസം ലഭിക്കുവാനുള്ള സാധ്യത ഇല്ലാതെ വരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിലനിന്നിരുന്നകെട്ടുകല്യാണം എന്ന ഏർപ്പാട് ഇവിടെയും നിലവിലുണ്ടായിരുന്നു. അന്ന് നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥിതി സ്ത്രീകളെ അഞ്ചാംവയസ്സിൽതന്നെ വീട്ടുതടങ്കലിൽ ആക്കുന്നതായിരുന്നു. സഞ്ചാരസ്വാതന്ത്ര്യവും, പൂർണ്ണമായി വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടിരുന്ന ഒരു വലിയ വിഭാഗം സ്ത്രീകൾ സവർണ്ണമേധാവിത്വത്തിന്റെയും, ജാതിവ്യവസ്ഥയുടെയും ബലിയാടുകളായി വീടുകളിൽ തന്നെ ഒതുങ്ങിക്കഴിയേണ്ടിവന്നു. ആഘോഷങ്ങളിലും പൊതുപരിപാടികളിലും സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. പല മഹത്വ്യക്തികളുടെയും പരിശ്രമഫലമായാണ് സ്ത്രീക്ക് സമൂഹത്തിൽ ഇന്നിത്രയേറെ സ്ഥാനങ്ങൾ ലഭിച്ചിട്ടുള്ളത്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ താഴെകൊടുക്കുന്നു.

ആകെ			പട്ടിജാതി		പട്ടിക വർഗ്ഗം	
ജനസംഖ്യ	പുരുഷൻ	സ്ത്രീകൾ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ.
16013	7963	8050	1027	1005	3	4

സ്ത്രീജന സംഖ്യയിലുള്ള ഈ വർദ്ധനവ് സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം ലഭിക്കേണ്ടതിന്റെ സൂചനയാണ്. 1920 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. അക്കാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിനുണ്ടായിരുന്ന കളരിക്കൽ സ്ക്കൂളിൽ താഴ്ന്ന ജാതിക്കാരായ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീപങ്കാളിത്തം കുറവായിരുന്നു. എങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

ആകെ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണവും പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലായിരുന്നു. 1994–95ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 245 വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. നമ്മുടെ ഗ്രാമത്തിലെ പ്രധാന വരുമാനമാർഗ്ഗം കൃഷിയും കൃഷിപ്പണികളുമാണ്. കാർഷികമേഖലയിൽ–നെല്ല് കൃഷിയിൽ സ്ത്രീതൊഴിലാളികളാണ് കൂടുതലും. കാർഷികമേഖല ഇന്നൊരു മുരടിപ്പിന്റെ പാതയിലാണ്. ഇപ്രകാരമുള്ള കാർഷിക രംഗത്തെ മുരടിപ്പും അത് മൂലം ഉണ്ടാകുന്ന തൊഴിലില്ലായ്മയും ആദ്യം ബാധിക്കുന്നത് വനിതകളെയാണ്. തഴപ്പായ്, നെയ്ത്ത് കയർ തുടങ്ങിയ പരമ്പരാഗത ഗ്രാമീണ വ്യവസായ രംഗത്തും തൊഴിലെടുക്കുന്നതിൽ സ്ത്രീകളാണ് കൂടുതലും വിപുലീകരണ വികസന സാധ്യതകൾ ഇനിയും കൈവരിച്ചിട്ടില്ല. ഈ മേഖലയുടെ പ്രശ്നങ്ങൾ സ്ത്രീകളുടെ തൊഴിൽ ലഭ്യവീണ്ടും കുറയുന്നതിന് കാരണമാകുന്നു. നമ്മുടെ ഗ്രാമത്തിൽ ഗണ്യമായ ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. മത്സ്യബന്ധനവും വിപണനവും ഇവർ നടത്തിവരുന്നു. ഇവർക്ക് ലഭിക്കുന്ന മത്സ്യത്തിന്റെ വിപണനത്തിനൊപ്പം മറ്റ് സ്ഥലങ്ങളിൽ നിന്നും മത്സ്യം ശേഖരിച്ച് തലച്ചുമടായ് കച്ചവടം നടത്തിവരുന്നതിലും സ്ത്രീതൊഴിലാളികളാണ് പ്രധാനമായും തൊഴിൽ ചെയ്യുന്നത്. ഇപ്രകാരം നമ്മുടെ ഓരോ ഉല്പാദന മേഖലകളിലും നിലനിൽക്കുന്ന അവസ്ഥപരിശോധിച്ചാൽ ഈ രംഗങ്ങളിലെ പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് വനിതകളെയാണ് എന്നു കാണുവാൻ കഴിയുന്നു. ഇത് സ്ത്രീകളുടെ ഇടയിലെ തൊഴിൽ ലഭ്യത കുറയുവാൻ ഇടയാക്കുന്നു. സമൂഹത്തിൽ അവഗണന അനുഭവിക്കുന്ന നമ്മുടെ വനിതകൾക്ക് ഉല്പാദന രംഗത്തെ മുരടിപ്പ് തൊഴിൽ ഭദ്രത ഇല്ലാതാക്കുകയും ചെയ്യുന്നത്കൊണ്ട് സ്വതന്ത്രമായ വ്യക്തിത്വ വികസനത്തിനുള്ള സാധ്യതയെ പുറകോട്ട് കൊണ്ടുപോകുന്നതിനും ഇടയാക്കുന്നു.

പൊതുജനരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. ഇപ്പോൾ വനിതാ ക്ഷേമത്തിനായി പല മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. എൻ. എസ്സ്. എസ്സ്,. എസ്. എൻ.ഡി.പി., കെ.പി.എം.എസ്, ക്രിസ്തീയസഭയുടെ മാതൃക സംഘടന, ധീരവ മഹിളാസമാജം തുടങ്ങിയ സാമുദായിക മഹിളാസംഘടനകൾ സജീവമായി പ്രവർത്തിക്കുന്നു. എന്നാൽ സജീവമായി പ്രവർത്തിച്ചിരുന്ന ദീപ്തി മഹിളാ സമാജവും വനിതാപ്രസ്സും ഇപ്പോൾ നിർജ്ജീവമാണ്. D.W.C.R.A യുടെ രണ്ട് യൂണിറ്റ് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും അംഗങ്ങളായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മറ്റൊരു യൂണിറ്റായ കറിപൗഡർ യൂണിറ്റ് ആരംഭ പ്രവർത്തനത്തിലാണ്. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തകരായി പെൺകുട്ടികൾ നേതൃത്വനിരയിലുണ്ട് സ്ത്രീ സാക്ഷരതാ രംഗത്ത് സാക്ഷരതാ പ്രവർത്തനം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വെച്ചൂർ പഞ്ചായത്തിൽ സ്ത്രീ പീഡനകേസുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പ്രശ്നങ്ങൾ

1. സാമൂഹ്യരംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ബോധവത്ക്കരണ പരിപാടികൾ നടക്കുന്നില്ല.

2. വനിതകൾ നേതൃത്വനിരയിലേക്ക് കടന്നുവരുന്നില്ല. മഹിളാ സംഘങ്ങളിൽ ഒഴികെ സ്ത്രീനേതൃത്വ നിരയിലേക്ക് വരുന്ന സംഘടനകൾ കുറവാണ്.

3. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ കഴിയുന്ന തൊഴിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

4. D.W.C.R.A പോലുള്ള തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം വ്യാപകമല്ല.

5. തഴപ്പായ് നെയ്ത്ത് പോലുള്ള കുടിൽ വ്യവസായത്തിന്റെ വിപുലീകരണവും വികസനവും സാധ്യമായിട്ടില്ല.

6. കയർ വ്യവസായത്തിന്റെ വികസനം സാധ്യമാക്കി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കപ്പെടുന്നില്ല.

7. വനിതാ സഹകരണസംഘം ഒന്നും തന്നെ നമ്മുടെ ഗ്രാമത്തിൽ വനിതാ ക്ഷേമത്തിനായി പ്രവർത്തിക്കുന്നില്ല.

8. റെഡിമെയ്ഡ് യൂണിറ്റ്, അച്ചാർ നിർമ്മാണയൂണിറ്റ് തുടങ്ങിയ തൊഴിൽ സംരഭങ്ങളിലൂടെ കൂടുതൽ വനിതാ തൊഴിൽ ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

9. ഏറെ വിപണന സാധ്യതയുള്ള കുറ്റിമുല്ല, അലങ്കാരസസ്യങ്ങളുടെ കൃഷി, ഔഷധ സസ്യങ്ങളുടെ കൃഷി എന്നിവ വ്യാപകമാക്കി കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നില്ല.

സാധ്യതകൾ

1. വനിതാക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേക്ക് വനിതാ വികസനസമിതികൾ വാർഡുതലത്തിലും പഞ്ചായത്ത് തലത്തിൽ ഉപരിസമിതിയും രൂപീകരിക്കുക.

2. തഴപ്പായ് വ്യവസായ സഹകരണസംഘം പുതിയതായി രൂപീകരിക്കുകയോ നിലവിലുള്ള തഴപ്പായ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം ശക്തമാക്കുകയോ ചെയ്യുക.

3. കയർ വ്യവസായത്തിന്റെ വിപുലീകരണത്തിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക.

4. പുതിയ തൊഴിൽ സംരംഭ വനിതാ യൂണിറ്റുകൾ വിവിധ മേഖലയിൽ ആരംഭിക്കുക.

5. സമൂഹത്തിന്റെ നേതൃത്വ നിരത്തിലേയ്ക്ക് വനിതകളെ എത്തിക്കുന്നതിനായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

6. പഞ്ചായത്തിലാകെയോ വാർഡ് അടിസ്ഥാനത്തിലോ, അടുക്കളത്തോട്ടങ്ങളിലൂടെ പച്ചക്കറിയുടെ കൃഷി ആരംഭിക്കുക. ഈ സംരംഭത്തിന് വനിതാ വികസന സമിതി നേതൃത്വം കൊടുക്കുക.

7. മാധ്യമങ്ങളിലൂടെ സ്ത്രീകളെ ചൂഷണം ചെയ്യുന്ന പ്രചരണ പരിപാടിയുടെ വ്യാപകമായ കടന്നുകയറ്റം തടയുവാനുള്ള മാർഗ്ഗങ്ങൾ നിയമംമൂലം നടപ്പാക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

സഹകരണം

കാർഷിക സമ്പദ്‌വ്യവസ്ഥയിൽ അധിഷ്ഠിതമായ വെച്ചൂരിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം 1925 മുതൽ ആണ്. കുടവെച്ചൂർ കേന്ദ്രമായും ഇടയാഴം കേന്ദ്രമായും നായർ പരസ്പര സഹായ സഹകണസംഘവും വെച്ചൂർ പള്ളിയോടനുബന്ധിച്ച് ഒരു പരസ്പര സഹായ സംഘവും ഉടലെടുത്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തിലെ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിനും അതോടൊപ്പം വസ്തുദേഹണ്ഡത്തിനുമാണ് വായ്പകൾ കൊടുത്തിരിന്നത്. അന്ന് കെട്ട് തെങ്ങ് ഉടമ്പടി പ്രകാരമാണ് വായ്പകൾ നൽകിയിരുന്നത്. ഇന്ന് സഹകരണ പ്രസ്ഥാനം ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചിരിക്കുന്നു. പരസ്പര സഹായത്തിനുള്ള സാമ്പത്തിക പുരോഗതിക്കൊപ്പം സഹകരണാത്മകമായ ഒരു സാമൂഹ്യ സൃഷ്ടിയുടെ രൂപീകണവും സഹകരണ പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നു.

പരസ്പര സഹായ സഹകരണ സംഘങ്ങളുടെ ഉദയം സാമുദായിക അടിസ്ഥാനത്തിലായിരുന്നെങ്കിൽപോലും പിൽക്കാലത്ത് ഇതരസമുദായ അംഗങ്ങൾക്കും സംഘത്തിൽ അംഗത്വവും പ്രാതിനിധ്യവും നൽകി. 1963—ലെ ഗവ. ആക്ട് പ്രകാരം സർവ്വീസ് സഹകണ സംഘങ്ങളായി രൂപപ്പെട്ടു.

പിന്നീട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വായ്പേതര മേഖലയിലേയ്ക്ക് വ്യാപിപ്പിച്ചു. റേഷൻ, റേഷൻ തുണി, കാട്ടാ സിമൻറ്, രാസവളം, കീടനാശിനി എന്നിവയുടെ വിതരണം ചെയ്തിരുന്നത് ഈ സംഘങ്ങളിലൂടെയാണ്. ഇവ കൂടാതെ നിത്യോപയോഗ സാധനങ്ങൾ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവയും പ്രസ്തുത സംഘത്തിലൂടെ വിതരണം ചെയ്തിരുന്നു. സർവ്വീസ് സഹകരണ സംഘങ്ങൾ ചിട്ടിയും ദിനനിക്ഷേപപദ്ധതി മറ്റു നിക്ഷേപങ്ങളും നടത്തി സഹകാരികളുടെ സമ്പാദ്യശീലം വളർത്തി.

ഉത്പാദന മേഖലയിലേയ്ക്ക് മുതൽ മുടക്കാനിരുന്നതും വിതരണം ചെയ്തിട്ടുള്ള വായ്പകൾ യഥാ സമയം പിരിച്ചെടുക്കാൻ കഴിയാതിരുന്നതിനാലും വായ്പയെടുത്ത് സംഘങ്ങൾക്ക് കെടിടം നിർമ്മിച്ചതും സംഘങ്ങളുടെ പ്രവർത്തന പരാജയത്തിന് കാരണമായി. വെച്ചൂർ പഞ്ചായത്തിൽ നിലനിന്നിരുന്ന സഹകരണ ബാങ്കുകളെല്ലാം ഈ അവസ്ഥയിൽ 1990—ൽ സംയോജിപ്പിച്ച് വെച്ചൂർ പഞ്ചായത്ത് സഹകരണ ബാങ്ക് K 813 ആയി ഉയർത്തി.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുനന സഹകരണ സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം
വെച്ചൂർ പഞ്ചായത്ത് സർ: സഹ: ബാങ്ക് നമ്പർ കെ. 813	1.7.1990	വെച്ചൂർ പഞ്ചായത്ത്	6116	10,84,300
കൈപ്പുഴ. വെച്ചൂർ കായൽ കർഷക സംഘം				
വൈക്കം താലൂക്ക് വെള്ളകാക്ക സഹ: സംഘം നമ്പർ കെ. 357	1971	വെച്ചൂർ, തല യാഴം പഞ്ചായത്ത്	562	19,620
വെച്ചൂർ കർഷ: സഹ: സംഘം നമ്പർ കെ. 2407	3.9.1120 N.E.	വെച്ചൂർ, തലയാഴം വില്ലേജ്	379	12,352
വെച്ചൂർ കയർ വ്യവസായ സഹ: സംഘം നമ്പർ 19	26.7.1953	വെച്ചൂർ പഞ്ചായത്ത്	561	1,68,802
തഴപ്പായ് വ്യവസായ കോ: സൊസൈറ്റി : K.V. (1) IND .K. (6)	1973	വെച്ചൂർ പഞ്ചായത്ത്	438	—
വെച്ചൂർ ഗ്രാമസ്വരാജ് മാർക്കറ്റിംഗ് സഹ: സംഘം. ന: കെ. 909	1994 1994	വെച്ചൂർ പഞ്ചായത്ത്	162	40,260
കുടവെച്ചൂർ ക്ഷീരോൽപാദക സഹ:സംഘം കെ. 128(d)	12.9.1988	1, 9 വാർഡ്	517	5170
ഇടയാഴം ക്ഷീരോൽപാദക സഹ: സംഘം കെ. 52(W)	16.6.1978	6.7.8 വാർഡുകൾ	642	8320
വെച്ചൂർ ക്ഷീരോല്പാദക സഹ: സഘം	—	3, 4, 5, 9 വാർഡുകൾ	300	—

പ്രാഥമിക സഹകരണ സംഘങ്ങളിൽ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹ:സംഘം, പുത്തൻ കായലിലെ കർഷകർക്കായി മാത്രമുള്ള കൂട്ടുകൃഷി സംഘത്തിന്റെ മാതൃകയിൽ ഉള്ളതാണ് എന്നുപറയാംനെൽകൃഷിയിൽ നിന്നും പിൻമാറി മറ്റം കൃഷിക്കും ഒപ്പം മത്സ്യകൃഷിക്കുമുള്ള സാധ്യതകളിലേക്കും മാറിക്കൊണ്ടിരിക്കുന്ന വെച്ചൂർ പുത്തൻകായലിലെ കർഷകരുടെ സംഘമായ ഈ സ്ഥാപനത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു.

വെച്ചൂർ പഞ്ചായത്താകെ പ്രവർത്തന പരിധിയുള്ള വെച്ചൂർ പഞ്ചായത്ത് സർ: സഹ: ബാങ്ക് ക്ര: നമ്പർ കെ.813 ആണ് പഞ്ചായത്തിലെ ഗ്രാമവാസികൾ ആകെ ആശ്രയിക്കുന്ന പ്രധാന സഹകരണ സ്ഥാപനം. കാർഷിക ആവശ്യങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുള്ള ഹ്രസ്വകാല , ദീർഘകാല വായ്പകൾ ഈ സ്ഥാപനത്തിലൂടെ നൽകിവരുന്നു. നെൽകൃഷിക്കാർക്ക് നൽകുന്ന വായ്പയോടൊപ്പം, കെട്ടുതെങ്ങുവായ്പ, പശു, വെറ്റില, വള്ളം, വല, തുടങ്ങിയവ്ക്ക് നൽകുന്ന പദ്ധതി വായ്പകളും ബാങ്ക് നൽകുന്നുണ്ട്. ബാങ്ക് ഭവന നിർമ്മാണം, വാഹനങ്ങൾക്ക് നൽകുന്ന വായ്പ എന്നിവയും നൽകിവരുന്നുണ്ട്. ഇപ്രകാരം കാർഷികവും കർഷകേതരവുമായ വായ്പകൾ നൽകുന്നതിൽ 1990 –ലെ സംയോജനത്തിന് ശേഷം ബാങ്കിന് വളരെയധികം പുരോഗതി നേരിടുവാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം ബാങ്കിംഗ് രംഗത്തെ പ്രവർത്തനത്തിനൊപ്പം കാർഷിക മേഖലയിൽ വായ്പകൾ നൽകുന്ന പ്രവർത്തനത്തിലും ഗ്രാമീണരുടെ ഇടയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിലും ഈ ബാങ്കിന്റെ പ്രവർത്തനം ഇനിയും കൂടുതൽ ശക്തമാക്കേണ്ടതായിട്ടുണ്ട്.

സ്വന്തമായ കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിന് ഇന്ന് വളരെയേറെ പ്രശ്നങ്ങൾ ഉണ്ട്. അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തിട്ടുള്ള വായ്പകൾ തിരിച്ചടക്കുന്ന കാര്യത്തിൽ അംഗങ്ങൾ കാര്യമായ ശ്രദ്ധ കാണിക്കുന്നില്ല. കുടിശിക ശതമാനം വളരെയധികമാണ് എന്ന് കാണുന്നു. കാർഷിക വായ്പകൾ ഗ്രാമത്തിലെ കാർഷിക മേഖലയിലാകെ ആവശ്യമായ അത്ര നൽകുന്നതിന് കഴിയുന്നില്ല. കെട്ടുതെങ്ങ് വായ്പ നൽകുന്നതിനും അതിന്റെ തിരിച്ചടവിന്റെ കാര്യത്തിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ് നിത്യോപയോഗവസ്തുക്കളുടെ ന്യായമായ വിലയ്ക്കുള്ള വിതരണ പരിപാടി സാധ്യമാക്കുന്ന മവേലിസ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങിയവ ബാങ്ക് നടത്തുന്നില്ല. രണ്ട് വളം ഡിപ്പോ മാത്രമാണ് ബാങ്കിൻ കീഴിൽ നടത്തുന്ന ബാങ്കിംഗ് ഇതരപ്രവർത്തനം.

അംബികാമാർക്കറ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കയർവ്യവസായ സഹ:സംഘത്തിൽ 561 അംഗങ്ങൾ ഉണ്ട്. കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയിൽ പുതിയ പദ്ധതികളുമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഈ സംഘത്തിലും വളരെയധികം പ്രശ്നങ്ങളാണ്. ഇന്നു നിലവിലുള്ള അംഗങ്ങൾ കൂടിയായ ജീവനക്കാർക്ക് മതിയായ പ്രതിഫലം നൽകുന്നതിന് നിലവിലുള്ള പ്രവർത്തനങ്ങളിൽ സാധിക്കാതെ വരുന്നു. പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. ഉല്പന്നങ്ങൾക്ക് അപ്പെക്സ് സംഘത്തിൽ നിന്നും ന്യായമായി വില ലഭിക്കുന്നില്ല.

പച്ചത്തൊണ്ട് ആവശ്യത്തിനുലഭിക്കുന്നില്ല ഇങ്ങനെ നിരവധി പരാധീനതകളാണ് സംഘത്തിന് ഇപ്പോൾ പറയുവാനുള്ളത് 5, 4, 9 വാർഡുകളിലെ ജനങ്ങളിൽ ഗണ്യമായ വിഭാഗം കയർ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. പരമ്പരാഗത കുടിൽ വ്യവസായത്തിന് ഈ ഗ്രാമത്തിൽ ഒരു പ്രമുഖസ്ഥാനമാണുള്ളത് കയറിന്റെ വ്യവസായ വികസനം ഈ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം പ്രദാനം ചെയ്യുന്നതിനും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിലും സാധ്യമാക്കേണ്ടതാണ്.

കൂടുതൽ വർഷങ്ങളിലെ പ്രവർത്തന പാരമ്പര്യം ഉള്ളതാണെങ്കിലും സ്വന്തം മേഖലയിൽ കാര്യമായ സംഭാവന നൽകുവാൻ സാധിക്കാത്ത അവസ്ഥയാണ്. വെച്ചൂർ തഴപ്പായ് വ്യവസായ സഹകരണ സംഘത്തിന്റേത്. ഗ്രാമീണ കുടിൽ വ്യവസായമായി തന്നെ പരിഗണിക്കപ്പെടാവുന്ന തഴപ്പായ് നെയ്ത്തു നമ്മുടെ ഗ്രാമത്തിൽ വ്യാപകമായിട്ടുള്ളതും പ്രാധാന്യം അർഹിക്കുന്നതുമാണ് തഴപ്പായ് നെയ്യുന്നയാളുകളെ ഏകീകരിച്ച് വേണ്ട സഹായങ്ങൾ നൽകുന്നതിന് ഇനിയും സാധിക്കേണ്ടിയിരിക്കുന്നു. സ്വന്തം വീടുകളിൽ വച്ച് നെയ്തെടുത്ത് ഇടനിലക്കാരിയലൂടെ കച്ചവടം നടത്തിവരുന്ന നമ്മുടെ തഴപ്പായ് നെയ്ത്തു മേഖലയാകെ ഒരു വിപുലീകരണ വികസന പ്രവർത്തനം ആവശ്യമായ മേഖലയാണ്. ന്യായമായ വില ഉത്പന്നത്തിന് ലഭിക്കാതെ മറ്റ് സാമ്പത്തിക യാതൊരു സഹായവും ലഭിക്കാതെ ഈ കൈത്തൊഴിലുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുടെ ഇടയിലെ തഴപ്പായ് വ്യവസായങ്ങൾ സഹ: സംഘത്തിന്റെ പ്രവർത്തനം ഏറ്റവും വിലയിരുത്തപ്പെടേണ്ടതാണ്.

1994ൽ പ്രവർത്തനം ആരംഭിച്ച വെച്ചൂർ ഗ്രാമസ്വരാജ് മാർക്കറ്റിംഗ് സഹ:സംഘം ഇന്നും ശൈശവ ദശയിൽ തന്നെയാണ്, കൂടുതൽ അംഗങ്ങളെ ചേർത്ത് സ്വന്തമായി ആസ്ഥാനം ഉണ്ടാക്കി പ്രവർത്തനം നടത്തേണ്ടതായിട്ടാണ് കാണുന്നത് നമ്മുടെ ഗ്രാമത്തിലെ കാർഷിക ഉല്പാദന മേഖലയിൽ വളരെയേറെ സേവനം നൽകുവാൻ ഈ സ്ഥാപനത്തിന് കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ കുടവെച്ചൂർ അംബികാ മാർക്കറ്റ്, ഇടയാഴം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടേയും പ്രവർത്തനം നമ്മുടെ ക്ഷീരകർഷകരെയാകെ ഉൾപ്പെടുത്തി ശക്തമാക്കുവാൻ കഴിയാത്ത അവസ്ഥയിലാണ്, ഈ ഗ്രാമത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും ശേഖരിക്കുന്നതിന് സംഘങ്ങളിലൂടെ സാധിക്കുന്നില്ല. സ്വകാര്യ കച്ചവടക്കാർ സംഘങ്ങളിലൂടെ ശേഖരിക്കുന്നതിന് ഒപ്പമോ കൂടുതലോ ആയ അളവിൽ പാൽ ശേഖരിച്ച് വിതരണം ചെയ്യുന്നുണ്ട്. സംഘങ്ങളിലൂടെ ശേഖരിക്കപ്പെടുന്ന പാലിന് കൂടുതൽ വില ലഭ്യമാകുന്നില്ല. പശുക്കളുടെ പരിപാലനത്തിൽ സംഘത്തിൽ നിന്നും സേവനം ലഭിക്കുന്നില്ല. കറവമാടുകളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങളിലും കന്നുകുട്ടി പരിപാലനത്തിലും സംഘങ്ങളിലൂടെ ശ്രമങ്ങൾ നടക്കുന്നില്ല തുടങ്ങിയ പരാതികൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണാൻ സാധിക്കുന്നു.

പ്രശ്നങ്ങൾ

1. വെച്ചൂർ പഞ്ചായത്ത് സർ: സഹ: ബാങ്കിന്റെ പ്രവർത്തനം ഗ്രാമീണർക്കാകെ സേവനം നൽകുന്ന രീതിയിൽ കൂടുതൽ വിപുലമാകുന്നില്ല.
2. കാർഷിക വായ്പകൾ, പ്രത്യേകിച്ച് നെൽകൃഷിക്ക് നൽകുന്ന വായ്പ തീർത്തും അപര്യാപ്തമാണ്.
3. ക്ഷേമ പദ്ധതികൾക്കായി കൂടുതൽ വായ്പകൾ നൽകുന്നില്ല.
4. കാലാവധിആയ വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ കൂടുതൽ ശ്രദ്ധകാണിക്കാത്തത്കൊണ്ട് വായ്പ കുടിശിക നിരക്ക് ഉയർന്നതാകുന്നു.
5. കൺസ്യൂമർ വസ്തുക്കളുടെ വിതരണത്തിന് ഇപ്പോൾ ബാങ്കിൽ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഇപ്രകാരമുള്ള സേവനം ഗ്രാമീണർക്ക് നഷ്ടമാകുന്നു.
6. ഫണ്ടിന്റെയും പുതിയ സ്കീമുകളുടെയും അപര്യാപ്തത മൂലം കയർ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ വ്യാപകമല്ല.
7. ഒരു ഗ്രാമീണ കൈത്തൊഴിൽ ഉല്പന്നമായ തഴപ്പായ് മേഖലയിൽ നിലവിലുള്ള സഹകരണ സംഘത്തിന്റെ പ്രവർത്തനം ഒട്ടും തന്നെ കാര്യക്ഷമമല്ല.
8. ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലൂടെ മുഴുവൻ പാലും ശേഖരിക്കുന്നതിനുസാധിക്കുന്നില്ല
9. ക്ഷീര കർഷകർക്ക് കന്നുകാലി പരിപാലനത്തിൽ മെച്ചപ്പെട്ട സേവനം നൽകുന്നതിന് സംഘത്തിലൂടെ കഴിയുന്നില്ല.
10. കാലിത്തീറ്റ ആവശ്യത്തിന് വിപണനം ചെയ്യുന്നതിന് സാധിക്കുന്നില്ല.
11. പഞ്ചായത്തിലെ മാർക്കറ്റിംഗ് സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.
12. പഞ്ചായത്തിലെ 9,5 വാർഡുകളിൽ മത്സ്യബന്ധനം നടത്തി ജീവിക്കുന്ന മത്സ്യത്തൊഴിലാളി കളുടെ ക്ഷേമത്തിന്നായി ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. കാർഷിക വായ്പകൾ, പ്രത്യേകിച്ച് നെൽകൃഷിയിലുള്ള വായ്പകൾ വിതരണം വെച്ചൂർ പഞ്ചായത്ത് അർ: സഹകരണ ബാങ്കിലൂടെ കൂടുതൽ വ്യാപകമാക്കുക.
2. നെല്ല് ശേഖരിക്കുന്നതിനുള്ള പ്രവർത്തനം ഈ ബാങ്കിലൂടെ നടത്തുക.

3. കെട്ടുതെങ്ങ് വായ്പ കൂടുതൽ അംഗങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുക.

4. കൺസ്യൂമർ സാധനങ്ങളുടെ വിതരണം നടത്താനുള്ള പ്രവർത്തനം ആരംഭിക്കുക.

5. കയർ വ്യവസായസഹകരണ സംഘത്തിന്റെ പ്രവർത്തന വിപുലീകരണത്തിലൂടെ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

6. തഴപ്പായ് വ്യവസായ സഹകരണ സംഘത്തിലൂടെയോ മറ്റേതെങ്കിലും സംവിധാനത്തിലൂടെയോ തഴപ്പായ് വ്യവസായം കൂടുതൽ വിപുലമാക്കുക.

7. നമ്മുടെ ഗ്രാമത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും ക്ഷീരോല്പാദക സംഘത്തിലൂടെ സാധിക്കുക.

8. കാലിത്തീറ്റ വിതരണത്തിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

9. കാലിത്തീറ്റ നിർമ്മാണത്തിന് പുതിയ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കുക.

10. ഗ്രാമസ്വരാജ് സംഘത്തിൽ കൂടുതൽ അംഗത്വ പ്രവർത്തനം നടത്തി കാര്യക്ഷമമാക്കുക.

11. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക.

പട്ടികജാതി—പട്ടികവർഗ്ഗം

കാർഷിക ഗ്രാമമായ വെച്ചൂരിന്റെ ചരിത്രത്തിൽ അദ്ധ്വാനശീലരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പരമപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ഭൂരഹിതരായിരുന്ന ഇവർക്ക് ജന്മി—കുടിയാൻ ബന്ധങ്ങളിൽ വന്ന മാറ്റം മൂലം ഇന്ന് ചെറിയ തോതിലെങ്കിലും കൃഷിഭൂമി സ്വന്തമായിട്ടുണ്ട്. ഇവിടെ 342 പട്ടികജാതി കുടുംബങ്ങളും 2 പട്ടിക വർഗ്ഗ കുടുംബങ്ങളും ഉണ്ട്. ഡേറ്റാ ബാങ്കിൽ നിന്നുള്ള ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

	ആകെ വീടുകൾ	ആൺ	പെൺ	ആകെ	സാക്ഷരത %	ആകെജന സംഖ്യയിൽ പട്ടിക ജാതി പട്ടിക വർഗ്ഗത്തിന്റെ അനുപാതം
പട്ടികജാതി	342	1027	1005	2032	83	
പട്ടികവർഗ്ഗം	2	3	4	7	81	
ആകെ	344	1030	1009	2039	—	12.7%

പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും ഇവർ താമസിക്കുന്നുണ്ട്. എങ്കിലും കൂടുതലായി പന്ത്രണ്ടു സങ്കേതങ്ങളായിട്ടാണ് ഈ ജനവിഭാഗം താമസിക്കുന്നത്. പട്ടികജാതി വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള മുച്ചൂർക്കാവ് ക്ഷേത്രം ഈ ഗ്രാമത്തിലുണ്ട്. ഉത്സവത്തോട് അനുബന്ധിച്ച് നടത്തുന്ന കുടിയാട്ടം ഇവിടുത്തെ പ്രധാന വഴിപാടാണ്.

സങ്കേതങ്ങൾ

ഹരിജൻ കോളനി—വെച്ചൂർ, ഇടയാഴം	രാജീവ് ഗാന്ധി മെമ്മോറിയൽ ലക്ഷം വീട്
ഇടയാഴം ഈസ്റ്റ് അംബേദ്കർ ഗ്രാമം;	ഡോ: അംബേദ്കർ മെമ്മോറിയൽ ലക്ഷം വീട്.
ഇടയാഴം ഈസ്റ്റേൺ സെറ്റിൽമെന്റ്; മുച്ചൂർക്കാവ്;	കുന്നത്തിൽ കോളനി
ഈട്ടുംപുറം സെറ്റിൽമെന്റ്;	ഉച്ചാനത്ത് ലക്ഷം വീട്.
ദേവീ വിലാസം സെറ്റിൽമെന്റ്;	കളത്തുപ്പറമ്പ് ലക്ഷം വീട്.
ചിരട്ടേപ്പറമ്പ് ലക്ഷം വീട്;	അയ്യനാട്ടു ലക്ഷം വീട്.

തൊഴിൽ

കാർഷിക മേഖലയിലാണ് ഭൂരിഭാഗം ആളുകളും തൊഴിൽ ചെയ്യുന്നത്. പുരുഷതൊഴിലാളിയ്ക്ക് 75 രൂപയും സ്ത്രീ തൊഴിലാളിയ്ക്ക് 40 രൂപയുമാണ് കൂലിയായി ലഭിക്കുന്നത്. ഒരു നാടൻ മത്സ്യതൊഴിലാളി മേഖലയിലും, തഴപ്പായ് നെയ്ത്തു മേഖലയിലും ഈ വിഭാഗത്തിലെ തൊഴിലാളികൾ പണിയെടുക്കുന്നു. കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ഇവരുടെ സാമ്പത്തിക സ്ഥിതി താരതമ്യേന പരിതാപകരമാണ്.

വിദ്യാഭ്യാസം

ഈവിഭാഗത്തിലെ കുട്ടികൾ പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളിലും 2 എൽ.പി. സ്ക്കൂളുകളിലുമായി പഠിക്കുന്നു. കൂടാതെ കോളേജുകളിലും ടെക്നിക്കൽ വിദ്യഭ്യാസസ്ഥാപനങ്ങളിലും പഠിക്കുന്നവർ ചെറിയ തോതിലാണെങ്കിലും ഉണ്ട്. പട്ടിക ജാതിക്കാരായ കുട്ടികളെ ഉദ്ദേശിച്ച് ഒരു വെൽഫെയർ സ്ക്കൂൾ മുച്ചൂർ കാവിന് സമീപത്ത് പ്രവർത്തിച്ചിരുന്നു. ഇന്ന് ഈ സ്ക്കൂൾ നിലവിലില്ല.

സ്ക്കൂൾ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ SC/ST			പഠനം നിർത്തിയവർ SC/ST		
സ്ക്കൂളിന്റെ പേർ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഗവ: ഹൈസ്ക്കൂൾ വെച്ചൂർ	469	361	30	59	57	116	11	8	19	6	2	5
ഗവ: D.V.H.S. വെച്ചൂർ	506	467	1027	107	104	211	22	6	28	5	2	7
S.M.H.S. കുടവെച്ചൂർ	439	426	865	39	31	70	8	5	13	—	—	—
അംബികാ മാർക്കറ്റ്												
St. ജോർജ് L.P. സ്ക്കൂൾ	108	98	206	5	2	7	1	—	1	—	—	—
അൻച്ചിനകം												
St: മേരീസ് L.H. സ്ക്കൂൾ	145	134	279	40	26	66	7	—	7	3	—	3
ഇടയാഴം												
ആകെ	1721	1486	3407	250	220	470	49	19	68	11	4	15

അവലംബം:— ദ്വിതീയ വിവരശേഖരണം.

ഈ വിഭാഗത്തിൽ നിരക്ഷരർ കുറവാണ്. എന്നാൽ വിദ്യാഭ്യാസരംഗത്ത് കൂടുതൽ ഉയർച്ച കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. സാമ്പത്തിക ബുദ്ധിമുട്ടും കുടുംബ പ്രാരാബ്ധങ്ങളും ആണ് ഇതിന് പ്രധാന ഘടകം.

പാർപ്പിടം

344 കുടുംബങ്ങളിൽ 4 വീടുകൾ മാത്രമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ഓട് മേഞ്ഞ വീടുകളും ഉണ്ട്. 103 കുടുംബങ്ങൾക്ക് ഇപ്പോഴും താമസയോഗ്യമായ വീടുകൾ ഇല്ല. 6 കുടുംബങ്ങൾ സ്വന്തമായി സ്ഥലം പോലുമില്ലാത്തവരായിട്ടുണ്ട്. വിവിധ സർക്കാർ ഏജൻസികൾ വഴി ലഭിച്ചിട്ടുള്ള വീടുകൾ അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത മൂലം ഭാഗീകമായി മാത്രമേ പണിയുവാൻ സാധിച്ചിട്ടുള്ളൂ. ഇതിൽ തന്നെ 6 വീടുകൾ പൂർണ്ണമായും 100–ൽപരം വീടുകൾ ഭാഗീകമായും തകർന്ന അവസ്ഥയിലാണ്. പഞ്ചായത്തിലെ പല ഭാഗങ്ങളിലായി ഒറ്റപ്പെട്ടുതാമസിക്കുന്ന കുടുംബങ്ങൾക്ക് സർക്കാരിൽ നിന്ന് ഈ മേഖലയിലെ ആനുകൂല്യങ്ങൾ ഇനിയും ലഭ്യമായിട്ടില്ല.

സാനിട്ടറി കക്കൂസ് :–

ഈ വിഭാഗത്തിലെ കുടുംബങ്ങൾക്ക് പൂർണ്ണമായും ഉപയോഗപ്രദമായ കക്കൂസുകൾ നിലവിലില്ല, വിവിധ ഏജൻസികൾ മുഖേന അനുവദിച്ചു കിട്ടിയിട്ടുള്ളവ ഫണ്ടിന്റെ കുറവുമൂലം പണിപൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ഇതുമൂലം കക്കൂസുകൾ ഇന്ന് ഇടിഞ്ഞുപൊളിഞ്ഞ അവസ്ഥയിലാണ്. സമ്പൂർണ്ണ ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി നടത്തിയ സർവ്വെയിലെ വിവരങ്ങൾ

വാർഡ്	സ്വന്തമായി കക്കൂസുള്ള കുടുംബങ്ങൾ	പുറമ്പോക്കിൽ താമസിക്കുന്നവർ (സ്ഥലം, വീട്, കക്കൂസ് ഇവയില്ലാത്തവർ)	സ്വന്തമായി സ്ഥലമുള്ളവരും എന്നാൽ വീടോ, കക്കൂസോ ഇല്ലാത്തവർ	സ്വന്തമായി കക്കൂസുള്ള കുടുംബങ്ങൾ
1.	8	3	23	34
2.	8	—	8	16
3.	14	1	5	20
4.	6	—	7	13
5.	1	1	6	8
6.	5	—	8	13
7.	27	1	18	46
8.	57	—	27	54
9.	1	—	1	2
ആകെ	127	6	103	236

വൈദ്യുതി

പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പല സങ്കേതങ്ങളിലും ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. വയറിംഗ് ചെയ്തു കഴിഞ്ഞിട്ടും വൈദ്യുതി ലഭിക്കാത്ത വീടുകളും നിലവിലുണ്ട്. വഴി വിളക്കുകളുടെ അപര്യാപ്തതയും സങ്കേതങ്ങളുടെ പ്രശ്നമാണ്.

കുടിവെള്ളം

കോളനികളിലും ലക്ഷം വീടുകളിലും സെറ്റിൽമെന്റുകളിലും ഭാഗീകമായി ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. എന്നാൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ പൂർണ്ണമായും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നവയാണ്. കോളനികളോട് അനുബന്ധിച്ച് പണി കഴിപ്പിച്ചിട്ടുള്ള കിണറുകൾ യാഥാസമയം അറ്റ കുറ്റപ്പണി നടത്തി സംരക്ഷിക്കപ്പെടാത്തതുകൊണ്ട് ഇന്ന് തീർത്തും ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു.

പ്രശ്നങ്ങൾ

1. എല്ലാ കുടുംബങ്ങൾക്കും പ്രൂർണ്ണമായി വാസയോഗ്യമായ വീടുകളില്ല.
2. സ്വന്തമായി സ്ഥലമുണ്ടെങ്കിലും രേഖകൾ ഇല്ലാത്തതുമൂലം മറ്റുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
3. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങളുണ്ട്.
4. കോളനികളിലും ലക്ഷം വീടുകളിലും സെറ്റിൽമെൻറം പ്രദേശങ്ങളിലും ഉള്ള വീടുകൾ പണി പൂർത്തിയാവാത്തതുമൂലം ഇടിഞ്ഞു പൊളിഞ്ഞുകൊണ്ടിരിക്കുന്നു.
5. വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകളുടെ അപര്യാപ്തത
6. പട്ടികജാതി പട്ടികവർഗ്ഗ താമസകേന്ദ്രങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും പൂർണമായി ലഭിക്കുന്നില്ല.,
7. പകുതിയിലധികം കുടുംബങ്ങളിലും സാനിട്ടറി കക്കൂസ് നിലവിലില്ല. ഉള്ളവ തന്നെ പൂർണ്ണമായി ഉപയോഗപ്രദവുമല്ല.
8. ഗതാഗത സൗകര്യം തീരെയില്ല. നടപ്പാതകൾ പോലും നിലവിലില്ലാത്ത സ്ഥലങ്ങളുണ്ട്.
9. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു.
10. നിരക്ഷരർ കുറവാണ്. എങ്കിലും വിദ്യാഭ്യാസപരമായി പിന്നിലാണ്.
11. ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലും സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിലും ഈ വിഭാഗത്തിലെ കുട്ടികൾ താരതമ്യേന കുറവാണ്.
12. കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിലുള്ള മാനദണ്ഡത്തിന്റെ അപാകതകൾ മൂലം അർഹരായ കർഷക തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ല.
13. ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഇവിടെ വിവാഹത്തിനുള്ള ധനസഹായം അർഹരായവർക്കു പൂർണ്ണമായും ലഭിക്കുന്നില്ല.
14. ഐ.ആർ. ഡി.പി. അടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിനു കൃത്യമായി ലഭിക്കുന്നില്ല.
15. പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷനിൽ നിന്നും അഭ്യസ്ഥവിദ്യരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ വായ്പ കൃത്യമായി ലഭിക്കുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ (സാദ്ധ്യതകൾ)

1. പഞ്ചായത്തിലെ കോളനികളിലെയും ലക്ഷം വീടുകളിലെയും, സെറ്റിൽമെൻറ് പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

2. വീടില്ലാത്തവർക്കു പൂർണ്ണമായി വീടുകൾ അനുവദിക്കുക.

3. വിവിധ ഏജൻസികൾ മുഖേന അനുവദിച്ചു കിട്ടിയ ഭാഗീകമായി പണികഴിച്ച വീടുകൾ കേടുപാടുകൾ തീർക്കുന്നതിന് ധനസഹായം അനുവദിക്കുക.

4. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത–ഭവനരഹിതർക്കുള്ള സ്ഥലവും വീടും കൊടുക്കുന്ന പദ്ധതി അർഹരായ എല്ലാവർക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പഞ്ചായത്തു മുഖേന നടപ്പിലാക്കുക.

5. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

6. തഴപ്പായ നെയ്ത്തു, കയർ എന്നീമേഖലകളിൽ ഈ വിഭാഗങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

7. രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുക. കോളനികളോട് അനുബന്ധിച്ചുള്ള കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.

8. അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്കു സ്വയംതൊഴിൽ ചെയ്യുന്നതിന് പഞ്ചായത്ത് മുഖേന വായ്പ അനുവദിക്കുക.

9. എല്ലാ കുടുംബങ്ങൾക്കും സാനിട്ടറി കക്കൂസ് ലഭ്യമാക്കുക. നിലവിലുള്ളവയുടെ അറ്റ കുറ്റ പണികൾ ചെയ്ത് ഉപയോഗ യോഗ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം തരപ്പെടുത്തുക.

10. എല്ലാ വീടുകളും വൈദ്യുതീകരിക്കുക

11. പട്ടികജാതി വനിതകൾക്കു സ്വയം തൊഴിൽ ചെയ്യുന്നതിന് സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റ് തുടങ്ങുക.

12. കൃഷി ഭൂമി വാങ്ങുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും അനുവദിക്കുന്ന വായ്പ 50,000 രൂപയായി ഉയർത്തുക.

13. പട്ടികജാതിക്കാരുടെ പൊതു ശ്മശാനത്തിലേക്കുള്ള റോഡ് നിർമ്മിക്കുകയും. ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുകയും ചെയ്യുക.

14. പട്ടികജാതി സങ്കേതങ്ങളും പൊതു നിരത്തുകളുമായി ബന്ധിപ്പിക്കുന്നതുമായ നടപ്പാതകൾ നിർമ്മിക്കുക.

15. എട്ടാം വാർഡിലെ ഇടയാഴം ഈസ്റ്റ് സെറ്റിൽമെൻറിൽ നിന്ന് വേരുവള്ളിയിലേക്കുള്ള റോഡ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.

16. ഈ വിഭാഗക്കാർ താമസിക്കുന്ന താഴ്ന്ന സ്ഥലങ്ങളും വെള്ളക്കെട്ടുകളും നികർത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

17. ഈ വിഭാഗം ജനതയുടെ കലാസാംസ്ക്കാരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

18. പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വിവിധോദ്ദേശ സഹകരണ സംഘം സ്ഥാപിക്കുക.

19. കാർഷിക മേഖലയിൽ പണിയെടുക്കുന്ന എല്ലാ കർഷക തൊഴിലാളികൾക്കും ഉപാധികൾ കൂടാതെ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുക.

20. ഈ വിഭാഗത്തിലെ രോഗികളായ തൊഴിലാളികൾക്ക് ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

21. ഈ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി 15,000 രൂപ അനുവദിക്കുക.

22. ഇടയാഴം ഈസ്റ്റ് അംബേദ്ക്കർ ഗ്രാമത്തിന് അനുവദിച്ച തുകയിൽ ശേഷിക്കുന്ന തുക ഈ ഗ്രാമത്തിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കുക. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം വളരെ മോശമാണ്. കാലാകാലങ്ങളിൽ സർക്കാർ ഈ വിഭാഗത്തിന് നൽകുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും ഇവർക്കു ലഭിക്കുന്നില്ല. എവിടെയൊക്കെയോ നേരിടുന്നു. ഈ തടസ്സങ്ങൾ നീക്കി അനുവദിക്കുന്നആനുകൂല്യങ്ങൾ പൂർണ്ണമായും ഈ വിഭാഗത്തിന് തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽ ഓരോ ഡിപ്പാർട്ടുമെൻറിന്റേയും 10 ശതമാനം തുക പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് നീക്കിവെയ്ക്കുന്നത്. പഞ്ചായത്തിൽ വരുമ്പോൾ വകമാറ്റി ചെലവഴിക്കാതെ ഈ വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായി തന്നെ ചെലവു ചെയ്യണം എങ്കിൽ മാത്രമേ ഈ വിഭാഗത്തിന്റെ ക്ഷേമം ഒരു പരിധി വരെയെങ്കിലും ഉയർത്തുവാൻ സാധ്യമാകുകയുള്ളൂ.

വിഭവസമാഹരണം

കാർഷികഗ്രാമമായ വെച്ചൂരിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. വ്യവസായമേഖലയിൽ യാതൊരുവിധ പുരോഗതിയും നാളിതുവരെ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു ദുഃഖ സത്യം മാത്രമാണ്. ഈ ഗ്രാമത്തിൽ 64 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രത്യുല്പാദന മേഖലയിലും, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും, ഇവയ്ക്ക് കാര്യമായ സംഭാവന നൽകാൻ കഴിഞ്ഞിട്ടില്ല. മനുഷ്യസമ്പത്താണ് ഏതൊരു നാടിന്റെയും വികസനത്തിന്റെ അടിസ്ഥാന ഘടകം. എന്നാൽ ക്രിയാത്മക രംഗത്തേയ്ക്ക് ഈ മനുഷ്യാധ്വാനത്തെ സാമൂഹ്യപരമായി പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ പുത്തൻ വികസന സംസ്കാരത്തിൽ ഈ മനുഷ്യശേഷിയെ ക്രിയാത്മക രംഗത്തേയ്ക്ക് തിരിച്ചുവിടുവാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

വരുമാനത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഇത്. വരുമാനത്തിന്റെ 80% ഭരണ ചിലവുകൾക്കുവേണ്ടിയാണ് ചിലവഴിക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ 5 വർഷത്തെ വരവുചിലവുകൾ പരിശോധിച്ചതിൽ നിന്നും പൊതുമരാമത്തിന് കൂടുതൽ തുക ചിലവഴിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു.

Table.1

വെച്ചൂർ ഗ്രാമപഞ്ചായത്ത് വരവിനം സംബന്ധിച്ച കണക്കുകൾ

	1991 — 92		1992 — 93		1993 — 94		1994—95		1995 — 96	
	Rs.	Ps.	Rs.	Ps.	Rs.	Ps	Rs.	Ps	Rs.	Ps.
പഞ്ചായത്തിന്റെ വരുമാനം വസ്തു കൈമാറ്റനികുതി അടിസ്ഥാന നികുതി എക്സ്റ്റാബ്ളിഷ്മെന്റ് ഗ്രാന്റ് ഉൾപ്പെടെ	403814	00	433755	75	457142	95	414924	80	437606	80
സർക്കാരിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റുകൾ ചെറുകിട ജലസേചനപദ്ധതി	26000	00	27280	00	26000	00	26000	00	26000	00
ഉപാധിരഹിതഫണ്ട്	168071	00	188000	.00	194990	.00	269050	00	279030	.00
ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം.	10340	.00	10116	.00	9734.	00	9696	00	10216	00
കേരളോത്സവം	500.	00								
Decentralised plan	13119	.00								
വാഹന നികുതി							23000	00	78880	00
കടമിനം സംബന്ധിച്ച വരവുകൾ	4568.	45	7356.	00	4348	.50	5696	50	34973	00
ആകെ	626412	.45	666507.	75	692215	45	748567	30	866705	80

വെച്ചൂർ ഗ്രാമപഞ്ചായത്ത് ചെലവിനം സംബന്ധിച്ച കണക്കുകൾ

	1991— 92	1992—93	1993—94	1994—95	1995—96
ഭരണം	323347.25	325296.40	369288.80	437648.00	502675.15
പൊതുമരാമത്ത്	53595.00	238211.00	179300.50	139776.00	242518.50
വിദ്യാഭ്യാസം	7203.00	9393.00	4900.00	7709.00	5020.00
പൊതുജനാരോഗ്യം + കുടിവെള്ളം	41710.00	39897.00	3234.00	5364.00	5240.00
തെരുവുവിളക്കുകൾ കത്തിക്കുന്നതിന്	31804.00	61519.30	58.78.00	55172.00	54516.00
സാമൂഹ്യക്ഷേമം	7189.00	4118.00	12410.00	20013.00	7080.00
കടമിനം സംബന്ധിച്ച ചെലവുകൾ	1800.00	4350.00	4000.00	7153.50	4250.00
ഓഫീസുമെയിൻറൻസ്	—	27801.15	—	—	—
ആകെ.	466648.25	711585.85	631211.30	672825.50	821299.65

ഈ കണക്കുകൾ പഠനവിധേയമാക്കിയതിൽ നിന്നും വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ നാമമാത്രമായ തുക മാത്രമെ ചിലവഴിച്ചതായി കാണുന്നുള്ളു. വിഭവസമാഹരണത്തിൻറെ ഭാഗമായി പൊതു ജനങ്ങളിൽ നിന്ന് സംഭാവനയോ സന്നദ്ധപ്രവർത്തനങ്ങളിലൂടെയോ യാതൊരു വിധ നേട്ടവും ഉണ്ടാക്കുവാൻ കഴിയാത്തത് ഖേദകരമാണ്.

വികസന പ്രവർത്തനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

Table . 2

വർഷം	ഇനം	വരവ്	ചിലവ്
1991 — 92	JRY	3,21,400	357470
1992—93	JRY	3,10,000	292980
1993—94	JRY	3,29,000	415206
1994— 95	JRY	1,31,000	1,76,806

127

വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ഭാഗമായി ഈ ഇനത്തിൽ അധികവരുമാനം കിട്ടുമെന്നു പ്രത്യാശിക്കുന്നു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പൊതുജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി ഈ തുക ചിലവഴിക്കപ്പെടേണ്ടതാണ്. കഴിഞ്ഞ വർഷങ്ങളിൽ ഉപാധിരഹിത ഫണ്ടിൽ ലഭിച്ചതുകയുടെ ഗണ്യമായ ഭാഗം ഇടയാഴം PHC യ്ക്ക് ഒരു പ്രത്യേക വാർഡിന്റെ നിർമ്മാണത്തിന് വിനിയോഗിച്ചിട്ടുണ്ട്. സേവന നികുതിയിനത്തിൽ കിട്ടുന്ന തുകകൊണ്ട് വൈദ്യുതചാർജ്ജും, വെള്ളക്കരവും അടയ്ക്കുവാൻ തികയുന്നില്ല. ഇതു കൂടാതെ 6700 – രൂപ ഓരുമുട്ടുകൾ ഇടുന്നതിന് ഓരോവർഷവും ചിലവഴിക്കപ്പെട്ടുവരുന്നു.

37 പാടശേഖരകമ്മറ്റികളുടെ സഹകരണത്തോടെ ഓരുമുട്ടുകളുടെ നിർമ്മാണം നടത്തുകയാണെങ്കിൽ ഈ ചിലവ് പഞ്ചായത്തിന് വരുമാനമാക്കി മാറ്റാം.

പഞ്ചായത്തു പരിധിയിൽ ദേശസാൽകൃത ബാങ്കായ സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ, വെച്ചൂർ പഞ്ചായത്ത് സർവ്വീസ് കോ– ഓപ്പറേറ്റീവ് ബാങ്ക് (K, 813) അർബൻ സഹകരണബാങ്കിന്റെ ശാഖ, എന്നീ ധനകാര്യസ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ 5 സ്വകാര്യപണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമെ ലൈസൻസുകളില്ലാതെ സ്വകാര്യപണമിടപാടുകളും ചിട്ടികളും നടത്തിവരുന്നു.

ഈ പ്രദേശത്തുനിന്നും സമാഹരിക്കുന്ന നിക്ഷേപം പ്രദേശത്തുതന്നെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വായ്പയായി ഉല്പാദന മേഖലയിൽ വിതരണം ചെയ്യപ്പെടുന്നില്ല. ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപതുകയിൽ ഒരു ശതമാനം പോലും വികസന മേഖലകളിൽ ചിലവഴിക്കപ്പെടുന്നില്ലയെന്നത് ഖേദകരമാണ്.

ഈ പഞ്ചായത്തിൽ നിന്നും വിദേശരാഷ്ട്രങ്ങളിൽ ജോലിചെയ്യുന്ന 153 പേരുണ്ട്, ഇവരുടെ സമ്പാദ്യം പ്രത്യുല്പാദനപരമായ മേഖലകളിൽ ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇവരുടെ സമ്പാദ്യത്തിന്റെ ചെറിയ ഭാഗമെങ്കിലും പ്രത്യുല്പാദനപരമായ മേഖലകളിൽ ചിലവഴിക്കപ്പെടുന്നതിനു വേണ്ട ശ്രമം തുടങ്ങേണ്ടിയിരിക്കുന്നു.

ഇവിടെ സന്നദ്ധ സംഘടനകൾ അനവധിയുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തം നാമമാത്രമാണ്. മുൻകാലങ്ങളിൽ സന്നദ്ധസംഘടനകൾ ഇത്രമാത്രം ഇല്ലാതിരുന്നിട്ടുകൂടി, ജനകീയ പങ്കാളിത്തത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നതിന്റെ ഉത്തമോദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. ഇടയാഴം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ആവശ്യമായ സ്ഥലം തേവലക്കാട്ട് പാർവ്വതിയമ്മയുടെ സംഭാവനയായും, പോരാത്തത് പൊതുജനപങ്കാളിത്തത്തോടെ വാങ്ങിയതും ഇതിനു തെളിവാണ്, തണ്ണീർമുക്കം ബണ്ടിന്റെ മദ്ധ്യഭാഗത്തുള്ള മൺചിറകൂട്ടിമുട്ടിച്ച് സ്കൂൾ കുട്ടികളുടേയും, സേവനതല്പരരായ ജനങ്ങളുടേയും ഭഗീരഥപ്രയത്നത്തിന്റെ ഉത്തമോദാഹരണമാണ്. മലനാടിനെയും ഇടനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വെച്ചൂർ കല്ലറ റോഡ് ജനകീയ പങ്കാളിത്തത്തിന്റെ ഉത്തമമാതൃകയാണ്, ഇതുപോലെ നിരവധി ഉദാഹരണങ്ങൾ ഈ ഗ്രാമത്തിൽ ഇനിയും ചൂണ്ടിക്കാണിക്കുവാനുണ്ട്.

പ്രശ്നങ്ങൾ

1. കെട്ടിട നികുതി നിർണ്ണയിക്കുന്നതിലുള്ള അശാസ്ത്രീയത.
2. വികസന പ്രവർത്തനങ്ങളിൽ ഇടനിലക്കാരുടെ സാന്നിദ്ധ്യം
3. സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള താല്പര്യക്കുറവ്.
4. ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങളുടെ സുതാര്യതക്കുറവ്.
5. വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനമില്ലായ്മ.

6. പഞ്ചായത്ത് അതിർത്തിയിൽ നിന്ന് ശേഖരിക്കുന്ന കക്കായുടെ റോയൽറ്റി ലഭിക്കാത്തത്.

7. പദ്ധതി നടപ്പാക്കുന്നതിലുള്ള ദീർഘവീക്ഷണമില്ലായ്മ.

8. അബ്കാരി കോൺട്രാക്ടർന്മാർ അടയ്ക്കുന്ന കിസ്തിന്റെ വിഹിതം ലഭിക്കാത്തത്.

9. ചെത്തുതൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് വരുമാനത്തെ സംബന്ധിച്ച കൃത്യത ലഭിക്കാത്തത്.

10. പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ: —

1. ശാസ്ത്രീയമായി കെട്ടിടനികുതി പരിഷ്കരിക്കുക.

2. ഗുണഭോക്താക്കളുടെ പൂർണ്ണ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുക.

3. സന്നദ്ധപ്രവർത്തനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

4. സഹകരണ പ്രസ്ഥാനങ്ങൾ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

5. വികസന പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപിതപ്രവർത്തനം ഉറപ്പുവരുത്തുക.

6. ഇവിടെ നിന്നും ശേഖരിക്കുന്ന കക്കയുടെ റോയൽറ്റി (മറ്റ് പഞ്ചയാത്തുകളിൽ മണൽ ശേഖരണത്തിന് ഈടാക്കുന്ന തുക പഞ്ചായത്തുകളിൽ ലഭിക്കുന്നതുപോലെ) പഞ്ചായത്തിന് ലഭ്യമാക്കുക.

7. റോഡരുകിൽ ഇറക്കിയിട്ടിരിക്കുന്ന നിർമ്മാണ സാമഗ്രികൾക്ക് നികുതി ചുമത്താവുന്നതാണ്.

8. സ്വകാര്യമേഖലയിലെ ഉദാരവൽക്കരണത്തിലൂടെ വിദേശസമ്പാദ്യം പ്രത്യുല്പാദനപരമായ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണ്.

9. ചെത്തു തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വരുമാനത്തെ സംബന്ധിച്ച കൃത്യത ഉറപ്പുവരുത്തുന്നതിന് എക്സൈസ് വകുപ്പിന് നിർദ്ദേശം നൽകുക.

10. അബ്കാരി കോൺട്രാക്ടന്മാരുടെ കിസ്തിന്റെ ഒരു വിഹിതം പഞ്ചായത്തിന് ലഭ്യമാക്കുക.

11. പഞ്ചായത്ത് അതിർത്തിയിൽ വിപണന സാധ്യതയുള്ള സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

12. സാധ്യതയുള്ള പ്രദേശത്ത് ടാക്സിസ്റ്റാൻറ് സ്ഥാപിക്കുക.

13. പൊതുമാർക്കറ്റ് സ്ഥാപിക്കുക.

14. ഇന്ദിരാ വികാസ് പത്രികയുടെ നിക്ഷേപം വർദ്ധിപ്പിക്കുക.

15. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

16. അംബികാ മാർക്കറ്റ് കേന്ദ്രീകരിച്ച് ടൂറിസം വർദ്ധിപ്പിക്കുക.

17. നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി തുടങ്ങിയവയുടെ സേവനങ്ങൾ ലഭ്യമാക്കുക.


18. നിലവിലുള്ള ലൈസൻസു ഫീസുകൾ കാലോചിതമായി വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

19. വിനോദ നികുതി ഈടാക്കുന്ന സമ്പ്രദായത്തിലുള്ള അശാസ്ത്രീയത ദൂരീകരിക്കുന്നതിന് ബഹുമുഖ നികുതി ഏർപ്പെടുത്തുന്നതിനു പകരം ഏകമുഖനികുതി സമ്പ്രദായം ആവിഷ്കരിക്കുക.

20. RDO — യിൽ നിന്ന് അനുവാദം വാങ്ങി വയലുകൾ നികത്തി പുരയിടം ആക്കുന്നതിന് ഒരിക്കൽ ഭൂപരിവർത്തന നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഉപസംഹാരം

ജനകീയാസൂത്രണ പദ്ധതിയുടെ മുന്നോടിയായി വിശേഷാൽ ഗ്രാമസഭകൾ കൂടുകയും വികസനത്തെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടുകൾക്ക് വ്യതിയാനം വരുത്തികൊണ്ടും ഉൽപാദന ക്ഷമതയും പ്രതിശീർഷ വരുമാനം വർദ്ധിപ്പിയ്ക്കാനുതകുന്നതുമായ ഒരു നൂതന വികസന വീക്ഷണത്തിലൂടെ നമ്മുടെ ഗ്രാമത്തിലനുഭവപ്പെടുന്ന പ്രശ്നങ്ങൾക്കുള്ള സാദ്ധ്യതകൾ കണ്ടെത്തിക്കൊണ്ടും 9—ാം പദ്ധതിയിലേക്കുള്ള നമ്മുടെ പ്രയാണത്തിന്റെ ആദ്യകാൽ വയ്പ്പാണ് ഈ വികസന രേഖ. ആരോഗ്യം, കൃഷി, വിദ്യഭ്യാസം, സഹകരണം, ഊർജ്ജം, വനിത, പട്ടികജാതി തുടങ്ങിയ എല്ലാ മേഖലകളിലും വികസന രംഗത്ത് കുതിച്ചു ചാട്ടം വരുത്തി വയ്ക്കാൻ പോന്ന വികസനതന്ത്രം ആവിഷ്ക്കരിക്കുന്നതിൽ ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുകയും പരിശീലനരംഗങ്ങളിലും പ്രാഥമിക ദ്വിതീയ വിവര ശേഖരണത്തിലും പഠന പര്യടനങ്ങളിലും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലും സഹായിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുന്നതിനോടോപ്പം വികസന റിപ്പോർട്ട് കഴിവതും കുറ്റ മറ്റതാക്കുന്നതിനും ഗ്രാമ സഭായോഗങ്ങളുടെ ഉൽപന്നങ്ങളായി ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെങ്കിൽ പോലും ന്യൂനതകൾ പലതും കടന്നു കൂടിയിട്ടുണ്ടാകാമെന്നത് വിസ്മരിയ്ക്കാതെ തന്നെ ജനങ്ങളുടെ പ്രത്യാശകളെ സഫലീകരിക്കുന്നതിനും ജനോപകാര പ്രദങ്ങളായ പദ്ധതികൾ ശീഘ്ര ഗതിയിൽ നടപ്പിലാക്കുന്നതിനും ജന പങ്കാളിത്വം ഉറപ്പു വരുത്തേണ്ടതിന്റെ സമഗ്ര വികസന രേഖ അതിന്റെ ആവശ്യകത ഇത്തരുണത്തിൽ കൂടുതൽ പ്രസ്താവ യോഗ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ അതിന്റെ പൂർണ്ണ അർത്ഥത്തിൽ സംപൂർണമായി നടപ്പിലാക്കുന്നതിന് സാമൂഹ്യ പ്രതിബ്ദ്ധത നാം ഓരോരുത്തരും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വരുമാനം വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് പര്യാപ്തമല്ല, എങ്കിൽ പോലും പദ്ധതി വിഹിതമായി ലഭിക്കുന്നതുകയിൽ ലക്ഷ്യമിട്ടിരിക്കുന്ന വിഭവ സമാഹരണവും മാനവ വിഭവ ശേഷിയും ഏകോപിപ്പിച്ച് നൂതന വികസന സംസ്ക്കാരം കരുപിടിപ്പിച്ച് നമുക്ക് സമഗ്രവികസനം ലക്ഷ്യമാക്കി ഒത്തൊരുമയോടെ മുന്നേറാം മഹത്തായ ഈ പ്രതിക്ഷ കൈവരിക്കണം എന്ന ലക്ഷ്യ ബോധത്തോടെ വെച്ചൂർ പഞ്ചായത്ത് വികസനരേഖ വിശകലനത്തിനും പദ്ധതികളുടെ രൂപീകരണത്തിനുമായി വികസനസെമിനാറിൽ സമർപ്പിക്കുന്നു.



വെച്ചൂർ കുഞ്ഞൻ പിള്ള (തങ്കമണിപിള്ള)
ഇൻഡ്യൻ പ്രസിഡൻറിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു.



DTP & Ptg. Jayasree Offset, St. Benedict Road, Kochi - 18 Ph : 394038